# KANNAKI
# &
# KOVALAN

A. S. P. AIYER
M.A., I.C.S., F.R.S.L., Bar-at-Law

# കണ്ണകിയും കോവലനും

## (ചിലപ്പതികാരം)

---

ഗ്രന്ഥകർത്താ

**എ. എസ്. പി. അയ്യർ**

എം. ഏ., ഐ. സി. എസ്., എഫ്. ആർ. എസ്. എൽ.,

ബാർ–അററ്–ലാ.

---

പരിശോധകൻ

**സി. എസ്. സുബ്രഹ്മണ്യൻപോററി എം. ഏ.**

---

പ്രസാധകന്മാർ,

കെ. ആർ. [illegible] മേനോൻ

ബി. വി. ബുക്ക്ഡിപ്പോ [illegible]രുവനന്തപുരം

1120] [illegible] ക. 8 ണ.

*2nd Edition—1000 Copies*

*All rights reserved by the Author.*

*Printed at the B. V. Printing Works*
*Trivandrum.*
*1945.*

# പ്രസ്താവന

[പരിഭാഷകൻ]

സംസ്കൃതഭാഷയിൽ രാമായണമഹാഭാരതങ്ങളെ പ്പോലെ തമിഴ് ഭാഷയിൽ വീരപുരുഷന്മാരുടേയും വീരാംഗനമാരുടേയും ചരിതങ്ങൾക്ക് സനാതനത്വം നൽകി അവയേ മനോഹരമായി പ്രതിപാദിക്കുന്ന പ്രാധാന്യവും പ്രസിദ്ധിയും ഏറിയ രണ്ടു മഹാകാവ്യമുള്ളതിൽ ഒന്നായ ചിലപ്പതികാരത്തിലെ ഇതിവൃത്തമാണ് കണ്ണകീകോവലന്മാരുടെ ഇക്കഥ. മണിമേഖലയാണ് മററൊന്ന്. ഒരു അതിസുന്ദരിയായ ബാലിക യൗവനാരംഭത്തിൽതന്നെ മാനുഷികമായ പ്രേമത്തിൽ പ്രവേശിക്കാതെ ദിവ്യപ്രേമാവിഷ്ടയായി സന്യാസം സ്വീകരിക്കുന്ന തത്വജ്ഞാനവിഷയപ്രധാനമായ ഒന്നാണ് അതിലേ കഥ. ഇതിൽ കണ്ണകി എന്നും കോവലൻ എന്നും ഉള്ള സാധാരണ ജനങ്ങളിൽ പെട്ട രണ്ടു സ്ത്രീപുരുഷന്മാരുടെ ഇഹജീവിതകഥയേ സജീവമായി ഹൃദയംഗമമാംവിധം പറയുന്നു.

• ഒരു പത്നി, ഒരു ഭർത്താവ്, ഒരു വെപ്പാട്ടി, ഒരു ത്രികോണബന്ധം. പത്നി, ഏററവും കർശനമായ അർത്ഥത്തിൽ, 'ഭർത്താവ് ഈശ്വരനേക്കാൾ മേലേ' എന്ന വിധത്തിലുള്ള പതിവ്രത. ഭർത്താവ്, അഭിജാതൻ ധനവാൻ ഉദാരൻ, ധീരൻ, വിജ്ഞൻ, കലാവല്ലഭൻ. വെപ്പാട്ടി, തൻെറ കാമുകനിൽ യഥാർത്ഥാനുരക്ത; കറകലരാത്ത വേശ്യ. ഇങ്ങനെ മൂന്നു പേരത്രെ പ്രധാന കഥാപാത്രങ്ങൾ. പത്നി ഒരു ഹ്രസ്വകാലത്തെ സുഖദാമ്പത്യാനുഭവത്തിനു ശേഷം അന്യാനുരക്തനായ ഭർത്താവിനാൽ തിരസ്കരിക്കപ്പെട്ടും ഒരു സന്താനം പോലുമില്ലാതേയും ദുഃഖാശ്രുമലിനമായ ഒരു ദീർഘജീവിതം സഹിച്ച് ഒടുക്കം സ്വർഗ്ഗലോകത്ത് ഭർതൃസംഗമവും സനാതനസുഖവും

ലഭിക്കുക. വെളിപ്പാട്ടി, ഭൗതികസുഖപ്രതാപം ആഗ്രഹത്തോടെ അനുഭവിച്ച് പരപ്രേരണയ്ക്ക് വശംഗയായി സ്വശക്തിയെക്കുറിച്ച് അതിവിശ്വാസത്താൽ പ്രലോഭിതയായി ചെയ്തുപോയ ഒരു പിഴ കാരണംകൊണ്ട് പെട്ടെന്ന് ദുഃഖഗർത്തത്തിലേയ്ക്ക് മറിഞ്ഞുവീണ് ക്ലേശിച്ച് അവസാനത്തിൽ നിർവാണത്തിൽ പ്രവേശിക്കുക. ഭർത്താവ്—ഇതിനെല്ലാം ഒരു സാമഗ്രി, ഒരു ചരട് ഒരു കാരണം—നായികമാരോടൊത്ത് ലൗകിക സുഖദുഃഖങ്ങൾ അനുഭവിച്ച് ഒടുവിൽ ദിവ്യസുഖം പ്രാപിക്കുക. ഇതാണ് കഥാഗതി.

ഒരു കഥ കഷ്ടസംഭവങ്ങളിൽ അവസാനിപ്പിച്ച് ദുഃഖത്തെ അവശേഷിപ്പിച്ചു നിർത്തുന്നത് ദുഷ്ടശക്തികൾക്ക് വിജയം നൽകുകയാണല്ലോ. ജീവിതത്തിൽ ദുഃഖസംഭവങ്ങൾ വളരെ സാധാരണമായ ഇൻഡ്യയിൽ അത് ഒരു അനുചിത കലയായിട്ടാണ് വിചാരിക്കപ്പെട്ടിരിക്കുന്നത് അതിനാൽ കോവലനേയും കണ്ണകിയേയും ഇന്ദ്രൻ തന്നെ വന്നു സ്വർഗ്ഗത്തു കൊണ്ടുപോകുന്നതായിട്ടും പാണ്ഡ്യരാജാവ് സ്വർഗ്ഗംചേർന്ന് ഇന്ദ്രനാൽ ബഹുമാനിതനായി വാഴുന്നതായിട്ടും കണ്ണകി ഒരു മഹാക്ഷേത്രത്തിൽ പാതിവ്രത്യത്തിന്റെ ഭഗവതിയായി ആരാധിക്കപ്പെടുന്നതായിട്ടും ആണ് ഈ കഥ അവസാനിപ്പിച്ചിരിക്കുന്നത്.

കണ്ണകീകോവലന്മാരുടെ കഥ ലോകത്തിൽ ശ്രേഷ്ഠതമങ്ങളായി ഗണിക്കപ്പെട്ടിട്ടുള്ള ദമയന്തീനളന്മാരുടേയും സാവിത്രീസത്യവാന്മാരുടേയും ജൂലിയെററ് റോമിയോമാരുടേയും ഹേലോയി അബിലാർഡമാരുടേയും മററും അനുരാഗകഥകളോടു സവിശേഷം കിടനിൽക്കുന്ന ഒന്നത്രെ. എന്നാൽ ഒരു വിശേഷം ഇതിലുണ്ട്. കോവലൻ തന്റെ വിവാഹജീവിതത്തിൽ ചാരിത്രം രക്ഷിക്കാതെ ഒരു വേശ്യയുമായി കാമുകവൃത്തി പൂണ്ടു വിഹരിക്കയും

അയാളുടെ മാത്രമല്ല തന്റെ സ്വത്തുക്കൾ മുഴുവനും അവർക്കു കൊടുത്തു തന്നെ തീരെ ഇരപ്പാളിയാക്കി തള്ളുകയും ചെയ്തിട്ടും കണ്ണകി ഭർത്താവിൽ ദൃഢാനുരക്തയായും ദൃഢഭക്തയായും വർത്തിച്ചു; ഭർത്താവിനെ തിരിച്ചു കിട്ടാൻ പോലും തന്റെ പാതിവ്രത്യത്തെയല്ലാതെ ഒരു ഈശ്വരനെ ആശ്രയിക്കുകകൂടി നിഷേധിച്ചു; കോവലൻ അന്യായമായി വധിക്കപ്പെട്ടതിന് താൻ പൂജിക്കുന്ന ദേവതാവിഗ്രഹം അശുദ്ധപ്പെട്ടതായി ധ്യാനിച്ചു ഒരുവനോട് ഒരു ഭക്തനുണ്ടാവുന്ന ഉന്മാദാവേശത്തോടെ കഠോരമായ പ്രതികാരം ചെയ്തു. പ്രേമത്തെക്കുറിച്ചുള്ള ഇൻഡ്യയുടെ വിഭാവനം താദൃശമാണ്. ഇവിടെ പ്രേമം കച്ചവടച്ചരക്ക് പോലെ പരസ്പരം കൈമാറുക എന്ന തത്വത്തിന്മേൽ പ്രതിഷ്ഠാപിതമായ ഒരു വസ്തുവല്ല. അതിൽ സ്വാർത്ഥത്തിന്റെ ഛായപോലും ഇല്ല. ഈ ആദർശവിശേഷം ലോകത്തിലെ പ്രേമസാഹിത്യങ്ങൾക്ക് ഇൻഡ്യയുടെ പ്രത്യേക സംഭാവനയാണ്. അത് ഈ കഥയിൽ സാമാന്യജനതയിൽപെട്ട ഒരു വർത്തകദമ്പതിമാരെക്കൊണ്ട് ദൃഷ്ടാന്തപ്പെടുത്തിയിരിക്കുന്നതുകൊണ്ട് വായനക്കാരുടെ ഹൃദയത്തിൽ ആ പാഠം നല്ലവണ്ണം പതിയുന്നതിന് ഉപകരിക്കുന്നു.

പതിവ്രതയായ പത്നിയെ ഒരു ഈശ്വരിയായി ആരാധിക്കുന്ന 'പത്ന്യാരാധന' മതശാഖയ്ക്ക് സഹസ്രവർഷപ്രാചീനതയുണ്ട്. തമിഴ്നാട്ടിലെ ദ്രൗപദി അമ്മൻ ആരാധനയും കേരളത്തിലെ ഭഗവതി പൂജയും ഇപ്പോഴും അതിന്റെ തുടർച്ചകളാണ് കൊടുങ്ങല്ലൂർ ഭഗവതിയ്ക്ക് മധുരാപുരദഹനത്തിനുശേഷം കണ്ണകിയ്ക്കെന്നപോലെ ഒരു മുലയേ ഉള്ളൂ അവിടെ ആണ്ടുതോറും കൊണ്ടാടിവരുന്ന ഭരണി ഉത്സവം മധുരാപുരം ചുട്ട ദിവസത്തിന്റെ വാർഷികോത്സവമത്രെ.

കോവലൻ ചരിത്രം നാടകം, മാധവിയെ ഒരു വെറും തേവിടിശ്ശിയാക്കിയും കണ്ണകിയെ നിരാധാരയായി ഭർത്താവ് ഉപേക്ഷിച്ച ഒരു സാധാരണ ഭാര്യയാക്കിയും മററും കഥയെ വികൃതപ്പെടുത്തിയും വെട്ടിമുറിച്ചും അലങ്കോലപ്പെടുത്തിയാണ് കാണിക്കുന്നത് എങ്കിലും തമിഴിൽ ഇതും ധാരാളം പ്രചാരമുള്ള ഒന്നാണ്.

തമിഴ് ജനതയുടെ സ്വന്തം ആചാരങ്ങളും ജീവിതമുറകളും നടപടികളും മററുമാണ് ചിലപ്പതികാരകഥ പ്രകടമായി കാണിക്കുന്നത് എങ്കിലും അന്ന് ബ്രാഹ്മണരുടെയും ജൈനരുടെയും ബൗദ്ധരുടേയും മതം ജീവിതം നടപ്പ് മുതലായവയുടെ മേൽ പ്രവർത്തിച്ചിരുന്ന സ്വാധീനശക്തിയുടെ സ്ഥിതിയും ഇതിൽനിന്നു കാണാം. സംസ്കൃതത്തിലെ നായികമാരും നായകന്മാരും ഒക്കെ പ്രായേണ ബ്രാഹ്മണരും ക്ഷത്രിയരുമായിരിക്കെ ഈ തമിഴ് കഥയിലെ നായികാനായകന്മാർ വൈശ്യജാതിക്കാരായ വർത്തകരാണ്. തമിഴ് ജനങ്ങൾക്ക് സാമാന്യജനങ്ങളെക്കുറിച്ചാണ് അധികവും താല്പര്യം. അവരുടെ ഇടയിൽ ജനസാമാന്യപ്രാമാണ്യം അതിന്റെ യഥാർത്ഥാർത്ഥത്തിൽ പ്രാധാന്യം വഹിക്കുന്നു. എന്നാൽ, ആര്യന്മാരെ സംബന്ധിച്ചിടത്തോളം, ഇഹലോകജീവിതത്തിലും പരലോകജീവിതത്തിലും എന്നല്ല കല്പിതകഥകളിൽ പോലും വലുതും നല്ലതുമെല്ലാം അക്ഷന്തവ്യമാംവിധം തങ്ങൾക്ക മാത്രമാക്കിയിട്ടുള്ള ബ്രാഹ്മണർക്കും ക്ഷത്രിയർക്കുമാണ് പ്രാമാണ്യവും പ്രാധാന്യവും.

അന്ന് എല്ലാ ജാതിക്കാരും വർഗ്ഗക്കാരും മതക്കാരും തമ്മിൽ എത്രയും രമ്യമായ ബന്ധത്തിൽ പുലർന്നിരുന്നു എന്ന് ആ മഹാകാവ്യത്തിൽ വിശദമായി കാണുന്നത് എത്ര സന്തോഷകരമായിരിക്കുന്നു! മതപരമോ വർഗ്ഗീയമോ ആയ സ്പർദ്ധയോ വിരോധമോ അസുഖമോ എന്തെങ്കിലും ജനങ്ങളുടെ ഇടയിൽ ഉണ്ടായിരുന്നതായി ചില

പ്പതികാരത്തിലാകട്ടെ മണിമേഖലയിലാകട്ടെ ഒരിടത്തും, എത്ര ചുഴിഞ്ഞുനോക്കിയാലും കാണുന്നതല്ല. അന്നു് ബ്രാഹ്മണരും അജീവകരും ജയിനരും ബുദ്ധമതക്കാരും ആസ്തികരും നാസ്തികരും എല്ലാവരും നിരന്നു് കൂടിക്കഴിഞ്ഞു വന്നിരുന്നു; ദേവാലയങ്ങളിൽ ആരാധന നടത്തുന്നവർ എല്ലാവരും എല്ലാ ദേവാലയങ്ങളിലും മതവ്യത്യാസം നോക്കാതെ ആരാധന നടത്തിയിരുന്നു. ഒരിടത്തു് ജയിനപുരോഹിതർ അഹിംസയെപ്പററി പ്രസംഗിച്ചു; മറെറാരിടത്തു ബുദ്ധമതക്കാർ ധർമ്മചക്രം കറക്കി; വേറൊരിടത്തു ബ്രാഹ്മണർ വേദം പാരായണം ചെയ്കയും യാഗങ്ങൾ കഴിക്കയും ചെയ്തു; നാലാമതൊരിടത്തു മറവർ ജന്തുക്കളെ വെട്ടി ബലികഴിച്ചു. നിരപ്പുകേട് എങ്ങും കാണ്മാനില്ല ക്ഷിപ്രപ്രസാദിയായ ശിവന്റേയും ക്രീഡാസക്തനായ കൃഷ്ണന്റേയും ഉല്ലാസപ്രിയനായ ബലരാമന്റേയും ദയാശീലനായ ശാസ്താവിന്റേയും വേട്ടപ്രിയനായ സ്കന്ദന്റേയും കഠോരകിരണനായ സൂര്യന്റേയും ശീതാംശുവായ ചന്ദ്രന്റേയും മററും അമ്പലങ്ങളും തീർത്ഥങ്കരന്മാരുടെയും അർഹതന്മാരുടെയും ശാക്യമുനിയുടെയും ക്ഷേത്രങ്ങളും അവിടവിടെ ഇടകലർന്നു് നിന്നു. വിവിധദേവതാരാധകർ തമ്മിൽ ഒരു ദുർവ്വാക്കുപോലും ഉണ്ടായില്ല. അവർ തമ്മിൽ വല്ല അഭിപ്രായവ്യത്യാസങ്ങളും സംഭവിച്ചാൽ, കൗന്തി മാതലനോടു പറഞ്ഞതുപോലെ, അങ്ങേ അററം 'നിങ്ങൾ നിങ്ങളുടെ വഴിക്കുപൊയ്ക്കൊള്ളിൻ; ഞങ്ങൾ ഞങ്ങളുടെ വഴിക്കുപൊയ്ക്കൊള്ളാം' എന്നു പറഞ്ഞു പിരിഞ്ഞു പോകും. അത്രെ ഉള്ളു.

ധനികരുടെ ഇടയിൽ ജീവിതരീതി വളരെ ഉയന്നതും ചിലവു കൂടിയതും ആയിരുന്നു വിലപിടിച്ച ആഹാരങ്ങൾ, വിലപിടിച്ച വസ്ത്രങ്ങൾ, വിലപിടിച്ച ആഭരണങ്ങൾ, വിലപിടിച്ച വീടുകൾ, എല്ലാം വിലപിടിച്ചവ, സംഗീതം ചിത്രമെഴുത്തു് വാസ്തുവിദ്യ മുതലായ സരസക

ലകൾക്കു് നല്ല വികാസം സിദ്ധിച്ചിരുന്നു രാജാക്കന്മാർ അതിശക്തരായിരുന്നു എങ്കിലും ആർക്കും തടസ്സം കൂടാതെ അവരുടെ അടുക്കൽ ചെന്നു് സങ്കടം പറയാം. ന്യായം നടത്തലിനു് വളരെ ഉപകാരിയായ ഒരു സ്ഥാനമാണു് അവർ കല്പിച്ചിരുന്നതു്. അതിൽ വലിയ നിഷ്കൃഷ്ടയും ഉണ്ടായിരുന്നു. ആകപ്പാടെ പ്രജകൾ ക്ഷേമമായും സുഖമായും ജീവിച്ചു. ബ്രാഹ്മണർ ബഹുമാനിക്കപ്പെട്ടു പോന്നു; എന്നാൽ പിൽക്കാലത്തെപ്പോലെ മററുള്ളവരുടെ മേൽ കുതിര കേറാൻ അവരെ അനുവദിച്ചിരുന്നില്ല. ജാതിവ്യത്യാസദീക്ഷ അത്ര കർക്കശമല്ലായിരുന്നു; താഴ്ന്നപടിക്കാരെ അളു അത്ര ഞെക്കിഞെരിച്ചിരുന്നുമില്ല.

അതിമാനുഷിക സംഭവങ്ങളിലും ഭാവിസംഭവങ്ങളെക്കുറിച്ചുള്ള സ്വപ്നങ്ങളിലും ആളുകൾക്കു് ഉറച്ച വിശ്വാസമുണ്ടായിരുന്നു. വേശ്യമാർ ധാരാളമുണ്ടായിരുന്നു; അവർ സൗന്ദര്യസമ്പന്നമാരും സംഗീതനൃത്താദികളിൽ ചതുരകളും ആയിരുന്നു; അവരെ രാജാക്കന്മാരും പ്രഭുക്കന്മാരും ബ്രാഹ്മണരും ക്ഷത്രിയരും വൈശ്യരും വിവാഹിതരും ഒക്കെ പ്രാപിച്ചിരുന്നു. അതിൽ അനൗചിത്യമോ കളങ്കമോ ആരോപിക്കപ്പെട്ടിരുന്നില്ല. കുലസ്ത്രീകളിൽ പാതിവ്രത്യനിഷ്ഠ നിഷ്കൃഷ്ടയോടെ പ്രതീക്ഷിക്കപ്പെട്ടുവന്നു എങ്കിലും പുരുഷന്മാർക്കു് തോന്നിയവാസം നിരാക്ഷേപം കാണിക്കാം സ്ത്രീകളുടെ ചാരിത്രം ദിവ്യം. അതിനെ ഒരു ദേവിയായി പ്രതിഷ്ഠിച്ചു ആരാധിക്കുന്ന ഒരു മഹാക്ഷേത്രവും. പുരുഷന്റെ ചാരിത്രത്തെക്കുറിച്ചു ഗൗനിച്ചിട്ടേ ഇല്ല. അതിന്നു ഒരു ദേവതയില്ല ക്ഷേത്രവുമില്ല. അങ്ങനെ ഒരാശയം കൂടി ഉണ്ടായിരുന്നില്ലതന്നെ. ഈ വിഷയത്തിൽ തമിഴ്ഗ്രന്ഥകാരന്മാരും സംസ്കൃതഗ്രന്ഥകാരന്മാരും യോജിച്ചാണു് നില്പു് രണ്ടു കൂട്ടരും പാതിവ്രത്യത്തെപ്പററി വലിയ കാര്യമായി പറഞ്ഞിട്ടു

ണ്ടു്. പാതിവ്രത്യശക്തിയാൽ കണ്ണകി മധുര ചുട്ടു; ദമയന്തി കാട്ടാളനെ ദഹിപ്പിച്ചു.

ധർമ്മത്തെപ്പററിയുള്ള ഹിന്ദുക്കളുടെ സാമാന്യാദർശം ജയിനരുടേയും ബൌദ്ധരുടേയും ഉൾപ്പെടെ സംസ്കൃതഗ്രന്ഥങ്ങളിൽ കാണുന്നതും ഈ തമിഴ് ഗ്രന്ഥത്തിൽ കാണുന്നതും ഒന്നുതന്നെയാണു്. ഹിന്ദുക്കളുടെ പൊതുവായ ഈ ആദർശം ഇന്ത്യയിലെ എല്ലാ ജാതിക്കാരുടേയും വർഗ്ഗക്കാരുടേയും സംസ്കാരങ്ങളുടേയും സൃഷ്ടിയത്രെ. അതു് തെക്കോ വടക്കോ കിഴക്കോ പടിഞ്ഞാറോ ഒരു ജനസമുദായത്തിൽ നിന്നു ജനിച്ചതല്ല. സംസ്കൃതത്തിലാകട്ടെ തമിഴിലാകട്ടെ ഏറ്റവും ആദ്യം ഉണ്ടായ ഗ്രന്ഥങ്ങളുടെ കാലത്തുതന്നെ പൊതുവായ ഈ ഹൈന്ദവസംസ്കാരം നല്ലവണ്ണം വികസിച്ചിട്ടുണ്ടു് ഈ സംസ്കാരത്തിന്റെ ഒരു പ്രത്യേകസ്വഭാവം ഒരുവന്റെ സന്മാർഗ്ഗവൃത്തി ജീവിതത്തിലുള്ള അവന്റെ സ്ഥാനവും സ്ഥിതിയും അനുസരിച്ചു ക്രമപ്പെടുത്തപ്പെട്ടിരിക്കുന്നു എന്നുള്ളതാകുന്നു. അതായതു് സമുദായത്തിൽ ഒരുവന്റെ പദവി ഉയർന്നതാണെങ്കിൽ അവന്റെ ധർമ്മാചരണങ്ങളും ഉയർന്നിരിക്കണമെന്നു് പ്രതീക്ഷിക്കപ്പെട്ടിരിക്കുന്നു. കണ്ണകിയോടു അന്യായം പ്രവർത്തിച്ചതിനു് കോവലൻ കരഞ്ഞു കണ്ണുനീർ ചൊരിഞ്ഞു ക്ഷമാപണം ചെയ്തുകൊണ്ടു മതിയാകുന്നു. കോവലനോടു് അന്യായം ചെയ്തുപോയതിനു പാണ്ഡ്യരാജാവു് മരിക്കുന്നു.

ആയിരത്തിഎണ്ണൂറു വർഷങ്ങൾക്കു മുമ്പുതന്നെ വടക്കേ ദിക്കിലുള്ള ആര്യന്മാരും തെക്കേ ദിക്കിലുള്ള ദ്രാവിഡന്മാരും തമ്മിൽ വൈപരീത്യം ആളിത്തുടങ്ങിയിരിക്കുന്നു എന്നു കാണുന്നതു് ശ്രദ്ധിക്കാൻ രസമുള്ള ഒരു സംഗതിയത്രെ. ഉത്തരദേശത്തെ ആര്യരാജാക്കന്മാർ ദക്ഷിണാത്യരായ തമിഴ്‌രാജാക്കന്മാരെ ആക്ഷേപിച്ചു സംസാരിച്ചു; അതുകേട്ടറിഞ്ഞപ്പോൾ ചേരരാജാവായ ചെങ്കുട്ടുവൻ

വടക്കൻ പടവെട്ടി അവരിൽ അനേകായിരം പേരെ കൊന്നൊടുക്കി. നെടുഞ്ചെഴിയപാണ്ഡ്യരാജാവി ന്റെ 'ആര്യപ്പടതാണ്ടിയ' എന്ന ബിരുദനാമം അദ്ദേഹം ആര്യരാജാക്കന്മാരെ പോരിൽജയിച്ചുകിട്ടിയതാണ്. കരി കാലചോളരാജാവ് ഹിമവാൻ പർവ്വതംവരെ ഒരു ജൈത്രയാത്രചെയ്തു അതിന്റെ അടിവാരത്തിലുള്ള ഒരു പാറക്കെട്ടിന്മേൽ തന്റെ വ്യാഘ്രമുദ്ര കൊത്തിച്ചു മടങ്ങിഎന്നു കാണുന്നതു് അദ്ദേഹവും അവരോടു യുദ്ധംചെയ്തു എന്നതിനു തെളിവാണ്. അതിനാൽ ഈ ആര്യദ്രാവിഡവിദ്വേഷം ഇന്നും ഇന്നലേയും തുടങ്ങിയതല്ലെന്നും അതിന്റെ കാരണം ഹിന്ദിപ്രചരണപ്രസ്ഥാനമോ മറ്റോ അല്ലെന്നുംസ്പഷ്ടമാകുന്നു. അതിനു മലയും കടലുംപോലെ പഴക്കമുള്ളതാണ്.

പണ്ടു തെക്കരും വടക്കരും തമ്മിൽ ശണ്ഠ.. ഇന്നു് അതിന്റെ വാസ്തവസ്ഥിതിമാനത്തെ എങ്കോണിപ്പിച്ചു് തെക്കർതമ്മിൽ തന്നെ ശണ്ഠ. പണ്ടു യുദ്ധവും കൊല്ലും കൊലയും ശവക്കുന്നുകളും ചോരപ്പുഴയും. ഇന്നു് വാഗ്വാദങ്ങളും ശകാരങ്ങളും ആ വിദ്വേഷത്തിന്റെ പ്രവൎത്തനത്തിനു് ഇങ്ങനെ ചില രൂപാന്തരങ്ങളും വന്നിരിക്കുന്നു എന്നുമാത്രം. അന്നു് മാതലൻ എന്ന ബ്രാഹ്മണൻ ആര്യന്മാരുമായുള്ള യുദ്ധത്തിൽ ചെങ്കുട്ടവരാജാവിന്റെ പക്ഷത്തായിരുന്നു നിന്നതു് എന്നതിനെ ഓൎക്കുക!

ചെങ്കുട്ടവരചേരമഹാരാജാവിന്റെ കേരളീയപ്രജകളുടെ സന്താനങ്ങളും തങ്ങളുടെ നാട്ടുകൂടി ഉൾപ്പെട്ട തെക്കൻ ദിക്കിന്റേയും തങ്ങളുടെ പൂർവികന്മാരുടേയും ഏതാണ്ടു രണ്ടായിരം വർഷത്തിനുമുമ്പുള്ള മാഹാത്മ്യത്തെക്കുറിച്ചു ഗ്രഹിക്കണമെന്നുള്ള താല്പര്യം കൊണ്ടായിരിക്കണം താൻ ഇംഗ്ലീഷിൽ എഴുതിയ 'കോവലനും കണ്ണകിയും' എന്നഈ കഥാപുസ്തകം മലയാളത്തിൽകൂടി തൎജ്ജിമ ചെയ്യിച്ചു് പ്രസിദ്ധംചെയ്യുവാൻ ശ്രീ. എ. എസ്. പി. അയ്യർ

ഐ. സി. എസ്. ആഗ്രഹിച്ചതു്. പരിഭാഷ ചെയ്യാനുള്ള ഭാരം പതിച്ചതു് എന്റെ ചുമലിന്മേലാണു്. വിദ്യാൎത്ഥികൾക്കു്, വിശേഷിച്ചു് കാളേജ് വിദ്യാൎത്ഥികൾക്കു്, സഹജമായ ധീരതയും തുനിവും ദുൎഗ്ഗ്രഹങ്ങളിനി ഭാഷാന്തരം ചെയ്ത കാലത്തു് എനിക്കു് ഉററസഹായമായി നിന്നിരുന്നു. പഴക്കവും തുടൎച്ചയും ബാധിച്ച ചേനയാണു് ഈ വിവൎത്തനത്തിൽ പ്രവൎത്തിച്ചതു്. പിഴകളും അഭംഗികളും പോരായ്മകളും എല്ലാം മൂലഗ്രന്ഥകാരനും വായനക്കാരും ഉദാരതയോടെ ക്ഷമിക്കണം. തൎജ്ജിമചെയ്യാൻ എളുപ്പിച്ചിട്ടും എറെറിട്ടും നാൾ കുറേ കഴിഞ്ഞു. പലതുകൊണ്ടും അതു അച്ചടിയന്ത്രത്തിലെത്താൻ താമസിച്ചുപോയി. അതിന്നു് പ്രധാന ഉത്തരവാദി ഞാനാണു്. അതിനും ക്ഷമാപണം ചെയ്തുകൊള്ളുന്നു.

മലയാളികളായ തമിഴ്നാടകക്കാരോ തമിഴ്നാടകക്കാർതന്നെയോ, ആരെങ്കിലും ഓൎമ്മിക്കുന്നില്ല. അഭിനയിച്ച കോവലൻചരിത്രം നാടകം ഞാൻ ഒരിക്കൽ കണ്ടു. അന്നു് അതിനോടു് ഉണ്ടായ വെറുപ്പു്, ദീൎഘകാലം നിലനിന്നു്, ശ്രീ പണിക്കരുടെ ഈ പുസ്തകം വായിച്ചപ്പോൾ മാഞ്ഞുമാറി ആദരവു്, സന്തോഷം, തൃപ്തി, അഭിമാനം എന്നീ വികാരങ്ങൾ എന്റെ ഹൃദയത്തിൽ ഉദിച്ചു വളൎന്നു് പരന്നു നിറഞ്ഞു. ഇതു ഞാൻ ഇവിടെ തുറന്നുള്ള വസ്തുതകൂടി ഒന്നു പറഞ്ഞുകൊള്ളട്ടെ.

'കോവലനും കണ്ണകിയും' എന്ന മൂലഗ്രന്ഥത്തിന്റെ പേരു് 'കണ്ണകിയും കോവലനും' എന്നു് തൎജ്ജിമ ചെയ്തിരിക്കുന്ന വിവരവും അറിയിച്ചുകൊണ്ടു വിരമിച്ചുകൊള്ളുന്നു.

ഒരു കാൎയ്യംകൂടി. ഈ പുസ്തകത്തിനു് ഒരു 'ഫോർവേഡ്', അപേക്ഷക്കുത്തു് കിട്ടി ഉത്തരക്ഷണത്തിൽ എഴുതി അയച്ചുതന്ന മഹാകവിക്കു് ഇവിടെ ഞാൻ നന്ദി പ്രകാശിപ്പിക്കണ്ടേ? ഒരു വിധത്തിൽ അതു് ഞാൻ എ

നിക്ക് തന്നെ നന്ദി പറകയല്ലേ? ഒരു 'താമരനൂലിനു' കടക്കാൻപോലും' അകൽച്ചയില്ലാത്ത ഞങ്ങളുടെ പരസ്പരവേഴ്ച സഹോദരത്വത്തെയും അതിശയിക്കുന്നു. ഒരു പദ്യമോ ഒരു വാക്യമോ എഴുതാൻ കഴിയുന്ന ഒരു സാഹിത്യപ്രണയിയേയും ഈ സാഹിത്യഹിമവാൻ സ്നേഹഗംഗാതീർത്ഥംകൊണ്ടു് അഭിഷേകം കഴിക്കുകയാണു്! ഗദ്യപദ്യരചനയിൽ ശ്രീ. പരമേശ്വരയ്യരോടു് കിടനില്ക്കുന്ന എന്നു് പറയത്തക്കവണ്ണം വല്ലവരും ഉണ്ടായിരിക്കട്ടെ, ഇല്ലാതിരിക്കട്ടെ പാണ്ഡിത്യം മികച്ച രതിപ്രതിഭാശാലി അദ്ദേഹത്തിനു തുല്യം ഇന്നു് ഈ കേരളത്തിൽ വേറെ ആരും ഇല്ലതന്നെ. അദ്ദേഹത്തിനു സുദീർഘമായ ആയുസ്സും സുദൃഢമായ ആരോഗ്യവും നൽകി ലോകനിയന്താവു് കേരളത്തേയും അദ്ദേഹത്തേയും അനുഗ്രഹിക്കുമാറാകട്ടെ എന്നു പ്രാർത്ഥിക്കയേ നമുക്കൊക്കെ ചെയ്യാനുള്ളു.

1942 ജൂലായി 15-ാംനു--1117 മിഥുനം 31-ാംനു-

# FOREWORD

By Mahakavi, Rao Sahib, Sahityabhushana
Ullur S. Paramesvara Aiyar, M. A., B. L.

It affords me very great pleasure indeed to write this foreword to 'Kovalan and Kannak', translated into Malayalam by Mr. C. S. Subrahmanyan Poti, M., A., from the English work of that name by Mr. A, S. Panchapagesa Aiyar, M. A., I. C. S., F. R. S. L., Bar-at-law. It is an interesting and illuminating summary of Chilappatikaram (the Epic of the Anklet), the famous Tamil classic of Ilam-ko. Atikal.

Chilappatikaram is the foremost work among the panchamahakavyas (five epic poems) of Tamil Literature. It is indeed one of the immortal literary works of India. To the people of Kerala, this classic is of special value, as Kannaki's earthly career closed in this country. Enraged at the unrighteous murder of her husband, Kovalan, by Nettumchezhiyan, the King of Madura, Kannaki, whose chastity was as pure as "unsunned snow," reduced by a solemn imprecation the city Madura to ashes, and died in Kearala on her way to the capital of the graat Chera Emperor, Chemkuttuvan, On this catastrophe being brought to the notice of Chemkuttuvan he consecrated a shrine for the worship of Kannaki at Cranganore, near his capital, Vanchi, and the Pattini cult (the worship of the Goddess of Chastity, as Kannaki came to be known subsequently) soon spread all over Tamilnad and even distan

Ceylon. This shrine has, in the metamorphesis wrought by the hands of time, become the celebrated Bhadrakali temple of that place. In almost every shrine of Kali in Kerala, songs in praise and propitation of Pattini-devi are sung even to-day. A summary of this sole-stirring story has been published by the Malayalam Improvement Committe of Cochin, and at least another prose work of some merit on Kannaki has appeared in print. The whole work deserves to be rendered into good Malayalam verse by a Tamil-knowing Malayali.

My friend, Mr. A. S. P. Aiyar, the author of *Kovalan* and *Kannaki*, is an author of outstanding merit, As a writer of novels, short stories and humorous skits in English on South Indian subjects, he has earned an all-India reputation. His *Baladitya* and other works show that he is an author of versatile talents. The alchemy of genius, It has been aptly said, can convert the commonest path of life into a perfect kingdom of romance, and judged by this criterion, there is no denying the fact that Mr. Aiyar is a genius of genuine ring. Endowed with imagination of a remarkable order, possesssing wide knowledge on a vast variety of subjects, learned, studious, observant, optimistic, patriotic and indefatigable, he is to South India what R, C. Dutt was to Bengal. Kerala is proud of the fact that he is one of her own sons, and the city of Trivandrum is happy in the reflection that he had his collegiate education here, Even while a student, those who watched him predicted a glorious carreer for him, both official and literary, in after life and he has more than justified their expectations. Mr. A. S. P. Aiyar is a true interpreter of the East to the West, and his numereous works are acclerating the day when 'the twain' shall meet in close comradeship and

evolve n 'new order' out of the present welter of suspicion and strife. I wish all Good-speed to my friend in his noble labour of love.

Of the credentials of my life-long comrade and collaborator, Mr. C. S. Subrahmaniyan Poti, to undertake the present work, it would be supererogatory on my part to express any opinion, as they are so well-known to every speaker of Malayalam. Mr. Poti's has been a life fruitfully devoted to the enrichment of this language. As a writer of chaste, dignified, Malayalam prose, he stands in the very forefront of present-day writers, and as a translator of novels from English he has yet to meet his rival. Thirty-one years ago, I wrote an introduction to his Malayalam rendering of Benkim Chandras's *Durgesanandini*, and although scores of novels from several languages, both European and Indian, have been since translated into Malayalam, not one of them appears to have come anywhere within measurable distance of it, in point of ease and elegance. *Kovalan and Kannaki* has truly sought the best expert for its Malayalam version, and Mr. Poti, the *facile princeps* that he is for the successful execution of a work of this kind, has maintained his high level throughout. I have no hesitation in affirming that it is a valuable addition to Malayalam literature. I wish the book all success, and its gifted author, Mr. Poti, a long life of health and happiness, to be of further service to his mother-tongue.

*Trivandrum.*
*30—11—1117*

# കണ്ണകിയും കോവലനും

## (ചിലപ്പതികാരം)

---

## അദ്ധ്യായം ൧.

### കണ്ണകീകോവലന്മാരുടെ വിവാഹം.

ആയിരത്തിയെണ്ണൂറു വൎഷങ്ങൾക്കു മുമ്പു് കാവേരിപ്പൂമ്പട്ടണം പ്രബലന്മാരായ ചോളരാജാക്കന്മാരുടെ തലസ്ഥാനനഗരം ആയിരുന്നു. ആ നഗരത്തിന്നു് പൂവാർ എന്നൊരു പേരുകൂടി ഉണ്ടായിരുന്നു. ചോളരാജാക്കന്മാർ തങ്ങൾ സൂൎയ്യവംശജന്മാരാണെന്നും അങ്ങിനെ നീതിക്കും ത്യാഗത്തിന്നും പേരുകേട്ട ശിബിചക്രവൎത്തിയുടെ സന്തതിപരമ്പരയിൽ ഉൾപ്പെട്ടവരാണെന്നും അഭിമാനിച്ചിരുന്നു. ഭയങ്കരവ്യാഘ്രചിഹ്നാങ്കിതമായ കൊടികെട്ടിയ തേരിൽ കയറി ആയിരുന്നു അവർ യുദ്ധം നടത്തിയിരുന്നതു്.

ആ മനോഹരപുരി കാവേരിനദീമുഖത്തു് നഗരങ്ങളുടെ ഒരു രാജ്ഞി എന്നപോലെ പരിശോഭിച്ചു. നാലു ദിക്കിലുമുള്ള രാജ്യങ്ങളുമായി അവിടെ വലിയ വ്യാപാരം നടന്നിരുന്നു. വടക്കു തിരുപ്പതിമല മുതൽ തെക്കു വെള്ളാർ നദിവരെയും കിഴക്കു് ബംഗാൾ ഉൾക്കടൽ മുതൽ പടിഞ്ഞാറു ചേരരാജ്യാതിൎത്തിവരെയും വ്യാപിച്ചിരുന്ന ചോളമഹാരാജ്യത്തെ വാണിജ്യകേന്ദ്രമായിരുന്നു പൂവാർ പട്ടണം.

കരികാലചോളൻ എന്ന മഹാനായ രാജാവു് നാടു വാണിരുന്ന കാലത്തു് അദ്ദേഹം ആ നഗരത്തിന്റെ പേരും പെരുമയും സമ്പത്തും സൌന്ദൎയ്യവും എല്ലാം

വമ്പരെ വർദ്ധിപ്പിച്ചു. പൂന്തോട്ടങ്ങളാലും ഉപവനങ്ങളാലും ആവൃതങ്ങളായ രാജധാനികളും രമ്യഹർമ്മ്യങ്ങളും വിശിഷ്ടദേവാലയങ്ങളും കൊണ്ടു് അദ്ദേഹം ആ പട്ടണത്തെ അലംകരിച്ചു. വെള്ളപ്പൊക്കങ്ങളിൽ നിന്നും കൃഷിസ്ഥലങ്ങളെ രക്ഷിക്കുന്നതിനായി കാവേരീനദിയുടെ ഇരുകരകളിലും നെടുനീളം നൂറുമയിലോളം ദൂരം വമ്പിച്ചവരമ്പുകൾ പിടിപ്പിച്ചു. സ്വന്തം പ്രജകളെക്കൊണ്ടും സിംഹളദ്വീപുമായുണ്ടായ യുദ്ധത്തിൽ പിടിച്ച പന്തിരായിരം വരുന്ന തടവുകാരെക്കൊണ്ടും കാവേരിയിൽ ഒരു ഗംഭീരമായ അണ കെട്ടിച്ചു് കൃഷിഭൂമികൾക്കു വേണ്ട വെള്ളം കൊണ്ടുപോകാൻ അനേകം ചാലുകളും വെട്ടിച്ചു് നെൽകൃഷിക്കും മാറും അത്ഭുതപൂർവമായ അഭിവൃദ്ധിവരുത്തി. തഞ്ചാവൂരിനെ ദക്ഷിണദേശത്തിന്റെ ധാന്യപ്പുരയും, മറ്റും പവിഴവും വ്യാപാരത്തിന് മുമ്പു് തന്നെ അഭിവൃദ്ധിപ്രാപിച്ചിരുന്ന പൂവാർ പുരത്തെ ധാന്യക്കച്ചവടത്തിനു കേൾവികേട്ട ഒരു തുറമുഖവും ആക്കി ഹിമവൽപർവ്വതപര്യന്തം ഒരു ജൈത്രയാത്ര ചെയ്തു. ആ പർവ്വതത്തിന്റെ ഉന്നതപാകതികളിലൊന്നിൽ ചെന്നു് അവിടെ ഒരു പാറയിന്മേൽ തന്റെ രാജ്യമുദ്രയായ വ്യാഘ്രരൂപം കൊത്തിച്ചു. അവിടെ എത്തുന്നതിന് കടന്നു പോകേണ്ടിവന്ന ഒരു മലയിടുക്കുവഴിക്കു് ചോളപ്പാതയെന്നു പേരിട്ടു. നാഗന്മാരെ പടയിൽ തോല്പിച്ചു നാഗപട്ടണം പിടിച്ചടക്കി തന്റെ രാജ്യത്തോടു ചേർത്തു വെണ്ണി എന്ന സ്ഥലത്തു വച്ചു് ചേരരാജാവിനോടു യുദ്ധം ചെയ്തു് അദ്ദേഹത്തിനെ തോല്പിച്ചോടിച്ചു. സിംഹളദ്വീപത്തിൽ ചെന്നു് സിംഹളന്മാരോടു പൊരുതു് വിജയശ്രീലാളിതനായി തിരിച്ചുവന്നു ഇങ്ങനെ കരികാലചോളമഹാരാജാവു് സ്വരാജ്യത്തിനു് അസാമാന്യമാന്യതയും മാഹാത്മ്യവും കീർത്തിയും വർദ്ധിപ്പിച്ചു. മുമ്പിനാലേ നടന്നുവന്നിരുന്ന ഇന്ദ്രോത്സവത്തിനു് മാററുകൂട്ടി. കാവേരിയിൽ പുതുവെള്ളം വരുംകാലത്തു് പതിനെട്ടാംപെ

രുക്" എന്നു് ഒരു ഉത്സവം പുത്തനായി ഏർപ്പെടുത്തി. കാവേരിപ്പൂമ്പട്ടണം ദുഃഖാസ്പൃഷ്ടമായി; സുഖവിഭവസമൃദ്ധമായി; ആളുകൾ ഉത്സാഹഭരിതമായ ജീവിതം നയിച്ചു.

വ്യാസം മൂന്നു മയിലായിരുന്ന ആ പട്ടണം രണ്ടായി ഭാഗിക്കപ്പെട്ടിരുന്നു. തുറമുഖത്തോടു തൊട്ടുകിടക്കുന്ന ഭാഗത്തിനു് മരുവൂർപാക്കം എന്നായിരുന്നു പേർ. അവിടെ അന്യദേശക്കാരുടെ മട്ടുപ്പാവുകളോടുകൂടിയ ഉന്നതസൗധങ്ങളും ജനസങ്കുലങ്ങളായ അങ്ങാടികളും പണ്ടകശാലകളും നിറഞ്ഞിരുന്നു. വിദൂരദേശക്കാരായ കപ്പലോട്ടക്കാരെ ആ ഭാഗത്തു ധാരാളം കാണാമായിരുന്നു. പലതരം പട്ടുകൾ, പവിഴങ്ങൾ, മുത്തുകൾ, സ്വർണ്ണം, ആഭരണങ്ങൾ, രത്നങ്ങൾ, ചന്ദനം, സാമ്പ്രാണി, മട്ടിപ്പാൽ മുതലായ വിവിധ സാധനങ്ങളും പതിനെട്ടുകൂട്ടം ധാന്യങ്ങളും അവിടെ വാണിജ്യവീഥികളിൽ വ്യാപാരം ചെയ്തിരുന്നു.

അലക്കുകാർ, ആശാരിമാർ, കൊല്ലന്മാർ, ശില്പാചാരിമാർ, കുശവർ, രത്നവല്ക്കാർ, തങ്കവേലക്കാർ തോല്പണിക്കാർ, തയ്യൽക്കാർ, വാദ്യക്കാർ, ഗായകർ മുതലായ തൊഴിലാളികൾക്കും, മദ്യം, മാംസം, മത്സ്യം, ഉപ്പു, വെങ്കലപാത്രങ്ങൾ, കോക്ക്, ജവിളി, ചെമ്പുപാത്രങ്ങൾ എന്നിങ്ങനെയുള്ള സാധനങ്ങൾ കച്ചവടം ചെയ്യുന്നവർക്കും അവിടെ വേറെ വേറെ തെരുവുകൾ ഉണ്ടായിരുന്നു. ഇതു കൂടാതെ ചായങ്ങൾ, തേച്ചുകളിക്കാനുള്ള സുഗന്ധപ്പൊടികൾ, സുഗന്ധലേപനങ്ങൾ, സുഗന്ധതൈലങ്ങൾ, സുഗന്ധധൂപദ്രവ്യങ്ങൾ മുതലായി പലേവിധം സാമാനങ്ങൾ തെരുവുതോറും കൊണ്ടുവന്നു വിററിരുന്നു.

പട്ടിനപാക്കം എന്നായിരുന്നു മറേറഭാഗത്തിന്റെ പേർ. പട്ടണത്തിലെ ഉയന്ന ആളുകൾ പാർത്തിരുന്നതു് അവിടെ ആയിരുന്നു. അവിടെയായിരുന്നു ദിവസച്ചന്ത

കൾ കൂടിയിരുന്നതു്. ഈ രണ്ടു ഭാഗങ്ങളുടേയും ഇടയ്ക്കു ഒരു വിസ്താരമുള്ള മൈതാനം ഉണ്ടായിരുന്നു. രാജഭവനങ്ങൾ, രഥവീഥി, മേൽത്തരം സാമാനങ്ങൾ വില്ക്കുന്ന കടകൾ, തമിഴ് വർത്തകപ്രഭുക്കൾ, മണിമേടകൾ പണിയിച്ചു താമസിച്ചിരുന്ന വലിയ തെരുവുകൾ, ബ്രാഹ്മണരുടെ അഗ്രഹാരങ്ങൾ, ക്ഷത്രിയരുടെയും ഭൂസ്വത്തുകാരുടേയും പ്രാസാദങ്ങൾ, വൈദ്യന്മാരുടേയും ജ്യോത്സ്യന്മാരുടെയും മന്ദിരങ്ങൾ, പ്രസിദ്ധപ്പെട്ട വേശ്യകളുടേയും ന ദേവദാസികളുടെയും രമണീയങ്ങളായ ഹർമ്മ്യങ്ങൾ, ഇവയെല്ലാം ഈ പട്ടിനപാക്കത്തിലായിരുന്നു.

നഗരമദ്ധ്യത്തിലുള്ള വിശാലമായ നാലുമുക്കിൽ ഭൂതചതുഷ്കം എന്ന ഗ്രാമദേവതാലയം സ്ഥിതിചെയ്തിരുന്നു. പതിവായിട്ടു് ആ ദേവത അലറുമെന്നും അതിന്റെ ഒച്ച പത്തുനാഴിക ദൂരം കേൾക്കാമെന്നും, കള്ളസ്സന്യാസിമാരേയും വ്യഭിചാരികളെയും കള്ളന്മാരെയും രാജ്യദ്രോഹികളേയും കള്ളസ്സത്യം ചെയ്യുന്നവരെയും അതു് തന്റെ പാശംകൊണ്ടു കെട്ടിവരിഞ്ഞു കൊന്നു വിഴുങ്ങുമെന്നും ആളുകൾ വിശ്വസിച്ചു പോന്നു.

ചന്തവെളിയിൽ ചരക്കുകെട്ടുകൾ ഓരോന്നിന്മേലും അതാതിന്റെ അളവും തൂക്കവും എണ്ണവും ഉടമസ്ഥന്റെ പേരും കുറിച്ചു് ആയിരക്കണക്കിന് കൂട്ടിയിട്ടേക്കുകയായിരുന്നു പതിവു്. അവ സൂക്ഷിക്കുന്നതിന് കാവല്ക്കാരും പൂട്ടും കെട്ടും ഒന്നും ഇല്ലായിരുന്നു. വല്ലവനും അതിൽ വല്ലതും മോഷ്ടിച്ചാൽ ആ ഭൂതം അവനേക്കൊണ്ടു അതു് തലയിൽ എടുപ്പിച്ചു് നേരം വെളുത്തു് രാജാധികാരികൾ വന്നു് അവനേ ബന്ധിച്ചു കൊലശിക്ഷ നൽകുന്നതുവരെ തന്റെ ക്ഷേത്രത്തിനു ചുററും വലത്തു വെപ്പിച്ചുകൊണ്ടിരിക്കും എന്നായിരുന്നു ജനവിശ്വാസം. മററു ദേവാലയങ്ങളും അവിടെ ഉണ്ടായിരുന്നു. പാല്ക്കടലിൽ

അനന്തതല്പത്തിന്മേൽ പള്ളികൊണ്ടു യോഗനിദ്രചെയ്യുന്ന മണിവർണ്ണന്റെ അഥവാ വിഷ്ണുവിന്റെ ക്ഷേത്രമായിരുന്നു അവയിൽ പ്രധാനപ്പെട്ട ഒന്ന്. ശിവൻ, ദേവേന്ദ്രൻ, വിജയലക്ഷ്മി, സുബ്രഹ്മണ്യൻ, കൃഷ്ണൻ, ബലഭദ്രൻ എന്നി ദേവന്മാരേയും ദേവിയേയും പ്രതിഷ്ഠിച്ചിട്ടുള്ള ക്ഷേത്രങ്ങളും ഉണ്ടായിരുന്നു. ഇതു കൂടാതെ ഇന്ദ്രനിർമ്മിതങ്ങളെന്നു പറഞ്ഞുപോന്ന ഏഴു ബുദ്ധവിഹാരങ്ങളും ഒരു ബോധിവൃക്ഷവും 'ശിലാതലം' എന്ന ഒരു വിശിഷ്ടജൈനദേവാലയവും അതിൽ പൊന്മലർ പൂത്തിരുന്ന ഒരു വിശിഷ്ട അശോകവൃക്ഷവും കൂടി ആ നഗരത്തിൽ ഉണ്ടായിരുന്നു.

ഇങ്ങനെ മഹിമയേറിയ കാവേരിപ്പട്ടണത്തിൽ 'മാനായികൻ' എന്നൊരു പ്രശസ്തനായ വർത്തകശ്രേഷ്ഠൻ പാർത്തിരുന്നു. ഇദ്ദേഹത്തിന്റെ ചരക്കുകൾ കയററിയ കപ്പലുകൾ സദാ സമുദ്രാന്തരങ്ങളിൽ ഓടിക്കൊണ്ടിരുന്നു. ആ വണിഗ്വരൻ മേഘങ്ങളെപ്പോലെ നിസ്വാർത്ഥമായി ധാരാളം അർത്ഥദാനവും അന്നദാനവും ചെയ്തു. തന്റെ സഹധർമ്മചാരിണിയായ ആങ്ങോൾ എന്ന മഹിളാമണിയും ഒരുമിച്ചു കാവേരിതീരത്തിലുള്ള തന്റെ മണിമാളികയിൽ സകലൈശ്വര്യസമ്പന്നനായിതാമസിച്ചു. എന്നാൽ ഒരു മഹാദുഃഖം അവരെ വലച്ചിരുന്നു. അവർ ഒരു സന്താനത്താൽ അനുഗ്രഹിക്കപ്പെട്ടിരുന്നില്ല. അനേകായിരം സാധുക്കൾക്ക് മൃഷ്ടാന്നദാനവും പല വിധത്തിലുള്ള മററു ദാനങ്ങളും എല്ലാം ചെയ്തു ഭഗവാനെ അവർ ഭക്തിയോടെ ഭജിച്ചു. ഭഗവാൻ പ്രസാദിച്ചു് ഒടുവിൽ കനകവല്ലരിപോലെ ഒരു പുത്രിയെ അവർക്ക് നൽകി അനുഗ്രഹിച്ചു. ആ ഓമനക്കുഞ്ഞിന് അവർ കണ്ണകി എന്നുപേരിട്ടു. കണ്ണകിയുടെ പതിനാലുവയസ്സായപ്പോഴേയ്ക്കു് ആ പട്ടണം മുഴുവൻ അവളുടെ സൗന്ദര്യാദിഗുണങ്ങളെക്കുറിച്ചുള്ള വർത്തമാനമാനമേ ഉള്ളു എന്നായി. അവളുടെ മഹാല

ക്ഷ്മിയെപ്പോലുള്ള ലാവണ്യചാതുര്യങ്ങളേയും അരുന്ധതിയെപ്പോലുള്ള വിനയലജ്ജാദിസ്ത്രീഗുണങ്ങളേയും സകലമാന ജനങ്ങളും ഏകമനപൂർവ്വം പ്രശംസിച്ചു.

മാസാത്തുവാൻ എന്ന് വേറൊരു വർത്തകപ്രമുഖനും ആ നഗരത്തിൽ പാർത്തിരുന്നു. മാനായിക്കൻ കപ്പൽ കച്ചവടത്തിൽ അഗ്രഗണ്യനായിരുന്നതുപോലെ മാസാത്തുവാൻ കച്ചവടത്തിൽ പ്രധാനി ആയിരുന്നു. അദ്ദേഹത്തിന്റെ ചരക്കു കയററിയ വാഹനങ്ങളും ആളുകളെയും ഭാരതഖണ്ഡത്തിൽ സകല ദിക്കുകളിലും കാണാമായിരുന്നു. കാവേരിക്കു കരവരമ്പുകളും അണയും കാലുകളും മററും ഉണ്ടാക്കുന്നതിനു മുമ്പ് ഒരുകാലത്തു രാജ്യം മുഴുവൻ കഠിനമായ ഒരു മഹാക്ഷാമബാധ ഉണ്ടായപ്പോൾ ആഹാരാദികൾ ഇല്ലാതെ കഷ്ടപ്പെട്ട ദശസഹസ്രം സാധുക്കൾക്ക് കൈയഴിച്ചു അന്നദാനം ചെയ്കയാൽ കരികാലമഹാരാജാവു് സന്തോഷിച്ചു് അദ്ദേഹത്തിന്റെ കുടുംബത്തിന് പാരമ്പര്യമായി എന്നും നിലനില്ക്കുന്ന ഉൽകൃഷ്ടമായ പ്രഭുസ്ഥാനം സമ്മാനിച്ചിരുന്നു. മാസാത്തുവാൻ ചെട്ടിയാർക്കു് കോമളനും വിദ്യാസമ്പന്നനും കലാവല്ലഭനും ആയി കോവലൻ എന്ന ഒരു പുത്രൻ ഉണ്ടായിരുന്നു. ഇക്കാലത്തു് അയാൾ പതിനാറുവയസ്സു തികഞ്ഞ യൌവനയുക്തനായ ഒരു യുവാവായി അയാളുടെ പ്രതിഭയും പ്രഭാവവും പ്രകൃതിവിശേഷവും കണ്ടു് ആ ഓജസ്വിയായ യുവാവു് സാക്ഷാൽ ഷണ്മുഖസ്വാമിയുടെ അവതാരമാണെന്നു് നഗരവാസിജനങ്ങൾ അയാളെ വാഴ്ത്തി പറഞ്ഞുപോന്നു.

കോവലനും കണ്ണകിയും പരസ്പരം വിവാഹംചെയ്തു ദമ്പതിമാരായി ഭവിക്കണമെന്നു് പൂവാർ പുരിയിലെ വിവാഹതരകകാർ ഭാവിദർശനം ചെയ്യുകയും ആ രണ്ടുപേരുടെയും നന്മകളേയും മേന്മകളേയും കുറിച്ചു വാഴ്ത്തിപ്പറ

ഞ്ഞുകൊണ്ടിരിക്കയും ചെയ്തു കോവലന്റെ കൂട്ടുകാർ കണ്ണകിയെ കുറിച്ചു വർണ്ണിച്ചു് അയാളോടു പറഞ്ഞു. അയാളുടെ ഭാര്യയാകാൻ അവൾക്കുസമം ഒരു കന്യക ഇല്ല എന്നു് അവർ അയാളെ ധരിപ്പിച്ചു. അതുപോലെ കണ്ണകിയുടെ തോഴിമാർ കോവലനെക്കുറിച്ചു ഓരോന്നു വർണ്ണിച്ചു പറഞ്ഞു അവളെ കേൾപ്പിച്ചു. അവൾക്കു ചേർന്നതോവു് അയാൾ മാത്രമാണെന്നു് അവർ അവളോടു പറഞ്ഞുറപ്പിച്ചു. ഈ സംഭാഷണങ്ങൾ അവരെ അന്യോന്യം ആകർഷിച്ചു. തമ്മിൽ കാണണമെന്നു് രണ്ടുപേർക്കും മോഹം ഉണ്ടായി. പതിനെട്ടാംപൊങ്കൽ ഉത്സവത്തിനിടയിൽ രണ്ടുപേരുടേയും കൂട്ടുകാർ അവർ തമ്മിൽ ഒരു നോക്കു കാണാൻ സന്ദർഭം ഉണ്ടാക്കി. ആ പ്രഥമസന്ദർശനത്തിൽതന്നെ അവർക്കു പരസ്പരാനുരാഗം അങ്കുരിച്ചു. എന്നാൽ രണ്ടാളും ഇതിനെക്കുറിച്ചു ഒന്നും അവരുടെ അച്ഛനമ്മമാരെ അറിയിച്ചില്ല.

• വൈശ്യജാതിക്കാർ കന്യകമാർക്കു് പന്ത്രണ്ടുവയസ്സുതികയുന്നതിനുമുമ്പു് അവരെ വിവാഹംചെയ്തുകൊടുക്കണമെന്നാണു് ശാസ്ത്രവിധി. കണ്ണകിയ്ക്കു് പതിന്നാലുവയസ്സു തികയാറായിട്ടും മാനായിക്കൻ ചെട്ടിയാർ മകളുടെ കല്യാണക്കാര്യം ഒന്നും ആലോചിച്ചു കാണായ്കയാൽ ആണ്ടാളമ്മാൾ വളരെ ഉൽക്കണ്ഠാകുലയായി. അതുകണ്ടു ഒരുദിവസം ചെട്ടിയാർ "നീ എന്തോ മനസ്താപപ്പെട്ടിരിക്കുന്നതുപോലെ കാണുന്നല്ലോ! നിന്റെ മുഖം ഇങ്ങനെ വാടിയിരിക്കുന്നതു് എന്താണു്" എന്നു് അവരോടു ചോദിച്ചു. "ഉല്ലസിച്ചു ഓടിച്ചാടി നടക്കാൻ എനിക്കു് എന്താണുള്ളതു്" എന്നു് അതിനു് അവർ തരതമ്യേനയായി മറുപടി പറഞ്ഞു. തങ്ങൾക്കു് ഈശ്വരന്മാർ നൽകിയിട്ടുള്ള അനവധി അനുഗ്രഹങ്ങളെക്കുറിച്ചു അവൾ നന്ദിയുള്ളവളായിരിക്കുന്നില്ലല്ലോ എന്നു കണ്ടു്, "നീ വിവരമില്ലാത്തവളാണു്" എന്നു് അദ്ദേഹം അതിനു് ഉത്തരം പറ

ഞ്ഞു. പരിചാരകരുടെ മുമ്പിൽവച്ച് തന്റെ ഭർത്താവ് തന്നോട് ഇങ്ങനെ കടുത്തവാക്ക പറഞ്ഞല്ലോ എന്ന വിചാരം അവരുടെ സങ്കടത്തെ വർദ്ധിപ്പിച്ചു. അവർ ദേഷ്യപ്പെട്ട തന്റെ മുറിയ്ക്കകത്തുപോയി വാതലടച്ചു ഇരുന്നു.

അന്നരാത്രിയിൽ അത്താഴം കഴിഞ്ഞു് മാനായിക്കൻ കിടക്കമുറിയിൽ പോയി. വളരെനേരം കഴിഞ്ഞിട്ടും പത്നി അവിടെയ്ക്കു വരായ്കയാൽ അവരെ വിളിക്കാൻ പരിചാരികയെ പറഞ്ഞയച്ചു. ദൈവാധീനത്താൽ കണ്ണകിയുടെ വിവാഹക്കാര്യം തന്നെ ആയിരുന്നു അപ്പോൾ ചെട്ടിയാർ വിചാരിച്ചതു്. ആണ്ടാളമ്മാൾ മുറിയിൽ വന്നു "എന്തിനാണ് വിളിച്ചതു്" എന്നു ചോദിച്ചു. "ഒരു മുഖ്യസംഗതിയേക്കുറിച്ചാലോചിക്കാനാണ്. അടുത്തു വന്നിരിക്കൂ" എന്ന് അദ്ദേഹം മറുപടി പറഞ്ഞു..

"ഞാൻ വിവരമില്ലാത്തവളല്ലേ? എന്നോട് എന്താണാലോചിക്കാനുള്ളതു്?"

"ദേഷ്യപ്പെടാതിരിക്കു. ഞാൻ നേരമ്പോക്കു് പറഞ്ഞതാണ് നമ്മുടെ കണ്ണകിയുടെ കല്യാണസംഗതിയാണ് എനിക്ക് നിന്നോട് ആലോചിക്കാനുള്ളതു്."

"കണ്ണകിയുടെ കല്യാണമോ" എന്നു ചോദിച്ച് അവൾ ഭർത്താവിന്റെ അടുക്കലേക്കു നീങ്ങി ചെന്നിരുന്നു. "അതുതന്നെയായിരുന്നു ഇത്രയും നാളായി എന്റെ മനോവിചാരത്തിന്റെ കാരണം"

"പൊട്ടിപ്പെണ്ണേ" അവരെ മാറത്തണച്ചുകൊണ്ടു് ചെട്ടിയാർ ചോദിച്ചു. "നീ അതെന്നോടു പറയാത്തതെന്തു?" അദ്ദേഹം തുടർന്നു. "ഇത്രനാളും ഞാനും അതുതന്നെ ഓർത്തു് വിചാരപ്പെട്ടിരിക്കയായിരുന്നു. വ്യാപാരസംഘത്തിന്റെ ആണ്ടുവിരുന്നിനേക്കുറിച്ചു ആലോചിക്കുവാൻ ഇന്നു വയ്യിട്ടു 'പെരുങ്കുടിയാർ' യോഗംകൂടിയിരുന്നു.

യോഗം കഴിഞ്ഞപ്പോൾ നമ്മുടെ മാസാത്തുവാൻ ചെട്ടിയാർ എന്നെ വേറെ വിളിച്ച് അയാൾക്ക നമ്മുടെ കുടുംബവുമായി ഒരു വേഴ്ച ഉണ്ടാക്കാൻ കൊള്ളാമെന്ന താല്പര്യമുള്ളതായി സൂചിപ്പിച്ചു സംസാരിച്ചു. നിന്നോടാലോചിക്കാതെ നിശ്ചയമായി ഒന്നും പറയരുതല്ലോ എന്ന് വിചാരിച്ചു ഞാൻ അങ്ങുമിങ്ങും തൊടാതെ ചിലതു പറഞ്ഞതേയുള്ളു. അയാളുടെ മകൻ കോവലൻ നല്ലതെനല്ല ഒരു കുട്ടിയാണെന്ന കേൾക്കുന്നു. അവൻ നമ്മുടെ കണ്ണകിന്ന ഒത്ത ഒരു ഭർത്താവായിരിക്കുമെന്ന തോന്നുന്നു"

"ആൾ്തരം കൊള്ളാമെന്നാണ എനിക്കും തോന്നുന്നത്. ഇനി ഒരു നിമിഷംപോലും കളയരുത്. വാസ്തവം പറഞ്ഞാൽ എന്നോടാലോചിക്കാൻ കാത്തിരിക്കാതെ അപ്പോൾതന്നെ കാര്യങ്ങൾ വെളിപ്പെടുത്തി പറഞ്ഞു നിശ്ചയം ചെയ്യേണ്ടതായിരുന്നു"

"അതു ശരിയല്ല, വിശേഷിച്ച് ഇക്കാര്യത്തിൽ. എന്നുമാത്രമല്ല, നമുക്ക ഇതിൽ അത്ര വളരെ താല്പര്യമുണ്ടെന്ന് വിചാരിക്കാൻ ഇടകൊടുക്കുകൂടാ. കോവലൻ നമുക്ക് ഒരു നല്ല മരുമകൻ തന്നെ ആയിരിക്കും. ശരി എന്നാൽ നമ്മുടെ മകൾ കണ്ണകി അതിനേക്കാൾ നല്ല ഒരു മരുമകളായിരിക്കും അവർക്ക്."

"അതങ്ങനെ തന്നെ. എന്നാലും മാസാത്തുവാൻ ചെട്ടിയാരെ നിങ്ങൾ നാളെത്തന്നെ കാണണം. നാളെ വെള്ളിയാഴ്ച നല്ലദിവസവും ആണ് നാളെത്തന്നെ കല്യാണക്കാര്യം തീർച്ചയാക്കിയേക്കണം.

"ആകട്ടെ അങ്ങനെതന്നെ ചെയ്യാം"

കല്യാണത്തെക്കുറിച്ചും മകളുടെ ഭാവിയെക്കുറിച്ചും ഓരോന്നു സംസാരിച്ചിരുന്ന് അവർ വളരെ നാളായി അനുഭവിക്കാതിരുന്ന മനസ്സുഖം അന്നരാത്രി അനുഭവിച്ചു അവർ ഉറങ്ങി തുടങ്ങിയപ്പോഴേയ്ക്ക് നേരം മിക്കവാറും വെളുത്തു.

പിറേറന്ന് പ്രാതദിനചര്യകൾ കഴിഞ്ഞു് മാനായിക്കൻ മാസാത്തുവാനേക്കണ്ടു സംസാരിച്ചു. വിവാഹസംഗതിയെപ്പററി പരസ്പരം പറഞ്ഞു സമ്മതിച്ചു. മാസാത്തുവാന്ന് വളരെ സന്തോഷമായി. "എന്നാൽ ഒരു കാര്യം. കുട്ടികൾ തങ്ങളിൽ ഒന്നു കണ്ടുകൊള്ളട്ടെ. അവക്കും ഇതു സമ്മതമാണെന്നു്, അല്ലെങ്കിൽ അവക്കു ഇതിൽ വിരോധമില്ലെന്നു് അറിഞ്ഞിട്ടു തീർച്ചയാക്കാം" എന്നു് അദ്ദേഹം പറഞ്ഞു. "രണ്ടുപേക്കും നല്ല സമ്മതമായിരിക്കും എന്നു് എനിക്കു നിശ്ചയമുണ്ടു്. എങ്കിലും അവരുടെ അഭിപ്രായംകൂടി അറിയുന്നതു നല്ലതുതന്നെ" എന്നു മാനായിക്കൻ മറുപടി പറഞ്ഞു.

കോവലനും കണ്ണകിക്കും ആളയച്ചു. അവനു കല്യാണത്തിനു നിശ്ചയിച്ചിരിക്കുന്ന വധുവിനെ കാണാൻ ചെല്ലണമെന്നു കോവലനോടും അവൾക്കു കല്യാണത്തിനു നിശ്ചയിച്ചിരിക്കുന്ന വരനെ കാണാൻ ചെല്ലണമെന്നു് കണ്ണകിയോടും ആവശ്യപ്പെട്ടതല്ലാതെ ആളുകൾ ആരാണെന്നു അവരെ അറിയിച്ചില്ല. അതിനാൽ അച്ഛനമ്മമാർ അറിയാതെ രണ്ടുപേരും സ്വയം ആൾ നിശ്ചയം ചെയ്തിരുന്നതുകൊണ്ടു അവർക്കു് ഒരു പരിഭ്രമവും ആധിയും ഉണ്ടായി. വളരെ മടിച്ചു മടിച്ചാണു് അവർ അവരുടെ അടുക്കലേയ്ക്കു പോയതു്. എന്നാൽ അവിടെ ചെന്നപ്പോൾ തങ്ങൾ തന്നത്താൻ നിശ്ചയിച്ച ആളെ ആണു് തങ്ങളുടെ പിതാക്കന്മാരും നിശ്ചയിച്ചിരിക്കുന്നതു് എന്നു ഗ്രഹിച്ചു്, അവർ അത്ഭുതാനന്ദവിവശരായി തീൎന്നു അവരുടെ സന്തോഷം കണ്ടു് തങ്ങൾ ചെയ്ത തീരുമാനം അവർക്കു തൃപ്തികരമായി എന്നു മനസ്സിലാക്കി. ശേഷം വേണ്ട കാര്യങ്ങൾ ആലോചിച്ചു തീർച്ചയാക്കി. വിവാഹത്തിനു് അടുത്ത ഒരു മുഹൂർത്തവും അപ്പോൾ തന്നെ നിശ്ചയിച്ചു.

സൌന്ദര്യവതികളായ കന്യകമാർ ആനപ്പുറത്തു

കേറി പോയി യോഗ്യന്മാരായ പൌരന്മാരെ എല്ലാം ക്ഷണിച്ചു. വിവാഹദിവസം വധൂവരന്മാരെ വിശിഷ്ടങ്ങളായ വാഹനങ്ങളിൽ കയററിയിരുത്തി ചുററും വെൺപട്ടുകൊണ്ടുള്ള മുത്തുക്കുടകളും പിടിപ്പിച്ചു് വിവിധാലംകാരവിശേഷങ്ങളോടും ഹൃദയാകർഷകങ്ങളായ വാദ്യമേളങ്ങളോടും പട്ടണത്തിലെ തെരുവുകളിൽക്കൂടി ആഡംബരസമേതമായ ഒരു ഘോഷയാത്രകഴിച്ചു് പന്തലിൽ പ്രവേശിച്ചു. അതിനുശേഷം അവരെ വിവാഹോചിതങ്ങളായ വസ്ത്രാഭരണാദികൾ അണിയിച്ചു് കതിർമണ്ഡപത്തിലേയ്ക്കു കൊണ്ടുവന്നു. ആ കതിർമണ്ഡപം നവരത്നങ്ങളും മാണിക്കങ്ങളും വജ്രങ്ങളും കൊണ്ടു തെളുതെളെ തിളങ്ങി. പലതരം പുഷ്പങ്ങളുടെ ചിത്രവേലകൾ ചെയ്തിട്ടുള്ള നീലപ്പട്ടായിരുന്നു അതിന്റെ മേല്ക്കട്ടി. അതിന്റെ തൂണുകൾ പലനിറത്തിലുള്ള ദീപങ്ങളാലും രത്നങ്ങളാലും സുരഭിലങ്ങളായ പുഷ്പമാല്യങ്ങളാലും രമണീയമായി അലങ്കരിക്കപ്പെട്ടിരിരുന്നു. കല്യാണപ്പന്തൽ ഒരു ദേവലോകം പോലെ പരിശോഭിച്ചു. ധൂപങ്ങളുടേയും പൂക്കളുടെയും പനിനീർ, അത്തർ, ചന്ദനം, കസ്തൂരി മുതലായ സുഗന്ധദ്രവ്യങ്ങളുടേയും പരിമളം അവിടമെങ്ങും വ്യാപിച്ചിരുന്നു. ചന്ദ്രൻരോഹിണീനക്ഷത്രത്തോടുചേർന്നശുഭമുഹൂർത്തത്തിൽ മഹാരാജാവിന്റേയും മഹാജനങ്ങളുടേയും സാന്നിദ്ധ്യത്തിൽ കോവലൻ സുന്ദരീരത്നമായ കണ്ണകിയെ സപ്തപദി ചെയ്യിച്ചു് അവളുടെ കണ്ഠത്തിൽ തിരുമംഗല്യം ചാർത്തി പരിഗ്രഹിച്ചു. കർണ്ണാനന്ദകരമായ വാദ്യഘോഷങ്ങൾ മുഴങ്ങി. സുന്ദരികളായ സ്ത്രീകൾ മംഗലഗാനങ്ങളും പാടിക്കൊണ്ടു അതിഥികൾക്കു് പൂവും പനിനീരും കളഭവും എലം ഗ്രാമ്പൂ ജാതിപത്തിരി മുതലായവയോടുകൂടെ വെററിലപാക്കും വിതരണം ചെയ്തു. സൗഭാഗ്യശാലിനികളായ യുവതിമാർ ദമ്പതിമാരെ ചന്ദനം പൂശിച്ചു്, പനിനീർ തളിച്ചു്, താംബൂലം കൊടുത്തു തെളിയിച്ചു. മ

ന്ദസ്മിതഭാസുരകളായ സുമതിമാർ മുളച്ച ധാന്യങ്ങളുടെ ചട്ടികളും പാത്രങ്ങളും എടുത്തു കൈവിളക്കുകളും പിടിച്ച് മംഗളഗാനം പാടിക്കൊണ്ടു ദമ്പതിമാക്ക് പ്രദക്ഷിണം ചെയ്തു. അവരുടെ ജീവിതം നിർമ്മലവും ഭാഗ്യപൂർണ്ണവും ആയ് വരട്ടെ എന്നോ, അവരുടെ പരസ്പരപ്രണയം ശുക്ലപക്ഷത്തിലെ ചന്ദ്രികപോലെ വർദ്ധിക്കട്ടെ എന്നും അവക്ക് ശുഭാംശംസ ചെയ്ത് അവരെ മണിയറയിലേയ്ക്ക് കൊണ്ടുപോയി.

കണ്ണകീകോവലന്മാർ രത്നഖചിതമായ പര്യങ്കത്തിൽ പട്ടുമെത്തമേൽ കുറേനേരം ഇരുന്ന് മണവറയുടെ ഭംഗികളും നോക്കി ആസ്വദിച്ച് ആമോദിച്ചു സുഖിച്ചു. പിന്നീട് അവർ കിടക്കാവിരിച്ചൊരുക്കിയിരുന്ന ചന്ദ്രശാലയിലേയ്ക്കുപോയി. കോവലൻ ഒരു മല്ലികപ്പൂമാലയും കണ്ണകി ഒരു ചെങ്ങഴുനീർപ്പൂമാലയും ധരിച്ചിരുന്നു കോവലൻ തന്റെ മാലയെടുത്തു കണ്ണകിയുടെ കഴുത്തിൽ ഇട്ടു;

“പ്രേമരൂപിണി, ചാരുചന്ദ്രികാ
കോമളമിന്നിശീഥിനി,
ഓമനേ വരുകിങ്ങടുത്തുനീ
സോമബിംബസമാനനേ.
താരയിലന്തരംഗവായ്പു പൂ-
ണ്ടോരു ചന്ദ്രനേപ്പോലവേ
മാരമാലിനാൽ മാനസം മമ
മാഴ്കിടുന്നു മനോഹരേ.
ലജ്ജയാലിനിയോമനേ പര
മിജ്ജനത്തെ ഹനിക്കൊലാ
പൂവലംഗി പൂവല്ലിനല്ലതേ-
ന്മാവിനെക്കണക്കഞ്ജസാ
ഗാഢഗാഢമായെന്നെനീ പുണ-
ന്നീടുകെൻ ജീവനായികേ!”

എന്നുച്ചരിക്കയും അവളെ പ്രണയപാരവശ്യ
ത്തോടെ മുറുകെ ആശ്ലേഷിക്കയും ചെയ്തു.

"പ്രാണനാഥ ഞാൻ കണ്ടിതു നിന്നെയ-
ന്നാണതുപണ്ടും ഞാനെന്നതോന്നിമെ
അന്നുനിന്നിൽ പതിഞ്ഞിതെൻ മാനസ
മൊന്നിനൊന്നു വളർന്നിതുരാഗവും
നിന്നെവേർവിട്ട നാരകീയാമയ-
ഖിന്നയായ്ത്തന്നെ ജീവിച്ചുപോന്നു ഞാൻ
ഇന്നുനിൻപാണിപാശസംശ്ലിഷ്ടയാ-
യിന്നിയില്ലമേ ഭീതിയുമാധിയും
സംവത്സരവൃന്ദമൽഭിന്നമി
ശ്ശർവ്വരീശമുഖാമൃതഭാസുരം
പഞ്ചബാണരുചിരമുടലിതെൻ
രഞ്ജുപൂണ്ടതാൻ പോയിതുമാത്രകൾ
ഒന്നുചേർന്നിതു നന്നായ് പരസ്പര
മിന്നു നമ്മുടെ ദേഹവും ദേഹിയും
വന്നുകൂടൊരു വേർപാടുതങ്ങളി
ലിന്നിമേലിഹജന്മാന്തരത്തിലും"

എന്നു പറഞ്ഞു് അവൾ ആ ആശ്ലേഷത്തെ പ്രണയാർത്തിയോടെ പ്രതിദാനം ചെയ്തു.

"തഥാസ്തു!" കോവലൻ പറഞ്ഞു. "ഒന്നുകൂടി എന്നെ കെട്ടിപ്പിടിയ്ക്കൂ ഓമനേ. ഒരു ചുംബനംകൂടിത്തരൂ. സാക്ഷാൽ വൈകുണ്ഠലോകം ഒരുവനു തന്റെ പ്രേമഭാജനമായ ജീവിതേശ്വരിയുടെ ആലിംഗനത്തെക്കാൾ ആനന്ദദായകം അല്ലതന്നെ. പാനപാത്രത്തിൽ പതഞ്ഞു നുരഞ്ഞുതുളുമ്പുന്ന മധു പിന്നെയും പിന്നെയും കുടിക്കാൻ ഒരു കുടിയനു തൃഷ്ണ ഉണ്ടാകുന്നതുപോലെ തേനും പാലും കലർന്നു പകർന്നു കവിഞ്ഞൊഴുകുന്ന കനകചഷകങ്ങൾപോലെ പ്രേമാമൃതം നിറഞ്ഞു തുളുമ്പുന്ന നിന്റെ അധരപുടങ്ങളാലുള്ള ചുംബനങ്ങൾ വീണ്ടും വീണ്ടും ലഭിക്കാൻ ഞാൻ

ആഗ്രഹിക്കുന്നു. കാഴ്ചകൊണ്ടും ശബ്ദംകൊണ്ടും ഗന്ധംകൊണ്ടും ലഭിക്കാവുന്ന സകല ഹൃദയസുഖങ്ങളും നിന്നിൽ സമ്മേളിച്ചിരിക്കുന്നു. നിന്റെ കൈവളകളും കാൽചിലമ്പുകളും എത്ര ഹൃദയാഹ്ലാദപ്രദങ്ങളായിരിക്കുന്നു. എന്റെ ഓമനേ! കാമന് രതിയോടു പിരിഞ്ഞിരിക്കാൻ സാധിക്കുമോ? പിന്നെയെങ്ങനെയാണ് നിന്നോടു വേർപെട്ടിരിക്കാൻ എനിക്കു കഴിയുക;" പിന്നീട് അവർ മഞ്ചത്തിന്മേൽ ശയിച്ചു കോവലൻ അവളുടെ കൊഴുത്തുരുണ്ട ഭുജങ്ങളിൽ കാമദേവന്റെ മുദ്രകളായ കരിമ്പിന്റേയും കാമവല്ലിയുടെയും രൂപങ്ങൾ ചന്ദനക്കൂട്ടുകൊണ്ട് എഴുതാൻ തുടങ്ങി.

അനന്തരം ആ കാമുകൻ അവളെ മുറുകെ കെട്ടിയണച്ചുകൊണ്ടു പറഞ്ഞു. "തങ്കമേ, കാമനും ഇന്ദ്രനും സുബ്രഹ്മണ്യനും എല്ലാവരും നിന്റെ സമ്മോഹനങ്ങളായ സൗന്ദര്യോപകരണങ്ങളെ സമ്പൂർണ്ണങ്ങളാക്കുന്നതിന് സഹായിച്ചിട്ടുണ്ട്. നീ നിന്റെ വാർകുന്തൽ അഴിച്ചിട്ടാൽ സുബ്രഹ്മണ്യസ്വാമിയുടെ വാഹനമായ മയിൽ ലജ്ജകൊണ്ട് പീലിവിടുത്ത് ആടുകയില്ല. നീ ഉദ്യാനത്തിൽ ഉലാത്തുന്നതുകാണുമ്പോൾ അരയന്നത്തിന്റെ തെളിഞ്ഞനട അവസാനിക്കും. നിന്റെ മധുരസ്വരം കേൾക്കെ വസന്തകാലത്തിലും കുയിൽ കാക്ക തന്നെയാവും. ഉന്മാദജനകമായ ഉയർന്ന വക്ഷസ്സും, അഴകേറിയ കാർകുന്തലും ഇടുങ്ങിയുരുണ്ട മധ്യവും, ചുടുചുടുത്ത അധരപുടങ്ങളും ആകർഷകങ്ങളായ നയനങ്ങളും ഉള്ള നിനക്ക് ആഭരണങ്ങൾ എന്തിന്? പൊന്നുംകുടത്തിന് ചായമിടേണോ? സ്വയം സുരഭിലങ്ങളായ നിന്റെ അവയവങ്ങൾക്ക് സുഗന്ധദ്രവ്യങ്ങളുടെ ആവശ്യം എവിടെ? സ്ത്രീകളിൽ മുത്തായ നിനക്ക് മുത്തുമാല വേറേ വേണോ? സൗന്ദര്യധോരണിയാൽ ഉമ, രമ, സരസ്വതി എന്നീ ദേവിമാരെയും അതിശയിക്കുന്ന എന്റെ കണ്ണകീ! നിന്റെ ഇരു ഭുജലതകളാൽ എന്നെ മുറുകെ അണയ്ക്കൂ."

കണ്ണകി ഭർത്താവിൻെറ ശാസനയെ അഥവാ പ്രാത്ഥനയെ വിധിപോലെ അനുഷ്ഠിച്ചു. അന്യോന്യംഹൃദയങ്ങളും ശരീരങ്ങളും ഒന്നിച്ചുചേൎന്ന ആ ദമ്പതിമാർ പിന്നെ ആകാശവും കളിൎനിലാവും മാളികയും മണിമഞ്ചവും സകലവും മറന്നു.

---

## അദ്ധ്യായം ൨

### കാർമേഘോദയം.

കോവലനും കണ്ണകിയും പ്രേമമേന്മാദം പൂണ്ടു കാമഭോഗങ്ങളും അനുഭവിച്ചു 'മാസാത്തുവാൻ ചെട്ടിയാരുടെ കുടുംബഗൃഹത്തിൽ വസിച്ചു. അങ്ങനെ കറേനാൾകഴിഞ്ഞപ്പോൾ കോവലൻെറ അമ്മ അവൾക്കു പ്രത്യേകമായി ഒരു കെങ്കേമമായ മാളിക പണി കഴിപ്പിച്ചു് ഹാളിൽ സകല സാധനസാമഗ്രികളും സജ്ജീകരിച്ചു. കണ്ണകിയ്ക്കു് അവളുടെ ബന്ധുമിത്രാദികളേയും ഇഷ്ടജനങ്ങളേയും സന്ന്യാസിമാരെയും അതിഥികളേയും മറവും യഥായോഗ്യം സൽക്കരിക്കുന്നതിന് വേണ്ടടത്തോളം പരിചാരകരേയും ഭൃത്യജനങ്ങളേയും അവിടെ നിയമിച്ചു. സുഖവാസത്തിനു വേണ്ട സകല സന്നാഹങ്ങളും അതിൽ ചെയ്തു ഇതു് നവദമ്പതിമാൎക്കു് നിൎബാധമായ സൈരവാസത്തിന്നു് പ്രത്യേകം ഒരു ഭവനം തന്നെ വേണമെന്നു് ആണ്ടാളമ്മാൾക്കുണ്ടായ അഭിപ്രായത്തിൻെറ ഫലമത്രെ.

സകല സൌഭാഗ്യങ്ങളും സവ്വസുഖങ്ങളും അനുഭവിച്ചു് രതീമന്മഥന്മാരെപ്പോലെ അവർ ആ ഗൃഹത്തിൽ പാൎത്തു. വർഷങ്ങൾ അങ്ങനെ മൂന്നു കഴിഞ്ഞു ഇതിനിടയിൽ ഗൃഹണിധമ്മങ്ങളെ വിധിപ്രകാരം വഴിപോലെ നിർവ്വഹിക്കയാൽ നഗരവാസികൾ കണ്ണകി

ക്കു് മാതൃകാപത്നി എന്നും മാതൃകാഗൃഹിണി എന്നും അന്നപൂർണ്ണേശ്വരിദേവിയെന്നും ഉള്ള പേരുകൾ നൽകി. അതുപോലെ കോവലനും ബഹുജനക്ഷേമകാര്യങ്ങളിൽ പ്രസക്തനായ വർത്തകപ്രമുഖൻ എന്നും സകല കലകളുടേയും വിശേഷിച്ചു സംഗീതത്തിന്റെയും നാട്യവിധങ്ങളുടെയും പുരസ്കർത്താവെന്നും പ്രശസ്തി സമ്പാദിച്ചു. ആയാൾതന്നെ സംഗീതത്തിൽ നല്ല വിദഗ്ദ്ധജ്ഞാനമുള്ളവനായിരുന്നുകൂടാതെ വീണയും പുല്ലാങ്കുഴലും വായിക്കാൻ അസാമാന്യപാടവമുള്ളവനും ആയിരുന്നു. ആ നഗരത്തിലുണ്ടാകാറുള്ള സംഗീതസദസ്സുകളിലും നാട്യസദസ്സുകളിലും അയാൾ ഹാജരാവുക പതിവായിരുന്നു.

ചിത്രപതി എന്നൊരു ദാസി ആയിരുന്നു അക്കാലത്തു അവിടെ ആട്ടത്തിലും പാട്ടിലും പ്രഥമസ്ഥാനം അധിരോഹിച്ചിരുന്നതു്. അവളുടെ കച്ചേരികൾക്കു് ജനങ്ങൾ തിങ്ങിക്കൂടിയിരുന്നു. മഹാരാജാവും രാജകുമാരന്മാരും രാജകുടുംബാംഗങ്ങളെല്ലാവരും ആ സദസ്സുകളിൽ സന്നിധാനംചെയ്ക പതിവായിരുന്നു. കോവലൻ മുടങ്ങാതെ അവയെല്ലാം എത്തിയിരുന്നു എന്നു് പറയേണ്ടതില്ലല്ലോ. സംഗീതനർത്തനങ്ങളിൽ അത്യത്ഭുതകരമായ വാസനയും നൈപുണ്യവും ഉള്ള മാധവി എന്നു് അതിസൗന്ദര്യവതിയായ ഒരു മകൾ ചിത്രപതിക്കു് ഉണ്ടായിരുന്നു. ഈ മാധവി, ഉർവ്വശി എന്ന സ്വർവ്വേശ്യാരത്നം അഗസ്ത്യമഹർഷിയുടെ ശാപത്താൽ ഒരു ഭൂവേശ്യാരത്നമായി പണ്ടു ആ കുടുംബത്തിൽ ജനിച്ച ആ പൂർവ്വമാധവിയുടെ സാക്ഷാൽ അവതാരംതന്നെ എന്നു് ജനങ്ങൾ അവളെ വാഴ്ത്തി.

ഇന്ദ്രസഭയിൽ നടന്ന ഒരു നാട്യോത്സവത്തിൽ നാരദൻ ഉർവ്വശിയുടെ നൃത്തത്തിനു ചേർന്നു് വീണ വായിക്കുന്നില്ലെന്നും ഉർവ്വശി ജയന്തനിൽ പ്രേമാവേശംപൂണ്ടു് അദ്ദേഹത്തിൽ ദത്തദൃഷ്ടിയായി ആട്ടത്തിൽ അനാസ്ഥകാ

ണിക്കുന്ന എന്നും അഗസ്ത്യമഹർഷി കണ്ടു. ഉർവ്വശി ഭൂമിയിൽ ഒരു വേശ്യയായി പിറക്കട്ടെ എന്നും ജയന്തൻ ഒരു ആണ്മുളയായിത്തീരട്ടെ എന്നും, ആ വേശ്യയും അവളുടെ വംശക്കാരും ആ മുള തലക്കോലായിവെച്ച് കാവേരിപ്പട്ടണത്തിലെ ഇന്ദ്രോത്സവത്തിൽ നൃത്തം നടത്തട്ടെഎന്നും ഈവിധം ജയന്തൻ അവളുടെ ആട്ടത്തിന് തടസ്സമാകാതെ അതിന് സഹായിക്കട്ടെ എന്നും, ഇന്ദ്രനോട് അനാദരവു കാണിച്ച ഈ രണ്ടു യുവാക്കളും അങ്ങനെ ഇന്ദ്രനെ സേവിക്കട്ടെ എന്നും, ഉർവശീജയന്തന്മാരേയും, തന്ത്രിയോടുകൂടിയ സംഗീതോപകരണങ്ങളിൽ നാരദന്റെ വീണയ്ക്കുള്ള അപ്രതിസ്പർദ്ധിയായ സ്ഥാനം നശിച്ചുപോകട്ടെ എന്ന് നാരദനേയും, അദ്ദേഹം ശപിച്ചു.

ഈ ശാപശക്തിയാൽ ഉർവ്വശി പൂവാർപുരിയിൽ ഒരു ഗണികാകുടുംബത്തിൽ ഒരു പെൺകിടാവായി ജനിച്ചു. അവൾക്ക് മാധവി എന്ന് നാമകരണം ചെയ്തു. പതിനാലുവയസ്സ് തികഞ്ഞപ്പോഴേയ്ക്ക് അവൾ സംഗീതനാട്യകലകളിൽ നിസ്തുലപ്രശസ്തയായി. ആകാലത്ത് തോടിത്തോറം ചെമ്പിയൻ എന്ന ചോളരാജാവ് രാജ്യത്തു മഴയില്ലായ്മയും ഈതിദോഷങ്ങളും സംഭവിക്കാതിരിക്കാൻ അഗസ്ത്യനിയോഗത്താൽ ഇരുപത്തിഎട്ടു ദിവസം നീണ്ടുനിൽക്കുന്ന 'ഇന്ദ്രോത്സവം' എന്നൊരു ഉത്സവവും നൂതനമായി ആരംഭിച്ചു മാധവിയുടെ അരങ്ങേറ്റം ആദ്യത്തെ ഇന്ദ്രോത്സവ വസരത്തിൽ നടത്തപ്പെട്ടു. അന്നു ജയന്തമുളതലക്കോലായിവച്ചു ആടി അവൾ ഇന്ദ്രസേവ ചെയ്തു. അപ്പോൾതന്നെ അവൾക്ക് ശാപമോക്ഷം ലഭിക്കയും രണ്ടുപേരും തിരിയെ സ്വർഗ്ഗലോകം പ്രാപിക്കയും ചെയ്തു. അന്നുമുതൽ ആ മാധവിയുടെ വംശക്കാർ ആണ്ടുതോറും ഇന്ദ്രോത്സവത്തിൽ മുടങ്ങാതെ ആടിവന്നു.

മകൾ മാധവിയ്ക്ക് പാട്ടിലും ആട്ടത്തിലും അന്യാദൃശമായ വാസനയും ജ്ഞാനവും ഉള്ളതായി കണ്ടു ചിത്ര

പതി, അവൾക്കു ഏഴുവയസ്സുതികയുന്നതിനു മുമ്പുതന്നെ അവളെ സംഗീതനാട്യങ്ങൾ അഭ്യസിപ്പിക്കുന്നതിനു ആ നഗരത്തിലുള്ളതിൽ അതിസമർത്ഥനായ ഒരു ആചാര്യനെ ഏർപ്പെടുത്തി. വയസ്സു പതിന്നാലായപ്പോഴേയ്ക്കും അവൾ അവയിൽ അത്യന്തം വൈദഗ്ദ്ധ്യം സമ്പാദിച്ചു. ആട്ടത്തിലും പാട്ടിലും അവയവചലനങ്ങളിലും വിലാസങ്ങളിലും അവളോടു കിടപിടിക്കാൻ രാജ്യമെങ്ങും തന്നെ ആരും ഇല്ലെന്നായി. ദേശി എന്ന തമിഴ്നാട്യവിധാനങ്ങളിലും മാർഗ്ഗി എന്ന ഭാരതനാട്യ വിധാനങ്ങളിലും ഒരുപോലെ അവൾ വിദഗ്ദ്ധയായിത്തീർന്നു. വിശേഷിച്ചു നാട്യശാസ്ത്രത്തിലും അഭിനയശാസ്ത്രത്തിലും കൂലങ്കഷമായ ജ്ഞാനവും അവൾ സമ്പാദിച്ചു.

ചിത്രപതിയുടെ ഗൃഹത്തിൽ പാട്ടും ആട്ടവും ഉണ്ടായപ്പോഴൊക്കെ കോവലൻ അവിടെ പോയി. മാധവിയുടെ പാട്ടുകേട്ടും ആട്ടം കണ്ടും രസിച്ചുപോന്നു. അവയിൽ അവളുടെ സാമർത്ഥ്യവും ചാരുതയും കണ്ടു് കണ്ണകിക്കു് ആടാനും പാടാനും അറിഞ്ഞുകൂടല്ലോ എന്നു വിചാരിച്ചു് അയാൾ വ്യസനിച്ചു. 'കുലസ്ത്രീകൾക്കു് ഈ മോഹനങ്ങളായ കലകൾ അഭ്യസിക്കാനും പ്രയോഗിക്കാനും പാടില്ലെന്നു് വിധിച്ചിട്ടുള്ള നമ്മുടെ രാജ്യം എന്തൊരു കിരാതരാജ്യമാണു്! മാധവിയെപ്പോലെ എന്റെ കണ്ണകിക്കും പാട്ടും കൂത്തും അറിയാമായിരുന്നെങ്കിൽ അവൾ എത്രയോ അധികം ആസ്വാദ്യതരയായിരിക്കുമായിരുന്നു, എന്ന ഒരു ചിന്ത പലപ്പോഴും അയാളുടെ ഹൃദയത്തിൽ ഉദിച്ചു.

അയാൾക്കു് മാധവിയിൽ വിശേഷാൽ ഒരു പ്രതിപത്തിതോന്നി. ആദ്യം അതു വെറും കലാപരമായ ഒരു ദാക്ഷിണ്യംമാത്രം ആയിരുന്നു. കണ്ണകികൂടി മാധവിയുടെ ഗാന നടനചാതുര്യം കണ്ടു രസിക്കാനായി അയാൾ അവളെ സപരിവനത്തിൽ കൂട്ടിക്കൊണ്ടുപോയി. അയാളു

ടെ ആ അഭിനിവേശം അന്ന് അത്ര ദോഷാസ്പൃഷ്ടമായിരുന്നു. മാധവിയുടെ സമുജ്ജ്വലസൗന്ദൎയ്യത്തിനു സമം പറയണമെങ്കിൽ അവളുടെ തന്നെ അന്യാദൃശകരണീയവും സൎവ്വവ്യാപകവും ആയ മോഹനതയും അതിരില്ലാത്ത അഭിനയപാടവവും മാത്രമേ ഉള്ളു. പ്രഥമസന്ദൎശനത്തിൽ തന്നെ മാധവി കോവലനിൽ അനുരക്തയായി. അന്നുമുതൽതന്നെ അയാളെ വശീകരിച്ചു സ്വാധീനമാക്കാൻ അവൾ ശ്രമവും തുടങ്ങി. അവളുടെ ഭാവാവചേഷ്ടകളിലും പതിഞ്ഞുമയങ്ങുന്ന അയാളുടെ നോട്ടങ്ങൾ സാധുകണ്ണകിയുടെ ദാമ്പത്യസുഖത്തിന് സംഭവിച്ചിരിക്കുന്ന കഠോരവിപത്തിനേ സൂചിപ്പിച്ചുള്ളു. "ഇൗ ഭാവഭേദം അദ്ദേഹത്തിന് അവളുടെ ആട്ടത്തിലും പാട്ടിലുംഉള്ള കൗതുകംകൊണ്ടുണ്ടായതേ ഉള്ളൂ. ഇതിനാൽ എനിക്ക് എന്തു ദോഷമാണുണ്ടാകാനുള്ളത്? അദ്ദേഹം അവളോടു കാണിക്കുന്ന ഇൗ താല്പൎയ്യത്തിൽ മററാരും ഒരു ദോഷവും കാണുന്നില്ല. പിന്നെ ഞാനെന്തിന് വല്ലതുമൊക്കെ സംശയിക്കുന്നു. എന്റെ ഭൎത്താവിനേ മററുള്ളവരെക്കാൾ അധികമായി ഞാനെന്തിന് മതിക്കണം?" എന്ന് തന്റെ അന്തഃകരണത്തെ മറന്നു അവൾ സ്വയംസമാധാനപ്പെട്ടു. എങ്കിലും ഒരു സംശയം അവളുടെ ഉള്ളിൽ വീണ്ടും വീണ്ടും ആവിൎഭവിച്ചു. ഒടുക്കം മാധവിയുടെ ആട്ടംകാണുക അവളുടെ മനസ്സിനെങ്ങൾക്ക് പരമസങ്കടകരമായിതീൎന്നു. ആട്ടം കഴിഞ്ഞു കോവലൻ സമ്മാനിച്ചു വിലപിടിച്ച മുത്തുമാലയുംവാങ്ങി മാധവി ചിത്രപതിയോടൊരുമിച്ചു തിരിച്ചുപോയപ്പോൾ അവൾ ആശ്വസിച്ചു നെടുവീൎപ്പുകൾ വിട്ടു.

കിടക്കാൻ മണിയറയിൽചെന്നു, അന്നു രാത്രിയിൽ കണ്ണകി കോവലനേ പതിവുപോലെ ചന്ദനം പൂശിച്ചു അയാൾക്കു താംബൂലദാനം ചെയ്തപ്പോൾ, അയാൾ ശൂന്യമനസ്കനായിട്ടാണു അതു സ്വീകരിച്ചതു. അതുക

ണ്ടു് "അങ്ങു എന്തോ വിചാരപ്പെട്ടിരിക്കുന്നതുപോലെ കാണുന്നല്ലോ; അതെന്താണു്?" എന്നു് അവൾ ചോദിച്ചു. "ഹേയ്, ഒന്നുമില്ല." എന്നു് അയാൾ ഉത്തരം പറഞ്ഞു് അവളെ മുറുകെ ആലിംഗനംചെയ്തു. "നമ്മുടെ ആ സ്വപ്നം വേഗം ഫലിച്ചുകണ്ടെങ്കിൽ!" അവൾ സ്പൃഹയോടെ പറഞ്ഞു. "ഏതു സ്വപ്നം?" അയാൾ ചോദിച്ചു. ആ ചോദ്യം കേട്ടപ്പോൾ കണ്ണകിയുടെ നയനങ്ങളിൽ ബാഷ്പം നിറഞ്ഞു. അതു കണ്ടു് "അഹോ! ഞാനെത്രമൂഢൻ! അതെയതെ നീകരയാതെ, തങ്കം. നീ ഒരു പെൺകുഞ്ഞിനെ സ്വപ്നംകണ്ടതല്ലേ? അതു വളരെനാൾ മുമ്പല്ലേ?" അയാൾ സമാധാനം പറഞ്ഞു.

"അത്രവളരെ നാൾ ആയോ? എനിക്കു് ഇന്നലെയാണെന്നുതോന്നുന്നു" എന്നു അവൾ വിഷാദത്തോടെ മറുപടി പറഞ്ഞു. അവളുടെ ഉള്ളിൽ ഖേദം തിളച്ചുപൊങ്ങി ജീവിതയാത്രയിലെ ഈ കാൽവഴുതൽ അവളെ ചഞ്ചലപ്പെടുത്തി. ആ ചാഞ്ചല്യത്തെ പ്രയാസപ്പെട്ടു് അടക്കിക്കൊണ്ടു ഭർത്താവിനെ മുറുകെ കെട്ടിപ്പിടിച്ചുംകൊണ്ടു അവൾ "എനിക്കു് അച്ഛനും അമ്മയും കൂടെപ്പിറവിയും ഭർത്താവും എല്ലാമായി അങ്ങു ഒരാൾമാത്രമാണു് എന്റെജീവനു് ആധാരമായിട്ടുള്ളതു്." എന്നു ഉദ്വേഗത്തോടെ അയാളോടുപറഞ്ഞു. അതുകേട്ടു് അവളെ തന്റെ മാറോടുചേർത്തണച്ചു് അവളുടെ നിഷ്കളങ്കതാദ്യുതികൊണ്ടു് ശോഭനമായ കോമളമുഖത്തെ രണ്ടുകൈകൊണ്ടും പിടിച്ചു് തന്റെ മുഖത്തോടു അടുപ്പിച്ചു് സ്നേഹമയങ്ങളും സകലവും തന്നിൽ സമർപ്പിച്ചിരിക്കുന്നു എന്നു 'വിളിച്ചുപറയുന്നവയും ആയ അവളുടെ ദൃഷ്ടികളിൽ ഉററുനോക്കുകയും കണ്ണുനീർവീണു നനഞ്ഞ പൂഞ്ചൊടികളിൽ പലവുരു ചുംബിക്കയും ചെയ്തു.

"തങ്കമേ നീകരഞ്ഞു ഇല്ലേ?" എന്നു് അയാൾ ചോദിച്ചു.

"ഞാൻ സന്തോഷംകൊണ്ടു കരഞ്ഞതാണ്."

"അല്ല, അതല്ല; സന്തോഷംകൊണ്ടുണ്ടാകുന്ന കണ്ണുനീരിന് ഇത്രയും ഉഷ്ണമയം ഉണ്ടായിരിക്കയില്ല. ഇന്നത്തെ ആട്ടത്തിൽ എന്റെ താല്പര്യം കുറച്ച് ഒന്ന് അധികമായിപ്പോയോ എന്ന് സംശയം തോന്നുന്നു. അതിനാൽ നിന്നോടു വല്ല അനാസ്ഥയും, അറിയാതെ, കാണിച്ചുപോയിട്ടുണ്ടെങ്കിൽ നീ അനുക്ഷമിക്കണം ഓമനേ. സംഗീതനാട്യങ്ങളിൽ എനിക്കുള്ള സഹജമായ, എന്റെ ചോരയിൽതന്നെ ലയിച്ചുനില്ക്കുന്ന, അതിപ്രതിപത്തിയാണ് അതിന്ന് അപരാധി. എനിക്കതു് അത്രത്തോളം ഇല്ലായിരുന്നാൽ കൊള്ളാമായിരുന്നു എന്ന് ഞാൻ ആഗ്രഹിക്കുന്നു."

"അതിന്ന് ദുഷ്യം ഒന്നുമില്ലല്ലോ. എനിക്കതിൽ ഈർഷ്യയും ഇല്ല. മാധവിയുടെ പാട്ടിലും ആട്ടത്തിലും അങ്ങേക്കുള്ള സുഖം എത്രവേണമെങ്കിലും അനുഭവിച്ചോളൂ, അങ്ങേ സദാ സുഖം പൂണ്ടിരിക്കണമെന്നേ എനിക്ക് ആഗ്രഹമുള്ളു."

"നിന്റെ മഹാമനസ്കതയും കലിനശീലവും സാധാരണയിൽ കവിഞ്ഞതാണ്. നിന്റെ അനർഘസ്നേഹത്തിന്ന് ഞാൻ യോഗ്യനാവുകതന്നെചെയ്യും. അതിന്ന് ഹാനികരമായി ഒന്നും ചെയ്കയില്ല."

അയാൾ അവളെ ഒന്നുകൂടി ആലിംഗനം ചെയ്തു. അപ്പോൾ അവളുടെ ചിലമ്പുകൾ കിലുങ്ങി. "എത്ര നല്ല ചിലമ്പുകൾ, എത്ര വിലപിടിച്ച ചിലമ്പുകൾ" എന്ന് അതുകേട്ട് അയാൾ പറഞ്ഞു.

"എന്റെ അമ്മ തന്നതാണ് എനിക്ക്. തോടിത്തോട മഹാരാജാവ് ഞങ്ങളുടെ കുടുംബത്തിലേയ്ക്ക് സമ്മാനിച്ചവയാണ്. അഗസ്ത്യമുനിയെ കുലഗുരുവായി സ്വീകരിച്ചതു് അദ്ദേഹമാണ്. ഇന്ദ്രോത്സവം തുടങ്ങിയതും ആ മഹാരാജാവാണ്. വിലമതിക്കാൻ വയ്യാത്ത മാ

ണിക്കല്ലുകളാണു് ഈ ചിലമ്പുകൾക്കുള്ളത് തരിയിട്ടിരിക്കുന്നതു്. ഈ ചിലമ്പുകൾ വളരെ വിശേഷപ്പെട്ടവയാണെന്നും ഇവയോടു കിടപിടിക്കുന്ന വേറൊരു ജോടി ചിലമ്പുകൾ ഈ ഭൂമിയിൽ എങ്ങുംതന്നെ ഇല്ലെന്നും അമ്മ എന്നോടു പറഞ്ഞിട്ടുണ്ടു്.''

''നീ ഒരു കണ്ണകിയേ ലോകത്തിലുള്ളു എന്നും നിന്നോടൊത്ത വേറൊരു സ്ത്രീയും എങ്ങും ഇല്ലെന്നും കൂടി അമ്മ പറഞ്ഞില്ലേ?'' എന്നു് അവളുടെ വായ്മലരിന്മേൽ വിടാതെ ഉമ്മവച്ചുകൊണ്ടു് കോവലൻ പതുക്കെ ചോദിച്ചു. മേലാൽ ചിത്രപതിയുടെ വീട്ടിൽ കാൽവയ്ക്കുന്നതല്ലെന്നു് അയാൾ ഉള്ളിലുറക്കയും ചെയ്തു.

പിന്നീടു് കുറേനാളത്തേയ്ക്കു് ചിത്രപതിയുടെ വീട്ടിൽ അയാൾ പോയില്ല. ആ തെരുവേശ്യയുള്ള പോക്കുവരത്തുപോലും അയാൾ ഉപേക്ഷിച്ചു. ആ ദമ്പതിമാർ ഹൃദയാഭിലാഷ ഹൃദയം പോന്നസമഞ്ജസസുഖത്തോടെ പാർത്തു. രണ്ടുപേരും ഒരുമിച്ചുകഴിച്ചു് ദിവസങ്ങൾ അവിഹിതഗതയാമങ്ങളായി വേഗത്തിൽ പാഞ്ഞുപോയി. കണ്ണകിയ്ക്കു് ആദ്യംഉണ്ടായ ആശങ്ക മിക്കവാറും അസ്തമിച്ചു. മാസാത്തുവാൻചെട്ടിയും ഭാര്യയും പകൽ കഴിവുള്ളപ്പോഴൊക്കെ അവിടെവന്നു അവരോടൊരുമിച്ചു കഴിച്ചു. അവർ പുരാണങ്ങളിലെ ചാതകപ്പക്ഷികളുടെ കഥയെ അനുജീവിച്ചു വസിയ്ക്കുന്ന ആ ദമ്പതിമാർക്കു് പ്രേമപക്ഷികൾ എന്നൊരു ഓമനപ്പേരും നൽകി. തങ്ങളുടെ പ്രിയപുത്രി പെററു് ഒരു ശിശുജനിച്ചു്, അതിനെ സ്വന്തവീട്ടിൽ കൊണ്ടുചെന്നു് ഓമനിച്ചും കളിപ്പിച്ചും ആ പരമാനന്ദം അനുഭവിക്കാൻ ആ മാതാപിതാക്കൾ സദാകൊതിച്ചു. തങ്ങളുടെ ഏകാകിതയാൽ നേരംപോകാത്ത മുഷിച്ചിൽ അങ്ങനെ തീന്നു ഉല്ലസിക്കാൻ അവർ വളരെ മോഹിച്ചു.

# അദ്ധ്യായം ൨

## കൊടുങ്കാററു തുടങ്ങി

ആറുമാസം തികഞ്ഞില്ല. അതിനുമുമ്പുതന്നെ കൊടുങ്കാററ് ആരംഭിച്ചു.

ഇന്ദ്രോത്സവം അടുത്തു. ഉത്സവത്തിന്റെ ആദ്യദിവസം മാധവിയുടെ അരങ്ങേററം മഹാരാജാവിന്റെ സാന്നിദ്ധ്യത്തിൽ പ്രധാന നാട്യമണ്ഡപത്തിൽവച്ച് നടക്കാനും, അതുകഴിഞ്ഞ് അന്നുതന്നെ അവൾ ആ പട്ടണത്തിലെ കേമന്മാരിൽ ഒരാളെ കാമുകനായി തിരഞ്ഞെടുത്ത് കലധർമ്മമായ വേശ്യാവൃത്തിയിൽ പ്രവേശിക്കാനും തീർച്ചയാക്കി. ഈ വർത്തമാനം കാട്ടുതീപോലെ നഗരത്തിൽ പരന്നു. കോവലന്റെ ചങ്ങാതിമാരെല്ലാവരും മാധവിയുടെ ആട്ടംകാണാൻ പോകുന്നുണ്ട്. വിശേഷിച്ച് ഏതാണ്ട് കല്പനയുടെ രീതിയിൽ അയാൾക്ക് രാജകീയക്ഷണം കിട്ടുകയുംചെയ്തു. സ്വന്തം അഭിപ്രായപ്രകാരം ചെയ്യാൻ വിട്ടിരുന്നെങ്കിൽ അയാൾ അതിനു പോകാതെ കഴിക്കുമായിരുന്നു. എന്തെന്നാൽ, മാധവിയിൽ അയാൾക്കുണ്ടായ അഭിനിവേശം അല്പം അയാൾ അടിച്ചമർത്തി എങ്കിലും അത് സമൂലനാശം ചെയ്തുപാടേ നശിപ്പിക്കുന്നതിനു അയാൾക്ക് കഴിഞ്ഞിരുന്നില്ല. അതിനാൽ താൻ ആട്ടംകാണാൻപോയാൽ ആ അഭിനിവേശം വീണ്ടും കത്തി പ്രബലമായി ജ്വലിച്ചേക്കുമെന്നു അയാൾ ഭയപ്പെട്ടു. അതുകൊണ്ടുപോകാതിരിക്കാൻ അയാൾ ആഗ്രഹിച്ചു. മഹാരാജാവിന്റെ കല്പനപ്രകാരമുള്ള ക്ഷണം; പോയില്ലെങ്കിൽ പലരും പലവിധത്തിൽ വ്യാഖ്യാനിക്കാൻ ഇടയാകുമെന്നുള്ള ആശങ്ക; ഒരിക്കൽക്കൂടിയെങ്കിലും മാധവിയുടെ പാട്ടുകേൾക്കാനും ആട്ടംകാണാനുംആന്തരികമായ ആഗ്രഹത്തിന്റെ പ്രേരണ; അയാൾ

പോകാതിരിക്കുന്നതു് എങ്ങനെ? ഈ രണ്ടു വിപരീതാ ഗ്രഹങ്ങൾ തമ്മിൽ അയാളുടെ മനസ്സിൽ വലിയ പോരു തുടങ്ങി. കണ്ണകിയുടെ മാധുര്യം നിഷ്പ്രയോജനമായ തേയുള്ളു. മാധവിയിൽ കോവലനുണ്ടായ താല്പര്യം ക്ഷണികമായ ഒരു വികാരമായിരുന്നു എന്നും അതു് അന്നേ തന്നെ നശിച്ചുപോയി എന്നുമാണു് അവൾ വിചാരിച്ചതു്. അയാളുടേതുപോലെയുള്ള ഒരു പ്രേമം—അത്ര നിറഞ്ഞതും അത്ര നിഷ്കളങ്കവും അത്രസ്പഷ്ടമായി അത്രമാത്മാവും ആയ പ്രേമം—ഒരു തേവിടിശ്ശിയിൽ സ്ഥിരമായി ജീവിക്കയില്ലെന്നു് ശുദ്ധഗതിയാൽ പരിശുദ്ധഹൃദയമായ അവൾ വിശ്വസിച്ചു. തൊലിയ്ക്കു് യാതൊരുകേടും കാണാനില്ലാതെ അകം ചുഴുത്തിട്ടുള്ള മാമ്പഴങ്ങൾ അവൾ കണ്ടിട്ടില്ലതന്നെ. തന്റെ ഉള്ളിൽ മാധവിയെക്കുറിച്ചുള്ള താല്പര്യം അല്പാല്പം അവശേഷിച്ചിട്ടുള്ള വിവരം അയാൾ കണ്ണകിയെ അറിയിക്കാൻ ഇടയില്ലല്ലോ. വസ്തുതമുഴുവൻ ഹൃദയം തുറന്നു അവളോടുപറഞ്ഞു. അവളുടെ അഭിപ്രായം ചോദിക്കാൻ അയാൾക്കു ധൈര്യമില്ലായിരുന്നുതാനും. അതുകൊണ്ടു്, ഭർത്താവു് ആട്ടംകണ്ടു് അത്രയുംനേരം വിനോദിച്ചുകൊള്ളട്ടെ എന്നു് വിചാരിച്ചു അയാൾ ആട്ടത്തിനു പോവുകതന്നെ വേണമെന്നായിരുന്നു അവൾ പറഞ്ഞതു്.

ഇങ്ങനെ കോവലൻ ഒരുവലിയ ധർമ്മസങ്കടത്തിൽ അകപ്പെട്ടു. അയാൾക്കു് മനസ്സമാധാനം ഒട്ടും ഇല്ലാതായി. വെളുത്തവാവും ശനിയാഴ്ചയുംകൂടിയ ചിത്തിരമാസം ഒന്നാംതീയതിയാണു് ഇന്ദ്രോത്സവത്തിന്റെ പ്രാരംഭദിവസം. മാധവിയുടെ നടനകലാപ്രദർശനവും അന്നാണു് അതടുത്തുവരുന്തോറും അയാളുടെ മനോവേദന അതികലശലായി വർദ്ധിച്ചു. ചിന്താധീനനായി അയാൾ ഒരുദിവസം പൂന്തോട്ടത്തിൽ തനിയെനടന്നുകൊണ്ടിരുന്നപ്പോൾ ഇങ്ങനെ ആത്മഗതംചെയ്തു. "എന്റെ ദൈവമേ, എ

ന്റെ തലവിധി ഇങ്ങനെ ആയല്ലോ. സവിസ്വഭാവം എനിക്കവേണ്ടി ബലികഴിക്കാൻ ഒരുങ്ങി എന്നെ സർവാത്മനാ സ്നേഹിക്കുന്ന എന്റെ കണ്ണകിയുടെ രൂപത്തിൽ ഇതാ സ്വർഗ്ഗം എന്റെ കാലടിയിൽ! എന്നാൽ ഞാൻ മാധവിയെ, ആ ദാസിയെ, മോഹിച്ച് അവളുടെ കാലടികളുടെ പിറകെ. സ്വാഭാവംകെട്ട് കർത്തവ്യകർമ്മവും മറന്നു പോകത്തക്കവണ്ണം ഈ പാട്ടിലും നൃത്തിലും എന്താണുള്ളത്? നിവൃത്തിയുണ്ടെങ്കിൽ ഈ നൃത്തുകാണാൻ പോകാതിരിക്കണമെന്നാണ് എന്റെ മനസ്സിലിരുപ്പ്. എന്നാൽ അതെങ്ങനെ സാധിക്കും? കണ്ണകിയും പോകുവാനാണ് പറയുന്നത്. അവൾക്ക് വ്യസനം ഉണ്ടാകാൻ ഇടവരുത്തുന്നതിനേക്കാൾ എനിക്കു ചാവുകയാണു നല്ലത്. എന്നാൽ മാധവി പാടി ആടുന്നതു കാണുമ്പോൾ ഞാൻ ഞാനല്ലാതെ ആയിപ്പോകുന്നു! ഭ്രാന്തുപിടിച്ചവനെപ്പോലെ തന്നത്താൻ മറന്നു അവളുടെ അടിമയായിപ്പോകുന്നു! ബോധമുള്ളപ്പോൾ കള്ളുകുടിയുടെ ദോഷം അറിയുമെങ്കിലും കള്ള് കയ്യിൽ കിട്ടിയാൽ കുടിയനായ ഒരുവൻ അതു ആർത്തിയോടെ മുക്കറ്റം കുടിക്കുമെന്നു കേട്ടിട്ടുണ്ട്. അതുപോലെയാണ് എന്റെ അവസ്ഥ. ഈ ഭ്രമംകൊണ്ടുണ്ടാവുന്ന ഘോരവിപത്തുകളെക്കുറിച്ചു എനിക്ക് നല്ലബോധമുണ്ട്. എങ്കിലും അവിടെ ചെന്നാൽ അവളുടെ ഒരു നോട്ടമോ, ഒരു ചിരിയോ കിട്ടാൻവേണ്ടി ചാകാൻകൂടി ഞാൻ ഒരുക്കമാവും. അവൾ ആടുമ്പോൾ അവളുടെ മനോമോഹനങ്ങളായ അംഗചലനങ്ങൾ എന്നെ നിശ്ശേഷം വശീകരിച്ചുകളയുന്നു. ആകപ്പാടെ ബദ്ധകഷ്ടമായിരിക്കുന്നു!"

സങ്കടപ്പെട്ട് ചഞ്ചലമനസ്കനായി അയാൾ പൂന്തോട്ടത്തിൽ അങ്ങനെ നടക്കുമ്പോൾ കള്ളസ്സാക്ഷി പറഞ്ഞ കുററത്തിന് ഒരുവനേ വധശിക്ഷ അനുഭവിപ്പി

ക്കാൻ ഭാവിക്കുന്നതും അവന്റെ ഭാര്യയായ യുവതി എങ്ങലടിച്ചു കരഞ്ഞുകൊണ്ടു അവിടെ നില്ക്കുന്നതും കണ്ടു. അവളുടെ കൈയിൽ ഒരു ശിശുവും ഉണ്ടായിരുന്നു. "അയ്യോ എന്റെ കുഞ്ഞിനു് ഒരുവറ്റ് കൊടുക്കാൻപോലും ഇനി ആരുമില്ലല്ലോ" എന്നവൾ ഉറക്കെ നിലവിളിച്ചും കൊണ്ടിരുന്നു. ഇതൊക്കെ കണ്ടപ്പോൾ അയാൾക്ക് ഒരു ഉന്മത്തയുക്തിതോന്നി. അയാൾ തന്റെ സങ്കട നിവാരണത്തിനു് ഒരുവഴി കണ്ടു. വധശിക്ഷാധികാരിയായ ഉദ്യോഗസ്ഥന്റെ അടുക്കൽചെന്നു് ആ കുറ്റക്കാരനെ വിട്ടയച്ചു് പകരം തന്നെ കൊന്നുകൊള്ളുവാൻ അയാൾ അപേക്ഷിച്ചു. 'താൻ ഒരു പിച്ചനാണോ' എന്നു് ആ ഉദ്യോഗസ്ഥൻ അയാളോടു ചോദിച്ചു. സൂക്ഷിച്ചുനോക്കിയപ്പോൾ കോവലന്റെ വിലപിടിച്ച വസ്ത്രങ്ങളും അവ ധരിച്ചിരിക്കുന്ന സമ്പ്രദായവും ശാന്തമായ മുഖഭാവവും കണ്ടു് അയാൾ മാന്യനാണെന്നും ഭ്രാന്തനല്ലെന്നും മനസ്സിലാക്കി ആ ഉദ്യോഗസ്ഥൻ അയാളെ മുറപ്രകാരം അഭിവാദനംചെയ്തു് പറഞ്ഞു. 'ഞാൻ പറഞ്ഞതു ക്ഷമിക്കണം. ഇങ്ങനെ ഒരപേക്ഷ ഞാൻ ഇതിനുമുമ്പു് കേട്ടിട്ടില്ല'

"അതു സാരമില്ല. നിങ്ങൾ ആ അപേക്ഷ സ്വീകരിക്കുമോ?"

"ഇല്ല ഒരിക്കലും ഇല്ല. എന്തു്! കള്ളസ്സാക്ഷി പറയാൻമാത്രം പഠിച്ചിട്ടുള്ള ഒരു ജനദ്രോഹിക്കു പകരം ഈ രാജ്യത്തെ ജനസ്നേഹിയായ ഒരു മാന്യപുരുഷനെ കൊല്ലുകയോ; നിങ്ങൾ എന്നെക്കുറിച്ചു് എന്താണു് ധരിച്ചിരിക്കുന്നതു്? ഞാൻ ഒരു ഭ്രാന്തനെന്നാണോ? ഇരുപതുവർഷം ഉദ്യോഗം വഹിച്ചു രാജ്യത്തെ സേവിച്ചു് മഹാരാജാവിന്റെ സംതൃപ്തി സമ്പാദിച്ച ഒരുവനാണു് ഞാൻ. അങ്ങയുടെ അപേക്ഷ അങ്ങയുടെ മഹത്വത്തെ കാണി

ക്കുന്നു. കുററക്കാരനെ ശിക്ഷിക്കയാണ് എൻെറ കൃത്യം" എന്ന് ആ ഉദ്യോഗസ്ഥൻ കോവലനോടു മറുപടി പറഞ്ഞിട്ടു കൊലയാളികളുടെ നേരെ തിരിഞ്ഞു് അവരുടെ ജോലി നിർവഹിക്കാൻ ആജ്ഞകൊടുത്തു. ആകാശം പിളക്കുന്ന ഒരു നിലവിളിയോടുകൂടി കുററവാളി ശിക്ഷ അനുഭവിച്ചു.

അവൻെറ ഭാൎയ്യ മോഹാലസ്യപ്പെട്ടു നിലത്തു വീണു. കോവലൻ സാന്ത്വനവാക്കുകൾ പറഞ്ഞു അവളെ ആശ്വസിപ്പിച്ചു് ഒരു നൂറു പൊൻനാണയം ഒരു സഞ്ചിയിൽ കെട്ടി അവളുടെ കൈയിൽ കൊടുക്കുകയും ആരുമറിയിക്കാതെ ആയിരം പൊൻനാണയം കൂടി അവൾക്കു കൊടുക്കണമെന്നു് കല്പതി അവളുടെ ഊരും പേരും ചോദിച്ചറിയുകയും ചെയ്തു. ആ പാവപ്പെട്ട സ്ത്രീ, ആ രാജോചിതമായ ഔദാൎയ്യം കണ്ടു മനസ്സിളകി കരഞ്ഞുപോയി. "എൻെറ കുഞ്ഞു പട്ടിണി കിടന്നു ചത്തുപോകാതെ അങ്ങു രക്ഷിച്ചു. സുകൃതം തന്നെ ഉടലെടുത്തു് അങ്ങേയ്ക്കു് ഒരു കുഞ്ഞു പിറക്കും" എന്നു പറഞ്ഞു. ആ ഉദ്യോഗസ്ഥൻ ഇതെല്ലാം ശ്രദ്ധിച്ചു് നോക്കിക്കൊണ്ടു നില്ക്കയായിരുന്നു. ഒടുക്കം അയാൾ "എൻെറ ധൎമ്മം നിറവേററിയതിനു എനിക്കു് ഇനാം ഒന്നുമില്ലേ? സ്വാമി." എന്നു ചോദിച്ചു. "ഇന്നു് നിങ്ങൾക്കു് ഒന്നുമില്ല." എന്നു് അയാൾ മറുപടി പറഞ്ഞു. "എനിക്കും ഒരു കൊച്ചുകുഞ്ഞുണ്ടു്. ഞാനും ഒരു പണക്കാരനല്ല" എന്നു് ആ ഉദ്യോഗസ്ഥൻ വീണ്ടും പറഞ്ഞു. "എന്നാൽ ഇതും ഇരിക്കട്ടെ" എന്നു് പറഞ്ഞു കോവലൻ അയാളുടെ കൈ പിടിച്ചു പത്തു പൊൻനാണയവും അതിൽ വച്ചുകൊടുത്തു. അയാളുടെ മുഖം ആശ്ചൎയ്യസന്തോഷങ്ങളാൽ പ്രകാശിതമായി. അയാൾ പറഞ്ഞു. "ഈ ലോകം ഞാൻ വിചാരിച്ചപോലെ അത്ര വഷളല്ല. അങ്ങു ഉടയോരുടെ സ്വാ

റ്റുപോകുന്ന പുണ്യവാന്മാരിൽ ഒരാളാണ്. അവരുടെ പേര് നൂറുവർഷം ജനങ്ങൾ കൊണ്ടാടി വാഴ്ത്തും.”

വിവിധവിനോദക്കാഴ്ചകളോടുകൂടി ഇന്ദ്രോത്സവം സമാരംഭിക്കപ്പെട്ടു കാഴ്ച കാണാനും ഉല്ലസിക്കാനും വന്നുചേർന്ന ജനാകാരംകൊണ്ട് തെരുവീഥികൾ നിറഞ്ഞു. മാധവിയുടെ ആട്ടം നടത്താൻ നിശ്ചയിക്കപ്പെട്ടിരുന്ന വിസ്താരവും ഭംഗിയും ഉള്ള നാട്യശാലയ്ക്ക് ചുററും ജനങ്ങൾ ഇടതൂർന്നു തിക്കിക്കൂടി നിന്നു. അതിനു രണ്ടുവാതിലുകൾ ഉണ്ടായിരുന്നു അതു വളരെ മനോഹരമായി അലങ്കരിക്കപ്പെട്ടിരുന്നു. കണ്ണാടിപോലെ മിനുമിനുത്ത പലകകൾ കൊണ്ടുണ്ടാക്കപ്പെട്ടിരുന്ന വിശാലമായ നാട്യവേദി, മുകളിൽ വയ്ക്കപ്പെട്ടിരുന്ന ഈശ്വരവിചാരം ജനിപ്പിക്കുന്നവയും മനോധർമ്മജനകങ്ങളും ആയ ചിത്രപടങ്ങളാലും മനോഹരങ്ങളായ ചിത്രങ്ങൾ എഴുതപ്പെട്ടിരുന്ന പട്ടുമേക്കട്ടിയാലും മനോഹരമായിരുന്നു. തൂണുകളുടെ നിഴൽ വീണു അരങ്ങത്തു വെളിച്ചത്തിന് കുറവുവരാത്തവിധത്തിൽ വിളക്കുകൾ സജ്ജീകരിച്ചിരുന്നു.

ജയന്തന്റെ പിറവിയായ ‘തലക്കോൽ’ ഉത്തരഭാരതത്തിൽ ചെയ്ത ഒരു യുദ്ധത്തിൽ കരികാലചോളരാജാവ് ഒരു സൂര്യരാജാവിനെ തോല്പിച്ചു പിടിച്ചെടുത്ത ഒരു വെൺകൊററക്കുടയുടെ നടുക്കലത്തെ കാലായിരുന്നു. അതു മുഴുവൻ ജംബൂനദസ്വർണ്ണംകൊണ്ടു പൊതിഞ്ഞു മുട്ടുകൾതോറും അമൂല്യങ്ങളായ രത്നങ്ങൾ പതിച്ചിരുന്നു. അന്നു രാവിലെ കൊട്ടാരത്തിൽവച്ച് മാധവി ആ തലക്കോലെടുത്തു ഒരു സ്വർണ്ണക്കുടത്തിൽ സൂക്ഷിച്ചിരുന്ന ഗംഗാതീർത്ഥം കൊണ്ടു അഭിഷേകം കഴിച്ചു; അതിന്മേൽ പൂമാലകൾ ചാർത്തി വന്ദിച്ചു. എന്നിട്ട് അവൾ അതു ബ്രാഹ്മണരുടെ കൈയിൽ കൊടുത്തു. അവർ അതിനെ അനുഗ്രഹിച്ച്, മസ്തകത്തിന്മേൽ സ്വർണ്ണനെററിപ്പട്ടവും

മററാഭരണങ്ങളും അണിയിച്ച ഘോഷയാത്രയ്ക്കുള്ള തേര് വലിക്കുവാൻ ഒരുക്കിയിരുന്ന കൊട്ടാരം വക ആനയുടെ പുറത്തു വച്ചു. അതിനുശേഷം രാജാവും അദ്ദേഹത്തിൻെറ അഞ്ചു വകുപ്പിലെ മന്ത്രിമാരും വിജയപ്രഖ്യാപനധ്വാനം മുഴക്കുന്ന വിവിധവാദ്യഘോഷങ്ങളോടെ ആ തേരിനും ആനയ്ക്കും പ്രദക്ഷിണംവച്ചു വന്ന് ആ തലക്കോൽ ആനപ്പുറത്തുനിന്നെടുത്ത് തേരിലിരുന്ന ആ സ്ഥാനസംഗീതവിദ്വാന്മാരിലും കവികളിലും പ്രമാണിയുടെ കൈയിൽ കൊടുത്തു. അനന്തരം ആഹ്ളാദിച്ചുളകി ആർപ്പുവിളിച്ചു കൂടിയ ഒരു മഹാപുരുഷാരത്തോടുകൂടി ഒരു ഘോഷയാത്ര പുറപ്പെട്ട് തെരുവുകൾ ചുററി നാട്യശാലാദ്വാരത്തിൽ വന്ന ആ തലക്കോൽ ഇറക്കി എഴുന്നള്ളിച്ച് അകത്തു കൊണ്ടുപോയി യഥാസ്ഥാനം വച്ചു.

മേളക്കാർ അവരവരുടെ വാദ്യോപകരണങ്ങളും എടുത്ത് രംഗത്തിൽ അവരവരുടെ സ്ഥാനങ്ങളിൽ വന്നു നിന്നു. ഏററവും വിശേഷപ്പെട്ട പൂഞ്ചേല ഏററവും ഭംഗിയായി ഉടുത്തു പളപള തിളങ്ങുന്ന രത്നാഭരണങ്ങൾ ധരിച്ചു മാധവി മാമൂലനുസരിച്ച വലതുകാൽ മുമ്പുവച്ച് രംഗത്തിൽ പ്രവേശിച്ച് വലതുവശത്തുള്ള തൂണിനടുത്തും പിറകെ അവളുടെ അമ്മ ചിത്രപതിയും തോഴി വസന്തമാലയും വന്ന് ഇടതുവശത്തുള്ള തൂണിനടുത്തും നിന്നു. അതിനുശേഷം ധർമ്മത്തിൻെറ വിജയത്തിനും അധർമ്മത്തിൻെറ നാശത്തിനും വേണ്ട സ്തോത്രങ്ങൾ പാടി പ്രാർത്ഥിച്ചു. പിന്നെ എല്ലാ വാദ്യങ്ങളേയും ധ്വനിപ്പിച്ച്, വീണ, പുല്ലാംകുഴൽ, മൃദംഗം, ഘടം എന്നതെല്ലാം ശ്രുതിചേർന്ന് ഇണങ്ങിയിരിക്കുന്നോ എന്നു നോക്കിയതിൽ പിന്നെ, നാലു പാദങ്ങളോടുകൂടിയ മംഗളഗീതം ദേശീയഗാനത്തോടുകൂടി പാടി. പിന്നീട്ട് വടക്കൻ രീതി ആട്ടം സമാരംഭിച്ചു.

ലളിതാംഗവിക്ഷേപങ്ങളാൽ മാധവി ഒരു ജീവനുള്ള കനകലതപോലെ പ്രശോഭിച്ചു. അവളുടെ നാട്യം ശാസ്ത്രവിധികൾക്ക് ശരിയൊത്തതും കലാരസികദൃഷ്ട്യാ അഗ്രിമവും പ്രയോഗത്തിൽ കുറവററതും ആയിരുന്നു. നാട്യം കണ്ടു് സന്തുഷ്ടനായി ചോളമഹാരാജാവു് പതിവുപോലെ പച്ചിലകൾ കൊണ്ടു കെട്ടിയ മാലയും ആയിരത്തിയെട്ടു പൊൻനാണയവും സമ്മാനിച്ചിട്ടു് രാജാഡംബരങ്ങളോടുകൂടി കൊട്ടാരത്തിലേയ്ക്കു തിരിച്ചെഴുന്നെള്ളി.

ആട്ടം കഴിഞ്ഞു് അമ്മയോടും തോഴിയോടുമൊരുമിച്ചു് സ്വഗൃഹത്തിൽ തിരിച്ചുവന്ന ഉടനെ, മാധവി, കീഴ്നടപ്പിൻപ്രകാരം ചെല്ലം എന്ന കൂനിയായ പരിചാരികയെ വിളിച്ചു് അവളുടെ കൈയിൽ ഒരു മാലയും കൊടുത്തു്, തെരുവിലേക്കുള്ള പടിവാതുക്കൽ ചെന്നു നിന്നു് "ഈ മാല [illegible]തിന്റെ വിലയായ ആയിരത്തിയെട്ടുസ്വർണ്ണനാണയം ആദ്യം കൊടുത്തു വാങ്ങിക്കുന്ന ആളിനെ മാധവി അവളുടെ ഒന്നാമത്തെ കാമുകനായി സ്വീകരിക്കുന്നതാകുന്നു" എന്നു് ആ മാല കാണിച്ചു ഉറക്കെ വിളിച്ചുപറയാൻ ആജ്ഞാപിച്ചു.

"കോവലൻ ഈ വലയിൽ ചാടുമോ?" എന്നു് വസന്തമാല കണ്ണിയെക്കൊണ്ടു ചോദിച്ചു. "എനിക്കു് നിരാശ ഒട്ടുംഇല്ല." എന്നു് മാധവി ഉത്തരംപറഞ്ഞു.

ചെല്ലം വാതില്പടിയിൽ ചെന്നു് നിന്നു് മാധവിയുടെ വിളംബരം അത്യുച്ചത്തിൽ പ്രഖ്യാപനംചെയ്തു. കോവലൻ മാധവിയുടെ ആട്ടം ആദ്യംമുതൽ അവസാനംവരെ കണ്ണിമയ്ക്കാതെ, ശ്വാസമടക്കി, അത്യന്തം താല്പര്യത്തോടെ കണ്ടുകൊണ്ടിരിക്കയായിരുന്നു. അതിനിടയ്ക്കു് കലാചാതുര്യത്തിന്റെ സഹകരണസന്ദർഭങ്ങളോടൊത്തു അവൾ അയാളുടെ നേർക്കയച്ച കടാക്ഷങ്ങളും അയാളെ ഉദ്ദേശിച്ചുചെയ്ത മന്ദസ്മിതങ്ങളും, അയാൾക്കു് അവളിൽ

മുമ്പ് തോന്നിയിരുന്ന ആസക്തിയെ ആയിരംമടങ്ങു വർദ്ധിപ്പിക്കയും ചെയ്തിരുന്നു. ചെല്ലത്തിന്റെ വാക്കുകേട്ട് കോവലൻ വികാരാവേശംകൊണ്ടു മതിമയങ്ങി വീണ്ടുവിചാരംവിട്ട് എന്തുതന്നെ വന്നാലും മാധവിയുടെ കാമുകനാകണം എന്ന് തീരുമാനിച്ച്, പാഞ്ഞുകുതിച്ച് മുമ്പോട്ടുചെന്ന്, അവളുടെ കൈയിൽനിന്ന് ആ മാല പിടിച്ചുപറിച്ചെടുത്തുംകൊണ്ട് ഇടംവലംനോക്കാതെ അവളുടെ പിറകെനടന്ന് അലംകാരധോരണിയാൽ അഭിരാമമായ മാധവിയുടെ മണിയറയ്ക്കകത്ത് പ്രവേശിച്ചു.

മാധവി അവിടെ അർദ്ധനഗ്നയായി സുരഭിലപുഷ്പങ്ങൾ വിരിച്ച ഹംസതൂലികാതല്പത്തിന്മേൽ ചാരിക്കിടന്നിരുന്നു. സൗഷ്ഠവംതികഞ്ഞ അവളുടെ അവയവങ്ങൾ ഒരു മാറവുകൂടെ കൂടി തെളിഞ്ഞുകാണത്തക്കവണ്ണം വളരെ നേർത്ത ഒരു പട്ടുചേല ആയിരുന്നു അവൾ ധരിച്ചിരുന്നത്. അതിസുന്ദരൻ, സർവ്വകലാവല്ലഭൻ, ധനികാഗ്രണി, പൂവാർനഗരത്തിന്റെ അഭിമാനസ്തംഭം— അവ്വണ്ണമെല്ലാമിരിക്കുന്ന കോവലൻ തന്റെ പ്രേമത്തെ പ്രാർത്ഥിച്ച് അവിടെ വന്നതുകണ്ടപ്പോൾ അവളുടെ കണ്ണുകൾ ആഹ്ളാദത്താൽ പ്രദീപ്തങ്ങളായി. അയാൾ ആ മാല അവളുടെ കഴുത്തിൽ ഇട്ടു. അവൾ നിവന്നിരുന്നു തലകുനിച്ച് അതു സ്വീകരിച്ച് അയാളെ ബാഹുലതകളാൽ പിടിച്ചുട്ടുപ്പിച്ചു മാറത്തുചേർത്ത് ഗാഢാനുരാഗത്തോടെ പരിരംഭണംചെയ്തു ആ സമ്മോഹനമായ ആലിംഗനസുഖത്തിൽ മയങ്ങി താൻ പരമാനന്ദത്തിന്റെ ഏഴാംനിലയിൽ എത്തി സ്വർഗ്ഗീയമധുരമാനിർവൃതി അനുഭവിക്കയാണെന്ന് അയാൾക്കുതോന്നി. അയാൾ തന്നെമറന്നു, തന്റെ ഗൃഹത്തെമറന്നു, ശീലവതിയും സുചരിതയും ആയ തന്റെ ധർമ്മപത്നിയെ മറന്നു, സകലതുംമറന്നു! സർവ്വവും മാധവി മാധവി! മാധവിയോടുകൂടിത്തന്നെ ഇനി ജീവിതം

എന്നു് അയാൾ തീരുമാനിച്ചു അന്നുരാത്രിയിൽ മാധവിയോടുകൂടാരമിച്ചു അവിടെ താമസിച്ചു.

അയാൾ പിറേറദിവസം സ്വഗൃഹത്തിലേക്കുപോകാതെ തന്റെ വകയായി ധാന്യവർത്തകന്മാരുവരെയുള്ള ഒരു വീട്ടിൽ താമസമാക്കി. അതിനുശേഷം അയാളുടെ ഹൃദയത്തിൽ മാധവിയല്ലാതെ മറെറാന്നിനും സ്ഥലമില്ലാതായിത്തീൎന്നു ഉണൎന്നിരിക്കുമ്പോഴായാലും ഉറങ്ങുമ്പോഴായാലും ഉണ്ണുമ്പോഴായാലും കടിക്കുമ്പോഴായാലും മാധവി മാധവി എന്നൊരു ഏകചിന്തയേ അയാൾക്കുണ്ടായിരുന്നുള്ളു. തന്റെ ഭാൎയ്യയേയും തന്റെ അമ്മയേയും തന്റെ അച്ഛനേയും തന്റെ തൊഴിലിനേയും അയാൾ ഉപേക്ഷിച്ചു് സൎവ്വസമയവും മാധവിയുമായുള്ള സുഖാനുഭവത്തിൽ കഴിച്ചു.

---

## അദ്ധ്യായം ൪

---

### മണിമേഖലയുടെ ജനനം

കോവലനും മാധവിയും കാമുകകാമുകിമാരായി പാൎത്തു. മൂന്നുമാസം കഴിഞ്ഞപ്പോഴേയ്ക്കു് മാധവി ഗൎഭം ധരിച്ചു. ഒരു സന്താനം ഉണ്ടാകാൻപോകുന്നല്ലോ എന്നു് ഓൎത്തു് രണ്ടുപേരും മനസ്സിളകി സന്തോഷിച്ചു. എന്നാൽ ചിത്രപതിയ്ക്കു് അസുഖമാണു് ഉണ്ടായതു്. മാധവിയ്ക്കു് ഒരു കുട്ടിയുണ്ടാകാനുള്ള കാലം ഒട്ടും ആയിട്ടില്ലെന്നായിരുന്നു അവളുടെ അഭിപ്രായം.

പ്രസവം അവളുടെ സൗന്ദൎയ്യത്തിനു ഉടവുണ്ടാക്കും. അവളുടെ അവയവങ്ങൾക്കു് ആട്ടത്തിൽ ലാഘവവും ലാളിത്യവും കുറയും. ഒരു ശിശു മാതാവിന്റെ യൗവനത്തിനും ലാവണ്യത്തിനും കോടാലി ആണു്" എന്നു് അവൾ വസന്തമാലയോടു പറഞ്ഞു.

"അതു ശരിയാണു്. എന്നാൽ അങ്ങനെ വന്നുപോയല്ലോ. ഇനി അവളുടെ സുഖപ്രസവത്തിനും പ്രസവം കൊണ്ടു് യൗവനത്തിനും പ്രാപ്തിയ്ക്കും കേടൊന്നും വരാതെ ഇരിക്കാനും ആവശ്യമുള്ള ശുശ്രൂഷകളെല്ലാം ചെയ്യുകയും അങ്ങനെ അതുകൊണ്ടുണ്ടാകുന്ന ദോഷങ്ങളെ കഴിവുള്ളടത്തോളം പരിഹരിക്കയും ചെയ്യാൻ നോക്കാം" എന്നു് വസന്തമാല മറുപടി പറഞ്ഞു.

"നീ പറഞ്ഞതേ ഇനി ഒരു വഴിയുള്ളൂ. മാധവിയേ പ്രസവിച്ചതിൽ പിന്നെയുള്ള എന്റെ അനുഭവമാണു് ഞാൻ പറഞ്ഞതു്. എനിയ്ക്കു് അതിൽപിന്നെ മുമ്പിലത്തെപ്പോലെ ഭംഗിയായി ആടാനും പാടാനും കഴിഞ്ഞിട്ടില്ല".

"അതു സത്യമാണു്. എങ്കിലും ആ പ്രസവംകൊണ്ടുണ്ടായ ഫലമോ? അതുകൊണ്ടല്ലേ ആട്ടത്തിലും പാട്ടിലും അമ്മയേക്കൂടി അതിശയിക്കുന്ന എന്നു് എല്ലാവരും വാഴ്ത്തുന്ന മാധവിയേ നമുക്കു് കിട്ടിയതു്? കൗശികർ ഇന്നാളൊരു ദിവസം പറയുകയായിരുന്നു, മരണമുള്ള നമ്മൾക്കു് ദേഹം, സംസ്കാരം, കല, സാഹിത്യം എന്നിവയാലുള്ള നന്മമേന്മകളെ സന്താനങ്ങൾ വഴി തലമുറ തലമുറയായി നിലനിർത്തി, അങ്ങനെ ശാശ്വതജീവിതം സമ്പാദിക്കാമെന്നല്ലാതെ ചിരംജീവിതത്തെപ്പററിയും മററും പറയുന്ന ആശയങ്ങളെല്ലാം അപകടമുള്ളവയും നടപ്പിൽ വരുത്താൻ വയ്യാത്തവയുമാണു് എന്നു്."

"അയാൾ പറയുന്നതു് ശരിയായിരിക്കാം. എന്നാൽ എന്റെ നാട്യത്തിന്റെ ഗുണം ആ വിധത്തിൽ നശിപ്പിച്ചതു് അയാളാണു്. അതുകൊണ്ടു് അയാൾ അങ്ങനെ പറയുകയായിരിക്കും. അതിനു് ഞാൻ അയാളെ ശകാരിച്ചിട്ടുണ്ടു്. അവനവന്റെ കുററങ്ങളും കുറവുകളും നല്ലതെന്നു് വരുത്താൻ ആളുകൾ കെട്ടിച്ചമയ്ക്കുന്ന യുക്തി

കൾ കേൾക്കുമ്പോൾ ആശ്ചര്യപ്പെട്ടുപോകും. ഇതാ അയാൾ വരുന്നു. മാധവി എന്തെല്ലാം കഴിക്കണം. എന്തെല്ലാം പഥ്യം ആചരിക്കണം എന്നൊ മറവുമുള്ള കാര്യങ്ങൾ നമുക്ക് അയാളോടു ചോദിക്കാം. അയാളുടെ തലമണ്ടക്കകത്ത് ആ വക പഴയ അറിവുകൾ പലതും ഒളിച്ചു കിടപ്പുണ്ട്."

അപ്പോഴേയ്ക്കു കൗശികർ അകത്തുകടന്നുവന്നു. അയാൾ ഏതാണ്ട് നാല്പത്തിരണ്ടുവയസ്സുപ്രായംവരുന്ന ഒരു ബ്രാഹ്മണനാണ്. പഠിപ്പും യോഗ്യതയും ഉള്ളവനാണെന്ന് കാഴ്ചയിൽതന്നെ അറിയാം. തലമുടി നരച്ചെങ്കിലും താൻ ഒരു സുന്ദരനും രസികനും ആയിക്കാണാൻ വേണ്ടതെല്ലാം അയാൾ മനസ്സുവച്ചു ചെയ്യാറുണ്ടെന്ന് പ്രത്യക്ഷത്തിൽ മനസ്സിലാകും. അയാൾ നല്ല ഒരു മുറുക്കമുറുക്കിചുണ്ടുകൾ രണ്ടും നല്ലവണ്ണം ചൊമപ്പിച്ചിരുന്നു.

"എന്താ കൗശികസ്വാമി, ചിത്രപതി വെററില തേച്ചു തെറുത്തുതന്നില്ലാതെ അങ്ങു തനിയെ മുറുക്കാൻ എടുത്തുമുറുക്കിയോ?" എന്ന് വസന്തമാല അയാളോട് കുത്തുവാക്കായി ചോദിച്ചു.

"അതിനെന്താ ഒന്നുകൂടി മുറുക്കിക്കളയാമല്ലൊ" അദ്ദേഹം കൂസാതെ മറുപടികൊടുത്തു. "ആട്ടെ, നമ്മുടെ കണ്ണ് മാധവി എങ്ങനെ ഇരിക്കുന്നു?"

"കണ്ടോ ഈ ജന്തുവിന്റെ സമ്പ്രദായം!" ചിത്രപതി പറഞ്ഞു. "ഈ സ്വാമി അപ്പോൾ എന്നെപ്പററി ഒന്നും അന്വേഷിക്കുന്നില്ല ഈ ആണുങ്ങൾക്കുണ്ടോ, വസന്തമാലേ നമുക്കൊക്കെ ഒരു പ്രായം കഴിഞ്ഞുപോയാൽ പിന്നെ നമ്മളെക്കുറിച്ച് വല്ല വിചാരവും?"

"അങ്ങനെയല്ല, അങ്ങനെയല്ല. ഞാൻ അതു സമ്മതിക്കയില്ല. നീ തടിപോലെ എന്റെ മുമ്പിൽ നില്ക്കുകയല്ലേ? നിനക്കു ഒരു വാട്ടവും കോട്ടവും ഇല്ലെന്ന് എനി

ക്ക പ്രത്യക്ഷമായി കണ്ടുകൂടെ? മാധവിയെ ഇവിടെ കണ്ടില്ല. അതുകൊണ്ടു ഞാൻ അവളെപ്പററി ചോദിച്ചു. അതാണു് ന്യായവും"

"നണ പറയാതിരിക്കൂ സ്വാമി, ഞങ്ങളുടെ അകത്തു് എന്തെല്ലാം സുഖക്കേടുകളാണുള്ളതെന്നു അങ്ങു് പുറംനോക്കിയറിയുന്നതെങ്ങനെയാണു്?" എന്നു് വസന്തമാല ചോദിച്ചു.

"അകത്തു സുഖക്കേടുണ്ടെങ്കിൽ അതു് മുഖത്തു തെളിഞ്ഞുകാണാം; കണ്ണാടിയിൽ കാണുന്നതുപോലെ."

"അങ്ങു് അങ്ങനെ പറഞ്ഞുകൂട. ചീങ്കണ്ണി വെള്ളത്തിനടിയിൽ ഒളിഞ്ഞുകിടക്കുംപോലെ ചില ആധികളും പുറത്തുകാണാതെ അകത്തുകിടക്കും" എന്നു് വസന്തമാല അതിന്നുത്തരം പറഞ്ഞു.

"ചിത്രപതിക്കു് ഇപ്പോൾ ഒരാധിയും ഇല്ല. ഇരുപതുവർഷത്തെ പരിചയംകൊണ്ടു് അവളുടെ കാര്യമൊക്കെ എനിക്കു് ഒരു വിഷമവുംകൂടാതെ അറിയാം. നീ എന്തറിഞ്ഞു കുട്ടി!"

"സ്വാമി അങ്ങനെയൊന്നും അകപ്പെടുകയില്ല. വസന്തമാലേ, എനിക്കതു മുമ്പേതന്നെ അറിയാം. അതൊക്കെ ഇരിക്കട്ടെ. എനിക്കു് വേറെചില പ്രധാനകാര്യങ്ങളും സ്വാമിയോടാലോചിക്കാനുണ്ടു്. മാധവിയ്ക്കു് ഗർഭമുണ്ടു്. അങ്ങറിഞ്ഞോ?"

"ഞാൻ അതു വിചാരിച്ചു. ഞാൻ കഴിഞ്ഞതവണ അവളെ കണ്ടപ്പോൾ അവളുടെ ശരീരസ്ഥിതിക്കു് ആകപ്പാടെ ഒരു മാററമൊക്കെക്കണ്ടു, അമ്മയാകാനുള്ള ലക്ഷണമുണ്ടെന്നു് എനിയ്ക്കു് അന്നേ തോന്നി."

"ഓ! അങ്ങും അങ്ങേടെ ലക്ഷണങ്ങളും! കൊണ്ടുപോയി ചുടണം". ചിത്രപതി അയാളെ കളിയാക്കി.

“നമ്മുടെ മാധവിക്കുട്ടിയും ഗർഭലക്ഷണങ്ങൾകണ്ടു എന്നു ഞാൻ പറഞ്ഞതു ശരിയാണ്. നിനക്കുണ്ടോ അക്കാലത്തു് ദേഹത്തിനു വരുന്ന മാററങ്ങളെക്കുറിച്ചു വല്ല ജ്ഞാനവും” എന്നു് കൌശികൻ ചിത്രപതിയോടു ഉത്തരം കൊടുത്തു.

“അക്കാര്യം നിങ്ങൾ പുരുഷന്മാരേക്കാൾ കൂടുതൽ അറിയാവുന്നതു് ഞങ്ങൾക്കാണ്. ഞങ്ങൾ അനുഭവിച്ചറിയുന്നവരാണ് സ്വാമി.” ചിത്രപതി വിട്ടില്ല. “വല്ലപെണ്ണുങ്ങളും പറഞ്ഞുകേട്ട വല്ലവരും എഴുതിവച്ചിട്ടുള്ള താളിയോലകൾ വായിച്ചറിവല്ലേ നിങ്ങൾക്കുള്ളൂ”.

“വല്ലവരും വല്ലതും പറഞ്ഞുകേട്ടു പഠിക്കയ ഞങ്ങൾ” കൌശികൻ മറുപടി പറഞ്ഞു. “രോഗിയേക്കാൾ രോഗമറിയുന്നതു് വൈദ്യനല്ലേ?”

“അപ്പോൾ ഗർഭം ഒരു രോഗമാണെന്നാണോ സ്വാമി പറയുന്നതു്?”

“അതല്ല. അതു ഞാൻ ഒരു ഉദാഹരണം പറഞ്ഞതാണ്. ഗർഭം ഒരു രോഗമല്ലെന്നു മാത്രമല്ല ലോകത്തിൽ അതിനേക്കാൾ സുഖപ്രദമായ ഒരു അവസ്ഥയും ഇല്ല. ഗർഭിണിയുടെ ദേഹരക്ഷയ്ക്കു വേണ്ടതൊക്കെ ശരിക്ക് അനുവർത്തിച്ചുകൊണ്ടിരുന്നാൽ ആഹാരംകഴിക്കുക വെള്ളംകുടിക്കുക മുതലായവകൊണ്ടുണ്ടാകുന്നതിനേക്കാൾ വലിയ കുഴപ്പമൊന്നും അവളുടെ ആരോഗ്യത്തെ ബാധിക്കുന്നതല്ല.”

“അവളുടെ ആരോഗ്യത്തിന് ഒരു ഉടവും വന്നുപോകാതിരിക്കാനും സുഖപ്രസവത്തിനും അവൾ എന്തെല്ലാമാണ് ആചരിക്കേണ്ടതു്? ഈ സംഗതിയാണ് എനിക്ക് സ്വാമിയോട് ആലോചിക്കാനുള്ളതു്.”

“അവളുടെ മനസ്സിൽ യാതൊരു ഖേദവും വിചാരവും ഉണ്ടാവാൻ ഇടകൊടുക്കരുതു്. ദിവസംപ്രതി ഇരു

നാഴിപ്പാലും ഇടങ്ങഴി വെള്ളവും അവൾ മുടങ്ങാതെ കുടിക്കണം."

"ഇത്ര വളരെ വെള്ളം കുടിക്കുന്നതു് എന്തിനാണു് സ്വാമി?"

"അവൾക്കു് വേണ്ടിയും അവളുടെ വയററിൽ കിടക്കുന്ന കുഞ്ഞിനു വേണ്ടിയും."

"കുഞ്ഞിനുവേണ്ടിയോ? രണ്ടുമാസമേ ആയിട്ടുള്ളല്ലോ........"

"അതേ, കുഞ്ഞിനുകൂടെ വേണ്ടി. അതു ഇപ്പോൾ എൻെറ ഈ പെരുവിരലോളം വളന്നിട്ടുണ്ടു്. അതിനു് ഇപ്പോൾ എല്ലാ അവയവങ്ങളും കൈയ്യും കാലിനും വിരലുകൾകൂടിയും ഉണ്ടായിക്കഴിഞ്ഞു."

"അങ്ങു് എന്താ പറയുന്നേ?" എന്നു രണ്ടു സ്ത്രീകളും കൂടി ചോദിച്ചു.

"അങ്ങനെയാണു്. അനുഭവിച്ചറിയുന്ന നിങ്ങൾ പെണ്ണുങ്ങൾക്കു് അറിയാൻ പാടില്ലാത്ത സംഗതികളിൽ ഒന്നു് ഇതു്. കൈമടക്കു" കൗശികർ ജയഭേരി അടിച്ചു.

"എന്നാൽ വയററിൽ കിടക്കുന്ന ഇത്ര ചെറിയ ശിശു എങ്ങനെ ആഹാരം കഴിക്കും?" എന്നു് വസന്തമാല ചോദിച്ചു.

"അതിനെ സൃഷ്ടിച്ച ആൾ അതിനു് വഴികൊടുത്തിട്ടുണ്ടു്. പൊക്കിൾകൊടി ഇല്ലേ പൊക്കിൾകൊടി. പ്രസവിച്ചുവീണാലുടനെ മുറിച്ചുകളയുന്ന പൊക്കിൾ കൊടി. അതു നിങ്ങൾ കണ്ടിട്ടുണ്ടല്ലോ. അതിൽക്കൂടി തള്ള കഴിക്കുന്ന ആഹാരത്തിൻെറയും പാനീയത്തിൻെറയും സാരാംശവും ശ്വാസിക്കുന്ന വായുവും ശിശുവിനു ലഭിക്കുന്നു. ശേഷമേ തള്ളയ്ക്കു കിട്ടുകയുള്ളു."

"ആശ്ചര്യം തന്നെ."

"ആറുമാസമായാലേ കുട്ടി അനങ്ങിത്തുടങ്ങു," കൗശികർ തുടർന്നു. "എങ്കിലും അതു വളരാൻ തുടങ്ങുന്ന ക്ഷണം മുതൽ ആഹാരവും വെള്ളവും വായുവും മുടങ്ങാതെ സ്വീകരിച്ചുതുടങ്ങും അതല്ലെ അധികം ആശ്ചര്യം?"

"ശിശു ആണോ പെണ്ണോ എന്നു് അറിയാൻ കഴിയുമോ?" എന്നു് വസന്തമാല ചോദിച്ചു.

"ഓഹോ! അറിയാം പെററുകഴിഞ്ഞാൽ ഉടനേ." കൗശികരുടെ ഈ മറുപടി കേട്ടു സ്ത്രീകൾ രണ്ടുപേരും ചിരിച്ചുപോയി.

"എന്നാൽ ചില ജ്യോത്സ്യന്മാർ അതിനുമുമ്പു തന്നെ പറയുന്നുണ്ടല്ലോ. അതെങ്ങനെയാണു്?" എന്നു വസന്തമാല ഉടനേ ഒരു ചോദ്യമിട്ടു.

"അതോ? ന്യായത്തിനു് അതു് ഒക്കേക്കാമെന്നുള്ള ഈ സംഗതിയിൽ അങ്ങനെ വരാൻ മതിയെന്നുള്ള ഒരു യാദൃച്ഛികതയെ ആശ്രയിച്ചു പറയുന്നതു മാത്രം. ഒരിക്കൽ ഒരു ജ്യോത്സ്യൻ രണ്ടു ചീട്ടെടുത്തു് ഒന്നിൽ ആണെന്നും മറേറതിൽ പെണ്ണു് എന്നും എഴുതി ഉമ്മരപ്പടിയിന്മേൽ രണ്ടു ദിക്കിലായ്‌വച്ചു. ജനിച്ചതു് ആണാണെന്നുകണ്ടപ്പോൾ താൻ 'ആണു്' എന്നു എഴുതിവെച്ച ചീട്ടെടുത്തുകാണിച്ചു വലിപ്പം ഭാവിച്ചു. അങ്ങനെ സമ്മതി സമ്പാദിച്ചു. മുൻകൂട്ടി പറഞ്ഞൊപ്പിക്കുന്ന ആ വിദ്യ പഠിക്കാൻ ഞാൻ ആ വിദ്വാനോടു അടുത്തുകൂടി. അയാൾ ആ ഇരട്ടച്ചീട്ടുവിദ്യ എനിക്കു് ഉപദേശിച്ചു. എന്നാൽ അച്ഛനമ്മമാരിൽ അധികം ആളുകൾക്കും പ്രസവത്തിനുമുമ്പേതന്നെ അറിയണമെന്നുള്ള ആഗ്രഹമുള്ളവരാകയാൽ ഞാൻ ആ വിദ്യ പ്രയോഗിക്കാറില്ല."

"ആഗ്രഹംപോലെ കുട്ടിയെ ആണോ പെണ്ണോ ആക്കാമോ?"

"ഓഹോ, ആക്കാം ഈശ്വരന്മാർക്ക്. മനുഷ്യർക്ക് അതിന്ന് ശക്തിയില്ല."

"ആട്ടെ ഇപ്പോൾ മാധവിയുടെ വയററിലുള്ള ശിശു ആണോ പെണ്ണോ? അങ്ങ് എന്തു വിചാരിക്കുന്നു."

"പെണ്ണ്. മാധവിക്ക് കോവലനേക്കാൾ സ്വഭാവശക്തി കൂടും. അതുകൊണ്ട് ഞാൻ അങ്ങനെയാണ് വിചാരിച്ചിരിക്കുന്നത്."

"അപ്പോൾ ചിത്രപതിയമ്മയ്ക്കാണ് അങ്ങേക്കാൾ ചങ്കറപ്പ്. അതു് അങ്ങ് സമ്മതിക്കുന്നു. ഇല്ലേ?"

"സംശയമെന്താണ്? അതു് എനിക്കായിരുന്നെങ്കിൽ ഇവിടെ വന്ന് ഇവളുടെ പാട്ടിൽ കിടക്കുമോ? രണ്ടാംവേളികഴിച്ച് ഗൃഹസ്ഥാശ്രമവും ദീക്ഷിച്ച് സുഖമായി ജീവിക്കുമായിരുന്നില്ലേ?"

"എനിക്ക് നല്ല ഒരു സ്തുതി തരുകയാണ് ഇതു്" എന്നു ചിത്രപതി പറഞ്ഞു.

"നമ്മൾ രണ്ടാളും അന്യോന്യം സ്തുതി പറയേണ്ട പ്രായം കഴിഞ്ഞവരാണ്. നമുക്ക് സത്യം പറയാമല്ലോ."

"ഇതൊക്കെ മതിയാക്കണം. മാധവി ആചരിക്കേണ്ട പഥ്യത്തേയും മററും കുറിച്ച് അങ്ങേടെ പ്രസംഗം തുടങ്ങണം."

"അവൾ ധാരാളം പഴങ്ങളും സസ്യവകകളും കഴിക്കട്ടെ. മാംസം തിന്നരുതു് ലഹരിക കുടിക്കരുതു്."

"ഈ സന്യാസി ആഹാരംതന്നെയായിരുന്നല്ലോ അങ്ങ് എനിക്കും വിധിച്ചതു്."

"എത്ര നല്ല ഒരു കുട്ടിയെ ആണു് നീ പ്രസവിച്ചതു് എന്നു നോക്കൂ പ്രസവംസംബന്ധമായ യാതൊരു സുഖക്കേടും നിനക്കു ഉണ്ടായതുമില്ല അതുകൊണ്ട്."

"എന്നാൽ പ്രസവിച്ചതിൽ എനിക്ക് മുമ്പിലത്തെപ്പോലെ ആടാനും പാടാനും വയ്യാതായിപ്പോയല്ലോ."

"നിന്റെ പാട്ടിനും നൃത്തത്തിനും ഒരു ഭംഗ്യക്കുറവും വന്നിട്ടില്ല. മാധവി പാട്ടും ആട്ടവും തുടങ്ങുന്നതിനുമുമ്പ ആരും ഒന്നും കണ്ടുമില്ല. അവളുടെ ആട്ടം കണ്ടിട്ട് ഇപ്പോൾ രണ്ടുംകൂടി ആളുകൾ ഒത്തുനോക്കിത്തുടങ്ങി. അപ്പോൾ നിന്റെ ആട്ടം ത്രാസിൽ പൊങ്ങി."

"അതിരിക്കട്ടെ. മാധവി വേറെ വല്ലതുംകൂടിസൂക്ഷിക്കാനുണ്ടോ?"

"ആറുമാസം കഴിഞ്ഞാൽ അവളുടെ കിടപ്പ് നിന്റെ മുറിയിൽ ആയിക്കോട്ടെ. അവളുമായി സല്ലാപിക്കാനും മററുമേ കോവലന് തരം കൊടുക്കാവൂ."

"അത് കുറേ പ്രയാസമായിരിക്കും. എന്നാൽ വല്ലവിധത്തിലും ഞാൻ അത് പററിച്ചുകൊള്ളാം. പക്ഷേ, ഇത് അങ്ങേടെ ഒരു പുതിയ ഉപദേശമാണ് എന്നോട് അങ്ങ് അന്നു പറഞ്ഞത് ഇങ്ങനെയല്ലല്ലോ."

"വൈദ്യന്മാർ രോഗിക്കു കൊടുക്കുന്ന മരുന്നുകൾ വൈദ്യന്മാർ സേവിക്കയില്ലായിരിക്കാം. എന്നുവച്ച് മരുന്നിന് ഗുണക്കുറവു വരുമോ? ഇത് ഒരു നല്ല ഫലപ്രദമായ ഉപദേശമാണ്"

"കിഴട്ടു കള്ളക്കരടാകാനാണ് സ്വാമി പോകട്ടെ എന്തെല്ലാം വേണം മാധവി."

"ഇനി ചിലതു പറയാനുള്ളതു നിന്റെ ചെവിക്കുമാത്രം." എന്നുപറഞ്ഞു ചിത്രപതിയും കനകികയും മറെറാരു മുറിയിലേയ്ക്കു പോയി. അയാൾ തുടർന്നു. "തള്ളയ്ക്കും കുഞ്ഞിനും എന്നെന്നേയ്ക്കും നല്ല സുഖമായി കഴിയാൻ സ്വത്തും വസ്തുക്കളും മററും ഇപ്പോഴേ തട്ടിയെടുത്തുകൊള്ളണം. ഒരു പെണ്ണ് എത്ര നല്ല സുന്ദരിയും മററും

ആയിരുന്നാലും പ്രസവിച്ചുപോയാൽ പിന്നെ പുരുഷന്മാർക്ക് അവരിലുള്ള ഭ്രമം തീരെ നശിച്ച് അവരെ ഉപേക്ഷിച്ചുംവച്ച് അവർ പുതിയ ഒരു കന്യകപ്പെണ്ണിനെ തേടി നടക്കുക ധാരാളമാണ്. അതുകൊണ്ടു ഇക്കാര്യം മറന്നു പോകരുത്."

"അതു ഞാൻ മറക്കുമോ? ഇതിനകംതന്നെ ഞാൻ ചിലതൊക്കെ ചെയ്തുകഴിഞ്ഞു. എന്നാൽ ഒരു കാര്യം ചോദിക്കട്ടെ? കോവലൻ മാധവിയെ ഉപേക്ഷിയ്ക്കുമെന്ന് അങ്ങു പേടിക്കുന്നു. ഞാൻ ഒന്നു പ്രസവിച്ചിട്ടും എന്നെവിട്ടു വേറൊരു കൊച്ചുപെണ്ണിന്റെ പിറകേ അങ്ങു പോയില്ലല്ലൊ അതെന്താണ്?

"അതു ശരിയാണ്. അതിനു കാരണം ഒന്നാമത് എനിക്ക് അയാൾക്കുള്ളപോലെ അവസാനമില്ലാത്ത പണമില്ല; രണ്ടാമത് മററു പെൺകുട്ടികളാരും എന്നെ കിട്ടാൻ മോഹിച്ചില്ല."

"അതു് സ്വാമിയെ സ്വാമി താഴ്ത്തിപ്പറയുകയാണ്."

"ഞാ ഒരു കാററം എന്നെപ്പററി പറഞ്ഞു കേൾക്കുന്നതു് ഇന്നു് ആദ്യമാണ്."

ഈ സംഭാഷണം കഴിഞ്ഞു രണ്ടുദിവസം വസന്തമാലയുടെ അടുക്കൽ തിരിച്ചുവന്നു.

"സ്വാമി, പിറക്കുന്ന കുഞ്ഞിനു അച്ഛനമ്മമാരുടെ പാരമ്പര്യം എന്തെല്ലാം പകരും?" എന്നു് അപ്പോൾ വസന്തമാല ചോദിച്ചു.

"തൊലിയും മാംസവും രക്തവും അമ്മയുടെ. മജ്ജയെല്ലാം അച്ഛന്റെ. മാധവിയുടെ ദേഹത്തിന്റെ നിറവും ഭംഗിയും മുദുത്വവും മററും കണ്ടു് അതു് നീ മനസ്സിലാക്കിയില്ലല്ലോ"

"ഗർഭകാലത്തു് സ്ത്രീകൾക്കു് ചില വസ്തുക്കളിൽ പ്രത്യേകം ആഗ്രഹം ഉണ്ടാകാറുണ്ടല്ലൊ അതിനെപ്പററി സ്വാമി എന്തുപറയുന്നു."

"ശരിയാണതു്. ഗർഭിണികൾക്കു് ചില വിശേഷപ്പെട്ട ആഗ്രഹങ്ങളും ശീലങ്ങളും ഉണ്ടാകും. ചിലർ പച്ചരി തിന്നും. ചിലക്കു് ചില കിട്ടാത്ത പഴങ്ങൾ തിന്നാൻ മോഹം. ചിലക്കു് മണ്ണും ഓട്ടുപൊടിയും തിന്നാൻ ഇഷ്ടം. ചിലക്കു് ഭർത്താവു് എപ്പോഴും അടുക്കൽ തന്നെ വേണം ഈ ആഗ്രഹങ്ങളെല്ലാം കഴിവുള്ളടത്തോളം സാധിക്കയാണു് നല്ലതു്. അല്ലെങ്കിൽ അവൾക്കുണ്ടാകുന്ന മനക്ലേശം തള്ളയ്ക്കും പിള്ളയ്ക്കും വല്ല കേടും ഉണ്ടാക്കിയേക്കും."

അപ്പോൾ മാധവി അവിടെ കടന്നുവന്നു് "നിങ്ങൾ എന്തിനെക്കുറിച്ചാണു് പറയുന്നതു്?" എന്നു ചോദിച്ചു.

"നീ ഇതെല്ലാം കേട്ടുംകൊണ്ടിരിക്കയായിരുന്നില്ലേ? ഞങ്ങൾ ഇതറിഞ്ഞില്ല" എന്നു് കൗശികർ പറഞ്ഞു.

"എന്റെ വയററിലെ കുട്ടി ഇപ്പോൾ പെരുവിരലോളമേ ആയുള്ളു. അതു് അറിഞ്ഞുകയും ഇല്ല. ഇല്ലേ?"

"അതങ്ങനെയാണു് സംശയിക്കാനില്ല."

"അതു് അത്ഭുതംതന്നെ"

"പണ്ടു് മഹർഷിമാക്കും ഇതു് വളരെ അത്ഭുതമായിതോന്നി അതുകൊണ്ടു്, അവർ നമ്മുടെ അകത്തുള്ള ആത്മാവിനെ അംഗുഷ്ഠമാത്രമെന്നു് വർണ്ണിച്ചിരിക്കുന്നു. നമ്മളിൽ പലരുടേയും ഉള്ളിൽ അതു ചലിക്കുന്നില്ല, എന്നാലും അതു് അവിടെ ഉണ്ടു് എന്നാണു് അവർ പറഞ്ഞിരിക്കുന്നതു്."

'ഓ! അതാണോ 'അംഗുഷ്ഠമാത്രശരീരനായ ഈശാനൻ' എന്നു് അങ്ങു് അങ്ങേടെ ആ പ്രിയപ്പെട്ട പാട്ടിൽ പറഞ്ഞിരിക്കുന്നതു്?" എന്നു ചിത്രപതി ചോദിച്ചു.

"പിന്നെ മറെറന്തുകൊണ്ടാണു്?"

തന്റെ ഉപദേശപ്രകാരമെല്ലാം നടന്നുകൊള്ളണമെന്നു ചട്ടംകെട്ടിയും, 'മകളേ, ഒരു കാലം കഴിഞ്ഞാൽ നമ്മുടെ സന്താനത്തിന്റെ നന്മയ്ക്കുവേണ്ടി നമ്മുടെ സ

ന്താ അനുഗ്രഹങ്ങളെ കുറെ കുറയ്ക്കണം' എന്ന് പ്രത്യേകം എടുത്തുപറഞ്ഞും കൗശികർ എന്തോ അത്യാവശ്യകാര്യമുണ്ടെന്ന് പറഞ്ഞുപോയി.

കൗശികർ പറഞ്ഞതെല്ലാം മാധവി കോവലനോടു പറഞ്ഞു. തന്റെ വയററിൽ കിടക്കുന്ന ശിശുവിന് അപ്പോൾ ഒരു പെരുവിരലോളം വലിപ്പമേ ഉള്ളു എന്നും താൻ കഴിക്കുന്ന ആഹാരങ്ങളുടെയും താൻ ശ്വസിക്കുന്ന വായുവിന്റേയും ഒരു വലിയഭാഗം അതു് എടുക്കുന്നു എന്നും ആ ബ്രാഹ്മണൻ പറഞ്ഞതു് എടുത്തുപറഞ്ഞു. അതെല്ലാം കോവലൻ വളരെ താല്പര്യത്തോടെ കേട്ടു. കണ്ണകിക്കു ഇതൊന്നും ഉണ്ടായികാണാത്തതിൽ അയാൾ കുണ്ഠിതപ്പെട്ടു. താൻ വേഗം ഒരു അച്ഛനാകുമല്ലോ എന്ന് അയാൾ അഭിമാനം പൂണ്ടു. കൗശികരുടെ ഉപദേശം അക്ഷരംപ്രതി അനുവർത്തിക്കാൻ അയാൾ ഉറയ്ക്കയും ചെയ്തു. അതിൽപിന്നെ മാധവിയുമായുള്ള അയാളുടെ സല്ലാപം അധികവും ആ അംഗുഷ്ഠമാത്രശരീരത്തെപ്പററി ആയിരുന്നു.

ആറാംമാസമായപ്പോൾ ശിശു വയററിൽ കിടന്ന് അനങ്ങിത്തുടങ്ങി. അതിന്റെ തെകള അടിക്കുന്നതു് അവൾ കോവലന്റെ കൈപിടിച്ചു് തൊട്ടുവിച്ചുകാണിച്ചുകൊടുത്തു. പിന്നെ എപ്പോഴുമെന്നപോലെ അയാൾ ആ സ്ഥാനത്തു കൈവച്ചു് മതിവരാതെ തൊട്ടുനോക്കി സന്തോഷിച്ചു.

“ലോകത്തിൽ എന്തെല്ലാം രഹസ്യങ്ങളാണുള്ളതു്! ഒരു ശിശു വയററിനകത്തു ജീവിക്കുക, അവിടെ കിടന്നു് ഇളകുക, ആഹാരം കഴിക്കുക, ശ്വാസോച്ഛ്വാസം ചെയ്യുക എന്നു് അയാൾ കൂടെക്കൂടെ പറഞ്ഞു് അത്ഭുതപ്പെട്ടു. ഈ അനക്കങ്ങളെല്ലാം നമ്മുടെ ‘അംഗുഷ്ഠമാത്രച്ചാർ’ വയററിൽ കിടന്ന് കുത്തിമറിഞ്ഞു് കളിക്കുന്നതാണോ എന്ന് മാധവി കോവലനോട് അതു തൊട്ടുകാണിച്ചുംകൊ

ന്നു് ശോഭിക്കും. അപ്പോഴൊക്കെ അയാളുടെ മനസ്സ് സന്തോഷം കൊണ്ടു് ഇളകും. ആ കുട്ടികളെ കാണാൻ അയാൾ ചിലപ്പോൾ ഉറക്കമിളച്ചു നോക്കിക്കൊണ്ടിരിക്കും.

ദിവസങ്ങൾ അങ്ങനെ പൊയ്ക്കൊണ്ടിരുന്നു. അതിനതിനു് കോവലന്റെ പിതാവിനുള്ള അഭിമാനവും പരിഭ്രമവും വർദ്ധിച്ചുവന്നു. ഗർഭപാത്രത്തിൽ കിടന്നു് തന്റെ കുട്ടി വളർന്നുവരുന്നതു് ഉററുനോക്കി പലപ്പോഴും വളരെനേരം ആയാൾ കഴിച്ചു. അതു മനുഷ്യലോകത്തിൽ എത്തിച്ചേരുന്ന നാൾ അത്യൗൽസുക്യത്തോടെ കാത്തു.

അക്കാലത്തു് കോവലൻ തനിക്കുള്ള സ്വത്തുക്കളിൽ പകുതിയിലധികവും മാധവിക്കും ജനിക്കാൻപോകുന്ന കുട്ടിക്കുമായി തീറുകൊടുത്തു. അതിനു പുറമേ ആ വീട്ടിൽ താമസിക്കുന്നവർക്കൊക്കെ ദിവസംപ്രതി എന്നപോലെ അനേകമനേകം സമ്മാനങ്ങൾ നൽകി. മാധവിയുടെ സുഖപ്രസവത്തിനു വേണ്ടി മഹാക്ഷേത്രങ്ങളിലെല്ലാം വഴിപാടുകൾ കഴിച്ചു. പ്രാർത്ഥനകൾ നടത്തി. പാവപ്പെട്ടവർക്കു് അന്നദാനങ്ങളും വസ്ത്രദാനങ്ങളും ചെയ്തു. കൌശികരുടെ ഉപദേശങ്ങൾ സന്ന്യാസവ്രതങ്ങൾക്കു് തുല്യങ്ങളും കഠിനങ്ങളും ആയിരുന്നതിനാൽ മാധവി തന്നെ എതിർത്തുപറഞ്ഞെങ്കിലും അയാൾ അതെല്ലാം നിഷ്കർഷയോടെ അനുഷ്ഠിച്ചു. "എനിക്കു് ഈ തൽക്കാലസുഖങ്ങളേക്കാൾ നിന്റേയും കുഞ്ഞിന്റേയും ആരോഗ്യവും ക്ഷേമവുമാണു് പ്രധാനം. അതിനായി എന്തെല്ലാം വേണമെങ്കിലും ഞാൻ ഉപേക്ഷിയ്ക്കും" എന്നു് അയാൾ അവളോടു പറഞ്ഞു.

പത്തു മാസം തികഞ്ഞു. ഗർഭം പൂർണ്ണമായി. പ്രസവവേദന ആരംഭിച്ചു. വിദഗ്ദ്ധരായ സാവികമാരെ വരുത്തി. വേണ്ട സഹായം ചെയ്‌വാൻ ഒരുങ്ങി വീടു നിറയെ സ്ത്രീകൾ വന്നു. തന്റെ സഹായം വല്ലതും വേണ്ടിവരുന്നെങ്കിൽ അതെല്ലാം അപ്പോഴപ്പോൾ ചെയ്തു

കൊടുക്കാൻ കോവലൻ പ്രസവമുറിക്കു പുറത്തു സന്നദ്ധനായിനിന്നു. പരിഭ്രമംകൊണ്ടു് അയാളുടെ ഓരോ ഞെരമ്പുകളും തുടിച്ചു. നോവു് രണ്ടുദിവസം മുഴുവൻ നീണ്ടുനിന്നു. പെററുവീണപ്പോൾ ശിശു അതിന്നു് ജീവനുണ്ടെന്നറിയാൻമാത്രം ചെറുതായി ഒന്നു ഞെരങ്ങിയതേ ഉള്ളു. പേറിനു താമസം വന്നതുകൊണ്ടു് കുഞ്ഞു തിരുനീററിക്കുടം പൊട്ടിയ വെള്ളത്തിൽ മുങ്ങിക്കിടന്നുപോകാൻ ഇടയായതിനാൽ അതു മിക്കവാറും മരിക്കാറായിരുന്നു. മിടുക്കുള്ള വയററാട്ടിമാരും പ്രസവിച്ചിട്ടുള്ള സ്ത്രീകളുംഉടനടി വേണ്ട പരിചര്യകൾ ചെയ്തു് അതിനെ ഉറക്കെക്കരയിച്ചു. പിന്നീടു് അതിനെ കുളിപ്പിച്ചു് പട്ടു പുതപ്പിച്ചു് തങ്കപ്പാളയിൽ കിടത്തി സന്തുഷ്ടനായ അച്ഛന്റെ അടുക്കൽ കൊണ്ടുപോയി കാണിച്ചു. ശിശു ഒരു അതിസുന്ദരിയായ പെൺകുഞ്ഞായിരുന്നു. പതിച്ചിമാർകൂടി അതിനെക്കണ്ടു കൊതിച്ചു. മാതാപിതാക്കന്മാർ അത്യഭിമാനം പൂണ്ടു. അവർക്കു് സന്തോഷാധിക്യത്താൽ സംസാരിക്കാൻ വയ്യാതായി. കോവലൻ പുത്രീജനനം പ്രമാണിച്ചു് ബ്രാഹ്മണർക്കും ബന്ധുമിത്രാദികൾക്കും സാധുക്കൾക്കും മററും അളവില്ലാതെ നെല്ലും പണവും പൊന്നും പഴവും പഞ്ചസാരയും എല്ലാം ദാനംചെയ്തു.

കോവലന്റെ പൂർവ്വികന്മാരിൽ ഒരാൾ കപ്പൽ ഉടഞ്ഞു കടലിൽ അകപ്പെട്ടു് രണ്ടുദിവസംവരെ വെള്ളത്തിൽ കിടക്കാൻ ഇടയാകയും ഒടുക്കം മണിമേഖലാദേവിയുടെ കാരുണ്യംകൊണ്ടു് രക്ഷപ്പെടുകയും ചെയ്തിട്ടുണ്ടു്. ആ സംഭവത്തിന്റെ ഓർമ്മയ്ക്കായി കോവലൻ മകൾക്കു് 'മണിമേഖല' എന്നു പേരിട്ടു. "എന്റെ മകളും ഗർഭപാത്രവെള്ളത്തിൽ അങ്ങോട്ടോ ഇങ്ങോട്ടോ എന്ന നിലയിൽ രണ്ടു ദിവസം കിടക്കാനിടയായല്ലൊ അതുപോലെ" എന്നയാൾ പ്രസ്താവിച്ചു.

ആറുദിവസം സമ്മോദസമ്മോഹത്താൽ കഴിഞ്ഞു. അതിനിടയ്ക്ക് ഒരു നിമിഷനേരം എങ്കിലും കണ്ണകിയെ ക്കുറിച്ച് ഒരു വിചാരരശ്മിപോലും അയാളുടെ മന സ്സിൽ ഉദിച്ചില്ല. ഏഴാംദിവസം കുട്ടിയുടെ നെഞ്ചിന്മേൽ ഒരു ചൊമന്ന പുള്ളികണ്ടു. അതു് മറിച്ചുപോകുമോ എ ന്നു പേടിച്ചു് എല്ലാവരും ഉല്കണ്ഠിതരായി. കോവലനും മാധവിയും കുഞ്ഞിന് ആപത്തുവരുത്തരുതേ എന്നു മണി മേഖലാദേവിയോട് പ്രാർത്ഥിച്ചു. "എന്റെ പേരാണു് നീ അവൾക്ക് ഇട്ടിരിക്കുന്നതു്. അതുകൊണ്ടു് അവളെ മാലിന്യം പററാതെ വളർത്തണം. അവളെ കണ്ണകിയുടെ അടുക്കൽ കൊണ്ടുപോകു. കണ്ണകി അവളെ കൈയിലെ ടുത്തു് ഉമ്മവയ്ക്കുന്നുവെങ്കിൽ അവൾക്ക് ആപത്തൊന്നും ഉണ്ടാവുകയില്ല." എന്നു് ഒരു അശരീരിവാക്യം അന്നുരാ ത്രിയിൽ അവർ കേട്ടു. കോവലൻ ധർമ്മസങ്കടത്തിലായി. കണ്ണകി അവളുടെ എതിരാളിയുടെ കുഞ്ഞിനെ തൊടു മോ? എടുത്തു ഉമ്മവയ്ക്കുമോ? അയാൾ വളരെ നേരം ഇങ്ങനെ വിചാരപ്പെട്ടു് ഇരുന്നതിനുശേഷം, കണ്ണകിയു ടെ സൗശീല്യത്തെപ്പററി ദൃഢവിശ്വാസം ഉണ്ടായിരുന്ന തുകൊണ്ടു്, കുഞ്ഞിനെ അങ്ങോട്ടുകൊടുത്തയക്കട്ടെ എ ന്നു് കണ്ണകിയുടെ അടുക്കൽ ഒരാളെ അയച്ചു ചോദിച്ചു

അതു് സമ്മതിക്കയില്ലെന്നും സമ്മതിക്കുന്നപക്ഷം കോവലൻ മാധവിയെ ഉപേക്ഷിച്ചു് കണ്ണകിയുടെ അടു ക്കൽ തിരിച്ചുവരാമെന്നു് സമ്മതിച്ചാലേ അങ്ങനെ ചെ യ്യാവൂ എന്നും കണ്ണകിയുടെ തോഴി വിശാലാക്ഷിയും ധാ ത്രി മരതകവും അവളോടു് ഉപദേശിച്ചു. "ഒരു കൊച്ചു കുഞ്ഞിന്റെ ജീവനെ രക്ഷിക്കാൻ എന്റെ ഭർത്താവിനോ ടു് അദ്ദേഹത്തിന്റെ മനസ്സില്ലാതെ നിർബന്ധം പിടി ച്ചു ഒരു ഉടമ്പടി വാങ്ങിക്കണമെന്നല്ലേ നിങ്ങൾ പറയുന്ന തു്. ഞാൻ അതിനു തക്കവണ്ണം ഒരു നീചയാണോ?" എ ന്നു് ചോദിച്ചു് അവൾ അവരെ ശാസിച്ചു. "കുഞ്ഞിനെ

കൊണ്ടുവരട്ടെ. അവൾ എന്റെ ഭർത്താവിന്റെ മകളായതുകൊണ്ട് എന്റെയും മകളാണ്. അവർ സമ്മതിക്കുമെങ്കിൽ എനിക്ക് എന്റെ ഭർത്താവുതന്ന വിലതീരാത്ത ഒരു അനുഗ്രഹമായി ഞാൻ അവളെ ആദരവാത്സല്യങ്ങളോടുകൂടി വളർത്തും" എന്ന് അവൾ പറഞ്ഞയച്ചു.

കണ്ണകിയുടെ അനുമതികിട്ടുകയാൽ മണിമേഖലയെ അങ്ങോട്ടുകൊണ്ടുത്തയച്ചു. കുഞ്ഞിന്റെ സൗന്ദര്യാതിശയം കണ്ട് അവൾ ആഹ്ലാദപരവശയായി. കരകവിഞ്ഞൊഴുകുന്ന വാത്സല്യത്തോടുകൂടി അതിനെ തന്റെ കൈത്തണ്ടുകളിൽ എടുത്ത് അതിന്റെ രണ്ടു കവിൾത്തടങ്ങളിലും മാറിമാറി പലവുരു ഉമ്മവച്ചു. ആ പുതുസുഖം പൂണ്ട് അവളുടെ കൈകളിൽ ചുരുണ്ടുകൂടി ശാന്തമായി കിടന്നു.

"എന്റെ മകളല്ല ഈ കുഞ്ഞ് എന്ന് പറയാമോ? ഇത് അവയവംപ്രതി അതിന്റെ അച്ഛനെപ്പോലെ—എന്റെ ഭർത്താവിനെപ്പോലെ—അല്ലേ ഇരിക്കുന്നത്? തള്ളയുടെ ഒരു ഛായയും ഇതിനില്ലല്ലോ." എന്നവൾ ചുറ്റുംനിന്നിരുന്ന പരിജനങ്ങളോടായി ചോദിച്ചു.

അത് നല്ല ഒരു ഓമനക്കുട്ടിയാണെന്ന് വിശാലാക്ഷി സമ്മതിച്ചു "എന്നാൽ അതിന്റെ ഭാവി എന്താണാവോ? അത് ഈശ്വരനെ അറിയാവൂ."

"എനിക്കും അറിയാം. ഈ പെൺകിടാവ് പരിശുദ്ധയും ശുശ്രൂഷുവും ആയ ഒരു സ്ത്രീയായി വളരും. ഇവൾ ലോകത്തിന് ഒരു വിളക്കായിത്തീരും." എന്ന് കണ്ണകി മറുപടിപറഞ്ഞു.

കണ്ണകിയുടെ വാക്കുകളിൽ പ്രകടമായ ദൃഢപ്രത്യയതയും തീർച്ചയും അവരെ അത്ഭുതപരതന്ത്രരാക്കി.

കോവലന്റെ പരിചാരകൻ കുട്ടിയെ തിരിച്ചുകൊണ്ടുപോയി. സാധിക്കുമെങ്കിൽ തനിക്ക് കുഞ്ഞിനെ കൂട

കൂടെ കാണാൻ ആഗ്രഹമുണ്ടെന്ന് കണ്ണകി അയാളോട് പറഞ്ഞയച്ചു.

മണിമേഖലയുടെ നെഞ്ഞിന്മേലേ ചെറുപ്പുള്ളി തീരെമാഞ്ഞു. അവൾക്ക് സുഖമായി. കണ്ണകിയുടെ ഗൃഹത്തിൽ നടന്ന സംഗതികളെല്ലാം കുഞ്ഞിനെക്കൊണ്ടു പോയ ആൾ പറഞ്ഞു് ചിത്രപതിയും മാധവിയും അറിഞ്ഞു. മണിമേഖലയെ മേലാൽ ഒരിക്കലും അവിടെ അയക്കയില്ലെന്ന് അവർ നിശ്ചയിച്ചു. "സംഗീതനാട്യങ്ങളിൽ സമർത്ഥകളായ സുന്ദരിമാർക്ക് പേരുകേട്ട ഒരു കുടുംബമാണ് നമ്മുടേത്. അതിന്റെ അവസ്ഥയ്ക്കൊത്ത യോഗ്യതയോടേ ജനിച്ചവളാണ് ഇവൾ. ഇവൾ വളരുമ്പോൾ നമ്മുടെ രാജകുമാരന്റെ പ്രേമലാളനങ്ങൾക്കു പാത്രമാവും എന്ന് എനിക്കു നിശ്ചയമുണ്ട്. അവളെ കണ്ണകിയുടെ കൂടെ ഇടപെഴകാൻ അനുവദിച്ചാൽ കുലീനകുടുംബങ്ങളിൽ ആരും കാണാതെ വിടർന്നുല്ലസിക്കുന്ന പുഷ്പങ്ങളിൽ ഒന്നുപോലെ ഇവളും വളരും. അങ്ങനെ ഇവൾ നമ്മൾക്കു നഷ്ടപ്പെട്ടുപോകും." എന്ന് ചിത്രപതി പറഞ്ഞു.

അതിൽ പിന്നീട് രണ്ടുമൂന്നുതവണ മണിമേഖലയെ കൊണ്ടുചെല്ലാൻ കണ്ണകി ആളയച്ചു അവർ അവളെ അയച്ചില്ല. അതിൽ അവൾക്കു ഖേദമുണ്ടായി. "എന്തായാലും ഞാൻ പെററ കുഞ്ഞല്ലല്ലോ അതു് ഞാൻ മൂന്നുവർഷം തികച്ചു ഭർത്താവിനോടൊന്നിച്ചു താമസിച്ചു. അത്രയുംകൊണ്ടു് ഒരു കുഞ്ഞിനെ തന്നു് അനുഗ്രഹിക്കാൻ ഞാൻ പാത്രമല്ല. എന്നാണല്ലോ ഈശ്വരൻ കരുതിയതു്. ഉപേക്ഷിക്കപ്പെട്ട ഗൃഹത്തിലെ പൂവള്ളിപോലെ ഏകാകിനി ആയും സമാധാനത്തിന് ഒരു സന്തതിപോലും ഇല്ലാതെ ദുഃഖിച്ചും കഴിക്കണമെന്നാണ് എന്റെ വിധി. ആത്മശാന്തിക്കുപോലും മററുള്ളവരേയും മററുള്ളവയേയും അവലംബിക്കേണ്ടിയിരിക്കുന്നു! അത്രമാത്രമോ?

ഭർത്താവിനു് മാധവിയുമായുള്ള ബന്ധത്തെ ഞാൻ ശപിച്ചു. ആ ദോഷത്തിൽ നിന്നുണ്ടായതു് എൻെറ ഹൃദയത്തെ ആ വലിച്ചുഴക്കുന്ന ഈ ഓമനക്കുഞ്ഞു് അതു് ആക്കും അറിഞ്ഞുകൂടാത്ത ഒരു ജീവിതരഹസ്യം. ഇങ്ങനെ ഒരു കുട്ടിഎനിക്കു് ഉണ്ടാകരുതായിരുന്നോ? വിപത്തുകൾ ഒന്നിനൊന്നു് മീതേമീതേ വന്നുചേരുകയാണു് എന്നെപ്പോലെയുള്ള ഭാഗ്യദോഷികളുടെ തലവിധി. എൻെറ പ്രാണനാഥനെ മാത്രമല്ല, അദ്ദേഹത്തിൻെറ സന്താനത്തെക്കൂടി മാധവി അപഹരിച്ചുകളഞ്ഞല്ലൊ. എന്തായാലും ആ ശിശു ആജീവനാന്തം ഭാഗ്യവതിയായും ലോകത്തിനു് ഒരു ദീപംപോലെയും വളരുമാറാകട്ടെ. അങ്ങനെതന്നെ ഭവിക്കുമെന്നു് എൻെറ മനസ്സിൽ ഉറപ്പു തോന്നുന്നു." എന്നിങ്ങനെയുള്ള വിചാരപരമ്പര അപ്പോൾ അവളുടെ ഹൃദയത്തിൽ ഉദിച്ചുയന്നു.

---

## അദ്ധ്യായം ൭

### വിഷാദമഗ്നയായ പത്നി.

കണ്ണകിയുടെ അനന്തരജീവിതം ദുഃഖപൂർണ്ണമായ ഒന്നായി ഭവിച്ചു. ദാരിദ്ര്യം ഒന്നിനൊന്നു വർദ്ധിച്ചുവന്നു. ആശ്വാസത്തിനു് ആരും ഇല്ല; ഒന്നും ഇല്ല. അവളുടെ ഈശ്വരനും, അവളുടെ ഭർത്താവും, അവളുടെ ജീവിതത്തിലെ ഒററ മോഹകേന്ദ്രവും, അവളുടെ സമസ്തവും ആയ കോവലൻെറ മനസ്സു് മാധവിയിലും മണിമേഖലയുടെ വർത്തമാനമെങ്കിലും പറഞ്ഞയക്കുമെന്നു് കുറേനാൾ അവൾ വിചാരിച്ചു. അതുപോലും അയാൾ ചെയ്തില്ല. അയാൾ അവളുടെ അടുക്കൽ ആളയക്കാറിരുന്നില്ല. അതെല്ലാം 'പണം കൊടുത്തയക്കണം പണം കൊടുത്തയക്കണം' എന്നു പറയാൻ മാത്രം.

പാവം കണ്ണകി! അവൾ അഴൽച്ചെന്തീയിൽ എരിഞ്ഞു നീറി. അവളുടെ ഉജ്ജ്വലനവയൗവനംപൂണ്ട കുസുമോപമമായ സുകമാരശരീരം വാടി ഉണങ്ങി ചുളുങ്ങി. കപോലഫലങ്ങൾ ഒട്ടി പനിനീർപ്പൂപ്രഭ അസ്തമിച്ചു. രക്തപ്രവാഹം ഇല്ലാതെ മുഖം വിളറി വെളുത്തു് പ്രസാദശൂന്യമായി. സന്തോഷത്തിൻെറ ഒരു നിഴൽപോലും അവിടെ ഒരിക്കലും വീണില്ല. അവളുടെ നടപടികളിലുണ്ടായിരുന്ന ചൊടിചൊടിപ്പു് ഓടിയൊളിച്ചു. നടപ്പും ഉടുപ്പും കിടപ്പും വാക്കും എല്ലാം ചൈതന്യരഹിതങ്ങളായിത്തീൻ. ഭർത്താവു് കൂടെയില്ലായ്കയാൽ സന്യാസികളേയും മററതിഥികളെയും സൽക്കരിക്കാൻപോലും കഴിവില്ലാതെ അവൾ വിഷമിച്ചു. അവൾക്കു് ജന്മഭവനത്തിൽ പോയി താമസിക്കാമായിരുന്നു. അതിനവൾക്കു് മനസ്സു തോന്നിയില്ല.

“ഒരു പുറത്തു് സ്നേഹം. മറു പുറത്തു് നിരാശ. ഈ രണ്ടു ചുമട്ടുകളുടേയും ഇടയിൽപ്പെട്ടു് എൻെറ ജീവൻ ഞെങ്ങിഞെരുങ്ങിത്തകർന്നു പൊടിയുകയാണു്.” എന്നു് ഒരു ദിവസം അവൾ വിശാലാക്ഷിയോടു പറഞ്ഞു.

“അയ്യോ, നീ താങ്ങാൻ വയ്യാത്ത വ്യസനംകൊണ്ടു് ക്ഷീണിച്ചുപോയിരിക്കുന്നല്ലോ” എന്നു അവൾ പറഞ്ഞു.

“എൻെറ ദുഃഖം സഹിക്കാൻ ഞാൻ ശ്രമിക്കുന്നുണ്ടു്. എന്നാൽ പിടി അല്പം ഒന്നു അയഞ്ഞുപോയാൽ അതു മുമ്പത്തേക്കാൾ അധികം ജ്വലിച്ചുപൊങ്ങുന്നു. ഇതു വളരെ മാസങ്ങളായി ഇടവിടാതെ ഞാൻ അനുഭവിക്കയാൽ അതു അടുത്ത മാത്രയിൽ അവസാനിക്കുമെന്നു് ആണു് ഞാൻ ഓരോ നിമിഷവും വിചാരിക്കുക. എന്നാൽ അങ്ങനെയല്ല കാണുന്നതു്. അതു് ഒരു നീരുറവ പോലെയാണു്. എടുക്കുന്തോറും എടുക്കുന്തോറും ഉടനുടൻ നിറഞ്ഞു കഴിയും. വിശേ, നിൻെറ അടുക്കൽ

നിന്നം വ്യസനം മറയ്ക്കാൻ ഞാൻ ആളല്ല. എന്നാൽ അതു് എന്റെ ഭർത്താവിനെ അറിയിക്കുക എന്ന കാര്യം എനിക്കു് വിചാരിക്കാൻ പോലും വയ്യാ. ഒരു യഥാർത്ഥ ധർമ്മപത്നിക്കു് അതു പാടില്ല. പിന്നെ എന്റെ അച്ഛനേയും അമ്മയേയും അറിയിക്കുക അതു സ്വപ്നത്തിലും ചെയ്യാൻ വയ്യെന്നു തോന്നുന്നു. അതിൽ എനിക്കു് ഒരു വിചാരം കൂടിയുണ്ടു്. വിധിവശാൽ ഒരാളിനു വരുന്ന ദുഃഖം അടുത്തവരെ അറിയിച്ചു അവരെക്കൂടി ദുഃഖിപ്പിക്കുന്നതു് എന്തിനാണു് എന്നു്"

കോവലനെക്കുറിച്ചു് ഒരപശബ്ദത്തിന്റെ അക്ഷരം പോലും അവൾ ഉരിയാടിയില്ല. എന്നാൽ വിശാലാക്ഷി അയാളെ കുറ്റപ്പെടുത്താൻ ധൈര്യപ്പെട്ടു. "ഒരാൾക്കു് എത്രതന്നെ പഠിപ്പും ബുദ്ധിയും ഉള്ളവനായിരുന്നാലും, സ്വന്തം ബന്ധുമിത്രങ്ങളോടും തന്നിൽ സ്നേഹമുള്ളവരോടും ഒരലിവും ഒരാദരവും കൂടിയില്ലെങ്കിൽ പഠിപ്പും ബുദ്ധിയും കൊണ്ടു് എന്തു പ്രയോജനമാണുള്ളതു്? ധനവും ഐശ്വര്യവും കൊണ്ടു് എന്തു പ്രകാരമാണുള്ളതു് അതെല്ലാം നിന്നെപ്പോലെയുള്ള ശീലവതിമാരെ കൊല്ലാൻ മാത്രം. ഒരു കടുവായുടെ ഭംഗിയുള്ള തോലും പല്ലുകളും പോലെ"

"അരുതു്. അരുതു് വിശേ. അദ്ദേഹത്തിനെപ്പററി ഒരു വാക്കുപോലും ദുഷിച്ചുപറയരുതു്. അതു് എനിക്കു് കേട്ടുകൂടാ." എന്നു് പറഞ്ഞു് കണ്ണകി അപ്പോൾതന്നെ അതു നിരോധിച്ചു.

"അങ്ങനെയാണെങ്കിൽ അദ്ദേഹം ചെയ്യുന്ന അന്യായം കൊണ്ടു്, എന്റെ അമ്മേ നീ ഇങ്ങനെ ഉണങ്ങി വരളുന്നല്ലോ. അതിനു് എന്തു സമാധാനമാണു്?"

"എന്റെ ഭാഗ്യദോഷം കൊണ്ടു്; ഞാൻ പൂർവജന്മം ചെയ്ത പാപംകൊണ്ടു ഞാൻ അനുഭവിച്ചു പരമാനന്ദ

ന്ദം അനുഭവിക്കാൻ എനിക്ക് സംഗതി വരാത്തതാണ്; ഈ ദുഃഖം അനുഭവിക്കുന്നതാണ്. അതുകൊണ്ട് ഇതിനു ഞാൻ അദ്ദേഹത്തിനെ പഴിക്കുകയില്ല. എനിക്ക് അദ്ദേഹത്തിനോടുള്ള പ്രേമാദരങ്ങൾക്ക് ഒരണുപോലും കുറവു വരുന്നതും ഇല്ല. നേരെ മറിച്ച് വിശ്വസ്തനായ ഒരുവനെ പലിശയും ഏല്പിച്ച പണംപോലെ വർദ്ധിച്ചുവരുന്നതേയുള്ളു. ഒരു വേശ്യയോടൊന്നിച്ചു പാർക്കുന്നു എന്നതും അദ്ദേഹത്തിന്റെ യോഗ്യതയ്ക്കു ബാധകമല്ല. ഒരു താമരപ്പൂ വെള്ളത്തിനു മീതെ പൊങ്ങിനില്ക്കുമ്പോഴും ചെളിയിൽ താണുകിടക്കുമ്പോഴും അതിനു തുല്യഭംഗിതന്നെയുണ്ട്."

"നീ അദ്ദേഹത്തിനെ വിചാരിച്ചു വ്യസനിക്കുന്നതു ഞാൻ കാണുന്നു. നീ പറഞ്ഞതു ശരിയാണെങ്കിൽ പിന്നെ അതെന്തിനാണ്?"

"അതെന്തിനാണെന്നോ? അദ്ദേഹത്തിന്റെ പണത്തെമാത്രം ആഗ്രഹിക്കുന്നവളും അദ്ദേഹത്തിന്റെ സ്നേഹത്തെയോ യോഗ്യതകളേയോ കുറിച്ചു തരിമ്പും പ്രതിപത്തിയില്ലാത്തവളും; ആ പണമൊക്കെ ഊററിയെടുത്തു കഴിഞ്ഞാൽ ചവച്ച് രസം ഇറക്കിക്കഴിഞ്ഞ കരിമ്പിൻ കൊത്തുപോലെ തുപ്പിക്കളയുന്നവളും ആയ ഒരു തേവിടിച്ചിയിൽ തന്റെ പരിശുദ്ധമായ പ്രേമം അത്രയും പാഴിൽ കളയുന്നല്ലോ അദ്ദേഹം എന്നു വിചാരിച്ചാണ്"

"എത്ര പണമാണ് അവൾ തട്ടിപ്പറിക്കുന്നതു്? ഇത്രവളരെ പണവും ഇത്രവളരെ സ്നേഹവും ഒരു ആളിൽ നിന്നു കിട്ടിയിട്ടും ഇവററക്ക് അല്പംപോലും പ്രേമമോ, സ്നേഹമോ, നന്ദിയോ, ഒരാശാപാശമെങ്കിലുമോ അയാളിൽ ഉണ്ടാകാത്തതു് എന്താണ്? പറയാമോ?"

"അതു മനസ്സിലാക്കാൻ വിഷമമില്ല. ഒരു കാന്തക്കഷണത്തിന് കാരിരുമ്പിനെ ആകർഷിക്കാനാണ് വാ

സന, അല്ലാതെ വിലയുള്ള ലോഹങ്ങളായ പൊന്നിനേയോ വെള്ളിയേയോ അല്ല. അതുപോലെ ഒരു വേശ്യയുടെ ആകർഷണവാസന പണത്തിലേ ചെല്ലൂ. ഗുണങ്ങളിൽ ചെല്ലുകയില്ല.

“എന്തു പരമാർത്ഥം! ഈ പരമാർത്ഥം നിന്റെ ഭർത്താവിനെ എഴുതി അറിയിക്കരുതോ?”

“അതു് അദ്ദേഹം ധരിക്കുമെന്നു് നീ വിചാരിച്ചോണോ? ഇപ്പോൾ അദ്ദേഹം അവളുടെ വലയിലകപ്പെട്ടു ബുദ്ധി മയങ്ങിയിരിക്കയാണു്. ഇരുമ്പുവേലിക്കകത്തു സ്വത്രവാതിലിൽക്കൂടി കയറി അവിടെ വച്ചിട്ടുള്ള കരിമ്പു തിന്നു് സുഖിച്ചു മദിച്ചു നടക്കുന്ന ആനത്തലവനെപ്പോലെയാണു് അദ്ദേഹം. അവൾ വച്ചവഴിയേ അവിടെ ചെന്നു്, അകപ്പെടുത്താൻ ഉദ്ദേശിച്ചു് അവൾ കൊടുക്കുന്ന സുഖങ്ങളും ഭുജിച്ചു് ഉന്മത്തനായി വാസ്തവം ഗ്രഹിക്കാൻ കഴിവില്ലാതെ അങ്ങനെ കഴിയുന്നു. ഈ മഹാവേഗം മദ്യലഹരിയോ ദീർഘജ്വരമോപോലെ അനുഭവിച്ചു തന്നെ അവസാനിക്കണം.”

“എത്രനാൾ ഈ ജ്വരം നീണ്ടുനില്ക്കുമോ! സത്യ് പറയാൻ ആർക്കും കഴിവില്ലായിരിക്കും.”

“അതു് എന്നെങ്കിലും അവസാനിക്കുമോ എന്നല്ല നിന്റെ ചോദ്യം. അതിനു് ഉത്തരം പറയാൻ വിധിക്കേ സാധിക്കൂ.”

“കുറേനാൾക്കൂടി കഴിയുമ്പോൾ ഇതു് അവസാനിക്കും.” മരതകം ശാന്തമായിപ്പറഞ്ഞു. “ഇപ്പോൾ ചിലവാകുന്ന ക്രമത്തിനു് നിന്റെ മുതൽ ഒക്കെ തീരാൻ വളരെ നാളൊന്നും വേണ്ടാ.”

“എന്തെല്ലാം സംഭവിക്കട്ടെ എന്റെ ഭർത്താവിനു് കഷ്ടപ്പാടു് ഒന്നുംവരാതെ ഈശ്വരന്മാർ രക്ഷിക്കട്ടെ. അദ്ദേഹം സുഖമായിരുന്നാൽ മതി എനിക്കു്.”

"കുഞ്ഞേ നീ ഇപ്പോൾ അമ്പലങ്ങളിൽ പോകുന്നില്ല. നിന്റെ ഇഷ്ടത്തിമാരെ കാണുന്നുമില്ല. നീ കഷ്ടപ്പാട് അനുഭവിക്കുന്നു. നിന്നെ കഷ്ടപ്പെടുത്തുന്ന അവർക്ക മംഗളപ്രാർത്ഥന ചെയ്യുകയും ചെയ്യുന്നു. എനിക്ക് ഇതിന്റെ അർത്ഥം മനസ്സിലാകുന്നില്ല." എന്നു മരതകം വീണ്ടും പറഞ്ഞു.

"അതു് മനസ്സിലാക്കാൻ വളരെ എളുപ്പമുണ്ട്. പത്നി! അവളുടെ ഭാര്യാധർമ്മങ്ങളെ ശരിയായി അനുഷ്ഠിക്കണം. അതു ചെയ്യാതിരുന്നാൽ എന്തെല്ലാം ഐശ്വര്യങ്ങളുണ്ടായാലും അവയൊന്നും ഇല്ലാത്തതുപോലെ തന്നെയായിരിക്കും. പാതിവ്രത്യനിഷ്ഠയാൽ ശക്തിമതിയായ ഒരു സ്ത്രീയെക്കാൾ മാഹാത്മ്യമുള്ളതായി ജീവലോകത്തിൽ മറെറന്തുണ്ട്? 'തന്റെ ഭർത്താവായ ദൈവത്തെ അല്ലാതെ മറെറാരു ദൈവത്തെയും വന്ദിക്കാത്ത ഒരു സ്ത്രീയുടെ ആജ്ഞയെ കാർമേഘങ്ങളും അനുസരിക്കും' എന്നു് പറയപ്പെട്ടിട്ടുണ്ട്."

"അതു് ഒക്കുന്ന കാര്യമാണെങ്കിൽ നിന്റെ ഭർത്താവിനെ ഉടനെ നിന്റെ അടുക്കൽ തിരിച്ചുവരുത്താൻ നിനക്ക് ശക്തി ഉണ്ടായിരിക്കുമല്ലോ."

"വേണമെങ്കിൽ അതു സാധിക്കുമെന്നാണ് എനിക്ക തോന്നുന്നതു്."

"നിങ്ങൾ രണ്ടുപേരും വീണ്ടും ഒരുമിച്ചു ചേരുന്നതിനേക്കാൾ നിനക്ക മധുരമായ വേറെ യാതൊന്നും ഇല്ലല്ലോ" എന്നു അപ്പോൾ വിശാലാക്ഷി പറഞ്ഞു.

"എന്തു സംശയമാണുള്ളതു്? ഇന്നലെ രാത്രിയും ഞാൻ അദ്ദേഹത്തിന്റെ ആലിംഗനവും പൂണ്ടാണ് കിടന്നതു്. പക്ഷേ, നേരം വെളുത്തു് ഞാൻ ഉണർന്നപ്പോൾ അതു വെറും സ്വപ്നം മാത്രം. എങ്കിലും ആ സ്വപ്നത്തിലും എന്റെ ഹൃദയം ആഹ്ലാദിച്ചുല്ലസിച്ചു. അങ്ങനെ

ട്ട സ്നേഹിക്കയും പകരം സ്നേഹിക്കപ്പെടാതിരിക്കയും ചെയ്യുന്ന ഒരു സ്ത്രീയെപ്പോലെ ശൂന്യഹൃദയം പിടിച്ച ജന്തു ഇല്ല. എന്നാലും ആശ മുഴുവൻ ഉപേക്ഷിച്ചുകൂടാ. അതു മുതൽ മുഴുവൻ കളഞ്ഞിട്ട നഷ്ടദാരിദ്ര്യം പിടിക്കുകയാണു് അതു കൊണ്ടു് എന്നെങ്കിലും ഒരിക്കൽ അദ്ദേഹം തിരിച്ചുവരു മെന്നു് ആശിച്ചുകൊണ്ടിരിക്കയാണു് ഞാൻ. അവരം ഒരുദിവസം അദ്ദേഹത്തിന്റെ ആട്ടിയിറക്കും. അന്നു അ ദ്ദേഹം ഇവിടെ എന്റെ എടുക്കൽ വരും. അപ്പോൾ എ നിക്കു് അദ്ദേഹത്തിനെ ആശ്വസിപ്പിച്ചു് ഉല്ലസിപ്പിക്ക ണം. ആ ഒരു കാരണത്താലാണു് ഞാൻ ജീവിക്കുന്നതു്.

"മാമകപ്രേമവാരിവാരിധി
കാമകോമളനസ്സുധി
അപ്രണയത്തിനാഴമോരുവാ
നപ്രഗതഭരാമാരുമേ
വേഴ്ചയോടവനൊത്തു വാഴ്കമേ
വാഴ്ക്കവയ്യാരെത്താരുതസവം
മായമാഞ്ഞുമൽ പാർശ്വമയിലെൻ
നായകൻ തിരിച്ചെത്തുമേ
ഇന്നശ്ശൂന്യമാമസ്സുഖമെന്നി
ക്കന്നവൻ വീണ്ടുമേകുമേ."

"ആ ആശ നിനക്കുണ്ടല്ലോ അമ്മേ. അതുകൊണ്ടു നീ സന്തോഷമായിരിക്കൂ." എന്നു് അതുകേട്ട വിശാലാക്ഷി പറഞ്ഞു.

"അതു മാത്രമല്ലല്ലോ എന്റെ ദുഃഖകാരണം. എനിക്കു് ഒരു കുഞ്ഞിനെ എന്റെ ഭർത്താവു തന്നിട്ടില്ലല്ലോ. എനിക്കു് കണ്ടുകൊണ്ടിരിക്കാൻ അദ്ദേഹത്തിന്റെ ഒരു പ്രതിരൂപമെങ്കിലും ഉണ്ടായിരുന്നെങ്കിൽ എന്റെ ഈ അന്ധകാരമയമായ ജീവിതത്തിൽ അല്പമൊരു വെളിച്ചം ഉണ്ടായിരിക്കുമായിരുന്നു. 'മാന്യനായ ഒരു മകനേ

പൊററ മഹിമയെ കാണ്മിൻ. അത്യുന്നതമാണ് സ്വർഗ്ഗ ത്തു അവൎക്കുള്ള പദവി.' മഹർഷിവര്യന്മാർ ഇങ്ങനെ യാണ് പറഞ്ഞിരിക്കുന്നതു്. ഒരു മാന്യകുടുംബം ഒരു അനുഗ്രഹമാണ് എന്നാൽ അതിന്റെ മാഹാത്മ്യത്തി ന്റെ മണിമകുടം ഒരു ഉത്തമസന്താനമാണ്. നമ്മുടെ സന്താനങ്ങളാണ് നമ്മുടെ യഥാൎത്ഥ അൎത്ഥങ്ങൾ. ഒരു സന്താനം ജീവനോടെയുണ്ടെങ്കിൽ സകല സല്ക്കൎമ്മസ ഞ്ചയം നൽകുന്ന സംതൃപ്തി അതു നൽകും.

കുഞ്ഞുങ്ങൾ കൊച്ചുകൈയിട്ടു് തല്ലിത്തെറിപ്പിക്കുന്ന കഞ്ഞിവെള്ളം പല്ക്കുക അമൃതധാരയേക്കാൾ അനന്നതം. അവരുടെ സ്പർശം അനന്തസുഖദായകം. അവരുടെ മധുരക്കൊഞ്ചൽ കാതുകൾക്കു ഹർഷമധുവർഷം. "മധു രം മുരളിനാദം, മധുമധുരം വീണതന്റെ മൃദുനാദം" എന്നു് സ്വന്തം ശിശുക്കളുടെ അക്ഷരം തിരിയാത്ത കളർ ചൊല്ലുകൾ കേട്ടിട്ടില്ലാത്തവരേ പറയൂ. എന്നാൽ ഞാൻ എന്റെ ഹൃദയവല്ലഭനേ സ്വപ്നത്തിൽ ഒന്നു കണ്ടുമറഞ്ഞതുപോലെ ഒരു കുഞ്ഞിനെ ഒരുനോക്കു ക ണ്ടതേ ഉള്ളൂ. എന്റെ പ്രാണൻ പോകാൻ വച്ചുകൊ ണ്ടിരിക്കുന്നതു് എന്റെ ഭർത്താവിനോടുള്ള പ്രണയം ഒന്നാണ്.

"ഇത്രമാത്രം അന്യായംചെയ്യുന്ന ഒരുവന്റെ മേലു ള്ള പ്രണയംകൊണ്ടു ഫലമെന്താണു്?" എന്നു് ഇതെ ല്ലാംകേട്ട വിശാലാക്ഷി ചോദിച്ചു.

"വിശാലാക്ഷി അങ്ങനെ പറയരുതു്. ജീവന്റെ ഇരിപ്പിടം സ്നേഹമാണ്. സ്നേഹമില്ലെങ്കിൽ മനുഷ്യൻ എല്ലും മാംസവും തൊലികൊണ്ടുകെട്ടിയ ഒരു ഭാ ണ്ഡംമാത്രം. സ്നേഹമില്ലാത്തവർ സ്വാൎത്ഥമാത്രജീവിക ളാണ്. സ്നേഹമുള്ളവരുടെ അസ്ഥികൾപോലും പരോ പകാരാർത്ഥമായി ഭവിക്കുന്നു. ഇങ്ങോട്ടു സ്നേഹിക്കുന്നവരെ

ാ ധർമ്മനിഷ്ഠയുള്ളവരെയോ മാത്രമേ സ്നേഹിക്കാവൂ
ന്നു പറയുന്നതു് തെററാണു്. അങ്ങനെയാണെങ്കിൽ
ു ദിവ്യഗുണം ചില്ലറക്കച്ചവടക്കാർ വ്യാപാരം ചെ
ന്ന വെറും അങ്ങാടിസ്സാമാനങ്ങളേക്കാൾ വിശേഷമെ
ാ ഇല്ലാതാവും ദുഷ്ടന്മാരോടു് എതിർത്തുനിൽക്കാനും
സ്നേഹമൊരായുധമേ നമുക്കുള്ളൂ. സ്നേഹത്തെ ഉള്ളിൽ
ിന്നു ഉപേക്ഷിക്കുന്ന ഒരുവനു് ശാന്തിയോ സന്തോഷമോ
ഐശ്വര്യമോ ഒരിക്കലും ഇല്ല. ഇടിവെട്ടി മണ്ടപോയ
തെങ്ങു് വീണ്ടും പൊടിച്ചു കായ്ക്കുമോ?"

മാസങ്ങൾ അങ്ങനെ കടന്നുപോയി കോവലൻെറ
ഉളകൾ മുറയ്ക്കു മുറയ്ക്കു പണത്തിനു വന്നുകൊണ്ടിരുന്നു.
കാവലൻെറ വകയായി ഉണ്ടായിരുന്നതെല്ലാം കൊടുത്ത
ച്ചു. അതെല്ലാം അവസാനിച്ചപ്പോൾ കണ്ണകി അവ
ുടെ അച്ഛനും അമ്മയും അവൾക്കു കൊടുത്തിട്ടുള്ളതു്
കൊടുത്തയച്ചു തുടങ്ങി. അതും തീർന്നപ്പോൾ അവളുടെ
ആഭരണങ്ങൾ ഓരോന്നായി വിററു കിട്ടുന്ന പണം കൊ
ടുത്തയച്ചു. മണിമേഖല ജനിച്ചു മൂന്നുകൊല്ലം കഴിഞ്ഞ
പ്പോഴേയ്ക്കു അതും എല്ലാം തീർന്നു. അപ്പോൾ സ്വന്തം
ചിലവു് ചുരുക്കാനായി പരിചാരികമാരായ വിശാലാ
ക്ഷിയേയും മരതകത്തേയും പിരിച്ചുവിടാൻ അവർ നി
ശ്ചയിച്ചു. അതിൽ അവർ രണ്ടുപേരും വളരെ സങ്കട
പ്പെട്ടു. അവളെ ഒരു ഈശ്വരിയെപ്പോലെ ആരാധിച്ചു
പോന്ന അവർ പ്രതിഫലം ഒന്നുംകൂടാതെ അവളെ ശു
ശ്രൂഷിച്ചു പാർത്തുകൊള്ളാമെന്നും അതിനെങ്കിലും അനുവ
ദിക്കണമെന്നും അപേക്ഷിച്ചു. "ഞാൻ കഷ്ടപ്പെടുന്നു.
ഞാൻ അതു് അനുഭവിപ്പിക്കേണ്ടവളാണു്. നിങ്ങളെക്കൂടെ
അതു് എന്തിനു് അനുഭവിക്കണം" എന്നു് പറഞ്ഞു ക
ണ്ണകി അവരുടെ അപേക്ഷ സ്വീകരിച്ചില്ല.

"അമ്മെ, നിന്നെ ശുശ്രൂഷിക്കുന്നതു് ഞങ്ങൾക്കു്
കഷ്ടപ്പാടല്ല. അതുമല്ല, ഇവിടെ ജോലിചെയ്തു ഞങ്ങൾ

ധാരാളം സമ്പാദിച്ചിട്ടുണ്ട്. ഇനി കുറേനാഠം ഞങ്ങഠ ശമ്പളമില്ലാതെ ജോലിചെയ്യുന്നതിൽ അന്യായമൊന്നുമില്ലല്ലോ." എന്നു് ഒന്നുകൂടി അവർ പറഞ്ഞുനോക്കി.

എന്തെല്ലാം പറഞ്ഞിട്ടും കൂട്ടാക്കാതെ അവഠ അവരെ പറഞ്ഞയച്ചു. ദിവസം ഒരിക്കൽ അവിടെ ചെന്ന് അവളെ കാണാൻ എങ്കിലും അനുവദിക്കണമെന്നു് അവർ അപേക്ഷിച്ചുകൂടി അവഠ നിരസിച്ചു.

"ഞാൻ തനിച്ചു കഴിയാനാണു് ആഗ്രഹിക്കുന്നതു്. നിങ്ങളുടെ സ്നേഹം നിറഞ്ഞ ഹൃദയത്തിന് ഞാൻ വേദന ഉണ്ടാക്കുന്നതു് എന്തിനാണ്? എന്റെ ഭർത്താവു് എന്റെ അടുക്കൽ തിരിച്ചു വന്നു എന്നു് കേഠക്കുന്നതുവരെ നിങ്ങഠ ദയവുചെയ്തു് ഇവിടെ വരാതിരിക്കണം." എന്നു കരളലിഞ്ഞു പറഞ്ഞു് അവഠ അവരെ യാത്ര അയച്ചു. അവർ തൊഴുതു് കരഞ്ഞുംകൊണ്ടുപോയി.

അതിനുശേഷം കണ്ണകി അവളുടെ കൈവളകളും കാൽചിലമ്പുകളും ഒഴിച്ചു നിത്യം ഉപയോഗിച്ചു വന്ന ആഭരണങ്ങഠകൂടി ഒന്നും വെച്ചേയ്ക്കാതെ അഴിച്ചു് വിററ് കോവലൻ ആവശ്യപ്പെട്ടപ്പോഴൊക്കെ പണം അയച്ചു കൊടുത്തു. പഴയ ചേലകഠകൊണ്ടു വസ്ത്രധാരണധർമ്മം. കൈവളകളും കാൽചിലമ്പുകളും മാത്രം ആഭരണം. മേനി കുറഞ്ഞ താണതരം സാമാനങ്ങഠ സ്വയം പാകം ചെയ്ത ആഹാരം. ഇങ്ങനെ തന്റെ പ്രാണനാഥന്റെ പുനരാഗമനവും കാത്തു് ഏകാകിനിയായി അവഠ ആ വീട്ടിൽ പാർത്തു് കാലംകഴിച്ചു.

തീവ്രദുഃഖാകുലങ്ങളായ മാസോ ആണ്ടും എഴുഴാണ്ടുകളെന്നോണം ദീർഘദീർഘങ്ങളായി ആണ്ടുകഠ അങ്ങനെ പത്തുകൂടി കടന്നുപോയി. എന്നിട്ടും പ്രാണനാഥൻ തിരിച്ചുവന്നില്ല. പിതൃപതിയും പരിചാരികമാരും ആദരവില്ലാതെ എന്നല്ല നിന്ദാപൂർവം അദ്ദേഹത്തിനോടു പെരുമാറിത്തുടങ്ങി എന്നു് കേട്ടു് അവളുടെ ദുഃഖം അധികം

തീവ്രമായി. അവർ അങ്ങനെ ചെയ്തിട്ടും മാധവിയ്ക്ക് അതിൽ പങ്കില്ലായ്കകൊണ്ടായിരിക്കാം, ആ അധിക്ഷേപങ്ങളും അവമാനങ്ങളും എല്ലാം സഹിച്ച് കോവലൻ തൃപ്തനായിരുന്നതേ ഉള്ളൂ. അതിനാൽ അയാളുടെ യശസ്സിനും ശ്രേയസ്സിനും വേണ്ടി ഈശ്വരനോട് പ്രാർത്ഥിക്കല്ലാതെ അവൾക്ക് എന്തു ചെയ്യാൻ കഴിയും. ആ വസ്തുത അറിഞ്ഞപ്പോൾ മുതൽ ഭർത്താവിന്റെ തിരിച്ചുവരവിനെപ്പററി ഒന്നിനൊന്ന് കുറഞ്ഞുകുറഞ്ഞ് ഇപ്പോൾ മിക്കവാറും അസ്തപ്രായമായ ആശാശേഷത്തോടുകൂടി അവൾ തന്റെ ഏകാന്തജീവിതം തുടർന്നു.

---

## അദ്ധ്യായം ൩

### ചിത്രപതിയുടെ കള്ളക്കൗശലങ്ങൾ

മാധവിയോട് പാർത്തകാലത്ത് ആദ്യഘട്ടത്തിൽ കോവലൻ തീരെ കൈയഴിച്ചു അവൾക്ക് സമ്മാനങ്ങൾ കൊടുത്തുകൊണ്ടിരുന്നു. കാവേരിയിലെ ജലപ്രവാഹം പോലെ അവസാനമില്ലാതെ അവ അങ്ങോട്ട് ഒഴുകി. ചിലപ്പോൾ ചെല്ലത്തിന്റെ കൈയിൽ കൊടുത്തു കൊടുപ്പിച്ചു. ചിലപ്പോൾ അയാൾ നേരിട്ടുകൊടുത്തു. ഇവിടെ ഭർത്തൃപരിത്യക്തയായി പഴഞ്ചേലകൾ ഉടുത്ത്, ആഭരണരഹിതയായി, സ്വയം പാകംചെയ്തു കഴിച്ച് ആശ്രമജീവിതം കൈക്കൊണ്ട് ഭർത്താവിന്റെ ക്ഷേമത്തിനായി സദാ പ്രാർത്ഥിച്ചുകൊണ്ട് കണ്ണകി ഏകാകിനിയായി കഴിഞ്ഞുകൂടുമ്പോൾ അവിടെ അവളുടെ ഭർത്താവ്; ദുർല്ലഭങ്ങളായ പട്ടുസാരികളും, നവരത്നങ്ങളും നവരത്നഖചിതങ്ങളായ ആഭരണങ്ങളും വിശേഷപ്പെട്ട പഴങ്ങളും മധുരമേറിയങ്ങളും കട്ടിലുകളും മെത്തകളും മററും മററും മററ

യും മാധവിക്കു കൊടുത്തു് അവളുമായി മേളിച്ചു് കാമ്യഭോഗങ്ങൾ അനുഭവിച്ചു വസിച്ചു.

പത്താംവർഷം മുതൽ ഇഷ്ടദാനങ്ങൾ ഇടവിട്ടും ആ ഇടകൾ ക്രമേണ നീണ്ടുനീണ്ടും ആയി. അപ്പോൾ അവിടെ മട്ടുമാറിത്തുടങ്ങി. കോവലൻ വെറും കൈയോടെ ചെല്ലുമ്പോൾ മാധവിയുടെ മച്ചിന്റെ വാതിൽ അടഞ്ഞിരിക്കും. ചിത്രപതിയോ ചെല്ലമോ പുറത്തുകാണും. പിറേറന്നാളത്തെ ആട്ടത്തിനു ഉടുക്കാൻ പുതിയ സാരിയോ ധരിക്കാൻ പുതിയ ആഭരണങ്ങളോ ഇല്ലാഞ്ഞു് അവൾ വ്യസനിച്ചിരിക്കയാണെന്നു് പറയും. അയാൾ തിരിച്ചുവന്നു് പുതിയ സാമാനങ്ങൾ വാങ്ങിക്കൊണ്ടുപോയി അവൾക്കു കൊടുക്കും. അവൾ സന്തോഷത്തോടെ വാങ്ങിക്കും. "ഇതു നീ ഇന്നലെ എന്താണു് എന്നോടു് പറയാതിരുന്നതു്" എന്നു് അയാൾ ചോദിക്കും. "ഞാൻ എങ്ങനെ പറയും. അങ്ങേ ഞാൻ സ്നേഹിക്കുന്നു. സ്നേഹിക്കുന്നവരോടു് അതും ഇതും വേണമെന്നു് പറയുക എനിക്കു് മഹാവിഷമമാണു്" എന്നു് അവൾ മറുപടി പറയും. അതുകേട്ടു് അയാൾ സന്തോഷിക്കും. അവൾ അയാളെ കെട്ടിപ്പിടിച്ചുംകൊണ്ടു് എന്റെ പ്രാണനാഥ, എന്റെ ഭർത്താവേ എന്നു് കൊഞ്ചിവിളിക്കും. ഉടനെ തന്നെ 'ഓ, അങ്ങനെ വിളിക്കാൻ അങ്ങു് കല്യാണം കഴിച്ച കണ്ണകിയ്ക്കല്ലാതെ അവകാശമില്ലല്ലൊ' എന്നു പറഞ്ഞു് സ്വയം പഴിക്കും. "നിനക്കാണു് അതിനു അധികം അവകാശം. നീ എന്റെ മനസ്സിനിണങ്ങിയ മഹിളാരത്നം. അവൾ മാഞ്ഞുപോയ ഓർമ്മമാത്രം" എന്നു് അയാൾ മറുപടി പറയും.

ഇപ്പോൾ അയാളുടെ പണത്തിന്റെ ഉറവ വററി ഉണങ്ങി വരണ്ടുപോയി. കടം ആരും കൊടുക്കാതെയും ആയി. കടത്തിനു് സാമാനങ്ങൾകൂടി കിട്ടാതായാൽ പ്രിയ പുതിയ സാമാനങ്ങൾ കൊടുക്കാൻ നിവൃത്തിയില്ല

മെ വന്നു അതു തീരെ നിന്നു. ചിത്രപതിയുടേയും മെല്ല ത്തിന്റെ ആരംഭാവം കാണ്ടു. അവർ വെറുപ്പു കാണി ച്ചുതുടങ്ങി. മാധവിയുടെ താദൃശമായ പ്രേമക്കൊഴുപ്പു കറ ഞ്ഞു വരുന്നതിന്റെ ലക്ഷണങ്ങൾ കാണുന്നതായി അ യാൾക്കു തോന്നി.

ആ പണമില്ലാപ്പിണമായ കോവലനെ കളഞ്ഞു് നല്ല പണക്കാരനായ ഒരു വർത്തകനേയോ പ്രഭുവിനേയോ സ്വീകരിക്കണമെന്നു് കുറേനാളായി ചിത്രപതി മാധവി യെ അലട്ടിവരുകയായിരുന്നു. "മുല്ലമാല, പാപ്പരായ വന്റെ കഴുത്തുവിട്ടു മറ്റൊരുത്തന്റെ കഴുത്തിൽ ചേരും. അഴകാന്ന വേശ്യയും അതുപോലെയാണു്" എന്നും അ വർ പറഞ്ഞു.

"എന്തെല്ലാം അദ്ദേഹം നമുക്കു തന്നു. അമ്മ ഒന്നു് ഓർത്തുനോക്കൂ. നമ്മുടെ മുതൽ മുഴുവൻ അദ്ദേഹത്തിന്റെ വസ്തുക്കൾ. അദ്ദേഹത്തിന്റെ പേരു മാറി എന്നേ ഉള്ളൂ. അദ്ദേഹം വരുന്നതിനു മുമ്പേ നമുക്കു് എന്തുണ്ടായിരു ന്നു. അതിനു പുറമേ ഞാൻ അദ്ദേഹത്തിനെ സ്നേഹിക്കു ന്നു. അതുപോലെതന്നെ മണിമേഖലയും. എനിക്കു വയ്യ അദ്ദേഹത്തിനോടു പോകാൻ പറയാൻ." എന്നു് മാ ധവി അതിനു ഉത്തരം പറഞ്ഞു.

"നീ സ്നേഹിക്കുന്നെങ്കിൽ അയാൾ നിന്നോടു് പരമാർത്ഥതയോടല്ല പെരുമാറുന്നതു്. അയാൾ കാരു ന്നതുപോലെ ശുദ്ധനല്ല. അസംഖ്യം പണം അയാളുടെ സ്നേഹിതന്മാരുടേയും കണ്ണകിയുടേയും പക്കൽ രഹസ്യ മായി സൂക്ഷിച്ചിട്ടുണ്ടെന്നാണു് എന്റെ അറിവു്. അതു മാത്രമല്ല, മണിമേഖലയിലെ ദേവദാസിയായി കവരോ ധിച്ചു നമ്മുടെ പാരമ്പര്യം നിലനിർത്തിക്കൊണ്ടു പോക ണം. അതിനു ബാധാവിരോധിയാണു അയാൾ. അയാ ളെ നീ ഉപേക്ഷിച്ചില്ലെങ്കിൽ അതു നടക്കയില്ല. അതു ചെയ്യില്ലെങ്കിൽ എന്തു വരുമെന്നു നീ ഒന്നു് ആലോചി

ച്ചുനോക്കൂ. ആ പേരുപോരാ മാധവിയുടേയും ചിത്രപതിയുടേയും വംശനാശം. ഈ ആസ്ഥാനദാസീകുടുംബത്തിനു അവമതി." എന്നു ചിത്രപതി പിന്നെയും പറഞ്ഞു.

"എന്റെ അമ്മേ കോവലനെ തീരെ ഉപേക്ഷിച്ചുകളയാൻ എനിക്കു സാധിക്കയില്ല. അങ്ങനെ വേണ്ടിവന്നാൽ ഞാൻ വ്യസനിച്ചു ചത്തുപോകും" എന്നു മാധവി സമാധാനം പറഞ്ഞു.

"നിനക്കു അതു വെറുമൊരു തോന്നലാണ് മകളേ. ഒരു കുലസ്ത്രീയല്ലേ കണ്ണകി. അവളുടെ ഭർത്താവു ഉപേക്ഷിച്ചിട്ടും അവൾ ചത്തില്ലല്ലോ. ഒന്നു പരീക്ഷിച്ച് നോക്കൂ. ഒരാഴ്ചത്തേക്ക് നീ അയാളെ പിരിഞ്ഞ് ഒന്നു താമസിച്ചാൽ മതി അപ്പോൾ നിനക്ക് അയാളെ എന്നെന്നേക്കും ആയി ഉപേക്ഷിക്കാൻ വേണ്ട കഴിവു വരും."

"അങ്ങനെയാവട്ടെ. ഒരാഴ്ചത്തെയ്ക്ക് ഞാൻ പരീക്ഷിച്ചുനോക്കാം. ഫലം ഉണ്ടായില്ലെങ്കിൽ അദ്ദേഹത്തിന്റെ കയ്യിൽ കാശില്ലെങ്കിലും തിരികെ വിളിച്ചു ഞാൻ എന്നും അദ്ദേഹത്തിന്റെ ഭാര്യയായിത്തന്നെ കൊള്ളട്ടേ?" എന്ന് അമ്മയുടെ എപ്പോഴുമെന്നപോലെയുള്ള ഈ ശല്യം ഒഴിക്കാൻ ഉദ്ദേശിച്ച് അവൾ ചോദിച്ചു. കോവലന്റെ തന്നോടുള്ള പ്രേമം ഒന്ന് അളന്നുനോക്കാമല്ലോ എന്ന് ഒരു വിചാരവും അവൾക്കുണ്ടായില്ലെന്നില്ല.

"ഒരുതാരകപോലെ ചാരുവായ്
വരയാംവേട്ടവളേ വെടിഞ്ഞു ഞാൻ
പുരമോദമണഞ്ഞുതേ വിര-
ഞ്ഞരുമപ്പൂൺകൊടി താവകാന്തികം.
എതിരററസുഖത്തൊടുല്ലസി-
ച്ചുരുനാളിൽ സമയങ്ങൾ പോക്കി നാം
നിയതം മമ രാഗമന്നുനിർ-
ദയമായ് തന്വി പുലർന്നുമൽപ്രിയേ."

എന്ന് അന്നൊരു ദിവസം അയാൾ സ്വപ്നത്തിൽ പ്രലപിച്ചതു് അവൾ കേട്ടു. അതിൽ അവൾക്ക് ഒരു അസുഖം തോന്നിയുമിരുന്നു.

"അങ്ങനെ ആയേയ്ക്കാം. എന്നാൽ നീ അന്യ് മറെറാരു കാമുകനെ കയ്ക്കൊള്ളും എന്ന് എനിക്കു നിശ്ചയമാണ്."

"ഇല്ല. ഒരു കാലത്തും ഇല്ല. ഒരു ഇണയെ ഉപേക്ഷിച്ചാൽ പിന്നെ കുറേക്കാലം കഴിഞ്ഞേ മറെറാരു ഇണയെ ജന്തുക്കൾ പോലും സ്വീകരിക്കാറുള്ളൂ."

"നമ്മൾ വേശ്യമാർ അങ്ങനെയല്ല."

"നമ്മൾ അത്രമാത്രം താണുപോയോ? എന്താണ് അതിനർത്ഥം"

"ഇതുതന്നെ മണിമേഖലയുടേയും പറച്ചിൽ."

"അതിലെന്താണ് അത്ഭുതം? അവൾ എന്റെ മകൾ അല്ലേ?"

"കോവലൻ വരുന്നതിനു മുമ്പ് അധികം പണം തരുന്നവനേ സ്വീകരിക്കാൻ നീ തയ്യാറായിരുന്നല്ലോ.?"

"അധികം പണം തരുന്ന ആൾ അദ്ദേഹം ആണെന്ന് എനിക്ക് നിശ്ചയമുണ്ടായിരുന്നു. സൂര്യൻ ഉദിക്കുന്നതിനുമുമ്പ് വിളക്കുവെച്ചുകൊണ്ടിരിക്കുന്നതു് തെററല്ല. പിന്നെയും അതു വച്ചുകൊണ്ടിരിക്കുന്നതു തെററാണ്."

"കൊള്ളാം അതിനേക്കുറിച്ചു നമ്മൾ തമ്മിൽ ഇപ്പോൾ തർക്കിക്കേണ്ട. ഏതായാലും ഏഴു ദിവസമേ ഉള്ളല്ലോ. തക്കതായ ഒരാളെ കിട്ടാൻ. പക്ഷേ കുറേക്കൂടി കാലതാമസം വന്നേയ്ക്കാം വിതയ്ക്കാൻ ദിവസം നിശ്ചയിക്കുന്നതിനു മുമ്പ് നിലത്തിലെ കളകളയേണ്ടതു് ആവശ്യമാണല്ലോ. അതുകൊണ്ടു്, ഇന്ദ്രോത്സവം അവസാനിക്കുന്ന മററന്നാൾ കോവലനെ ഇവിടെനിന്നു് അയച്ചേയ്ക്കണം"

"എന്നാൽ അതു ഞാൻ എങ്ങനെ ചെയ്യും അമ്മേ? അദ്ദേഹം ഇപ്പോൾ പാപ്പരായിപ്പോയതുകൊണ്ടോ, കുറേ ഏതാണ്ടോ പണം ഒളിച്ചു എങ്ങാണ്ടോ വച്ചിട്ടുണ്ടെന്നു് ആരോ പറഞ്ഞു അമ്മ കേട്ടതുകൊണ്ടോ, ഞാൻ അദ്ദേഹത്തിനെ ഉപേക്ഷിക്കുന്നതിൽ ലേശം ചത്തുകളയുക ആണു്. ചുമടു ചുമടായി അദ്ദേഹം തന്ന മുതലും ആഭരണങ്ങളും അനുഭവിച്ചുംകൊണ്ടു് അദ്ദേഹത്തിനോടു ഇറങ്ങിപ്പോകാൻ ഞാൻ എങ്ങനെ പറയും?."

"അയാൾ ഇവിടെ വരാതിരിക്കാൻ എളുപ്പവിദ്യകൾ ഉണ്ടു്. അയാൾ എങ്ങനെയുള്ളവനാണെന്നും എനിക്കു് അറിയാം. വലിയ തണ്ടൻ; അയാളുടെ പണത്തിനായിട്ടല്ല. അയാളുടെ യോഗ്യതകൾ കൊണ്ടാണു് നീ അയാളെ സ്നേഹിക്കുന്നതു് എന്നു വിചാരിച്ചു ഞെളിഞ്ഞിരിക്കയാണു് അയാൾ."

"അതു കള്ളമല്ലല്ലോ. അദ്ദേഹത്തിന്റെ യോഗ്യതകളാൽ തന്നെയാണു് ഞാൻ അദ്ദേഹത്തിനെ സ്നേഹിക്കുന്നതു്."

"എന്തു യോഗ്യതകളാണു് അയാൾക്കുള്ളതു്? ഞാൻ ഒന്നു കേൾക്കട്ടെ! കല്യാണം കഴിച്ച നല്ല ശീലമുള്ള നല്ല പെണ്ണിനെ ഉപേക്ഷിച്ചു. നല്ല അഭിവൃദ്ധിയിലിരുന്ന വ്യാപാരം നിർത്തി നല്ല കാര്യങ്ങൾക്കു് ഉപയോഗപ്പെടുത്തേണ്ട സാമർത്ഥ്യവും ബുദ്ധിയും പണത്തിനു പെണ്ണുങ്ങളെ കൂത്താടിച്ചു നടക്കുന്ന നട്ടുവന്മാർക്കും മററും വേണ്ടി നിസ്സാരവിദ്യകൾ പഠിക്കാൻ പാഴിൽ കളഞ്ഞു. ഇതെല്ലാമല്ലേ അയാളുടെ യോഗ്യതകൾ!"

"അമ്മേ, അദ്ദേഹം കണ്ണകിയെ ഉപേക്ഷിക്കാനും വ്യാപാരം നിർത്താനും കാരണം ഞാൻ അല്ലേ?"

"അയാൾ ഇത്ര കൊള്ളരുതാത്തവനെങ്കിൽ നീയല്ല നിന്നെപ്പോലെ പത്തുപേർ വിചാരിച്ചാലും അതു

സാധിക്കയില്ല. ആകട്ടെ. ആ മാനായികനേയോ ആ മാസാത്തുവാനേയോ നിന്റെ സൗന്ദര്യംകൊണ്ടു് ഒന്നു മയക്കിനോക്കിയാലെട്ടെ. എന്റെ പെണ്ണേ, എന്റെ ചെറുപ്പത്തിൽ അതിന്നു് ഞാൻ നന്നാ പയററിനോക്കിയിട്ടുണ്ടു്. എള്ളുമളവു് ഫലിച്ചില്ല. ചുട്ടുകട്ട പച്ചക്കട്ടയെ അല്ലാതെ കരിങ്കൽ കട്ടയെ ഉടയ്ക്കയില്ല മകളേ"

"ശരി. കൊള്ളാം. അമ്മയുടെ ഈ കൗശലം ഒരു ആഴ്ചക്കാലമെങ്കിലും കോവലനു് അദ്ദേഹത്തിന്റെ ഭാര്യയുടെ നേർക്കുള്ള ധർമ്മത്തെ നിറവേററാനും പരമ്പരയാ ഉള്ള വ്യാപാരകാര്യത്തിൽ മനസ്സുവയ്ക്കാനും സമയംകൊടുക്കുമല്ലോ. അതിനാൽ ഞാൻ അതു് സന്തോഷപൂർവം സമ്മതിക്കുന്നു. ഇനി പറയൂ, അദ്ദേഹത്തിനെ ഇവിടെ നിന്നു ഓടിക്കാനുള്ള അമ്മയുടെ തന്ത്രങ്ങൾ."

വേശ്യാസ്ത്രീ പണമൊടുക്കിതീന്നു് പാപ്പരായ കാമുകനോടു യാത്ര പറയുന്ന ആ കേളികേട്ട പാട്ടു മററന്നാൾ നീയും കോവലനുംകൂടി സവാരിക്കിറങ്ങുമ്പോൾ ചെല്ലും പാടും.

"മാറിപ്പോടാ പിച്ചക്കാരാ
തേറാതോ നീ വേശ്യാധർമ്മം
വെട്ടിത്തരുമ്പോൾ ഞങ്ങൾ നെഞ്ചം
കട്ടിത്തങ്കം മൂന്നിടമൂല്യം.

എന്ന ഈ പാട്ടു കേട്ടാലുടൻ ഇരട്ടത്രാട്ടിൽ ഓടിയൊളിക്കും അയാൾ. അയാളുടെ സ്വഭാവം ഞാൻ ഗ്രഹിച്ചിട്ടുള്ളതു ശരിയാണെങ്കിൽ, എത്രയോ ആളുകൾ ഇതിനു മുമ്പു് ഞാൻ അറികെ അങ്ങനെ ഓടിയിരിക്കുന്നു.

"ഒരിക്കലും ഇല്ല. അമ്മയുടെ ധാരണ തെററാണു്. എനിക്കുവേണ്ടി അദ്ദേഹം ഈ അവമാനവും സഹിക്കും".

"ഇല്ല. എനിക്കറിയാം. എറിയാൻ കല്ലെടുക്കുന്നതു കണ്ട പട്ടിയെപ്പോലെ അയാൾ ഓട്ടംപിടിക്കും."

"നമുക്കു് കാണാമല്ലോ."

"കൊള്ളാം, അതുകൊണ്ട് അയാൾ പോയില്ലെങ്കിൽ വേറൊരു വിദ്യയുണ്ട്. നിങ്ങൾ രണ്ടുപേരുംകൂടി വഴിയിട്ടു കടപ്പുറത്ത് ഇരിക്കുമ്പോൾ, തന്നേവിട്ടു വഞ്ചിയിൽ കയറിപ്പോയി തിരിച്ചുവരാതിരിക്കുന്ന കാമുകനെപ്പററി കാമുകി വ്യസനിക്കുന്ന ആ പാട്ടു നീ പാടണം. എന്നാൽ നീ ഒരു കാര്യത്തിൽ എനിക്കു വാക്കുതരണം. ഒരു നല്ല നടിയേപ്പോലെ തന്മയതയോടെ, നിന്റെ സ്വന്തം അനുഭവം തന്നെ വർണ്ണിക്കയാണെന്നു വിശ്വാസം വരത്തക്കവണ്ണം ഏററവും ആകർഷകമായ സ്വരത്തിൽ നീ അതു പാടണം. കാമുകന്റെ വേർപാടിൽ സാക്ഷാലുള്ള വിഷാദം നീ കാണിക്കണം.

"വളരെ നന്നായി!" ഒരു അഭിനയത്തിനു തരം കിട്ടുമല്ലോ എന്നു വിചാരിച്ച് സന്തുഷ്ടിയോടു മാധവി പറഞ്ഞു. "യഥാർത്ഥത്തിൽ അങ്ങനെ ഒരുത്തൻ ഉണ്ടായിരിക്കുക സാദ്ധ്യമല്ലെന്ന് തോന്നത്തക്കവണ്ണം അത്ര വികാരാവേശത്തോടുകൂടി ഞാൻ അതു പാടാം. കോവലനെ ശല്യപ്പെടുത്തുന്നതു ഒരു നല്ല നേരംപോക്കായിരിക്കും. ഒരു വാരത്തെ വേർപാട് അദ്ദേഹത്തിനെ കൊല്ലുകയില്ല."

ഇന്ദ്രോത്സവം കാലംകൂടുന്ന ദിവസം വന്നു. അന്നത്തെ പ്രഭാതം മനോഹരമായിരുന്നു. ആടിയും പാടിയും തമ്മിൽത്തമ്മിൽ നേരംപോക്കു പറഞ്ഞും തെരുവുനീളെ നടന്ന് പലവക കാഴ്ചകളും എഴുന്നെള്ളിപ്പുകളും കോലങ്ങളും ചെപ്പടിവിദ്യകളും വിനോദങ്ങളും കണ്ടും രസിച്ചും വിശേഷമായി ഉടുത്തുചമഞ്ഞ് ഉത്സാഹഭരിതരായി കൂടിയ ആളുകളാൽ നഗരം നിറഞ്ഞിരുന്നു. ഒരു ഹൃദയവേദനയോടുകൂടിയാണ് അന്ന് കോവലൻ ഉണർന്നെണീച്ചത്. ആ വിശേഷദിവസം മാധവിക്ക് വാഗ്ദാനിച്ച ചേലയും ആഭരണങ്ങളും സമ്മാനിക്കുക പതിവുണ്ടായിരുന്നു. അവ വാങ്ങിക്കാൻ അയാളുടെ കൈവശം

കാശ്ശ് ഇല്ലായ്കയാൽ ഒന്നും കൊടുക്കാൻ കഴിഞ്ഞില്ല. അതുകൊണ്ടു അയാറം വിഷണ്ണനായി. എന്നിട്ടും അന്ന് വയ്യിട്ട് പതിവുപോലെ മാധവിയേയുംകൊണ്ടു കടപ്പുറത്തേയ്ക്ക് സവാരിപോകാനായി അയാറം അവളുടെ വീട്ടിൽചെന്നു. അയാറംക്ക് അവളോടുള്ള പ്രേമം അത്ര മഹത്തും അവളുടെ പ്രേമത്തിലുള്ള വിശ്വാസം അത്ര ദൃഢവും ആയിരുന്നു.

അയാറം ചെല്ലുന്നതു കണ്ട് ചെല്ലം വാതുക്കൽ ചെന്നിന്ന് "ഇന്നു മാധവിയ്ക്കും മണിമേഖലയ്ക്കും കൊടുക്കാൻ എന്തെല്ലാം സമ്മാനങ്ങറം കൊണ്ടുവന്നിട്ടുണ്ട്?" എന്നു ചോദിച്ചു. അയാറം ലജ്ജാവനതനായി ഒന്നുമില്ലാതെ അകത്തേയ്ക്കു കയറി. അപ്പോറം അവിടെ നിന്നും കൊണ്ടു ചിത്രപതി "എല്ലാവരും അവരവരുടെ ആളുകറംക്ക് നല്ല സമ്മാനങ്ങറം കൊടുക്കുന്ന ദിവസമാണ് ഇന്നു. ഈ നഗരത്തിലെ അതിസുന്ദരിയായ സ്ത്രീയെ ഈ മഹോത്സവത്തിന് കൂട്ടിക്കൊണ്ടുപോകാൻ വെറും കൈയോടെ വന്നിരിക്കയാണോ ഇയാറം?" എന്നു ചോദിച്ചു. ഈ ഭർത്സനത്തോടുള്ള മാനഭംഗവുമോറ് അയാറം മാധവിയുടെ അടുക്കലേയ്ക്കു പോയി. അവറം ഉത്സവം കാണാൻ പോകാൻ ഉടുത്തൊരുങ്ങാതെ അവിടെ ഇരിക്കുന്നതു കണ്ടു. 'മാധവി, നീ എന്തിക്ക മാപ്പുതരണം, നിനക്ക് ഇന്നു ഉടുത്തുകൊണ്ടുപോകാൻ ഞാൻ പതിവുപോലെ ചേല കൊണ്ടുവന്നിട്ടില്ല." എന്ന് അതുകണ്ട് അയാറം അവളോടു പറഞ്ഞു.

ഈ വർത്തമാനം കേട്ട് അവറം സംഭ്രമം ഒന്നും കാട്ടിയില്ല. അവറം പുടവയുടുത്തുംകൊണ്ടു ചെല്ലുന്നതുവരെ അയാറം പുറമേയുള്ള വലിയ മുറിയിൽ പോയിരിക്കാൻ പറഞ്ഞു. അവളുടെ മുറിമുഴുവൻ അവറംക്ക് മറ്റോരോരുത്തർ കൊടുത്തിട്ടുള്ള വസ്ത്രങ്ങളും ആഭരണങ്ങളും വാരി വിതറിയിരുന്നു. എന്നാൽ അയാറം കഴ

ത്ത അനേകംവർഷങ്ങളിൽ അവർക്ക കൊടുത്തിട്ടുള്ള വസ്ത്രാഭരണങ്ങളിൽ ഒന്നുപോലും അക്കൂട്ടത്തിൽ ഉണ്ടായിരുന്നില്ല. അതുതന്നെയല്ല അവർ ഒരുങ്ങുമ്പോൾ അയാളും കൂടെ അവളുടെ മുറിയിൽ ഇരിക്കയായിരുന്നു അതുവരെയുള്ള പതിവ്. ഇന്ന് അയാളോട് പുറത്തുപോയിരിക്കാൻ പറഞ്ഞു. ഇതൊക്കെ ചിത്രപതി പറഞ്ഞുകൊടുത്ത തന്ത്രങ്ങളായിരുന്നു. കോവലൻ അതു ഊഹിച്ചില്ല. ആ ക്ഷതം കൂടിയേററ് അയാൾ പുറത്തളത്തിൽ ചെന്ന് വിഷാദത്തോടെ കാത്തിരുന്നു. മാധവിയുടെ ഈ പ്രവൃത്തി തന്നെ വിഗണിച്ചതാണെന്നും, തന്നെ അവമാനിച്ചതാണെന്നും, തന്നെ നിന്ദിച്ചതാണെന്നും, തന്നോടു ധൃഷ്ടത കാണിച്ചതാണെന്നും ഓരോരോ വിചാരങ്ങൾ അയാളുടെ ഉള്ളിൽ ഉദിച്ചു. താൻ ചെന്നുകേറിയാലുടനേ അവർ താല്പര്യാതിരേകത്തോടു തന്നെ സ്വീകരിക്കയും തിളച്ചുപൊങ്ങുന്ന സ്നേഹത്തോടു തന്നെ ഉപചരിക്കയും മനമഴിഞ്ഞു രാഗാവേശത്തോട് അനവധിതവണ തന്നേ ഉമ്മവയ്ക്കയും ചെയ്യാറുണ്ടായിരുന്ന ആ അനേകവർഷങ്ങളെ അയാളുടെ ചിന്ത അപ്പോൾ അവലോകനം ചെയ്തു. 'ആഭിജാത്യവും പാണ്ഡിത്യവും സൽഗുണങ്ങളും ശക്തിയും വാഗ്മിതവും സൗന്ദര്യവും എല്ലാം ധനികർക്കേയുള്ളു. സർവ്വേഗുണാഃ കാഞ്ചനമാശ്രയന്തി' എന്ന് പറയപ്പെട്ടിട്ടുള്ളത് എത്ര യഥാർത്ഥം. ഈ സത്യത്തെ ഞാൻ മുമ്പ് ഗൗനിച്ചില്ലല്ലോ. ഞാൻ ഒരു മൂഢൻ ആണ്." എന്നയാൾ വിചാരിച്ചു. ചിന്താമഗ്നനായി അങ്ങനെ അയാൾ അവിടെ ഇരിക്കുമ്പോൾ ചെല്ലം അവിടെ എത്തി. "അല്ല, ഇന്ന് ഇന്ദ്രോത്സവം കാലംകൂടുന്ന വിശേഷദിവസമല്ലേ? ഇന്നത്തെ ഉത്സവത്തിനു ചേർന്ന അങ്കവസ്ത്രവും കടുക്കനും വളയും മോതിരം ഒന്നും ധരിച്ചിട്ടില്ലല്ലോ അങ്ങ്. അതു് മറന്നുപോയോ? ഈ വേഷ

തിലാണോ അങ്ങ് എന്റെ കൊച്ചമ്മയെ ഇന്ന് സവാരിക്ക കൊണ്ടുപോകാൻ പോകുന്നത്. ഹേയ്. അതല്ല." എന്നു പറഞ്ഞ് അവൾ അയാളുടെ ഹൃദയത്തിന് ഒരു മുറിവുകൂടി ഏല്പിച്ചു. അതും അയാൾ അനങ്ങാതെ ഏററു. "അതൊന്നും മാധവി കാര്യമായി വിചാരിക്കയില്ല. അവൾക്ക് ഞാനാണ് കാര്യം. എന്റെ വേഷമല്ല," എന്ന് അതു സാരമാക്കാത്ത ഭാവത്തിൽ അയാൾ അതിന് മറുപടി പറഞ്ഞു. "ഓഹോ അങ്ങനെയാണ് ഇല്ലേ? അത് എനിക്ക് ഇപ്പോഴാണ് മനസ്സിലായത്. അങ്ങനെയാണ് അമ്മ വിലമതിച്ചിരിക്കുന്നത്. അല്ലാമത അങ്ങേടെ മുഖത്തിനും കുട്ടത്തിനും അല്ല. ബഹുശരിയാണ് അത്." എന്ന് ആക്ഷേപസ്വരത്തിൽ പ്രത്യുത്തരം നൽകി അവൾ അയാളെ കൊഞ്ഞനംകാട്ടി ഉറക്കെ ചിരിച്ചു. അത് അയാളുടെ ഹൃദയത്തിൽ കത്തിക്കൊണ്ടിരുന്ന ശോകാഗ്നിക്ക് തൈലവർഷം ചെയ്തു. അപ്പോൾ ചിത്രപതി കടന്നുവന്നു, "യജമാനൻ ഇവിടെ കാത്തിരുന്ന് മുഷിയുന്നതു കണ്ടില്ലേ ചെല്ലം? നിനക്ക് ഒരു പാട്ടുപാടി അദ്ദേഹത്തിനെ രസിപ്പിക്കരുതോ?" എന്ന് അവളോടു ചോദിച്ചു. അപ്പോൾ 'വേശ്യാസ്ത്രീയുടെ യാത്ര പറയൽ' പാട്ട് അവൾ ഉച്ചസ്വരത്തിൽ തെളിച്ചുപാടി. അതിലെ ഓരോവാക്കും ഹൃദയത്തെ കടിച്ചുപറിക്കുന്നതുപോലെ അയാൾക്കു തോന്നി. അയാളുടെ പരാഭവം ചിത്രപതിയും ചെല്ലവും കണ്ടു. "ഈ പഴേ പാട്ട് വല്ല രസമുള്ളതല്ലേ യജമാനനേ?" എന്നു ചെല്ലം അപ്പോൾ അയാളോട് ഒരു ചോദ്യം ചോദിച്ചു.

"കാഴ്ചയ്ക്ക് യഥാർത്ഥവർണ്ണനമായോ എന്ന് സംശയം." എന്നാൽ ഇത് വളരെ രസമുള്ളതും അറിവു തരുന്നതും ആയ ഒരു പാട്ടുതന്നെ." എന്ന് ചിത്രപതി അഭിപ്രായപ്പെട്ടു.

അപ്പോൾ മാധവിയുടെ വാതിൽ തുറക്കപ്പെട്ടു. അ യാളെ പ്രഹരമേല്പിച്ചുകൊണ്ടുനിന്ന മനുഷ്യരും ആ ക്ഷ ണത്തിൽ അപ്രത്യക്ഷരായി.

---

# അദ്ധ്യായം ൭

---

## കടപ്പുറത്തു് സൂര്യാസ്തമനം.

ഉടനെ മാധവി മോടിയായി ഒരു കസവു് ചേല ഉടുത്തു്, പളപള വിളങ്ങുന്ന ആഭരണങ്ങൾ അണിഞ്ഞു്, അലങ്കാരദേവതപോലെ ആഡംബരഘോരണി പൂണ്ടു്, പുറത്തുവന്നു. പട്ടുപോലെ പശിമചേർന്ന സുരഭിലമായ തലമുടി കഴുകിത്തോർത്തി പട്ടുപോലെ ചീകി മിനുക്കി പിന്നിക്കെട്ടി കസ്തൂരി പൂട്ടി സുഗന്ധസുഭഗമാക്കിയും, മേക്കിണഖണ്ഡത്താൽ കെട്ടുന്ന അതിവിശേഷമായ പട്ടുപു ടകയും പട്ടുറവുക്കയും ധരിച്ചും, കഴുത്തിൽ നന്മുത്തുമാല കളും തങ്കമാലികളും, മൂക്കിൽ വജ്രനാസാമണിയും, കണ കൈകളിൽ സ്വർണ്ണംകൊണ്ടും പവിഴംകൊണ്ടും ശംഖു കൊണ്ടും ഉള്ള കങ്കണങ്ങളും, കൈവിരലുകളിൽ രത്നഖ ചിതങ്ങളായ മോതിരങ്ങളും കാതുകളിൽവൈരംപതിച്ചു കാതിലകളും അരയിൽ മുത്തുമണിത്തുടകൾ ഇട്ട പൊ ന്നൊഢ്യാണവും പുറവടികളിൽ കനകച്ചിലമ്പുകളും കാൽവിരലുകളിൽ മണിമോതിരങ്ങളും ചാർത്തിയും ഉള്ള അവളുടെ വേഷം അത്യുജ്ജ്വലമനോഹരമായിരുന്നു. താൻ കൊടുത്തിട്ടുള്ളതിൽ ഒരു ഒററ ആഭരണമെങ്കിലും അപ്പോൾ അവൾ ധരിച്ചിട്ടില്ലെന്നു കണ്ടു് കോവലൻ താൻ ചെയ്തതെല്ലാം തെററായിപ്പോയല്ലോ എന്നു വ്യ ഥിച്ചു. അവൾ അങ്ങനെ ചെയ്തതു് മനഃപൂർവ്വമായിരുന്നു. അഭിമാനഹാനിയും വേദനയും കൊണ്ടു അയാൾ തലക

റിച്ചു. "ഇന്ദ്രോത്സവത്തിന്റെ അവസാനദിവസം നമ്മളും കടപ്പുറത്തേയ്ക്കു് പോകയാണല്ലോ പതിവു് അതുപോലെ ഇന്നും അങ്ങോട്ടുപോകാം. അവിടെ പാർക്കിൽ നമുക്കായി പ്രത്യേകം ഒരു പന്തൽ ഞാൻ ഏർപ്പാടു ചെയ്തിട്ടുണ്ടു്. അതിൽ പോയിരുന്നു് നമുക്കു വിനോദങ്ങളൊക്കെ കാണാം. നേരം വൈകിയാൽ പിന്നെ ചന്ദ്രൻ ഉദിക്കുന്നതുവരെ പാടിക്കൊണ്ടിരിക്കാം. ഇന്നു വെളുത്ത വാവാണെന്നു് അങ്ങേയ്ക്കറിയാമല്ലോ" എന്നു അവൾ അയാളോടു പറഞ്ഞു.

കോവലൻ അയാളുടെ കോവർ കഴുതപ്പുറത്തും മാധവി വസന്തസേനയുമൊരുമിച്ചു അവളുടെ മണിത്തേരിലും കയറി പുറപ്പെട്ടു. കോവലൻ തേരിന്റെ പിറകേ പോയി. തെരുവുകളിലെല്ലാം പല ദിക്കിലും ആർച്ചുകളും ഗോപുരങ്ങളും കെട്ടി അലങ്കരിച്ചിരുന്നു. ഓരോ കടയുടെയും പടിവാതൽ കുലവാഴകളും തോരണങ്ങളും കൊണ്ടു് മോടിപിടിപ്പിച്ചിരുന്നു. അവർ അങ്ങാടിത്തെരുവുകൾ കഴിഞ്ഞു് നഗരമദ്ധ്യത്തിലുള്ള പ്രധാന രാജപാതയിൽ കയറി ആ വഴി കടപ്പുറത്തേയ്ക്കു പോയി. അവിടെ അസംഖ്യം പന്തലുകൾ കെട്ടിയിരുന്നു. കാവേരിമുഖത്തുള്ള സോമകുണ്ഡതീർത്ഥത്തിലും സൂര്യകുണ്ഡതീർത്ഥത്തിലും സ്നാനത്തിനുകൂടിയ ആൾക്കൂട്ടംകൊണ്ടു മണൽപ്പുറം മുഴുവൻ നിറഞ്ഞിരുന്നു. ഈ പുണ്യതീർത്ഥങ്ങളിലാടുന്ന കാമുകീകാമുകന്മാരുടെ പരസ്പരാനുരാഗം ശാശ്വതമായി നിൽക്കുമെന്നും അവർ തമ്മിൽ ഒരു ദിവസംപോലും പിരിഞ്ഞിരിക്കാൻ ഇടവരുകയില്ലെന്നും ഒരു വിശ്വാസം പരക്കെ ഉണ്ടായിരുന്നതിനാൽ അവയിൽ സ്നാനം കഴിക്കാൻ ആഗ്രഹിച്ചു് വളരെ ആളുകൾ അവിടെ കൂടുക പതിവാണു്. മാധവിയുമായി പിരിയാൻ സംഗതി വരരുതു് എന്നു മോഹിച്ചു് അവർ രണ്ടുപേരും അവയിലിറങ്ങി സ്നാനം കഴിക്കണമെന്നു് കോവലൻ താല്പര്യപ്പെട്ടു.

എന്നാൽ മാധവി അതിന് സമ്മതിച്ചില്ല. ആ ആറം തിരക്കിൽ അവളുടെ സ്നാനം കഴിക്കുന്ന കാര്യം വിചാരിക്കാനേ വയ്യാ എന്നു അവൾ പറഞ്ഞു. അവൾ അതു നിഷേധിച്ചു. കടൽക്കരയിൽ സമുദ്രത്തിലേക്കു ദർശനമുള്ള ഒരു പന്തലായിരുന്നു അവൾ ഏർപ്പാടുചെയ്തിരുന്നതു് അതിൽ ചെന്നിരുന്നു പാട്ടുപാടി രസിക്കണമെന്ന് പറഞ്ഞു അവൾ കോവലനേ അതിലേയ്ക്കു് കൂട്ടികൊണ്ടു പോയി.

പന്തലിൽ ചെന്ന് സുഖമായിരുന്നതിനുശേഷം മാധവി അവളുടെ വീണ എടുത്തു് കോവലന്റെ കൈയിൽ കൊടുത്തു് അദ്ദേഹം ഒരു പാട്ടുപാടാൻ പറഞ്ഞു. അയാൾ അതുവാങ്ങി ശ്രുതിചേർത്ത് വായിച്ചുംകൊണ്ട് കാവേരിയെക്കുറിച്ചുള്ള ആററവരി എന്ന ഈ പാട്ടു പാടി.

ജയിക്ക! കാവേരി നീ നാട്ടിനും നരേന്ദ്രനും
പ്രിയപ്പെട്ടഭിമാനദായിനി ജയിക്ക നീ!
നായകൻ വടക്കെത്തി ക്രീഡിച്ചു ഗംഗയോടു
പോയവനഥ തെക്കു ലാളിച്ചു കുമാരിയേ.
എങ്കിലുമമ്മേ നീയിസ്സംഗ്രഹം പുലർത്തുന്നു
തങ്കിടം സ്നേഹത്തോടെ സതിയാം മയിതപോൽ.
അഴകിൽ കലുങ്കുകൾ കടക്കെ നിൻവീചികൾ
പൊഴിയും കളഗാനം കേട്ടുനീയാനംചെയ്വൂ.
ഹർഷത്തോടുഴന്നേരം കർഷകർ ഗാനാമൃതം
വർഷിച്ചു രസിപ്പിപ്പു നിന്നനുഗ്രഹധന്യർ.
സ്തുതിപ്പു ഭക്തിയോടു മേളിച്ചു നിന്നെ നല്ല
പുതുവർഷാരംഭശ്രീമഹത്തിൽ ബഹുജനം"

മാധവി അയാളുടെ പാട്ടുകേട്ട് ആനന്ദസുധയിൽ മുഴുകി പിന്നെ അയാൾ വീണ അവളുടെ കൈയിൽ കൊടുത്തു് അവളോടു പാടാൻ പറഞ്ഞു. അവൾ സമുദ്രത്തെക്കുറിച്ചുള്ള ഈ പാട്ടുപാടി.

വാഴ്കവാഴ്കിനി നാഥദേവ നീ!
വാഴ്ക വാഴ്ക സമുദ്രമേ!
ഞങ്ങൾ കാവേരി പട്ടണം തന്നിൽ
തങ്ങിടും സാധുമങ്കമാർ.
കോട്ട മൊറങ്ങളുള്ളിലങ്ങു മൺ-
കോട്ടകൾ കെട്ടിവാഴവേ,
പൊന്മയങ്ങളാം രത്നഭൂഷകൾ
കണ്മയക്കവേ കാമുകർ മനം
കൊണ്ടട്ടത്തിടുമായവർ മനം
കണ്ടറിയുന്നതെങ്ങനെ?
ഏറിവീറ,ലർ മാലപൊട്ടിച്ചു
നീരലെങ്ങളെറിയവേ
ഞങ്ങൾകാട്ടുമപ്രേമചിഹ്നമെ-
ന്നങ്ങവരോർത്തണഞ്ഞുടൻ
'ദീനരാകണോരു വ്യാധിബാധയാൽ
ദൂനമീയവർ ജീവിതം
ചേർത്തീയുഴൽ നാങ്ങൾ, നിങ്ങൾ താൻ
തീർത്തിടേണമെ'ന്നോതിടും;
'വെൺനുരച്ചുരുൾ പൂണ്ട വീചികൾ
വന്നടിച്ചു വിശാലമായ്
പൂഴിപൊന്നൊളി വിശമിന്നിടു-
മാഴിതന്മണൽ തിട്ടയും,
നല്ലൊരിമ്മതിനേർ മുഖത്തല-
മുല്ലസിക്കുമീ ചന്ദ്രനും
മിന്നുമിമ്മൃദുവാർ മുടിയുഴ
ചിഞ്ഞഴിയിലും തെന്നലും,
ഒത്തു ചേർന്നിവർ ചെയ്തിടും ചതി
ചേർത്തിടുമഴൽ ദുസ്സഹം.
മത്തുവച്ചു പിടിച്ചു നിങ്ങൾവ-
ന്നർദ്ദനം ചെയ്തു പാരമായ്

ആത്തിചേപ്പോരു ഞങ്ങളപ്പിക്കും
പ്രാത്ഥനകളേ തള്ളാതെ,
നമ്പടക്കടക്കൺകണകളാൽ
നെഞ്ചിടെക്കത്തിക്കൊല്ലാതെ,
കാരുണ്യാമൃതധാരയിലിന്നി
ചാരുസൗഖ്യങ്ങൾ നൽകണം
എന്നുഴന്നവർ സങ്കടമുര-
യ്ക്കുന്ന പിന്നുടനെന്നപ്പോഴും"

അതിനുശേഷം അവൾ കാവേരിയെ ഉദ്ദേശിച്ചുള്ള ഒരു പാട്ടുപാടി.

"അല്ലയോ കാവേരിയാറേ! നിനക്ക് മംഗളം! നിന്റെ നായകൻ രാജധമ്മങ്ങളെ തെറാതെയും വഴിപോലെയും അനുഷ്ഠിക്കമെന്നു് വിശ്വാസമാന്നും മക്കൾക്ക് മാതാവെന്നപോലെ ഒരിക്കലും നശിക്കാത്ത നന്മകൾ നൽകിയും സ്വച്ഛന്ദം ഒഴകിക്കൊണ്ടിരിക്കുന്ന കാവേരി നിനക്ക് മംഗളം!" ഇതത്രെ ആ പാട്ടിന്റെ അത്ഥം.

വീണ്ടും മാധവി സമുദ്രത്തെത്തന്നെ അഭിസംബോധനംചെയ്ത് ഒരു പാട്ടുകൂടിപാടി. ആ പാട്ടിന്റെ താല്പര്യം ഇതാണു്. "അല്ലയോ, സമുദ്രദേവ, ഞങ്ങളുടെ ചെഞ്ചൊടിപ്പവിഴങ്ങൾക്ക് പകരം തരുന്നതിന് അവർ സമുത്തുകളുംകൊണ്ടു് ഞങ്ങളുടെ അടുക്കൽ വരുന്നു. അവർ ഞങ്ങളെ കല്യാണംകഴിച്ചുകൊള്ളാമെന്നു് വാഗ്ദാനങ്ങൾചെയ്ത് വ്യാമോഹിപ്പിക്കുന്നു. അവർ ഞങ്ങൾക്ക് കള്ളിപ്പൊന്മോതിരങ്ങൾ തരുന്നു. മാദകങ്ങളായ മധുരമദ്യങ്ങൾ തരുന്നു. അവരെക്കാൾ മാദകങ്ങളായ ചാടുവാക്കുകൾ പറയുന്നു. ഇങ്ങനെ ഞങ്ങളെ വശീകരിച്ച് അനുഭവിച്ചുംവച്ച് ഞങ്ങളെ ഉപേക്ഷിച്ചു പൊയ്ക്കളയുന്നു. പിന്നീട് തിരിയേ വരുന്നതേ ഇല്ല. ഈ കപ്പുറത്തു് ആനന്ദപാരവശ്യത്തോടെ എന്നോ അഭിഗമിച്ച്

എന്റെ കാമുകൻ എന്നെ പരിത്യജിച്ചു പൊയ്ക്കളഞ്ഞു. അദ്ദേഹം എന്നെ മറന്നിട്ടുണ്ടെങ്കിലും ഞാൻ അദ്ദേഹത്തിനെ മറക്കുകയില്ല. അഹോ! ഞങ്ങളുടെ സമാഗമത്തിന് നിഴൽതന്ന മരത്തിന്റെ ഇലകളെ! നിങ്ങൾക്ക് ഹൃദയമില്ലയോ? നിങ്ങൾ എപ്പോഴുമെന്നപോലെ ഉല്ലാസമായി കാററത്ത് ആടിക്കൊണ്ടിരിക്കുന്നല്ലോ. ഹേ സമുദ്രമേ! ഞാൻ എന്തുചെയ്യും? എന്റെ ദുഃഖങ്ങളെ നീ അറിയുന്നില്ല. അല്ലേ തിരമാലകളെ! നിങ്ങൾ അദ്ദേഹത്തിന്റെ രഥചക്രങ്ങളുടെ പാടുകളെ മാച്ചുകളഞ്ഞല്ലോ. നിങ്ങൾ അദ്ദേഹത്തിന്റെ ഓർമ്മയെ മുക്കിക്കൊല്ലാൻ ശ്രമിച്ചല്ലോ! അതെ, എന്റെ ചങ്ങാത്തം ഭാവിച്ച് നടക്കുകയല്ലേ നീ? പ്രിയത്തോടുകൂടി ആടിക്കുളിച്ചുകൊണ്ടിരിക്കുന്ന അരയന്നമേ! എന്നോടു ചെയ്തത് തീരെ അന്യായമാകുന്നെന്ന് എന്റെ കാമുകന്റെ അടുക്കൽ നീ പോയി പറയൂ. അഹോ നേരം സന്ധ്യയായി. സകല ദിക്കിലും ഇരുട്ട് പരന്നിരിക്കുന്നു. സൂര്യൻ ഇതാ ചക്രവാളത്തിൽനിന്ന് മറഞ്ഞിരിക്കുന്നു. മാദകമായ സന്ധ്യാരാഗം വന്നിരിക്കുന്നു. ഈ രാക്ഷസൻ സൂര്യനെ വിഴുങ്ങിക്കഴിഞ്ഞു, എങ്കിലും ചന്ദ്രനെ ഇതുവരെ കക്കിയില്ല. ഹൃദയം കത്തിപ്പിളക്കുന്ന ഈ ഉന്മാദജനകമായ സന്ധ്യാരാഗം എന്നെ കൈവെടിഞ്ഞുപോയ എന്റെ കാമുകന്റെ രാജ്യത്തും കടന്നു കാണുകയില്ലയോ? പക്ഷികളെല്ലാം പാട്ടു നിർത്തിക്കഴിഞ്ഞു. തിരമാലകൾ ആർപ്പുവിളി നിറുത്തി അടങ്ങിയിരിക്കുന്നു. എങ്കിലും എന്നെമറന്ന് എന്നെവിട്ടുപോയ അദ്ദേഹത്തിനെ ഞാൻ മറക്കുകയില്ല. ഇങ്ങനെയുള്ള ഉന്മാദജനകമായ, ആസുരമായ, സന്ധ്യാകാലത്ത് അത്രെ, എന്നെ ഒരിക്കലും പിരിഞ്ഞുപോകുന്നതല്ലെന്ന് എന്നോടു ചെയ്തിരുന്ന ശപഥവും മറന്ന് അദ്ദേഹം എന്നെ വിട്ടുപോയത്. ഹേ, സങ്കല്പമേ, അദ്ദേഹം സത്യലംഘനം ചെയ്തത് ക്ഷമിച്ച് അ

ദ്ദേഹത്തിന് മാപ്പുകൊടുക്കണേ! എന്നെക്കുറിച്ച് അദ്ദേഹത്തിനെ ഓൎമ്മിപ്പിക്കണേ! എനിക്ക് അദ്ദേഹത്തിനെ തിരിച്ചു നൽകണേ!”

കോവലൻ ഈ പാട്ടുകേട്ടു. അയാൾ വിചാരിച്ചു. “ഞാൻ വ്യംഗ്യാൎത്ഥങ്ങൾ ഒന്നും ഇല്ലാത്ത ഒരു പാട്ടാണ് പാടിയതു്. എന്നാൽ ഇവൾ, ഈ വഞ്ചകി, ഏതോ ഒരു കാമുകനെ മനസ്സിൽ വിചാരിച്ചുകൊണ്ടു ഇപ്പാട്ടുപാടിയതാണ്. ഇവൾ ഇപ്പോഴും അവനെ സ്നേഹിക്കുന്നുണ്ടു് ഇനി എന്നോ തങ്ങ! അവനെ കിട്ടണം ഇവൾക്ക്. എന്റെ കൈകളിൽ പണമില്ലാതായി. അതുകൊണ്ടു ചിത്രപതിക്കും ചെല്ലത്തിനും വസന്തമാലയ്ക്കും മാത്രമല്ല, ഇവൾക്കും എന്നെ മുഷിഞ്ഞു എന്നു സ്പഷ്ടമായി. ഇവർ എന്നെ സല്ക്കരിക്കുന്ന കാലമെല്ലാം പോയി, എന്റെ ആത്മാഭിമാനം തീരെ കെടുന്നതിനുമുമ്പേ ഇവിടുന്നു പോകയാണു് എനിക്കു നല്ലതു്.”

അയാൾ അവളുടെ തോളത്തു കൈവച്ചുംകൊണ്ടിരിക്കയായിരുന്നു. ആ കൈ അയാൾ പതുക്കെ എടുത്തിട്ട് “നേരം ഇരുട്ടി. നമുക്ക് ഇനി പോകാം.” എന്ന് അവളോടു പറഞ്ഞു പെട്ടെന്ന് എണീററുനിന്നു. അതുകേട്ട് അവൾ ഇരുന്നേടത്തുനിന്ന് അനങ്ങിയതുപോലും ഇല്ല. അതുകണ്ടു് അയാൾ വേഗം അവിടെനിന്ന് ഇറങ്ങിപ്പോയി. അയാൾ കാണാമറകഴിഞ്ഞപ്പോൾ മാധവിയും എണീററു. അവൾ സന്തപ്തഹൃദയയായി തന്റെ തേരിൽ കയറി, പരിചാരികമാരോടു് ഒരുമിച്ച്, കാമുകനില്ലാതെ തനിച്ച് തന്റെ വീട്ടിലേയ്ക്കു യാത്രതിരിച്ചു.

# അദ്ധ്യായം ൮

## ദിവ്യമായ ക്ഷമ

മനസ്സു നൊന്തും, ജീവിതംവെറുത്തും, പതിവ്രതയായ പത്നിയേ ഉപേക്ഷിച്ചു് പരസ്ത്രീയെ കൊതിച്ചുപോയ മൂഢതയെ ഓർത്തു പശ്ചാത്തപിച്ചും, അയാൾ പാർക്കിൽനിന്നു് നേരെ നഗരത്തിലേയ്ക്കു പോയി. ആ വഴിയിലുള്ള ശിവക്ഷേത്രത്തിൽ നടതുറന്നു് വിളക്കുവച്ചു ആരാധന നടന്നുകൊണ്ടിരിക്കുന്നതു കണ്ടു് അയാൾ അകത്തുകയറി സോപാനത്തിൽ ചെന്നുനിന്നു് കൈകൂപ്പി തൊഴുതു് രണ്ടു് സ്തോത്രം ചൊല്ലി ദേവനെ ആരാധിച്ചു.

ഉൾത്താപമുള്ളിലെരിയുമേഴ ഞാൻ
പെരിങ്ങുർഎദ്ദേവ പരിഭ്രുതൻ.
അറിയാവല്ലനിൻ മഹിമവാഴ്ത്തുവാൻ
പറയാവല്ലനിൻ കഥകളും.
പെരുവഴിചുറ്റിക്കരുമനകാട്ടി
മരുവും പാഴനാരമൊരുപൈതൽ
അരിയൊരമ്മതന്നരികിലെന്നപോൽ
തിരിയെവന്നേൻ ഞാൻ തിരുമുമ്പിൽ.
ഉരുതാപച്ചെന്തീയുലയിലെന്നോണം
മുരുകിനീറുന്നെന്മനമയ്യോ!
അറിയും സർവ്വവും പരമാത്മാവുനീ
തെറിയനെന്നെക്കരുതല്ലോ!
വിഷമദുർവ്വിധി വിലസിതങ്ങളാൽ
വിഷയസൗഖ്യങ്ങൾക്കടിമയായ്
പെരുത്തു ഞാൻചെയ്ത പിഴകൾ നീപൊറു
ത്തരുളേണം നീയേ ഗതിമേലിൽ;
പരനേ പാഹിമാം പരമേശാപാഹി
ശരണംനിൻചാരു ചരണംമേ.

ഈ സ്തോത്രം ചൊല്ലിക്കഴിഞ്ഞപ്പോൾ അയാൾക്ക് വളരെ ഒരു ആശ്വാസം ഉണ്ടായി. ഭഗവാന്റെ വിഗ്രഹം കനിഞ്ഞ് അലിവോടുകൂടി തന്നെ നോക്കുന്നതായി അയാൾക്കു തോന്നി. അയാൾക്ക് മനസ്സിനു ശാന്തികിട്ടി. അവിടെ മണ്ഡപത്തിൽ ഇരുന്ന ഒരു ഭക്തൻ തിരുവള്ളുവനായനാരുടെ തിരുക്കുറളിൽനിന്ന് ചില ചരണങ്ങൾ പാടുന്നുണ്ടായിരുന്നു. കോവലൻ അടുത്തുചെന്നിരുന്നു കുറേനേരം അതു കേട്ടുകൊണ്ടിരുന്നു.

"പണത്തിന്നുടൽ വില്ക്കുന്ന
പെണ്ണിൻപാഴ്പുൽകലെല്ലവൻ
ഇരുട്ടറ്റാമറയ്ക്കുള്ളിൽ
കണപ്പത്തെയണയ്ക്കയാം"

ഇതു കേട്ടപ്പോൾ എത്ര വാസ്തവം എന്നു പറഞ്ഞ് അയാൾ നെടുവീർപ്പിട്ടു. ഗായകൻ അടുത്ത പദ്യം ചൊല്ലി.

"ചാരിത്രാകാരത്തു ഭർത്താവെ
ശുശ്രൂഷിച്ചുയശസ്സോടും
ഇരുവർക്കും സുഖംചെയ്തു
മരുവും വധുതാൻവധു"

"ഇതുപോലെ തന്നെയാണ് കണ്ണകി" എന്ന് അയാൾ വിചാരിച്ചു.

"മദ്യവും ചൂതുമപ്പോലെ
മനംരണ്ടുള്ള നാരിയും
മഹാലക്ഷ്മിവെടിഞ്ഞോർക്ക
മതിയിൽ പ്രീതിചേർത്തിടു."

എന്ന് വേറൊരു പദ്യം ഭക്തൻ പാടി. "ഞാനും അങ്ങനെയുള്ള ഒരുത്തനാണല്ലോ കഷ്ടം!" എന്ന് അതു കേട്ടപ്പോൾ അയാൾ തന്നത്താൻ അപലപിച്ചു.

"വെറംവെള്ളത്തിനോടൊപ്പം
വിരസംതന്നെയെങ്കിലും
സ്വയംപചിച്ചൊരുണ്ണിൻെറ
സ്വാദതെങ്ങൊന്നു വേറെയാം."

"ഞാൻ എൻെറ തൊഴിൽ ഉപേക്ഷിച്ചു. അച്ഛന്റെ സ്വത്തു് എടുത്തു കഴിച്ചു. അതു് എത്ര മടയത്തരം" എന്നു് ആ പദ്യം കേട്ടപ്പോൾ കോവലനു തോന്നി. ഭക്തൻ അടുത്ത ശ്ലോകം വായിച്ചു.

"അഴകാം ചൊവ്വുമുള്ളമ്പി
ന്നഴലേകുകയാം തൊഴിൽ!
വിരൂപം വിരസം പാരം
വീണയേക്രുസുഖാമൃതം."

"എൻെറ കണ്ണിന്നു് മാധവിയും കണ്ണകിയും എങ്ങനെയിരുന്നു എന്നു വിളിച്ചു പറയുന്നുണ്ടു് ഈ പദ്യം" എന്നു അയാൾക്കു് അപ്പോൾ മനസ്സിൽ തോന്നി.

"ഇല്ലാത്തവരെയെല്ലായു
മെല്ലായ്പോഴുംവെറുത്തിടും
മുതലുള്ളോരെയെല്ലാരും
മുതലിട്ടും പുകഴ്ത്തിട്ടും"

"ഇതുതന്നെ എൻെറ അവസ്ഥ." എന്നു ഇതുകേട്ടു് അയാൾ മന്ത്രിച്ചു

ഭക്തൻ പിന്നെയുംപാടി.

"വിധിയാൽവരുമില്ലായ്മ
വിഴുയാവില്ലയാർക്കുമേ
അറിവാന്നോർ പ്രവർത്തിക്കാ-
യ്കുറവേവീഴ്ചയായ്വരും."

കോവലൻ പരിശ്രമം ചെയ്യാൻ തീർച്ചയാക്കി. എന്നാൽ എന്താണു് ചെയ്യേണ്ടതു് എന്നു അയാൾക്കു തോന്നിയില്ല. ഭക്തൻ തുടർന്നു.

"ഇല്ലാത്തതെന്തുഗൃഹിണി
നല്ലനല്ലാരതാവുകിൽ?
ഉള്ളതെന്തോന്നുഗൃഹിണി
പൊല്ലാനല്ലാരതാവുകിൽ?"

"എന്റെ ഗൃഹിണി കണ്ണകി സകലസൽഗുണസമ്പൂർണ്ണയാണ്. എന്നാൽ അവൾ എനിക്കു മാപ്പു തരുമോ? മാപ്പുതരണമെന്നു് ഞാൻ അവളോട് എങ്ങനെ അപേക്ഷിക്കും?" എന്നു് അയാൾ തന്നത്താൻ പറഞ്ഞു.

ഭക്തൻ പിന്നെയും പാടി.

"തനിക്കിനാവതിൽപോലും
തനിക്കാവതു നൽകുവാൻ
മറക്കാമനുജൻതന്നോ
ടിരപ്പതുകൊടുപ്പതെ."

കോവലൻ അതുകേട്ടു. "ഉടനേ ഞാൻ കണ്ണകിയുടെ അടുക്കൽ തിരിച്ചുപോകും. നേരെ ധാന്യവിപണിയിലുള്ള വീട്ടിൽപോയി അവിടെ വച്ചിട്ടുള്ള മുണ്ടുകൾ എടുത്തുംകൊണ്ടു് അവളുടെ വീട്ടിലേയ്ക്കുപോകാം." എന്നിങ്ങനെ നിശ്ചയിച്ചുറച്ച് അയാൾ അമ്പലംവിട്ടു പുറത്തിറങ്ങി അവിടേയ്ക്കുപോയി. അപ്പോൾ അവിടെ മുല്ലപ്പൂ ചെമ്പകപ്പൂ പിച്ചകപ്പൂ മുതലായവ ചേർത്തു് കെട്ടിയ ഒരു മാലയിന്മേൽ അകിൽച്ചാറും ചെമ്പരത്തിച്ചാറും കൂട്ടി എഴുതിയ ഒരു എഴുത്തുമായി വസന്തമാല അയാളെയുംകാത്തു നില്ക്കുന്നതു് അയാൾ കണ്ടു. ആ എഴുത്തു് ഇങ്ങനെ ആയിരുന്നു.

"വസന്തം യൗവനപ്രായത്തിലുള്ള ഒരു രാജാവത്രെ. അവിടുന്നു് പിഴചെയ്തുപോകാം. ചന്ദ്രന്റെ സഹായത്തോടുകൂടി നിശാരംഗത്തിൽ കാമിനീകാമുകന്മാരെ തമ്മിൽ ചേർക്കുന്നതു് അവിടുന്നത്രെ. ആ ചന്ദ്രനും ദോഷരഹിതനല്ല. അങ്ങനെയിരിക്കെ കാമിനീകാമുകർ ബുദ്ധി

കേടിനാൽ വല്ല. പിഴയും ചെയ്തുപോകുന്നെങ്കിൽ എന്തത്ഭുതമാണുള്ളത്? അതിനാൽ ദ്വേഷ്യപ്പെട്ട കാമുകർ കാമിനിമാരെ തിരസ്കരിച്ചുപോവുകയോ? ആ ശിക്ഷയ്ക്ക് അവർ അർഹരാണോ? തങ്ങളുടെ കാമുകന്മാരോടുകൂടിയിരിക്കുമ്പോൾ മൃദുക്കളും ശീതളങ്ങളും എന്നാൽ അവരോടു പിരിഞ്ഞിരിക്കുമ്പോൾ പഴുക്കെച്ചുട്ട ക്രൂരമ്പുകൾ പോലെ അസഹ്യങ്ങളും ആയ സൂര്യകിരണങ്ങൾ കൊണ്ട് അവരെ ചന്ദ്രൻ ശിക്ഷിക്കുന്നുണ്ടല്ലോ.'

അയാൾ അതു കൈയിൽ വാങ്ങിയില്ല. വസന്തമാല അതു തുക്കിപ്പിടിച്ചു കാണിച്ച് കൊടുത്ത് അയാൾ വായിച്ചതേ ഉള്ളൂ. അതു വായിച്ചു നോക്കി അയാൾ ഇങ്ങനെ പറഞ്ഞു. "എട്ടുവിധം ആട്ടങ്ങളും നാട്യങ്ങളും അവൾക്ക് നന്നവണ്ണം വശമാണ്. വാസ്തവത്തിൽ പ്രേമപരവശയായ ഒരു യുവതിയേക്കാൾ അധികാനുരാഗം ആർദ്രങ്ങളായ നയനങ്ങൾ കൊണ്ടുള്ള നോട്ടങ്ങളിൽ സ്ഫുരിപ്പിച്ച് അഭിനയിക്കുന്ന 'കൺകൂട്ടവാരി'യും, കല്ലുകളേപ്പോലും ആകർഷിക്കുന്ന സമ്മോഹനങ്ങളായ മന്ദസ്മിതങ്ങളോടുകൂടി അഭിനയിക്കുന്ന 'കൺവാരി'യും, ഹംസയാനം മയിലാട്ടം കിളിക്കൊഞ്ചൽ ഇവയോടുകൂടി അഭിനയിക്കുന്ന 'ഉൾവാരി'യും, കാഴ്ചക്കാരിൽ ആലിംഗനസൗഖ്യം ആവേശിക്കത്തക്കവണ്ണം മനോഹരങ്ങളായ കടിതടചലനങ്ങളോടുകൂടി അഭിനയിക്കുന്ന 'പുറവാരി'യും, പോർമുലകളുടെ ഭംഗിയും വാർകുന്തളങ്ങളുടെ സൗന്ദര്യവും കണ്ട് ആളുകൾ മയങ്ങിപ്പോകത്തക്കവണ്ണം മനോഹരമായ മാറിടം ഇളക്കി അഭിനയിക്കുന്ന 'കിളർവാരി'യും, കാമുകനായ ഞാൻ മുമ്പിലിരിക്കയാണെങ്കിലും കഠിനവിരഹവേദനാവിധങ്ങളെ പൂർണ്ണതയോടെ കാണിച്ച് അഭിനയിക്കുന്ന 'തേച്ചിവാരി'യും വണ്ടണി മുരണ്ടുകൊണ്ടിരിക്കുന്ന ഒരു പുഷ്പമാല്യവും ധരിച്ച്, രംഗവാസികളെ

നോക്കി അവർ അനുഭവിക്കുന്ന കഷ്ടതകളെക്കുറിച്ച് അവർ വിശ്വസിക്കത്തക്കവണ്ണം ഫലിപ്പിച്ച പാടി അഭിനയിക്കുന്ന 'കാർപ്പുവാരി'യും, അവർ കാമപാരവശ്യം കാട്ടി രംഗവാസികളിൽ താൻ മനസ്സാൽ കണ്ട ചിലരുടെ മടിയിൽ മൂർച്ഛിച്ച വീഴുകയും അവർ മറയ്ക്ക് അവർക്ക് ബോധം വരുത്തി ആശ്വസിപ്പിക്കയും ചെയ്യുന്ന 'എട്ടുത്തുക്കോർവാരി'യും, ഈ വിധം ആട്ടങ്ങളും അഭിനയങ്ങളും മറെറന്തെല്ലാമാണെങ്കിലും, കേവലം ഒരു ആട്ടക്കാരിമാത്രിയായ മാധവിയ്ക്ക്, ആ കള്ളിയ്ക്ക്, കൂടപ്പിറവിയാണല്ലോ."

വസന്തമാല അവിടെ നടന്ന വസ്തുത എല്ലാം വീട്ടിൽ ചെന്ന് മാധവിയോട് പറഞ്ഞു. "ഇതും ഒരു പ്രണയകലഹമേ ഉള്ളൂ. അദ്ദേഹം ഇന്നുരാത്രിയിൽ പക്ഷെ വരുകയില്ലായിരിക്കും. അങ്ങിനെയായാൽ നാളെ രാവിലെ അദ്ദേഹത്തിനെ ഇവിടെ നമുക്ക് കാണാം." എന്ന്, അതൊന്നും താൻ വകവച്ചിട്ടില്ലെന്നുള്ള മട്ടിൽ പറഞ്ഞ് മാധവി അവളെ അയച്ചു. എന്നാൽ വസന്തമാല അവിടെ നിന്നും പോയികഴിഞ്ഞ ഉടനേ, അവൾ ഉള്ളിൽ ഒതുക്കിയിരുന്ന വ്യസനം മുഴുവൻ പുറത്തു വന്നു. അവൾ തന്റെ പൂമെത്തയിന്മേൽ ചെന്നുവീണ് വ്യസനിച്ചും ഉറക്കം വരാതെയും ഹൃദയ ഭാരത്തോടെ കിടന്നു.

ഈ സംഗതികൾ സംഭവിച്ച അന്ന് സന്ധ്യയ്ക്ക് ആ നഗരത്തിലെ ശാസ്താംകോവിലിൽ ശാന്തിക്കാരി ദേവന്തി എന്ന പണ്ടാര സ്ത്രീ കണ്ണകിയെ കാണാൻ വന്നു. അവർ തമ്മിൽ സ്നേഹമായിരുന്നു. ദേവന്തിയുടെ കഥ രസമുള്ള ഒന്നാണ്. അവിടെ കചിഗോത്രജാതയായ മാലതി എന്നൊരു ബ്രാഹ്മണസ്ത്രീ ഉണ്ടായിരുന്നു. അവളുടെ കുട്ടി പെററുവീണ ഉടനേ മരിച്ചുപോയി. അതിനു ശേഷം അവൾ തന്റെ സപത്നിയുടെ അതേ പ്രായത്തിലുള്ള ഒരു ആൺകുഞ്ഞിനെ വളർത്തിവന്നു. ഒരു ദിവസം

ആ ശിശു അവളുടെ മുല കടിച്ചുകൊണ്ടിരുന്നപ്പോൾ വിക്കി മുലപ്പാൽ മൂക്കിൽകേറി ശ്വാസംമുട്ടി മരിച്ചു. താൻ പെററ തന്റെ കുഞ്ഞിനേപ്പോലെയാണ് താൻ അതിനേ സ്നേഹിച്ചു രക്ഷിച്ചുപോന്നതെങ്കിലും കൂട്ടുകാരിയുടെ കുഞ്ഞിനേ നോക്കിയില്ലെന്നുള്ള കുററത്തിനു താൻ പാത്രമാകുമെന്നു പേടിച്ച് അവൾ വളരെ പരിഭ്രമിച്ചു. വ്യസനസംഭ്രാന്തയായ മാലതി കുഞ്ഞിന്റെ ശവശരീരവും എടുത്തുംകൊണ്ട്, സൂൎയ്യചന്ദ്രന്മാരുടേയും കല്പവൃക്ഷങ്ങളുടേയും ഐരാവതത്തിന്റെയും ബലരാമന്റെയും ശിവന്റെയും സുബ്രഹ്മണ്യന്റെയും ഇന്ദ്രന്റെയും ശതവാഹനന്റെയും അമ്പലങ്ങളിലും ജയിനദേവാലയത്തിലും ചെന്ന് അതിനു ജീവൻ കൊടുത്തു തന്റെ ദുഃഖം തീൎത്തു രക്ഷിക്കണമെന്ന് പ്രാൎത്ഥിച്ചു. ആ പ്രാൎത്ഥനകൾകൊണ്ടു ഫലം ഉണ്ടാകായ്കയാൽ പിന്നെ അവൾ ഒരു പാഷണ്ഡക്ഷേത്രമായ ശാസ്താംകോവിലിലേയ്ക്കുപോയി. അവിടെ ഒരു അതിസുന്ദരിയായ സ്ത്രീ അവളുടെ മുമ്പിൽ പ്രത്യക്ഷമായി, 'തപസ്സു ചെയ്തു പുണ്യം സമ്പാദിക്കാത്ത നിന്നേപ്പോലെ ഉള്ള ഒരു സ്ത്രീയ്ക്കു് ഒരു ദേവനും വരംവരുന്നതല്ല; കുട്ടിയെ എന്റെ കൈയിൽ തരൂ" എന്നു പറഞ്ഞു് അതിനേ അവളുടെ കൈയിൽനിന്നും പിടിച്ചു പറിച്ചെടുത്തുംകൊണ്ടു ചക്രവാളക്കോട്ടം എന്ന ചുടുകാട്ടിലേയ്ക്കു പോയി. മാലതി വ്യഥയോടുകൂടി ആ സ്ത്രീയുടെ പിറകേപോയി. ചുടലക്കാട്ടിൽ ചെന്നപ്പോൾ ഡാകിനി എന്നൊരു ഭൂതം കുട്ടിയുടെ ശവം എടുത്തു വിഴുങ്ങിക്കളഞ്ഞു. അതുകണ്ടു മാലതി അതിദാരുണമായി ഉറക്കെ നിലവിളിച്ചു. അപ്പോൾ ശാസ്താവു് അവളുടെ ദുഃഖാധിക്യംകണ്ടു കനിഞ്ഞു് അവിടെ പ്രത്യക്ഷപ്പെട്ടു്, 'ഹേ സുന്ദരി, നീ തീരെ വ്യസനിക്കണ്ടാ. ഇതാ നിന്റെ കുഞ്ഞിനു ജീവൻ വീണു. നോക്കു്." എന്നു പറഞ്ഞു മറഞ്ഞു. ശാസ്താവു്

തന്നെ ആ കുട്ടിയുടെരൂപമായി മാറി. മാലതി സന്തോഷിച്ച് ആ കുഞ്ഞിനെ രണ്ടുകൈകൊണ്ടും വാരിയെടുത്തു വീട്ടിൽകൊണ്ടുപോയി അതിൻെറ അമ്മയുടെ കൈയിൽ കൊടുത്തു. അവൾ തൻെറ കുഞ്ഞിൻെറ ആകൃതിയിൽ ഒരു വ്യത്യാസവും കണ്ടില്ല. ആ ദിവ്യകുമാരൻ വളൻ പുരുഷപ്രായം തികഞ്ഞപ്പോൾ ദേവന്തിയെ കല്യാണം കഴിച്ചു. അദ്ദേഹം അവളോടൊരുമിച്ചു പാർത്തു കുറേക്കാലം കഴിഞ്ഞതിൽ പിന്നീട് തൻെറ രഹസ്യം അവളെ അറിയിച്ചുംവച്ച് ആ ശാസ്താംകോവിലിലെ വിഗ്രഹത്തിൽ പ്രവേശിച്ച് അതിനോടു ഐക്യം പ്രാപിച്ചു. "ഇനി നീ എൻെറ വിഗ്രഹത്തെ ഭക്തിപൂർവ്വം പൂജിച്ചുകൊള്ളണം; നിൻെറ ഭർത്താവു കാശി മുതലായ സ്ഥലങ്ങളിലേക്കു ദീർഘമായ ഒരു തീർത്ഥയാത്ര പോയിരിക്കയാണെന്ന് എല്ലാവരോടും പറഞ്ഞുകൊള്ളണം." എന്നു അതിനുമുമ്പുതന്നെ ഭർത്താവ് അവളോടു ആജ്ഞാപിച്ചിട്ടുണ്ടായിരുന്നു. ദേവന്തി അതുപോലെ ചെയ്തു

അങ്ങനെ അവൾ ആ ക്ഷേത്രത്തിലെ ശാന്തിക്കാരിയായി. കണ്ണകിയോടു അവൾക്കു പ്രതിപത്തി തോന്നി. "ഒരു ഈശ്വരൻ വിവാഹംചെയ്ത ഒരു മനുഷ്യവനിതയാണ് ഞാൻ. ഒരു മനുഷ്യനെ വിവാഹം ചെയ്ത ഈശ്വരിയാണ് കണ്ണകി." എന്ന് ദേവന്തി കണ്ണകിയെക്കുറിച്ചു പറഞ്ഞുപോന്നു. കണ്ണകിയ്ക്കു സംഭവിച്ച ദൗർഭാഗ്യങ്ങളെക്കുറിച്ച് കേട്ടപ്പോൾ അവൾക്ക് അളവററ ദുഃഖം ഉണ്ടായി. ഇന്ദ്രോത്സവം പര്യവസാനിക്കുന്ന അന്നു അവൾ ശാസ്താവിന് വിശേഷാലായി ചില പൂജകളും വഴിപാടുകളും കഴിച്ച് പ്രസാദങ്ങളുംകൊണ്ടു് കണ്ണകിയുടെ വീട്ടിൽ പോയി, അവൾക്ക് ആ പ്രസാദങ്ങൾ കൊടുത്ത്, 'നിനക്കു നിൻെറ ഭർത്താവിനെ തിരിച്ചു കിട്ടട്ടെ, എന്നു പറഞ്ഞ് അവളെ അനുഗ്രഹിച്ചു.

"അദ്ദേഹത്തിനെ തിരിച്ചു കിട്ടിയാലും, പിന്നെയും എന്തെല്ലാം വരാൻ പോകുന്നോ? എന്റെ മനസ്സിൽ പല ആശങ്കകളും ഉണ്ടാകുന്നു, എന്റെ ദേവന്തി. ഞാൻ ഒരു സ്വപ്നംകണ്ടു. അദ്ദേഹവും ഞാനുംകൂടി കൈ കോർത്തു പിടിച്ചുംകൊണ്ടു ഒരു വലിയ പട്ടണത്തിൽ ചെന്നു. അവിടെ ചിലർ അന്യായമായി അദ്ദേഹത്തിന്റെ മേൽ കള്ളമായി ഒരു കുററം ചുമത്തി. ഒരു തേളിന്റെ കുത്തുപോലെ അതു് എന്നെ നൊമ്പരപ്പെടുത്തി. ഞാൻ രാജസന്നിധിയിൽ പോയി അതു് വ്യാജവും കൃത്രിമവും ആണെന്നു് മഹാരാജാവിനെ അറിയിച്ചു. രാജാവു് അതു് വകവച്ചില്ല. പിന്നെ ആ രാജാവിനും നഗരത്തിനും എല്ലാം വലിയ ഒരു ആപത്തുണ്ടായി. അതിനു പിന്നീടു് അദ്ദേഹത്തിനും എനിക്കും—നീ ചിരിക്കല്ലേ—ആശിക്കാൻ വയ്യാത്ത വലിയ അനുഗ്രഹം കിട്ടി" എന്നു കണ്ണകി മറുപടി പറഞ്ഞു.

"സഖി," ദേവന്തി പറഞ്ഞു. "നിന്റെ ഭർത്താവു് നിന്നെ തീരെ ഉപേക്ഷിച്ചിട്ടില്ല. അദ്ദേഹം നിശ്ചയമായും തിരിച്ചുവരും. കഴിഞ്ഞ ജന്മത്തിൽ, നീ ഭഗവാനു് ഒരു നേർച്ച കഴിക്കാതിരുന്നതുകൊണ്ടാണു് നിനക്കു് ഈ ദുഃഖം എല്ലാം വന്നതു്. കാവേരീസംഗമത്തിലുള്ള സോമകുണ്ഡതീർത്ഥത്തിലും സൂര്യകുണ്ഡതീർത്ഥത്തിലും സ്നാനം കഴിച്ചാൽ നിനക്കു് പിന്നെ ഒരിക്കലും നിന്റെ ഭർത്താവുമായി പിരിയാൻ സംഗതിവരുകയില്ല, എന്നു് മാത്രമല്ല ഈ ജന്മത്തിന്റെ ഒടുക്കം നിങ്ങൾക്കു സ്വർഗ്ഗപ്രാപ്തിയും ഉണ്ടാകും. ഒരു ദിവസം നമുക്കു രണ്ടുപേർക്കുംകൂടി അതിനു പോകാം." എന്നു അതിനു ഉത്തരമായി ദേവന്തി പറഞ്ഞു.

"അതു പാടില്ല അതു ശരിയല്ല. എനിക്കു ഈശ്വരൻ എന്റെ ഭർത്താവു മാത്രമാണു്. അങ്ങനെ ഉള്ള വര

ങ്ങൾക്കു മററായ ദേവന്മാരോടും ഞാൻ പ്രാത്ഥിക്കയി
ല്ല. ഞാൻ അതിനു മററാക്കും കഷ്ടപ്പെടുകയില്ല." എന്നു
കണ്ണകി ഉത്തരം പറഞ്ഞു.

ദേവന്തി യാത്രപറഞ്ഞുപോയി. അതിന്നുശേഷം
കണ്ണകി കോവലനെക്കുറിച്ചും താൻ കണ്ട സ്വപ്നത്തെ
പ്പററിയും വിചാരംപൂണ്ടു വ്യസനാധീനയായിരിക്കുമ്പോൾ
പടിവാതിലിൽ ആരോ മുട്ടി വിളിക്കുന്നതുപോലെ അ
വൾക്കു തോന്നി. അവൾ വേഗം എഴുന്നീച്ചുചെന്നു കത
കുതുറന്നു. കോവലൻ ദുഃഖം മൂത്തീകരിച്ചപോലെ അവി
ടെ നിന്നിരുന്നു അവൾ ഉടനേ അയാളുടെ കാല്ക്കൽ വീ
ണുനമസ്കരിച്ചു അശ്രുവഷം ചെയ്തു. കണ്ണകി പണ്ടത്തെ
അവളുടെ നിഴൽമാത്രമായി ചുക്കിശ്ശോഷിച്ചിരിക്കുന്നതും
വളരെ താണതരത്തിലുള്ള മുഷിഞ്ഞ ചേല ഉടുത്തിരിക്കു
ന്നതും കണ്ടു അയാളുടെ ഹൃദയം നൊന്തു കരഞ്ഞു അ
യാൾ കണ്ണീർ ചൊരിഞ്ഞു. അയാൾ അവളെ എണീ
പ്പിച്ചു മുറുകെ ആലിംഗനം ചെയ്തുകൊണ്ടു, "എള്ളു അ
യഥാത്ഥത്തെയും യഥാത്ഥമായി കാണിക്കുന്ന ഒരു സ്ത്രീ
യെ കാമിച്ചു അവളെ സ്വീകരിച്ചു എനിക്കു പാരമ്പര
യായി കിട്ടിയ സ്വത്തുമാത്രമല്ല, നിന്റെയും സ്വത്തുക്കൾ
സകലതും നശിപ്പിച്ചു ഞാൻ ഇപ്പോൾ ശുദ്ധ ഇരപ്പാ
ളിയും നിന്ദ്യനും ആയിത്തീന്നിരിക്കുന്നു." എന്നു അ
യാൾ അവളോടു എങ്ങി എങ്ങി പറഞ്ഞു അവൾ അതു
കേട്ടു ഹൃദയംഗമമായ ഒരു മന്ദസ്മിതത്തോടുകൂടി. "എന്റെ
പ്രാണനാഥൻ വ്യസനിക്കേണ്ട. ഇതാ ഈ വിലപിടിച്ച
എന്റെ ചിലമ്പുകൾ. ഈ ചിലമ്പുകൾ വിററുകിട്ടുന്ന
പണംകൊണ്ടു ഇനിയും അങ്ങേയ്ക്കു മാന്യമായ നില
യിൽ കഴിക്കാൻ കഴിയും." എന്നു അയാളോടു മറുപടി
പറഞ്ഞു. കോവലൻ ആ വാക്കുകൾ കേട്ടപ്പോൾ മുഖം
അവളുടെ മുലകളിൽ വച്ചുംകൊണ്ടു ഒരു ശിശുവിനേ

പ്പോലെ പൊട്ടിക്കരഞ്ഞു. "എന്റെ ഓമനേ, ഞാൻ അതുവിചാരിച്ചല്ല അങ്ങനെ പറഞ്ഞത്. ഞാൻ അവളെയും എന്റെ കഴിഞ്ഞജീവിതത്തെയും എന്നെന്നേയ്ക്കുമായി ഉപേക്ഷിച്ചുകഴിഞ്ഞു. ഭൂമിദേവിയെപ്പോലെ ക്ഷമയും, തന്നെ വെട്ടിനശിപ്പിക്കുന്ന മനുഷ്യന് തണലുകൊടുക്കുന്ന മരത്തെപ്പോലെ ഔദാര്യവും ഉള്ള എന്റെ കണ്ണകി! ഇനി നിന്നെത്തന്നെ ശരണമായി വരിച്ചു വന്നിരിക്കയാണു് ഞാൻ." എന്ന് അയാൾ മറുപടി പറഞ്ഞു. അങ്ങനെ അവർ, കൈയോടുകൈയണച്ചു കെട്ടിപ്പിടിച്ചുകൊണ്ടു മാറോടുമാറണച്ചു ശ്വാസംകഴിച്ചുകൊണ്ടും വളരെനേരം അവിടെ നിന്നു. ഒടുക്കം "കതകു തുറന്നുകിടക്കുന്നു, ഞാൻ അതു അടയ്ക്കട്ടെ?" എന്ന് കോവലൻ ചോദിച്ചു. "വേണ്ട, നമ്മൾ തമ്മിൽ വീണ്ടും ചേർന്നപ്പോഴുള്ള ഈ ആനന്ദാനുഭവം എല്ലാവരും കാണട്ടെ. ഇനി പൊട്ടിപ്പോയ നമ്മുടെ ജീവിതത്തിന്റെ തന്തികളെ അവ പൊട്ടിയിരിക്കുന്ന ദിക്കിൽ ഒരുക്കൂട്ടിച്ചേർത്തു നമുക്ക് അതു ആവർത്തിച്ചുതുടങ്ങാം." എന്നു ദേവി മറുപടിപറഞ്ഞു.

"അതു് ഇവിടെ വേണ്ട. അവമാനത്തിനും അധിക്ഷേപങ്ങൾക്കും ഒരു ഇരപ്പാളിക്കുള്ള അവഹേളനത്തിനും ഞാൻ അധീനനായ ഈ നഗരത്തിൽ ഇനി ഒരു ദിവസംപോലും കഴിക്കാൻ എനിക്കു വയ്യ. എന്നെയും എനിക്കു നേരിട്ട അവമാനങ്ങളെക്കുറിച്ചും ആരും അറിയാത്ത മധുരാപട്ടണത്തിൽ പോയി വ്യാപാരംചെയ്തു ധാരാളം പണം സമ്പാദിച്ചുംകൊണ്ടു് എനിക്കു ഇവിടെ തിരിച്ചു വരണം. അതിന്ന് ആദ്യം കച്ചവടം തുടങ്ങാൻ വേണ്ട മൂലധനം വേണം. ആ ഒരു കാര്യത്തിലേ ഞാൻ വൈഷമ്യം കാണുന്നുള്ളൂ. എങ്ങനെ എങ്കിലും തൂത്തുവാരിക്കൂട്ടിച്ചേർത്തു് അതു് ഞാൻ ഉണ്ടാക്കും." "അതിന്ന് അങ്ങു ഒട്ടും വിഷമിക്കേണ്ട. എന്റെ ഈ ചിലമ്പുകൾ വളരെ വില

പിടിച്ചുവയാണ്. അവ വിററാൽ അങ്ങേയ്ക്കു അതിന്നു വേണ്ട പണം കിട്ടുമല്ലോ."

"നിനക്ക് ഇനി വളരെ കാച്ചു ആഭരണങ്ങളേ ശേഷിച്ചിട്ടുള്ളൂ. അവകൂടി വില്ക്കാൻ ഞാൻ വിചാരിക്കുന്നില്ല. എന്റെ സ്വന്തം വിഭവങ്ങളെതന്നെ ആശ്രയിച്ചു എനിക്കു അതുണ്ടാക്കണം."

"എന്ത്! അങ്ങ് ഇവിടെ തിരിച്ചുവന്നതും എന്നോടുചേന്നതും 'എന്റെയും നിന്റെയും' എന്നു രണ്ടും രണ്ടാക്കിപ്പറഞ്ഞു എന്നെ ആക്ഷേപിക്കാനാണോ?" എന്നു ചോദിച്ചു അപ്പോൾ അവൾ, പിന്നെയും കരയാൻ തുടങ്ങി.

"അയ്യോ, വേണ്ട, വേണ്ട, കരയേണ്ടാ" എന്നു പറഞ്ഞു അയാൾ അവളുടെ കണ്ണുകളിൽ ഉമ്മവച്ചുമ്മവച്ചു കണ്ണുനീരെല്ലാം കളഞ്ഞു. അയാൾ അവളുടെ ആഗ്രഹം പോലെ ചെയ്യാമെന്നു സമ്മതിച്ചു. "ഇനി മധുരയ്ക്കു പോയിവരാൻ നീ എനിക്കു അനുമതിതരണം. ഒരാണ്ടിനകം ഞാൻ തിരിച്ചുവരും" എന്നു അയാൾ പറഞ്ഞു.

"ഇനിമേൽ ഒരിക്കലും ഞാൻ അങ്ങേ വേർപെട്ടിരിക്കയില്ല. ഞാനും അങ്ങേയുടെകൂടെ മധുരയ്ക്കുവരുന്നു."

"അതല്ല, തങ്കം. നിനക്കു വഴിനടന്നു ശീലമില്ല. വഴി വളരെ നടക്കണം. മധുര വളരെ ദൂരെയാണു്. കല്ലും മുള്ളും കാട്ടുമൃഗങ്ങളും അവയെക്കാൾ പേടിക്കേണ്ട കാട്ടുജാതികളും ഉള്ള വൻകാടുകളിൽകൂടിയും കുന്നും മേടും മലയും കേറിയിറങ്ങിയും ആറുകൾ കടന്നും വേണം അവിടെയ്ക്കു പോകാൻ. അതുകൊണ്ടാണു്, ഞാൻ പറഞ്ഞതു്."

"ഇങ്ങനെ യാത്രക്ലേശങ്ങളെ വർണ്ണിച്ചുപറയുന്നതു് എന്തിനാണു്? എന്തുതന്നെയായാലും ഞാൻ അങ്ങേയോടു് ഒരുമിച്ചുണ്ടു്."

"അങ്ങിനെയാണെങ്കിൽ ഇന്നു രാത്രിയിൽ തന്നെ പുറപ്പെടണം. ഈ വിവരം ആരെങ്കിലും അറിയുന്നതിനു മുമ്പേ നില്ലാവും ഉണ്ടല്ലോ."

അവർ രണ്ടാളുംകൂടി അന്നുരാത്രിതന്നെ മധുരാപുരിയ്ക്കുപോകാൻ തീരുമാനിച്ചു.

# അദ്ധ്യായം ൧൯

## തെക്കോട്ട് യാത്രപുറപ്പെട്ടു.

അന്ന് രാത്രിയുടെ അന്ത്യയാമത്തിൽ, ചതുർദ്ദശിയാകയാൽ ചന്ദ്രൻ അസ്തമിച്ച് ഇരുട്ടു തുടങ്ങിയപ്പോൾ കോവലൻ കണ്ണകിയോടൊരുമിച്ച്, വെള്ളാടിന്റെയും കവരിമാനിന്റെയും അരയന്നത്തിന്റെയും രൂപങ്ങൾ കൊത്തിയിട്ടുള്ളവയും തുറന്നാൽ തന്നെത്താൻ അടഞ്ഞുകൊള്ളുന്നവിധത്തിൽ വച്ചുപിടിപ്പിച്ചിട്ടുള്ളവയും വിസ്തൃതങ്ങളും ആയ പടിവാതിലുകൾ തുറന്ന്, ഗൃഹത്തിന്റെ പുറത്തേപ്പടികടന്നു പുറത്തിറങ്ങി യാത്രപുറപ്പെട്ടു. ആദ്യമായി അവർ ശിവക്ഷേത്രത്തിലും വിഷ്ണുക്ഷേത്രത്തിലും കയറി പ്രദക്ഷിണംവച്ച് ദേവന്മാരെ തൊഴുതു. പിന്നിട്ട് കൈക്കൂപ്പി ശരണാപ്രാർത്ഥിച്ചുംകൊണ്ട് ഏഴു ബുദ്ധവിഹാരങ്ങളെയും അഞ്ചു ശാഖകളോടുകൂടിയ ബോധിവൃക്ഷത്തെയും കടന്നു. നടന്നു അവർ അതിനുശേഷം ചുററിമതിൽകെട്ടുകൾ ഉള്ള പൊയ്കയും വൃക്ഷവാടികളും തോപ്പുകളും പലതരം പുഷ്പങ്ങളുള്ള പൂന്തോട്ടങ്ങളും രാജകീയോദ്യാനവും, പുറംകോട്ടയുടെ ഗോപുരദ്വാരങ്ങളും കിടങ്ങുകളും പിന്നിട്ട് നഗരത്തിനു വെളിയിൽ ഇറങ്ങി. അവിടെനിന്നു കാവേരിയാററിലെ സ്നാനഘട്ടത്തിലേയ്ക്ക് പോകുന്നതും രണ്ടുവശത്തും ചോലവൃക്ഷങ്ങളോടുകൂടിയതും ആയ ചെറുവഴി വിലങ്ങി അവർ ആററിന്റെ ക

മയ്ക്ക് നെടുനീളെ ഉണ്ടാക്കീട്ടുള്ള അണവരമ്പിന്മേൽക്കൂടി ഒരു കാതംദൂരം പടിഞ്ഞാറോട്ടു പോയി. അവിടെ 'കവുന്തി' എന്ന ജൈനസന്ന്യാസിനിയുടെ പുഷ്പലതാവൃക്ഷങ്ങൾ ഇടതൂർന്ന് ആശ്രമത്തിൽ പ്രവേശിച്ചു. വഴിനടന്നു ശീലിച്ചിട്ടില്ലാത്ത കണ്ണകി അപ്പോഴേയ്ക്കും ക്ഷീണിച്ച്, "ഇനി ഇവിടെനിന്ന് എത്രദൂരമുണ്ട് മധുരയിലെത്താൻ' എന്നു ചോദിച്ചു. "ഹെയ് അത്രദൂരമൊന്നുമില്ല. അഞ്ചുകാതത്തിന്റെ ആറിരട്ടി, അത്രെ ഉള്ളു." എന്ന് കോവലൻ മറുപടി പറഞ്ഞു.

രണ്ടുപേരുംകൂടി സന്ന്യാസിനിയെ ദർശനംകഴിച്ചു വന്ദിച്ചു കവുന്തി അവരെ സൂക്ഷിച്ചുനോക്കിയിട്ട് "നിങ്ങളെകണ്ടിട്ട് നിങ്ങൾ ദൂരവഴിനടന്ന് പരിചയിച്ചിട്ടില്ലാത്ത അഭിജാതജനമാണെന്ന് തോന്നുന്നല്ലോ. നിങ്ങളെന്തിനാണ് പിന്നെ ഈ ആയാസമുള്ളയാത്ര കാൽനടയായി പുറപ്പെട്ടതു്?" എന്നു ചോദിച്ചു. "ഞങ്ങൾ മധുരാനഗരത്തിൽ പോയി ഞങ്ങളുടെഭാഗ്യം പരീക്ഷിക്കാനായി ഇറങ്ങിയിരിക്കയാണ്" എന്ന് കോവലൻ മറുപടിപറഞ്ഞു. "ഈ മൃദുഗാത്രിയായ യുവതിയുടെ ലോലപാദങ്ങൾ പരുത്തുകൂർത്ത ചരക്കല്ലുകൾ ചവുട്ടിയുള്ള നടപ്പ് സഹിക്കുമെന്ന് എനിക്ക തോന്നുന്നില്ല. ഞാൻ എന്തിനാണ് ഇതു പറയുന്നതു്? എന്റെ വാക്ക് നീയും കേൾക്കാൻ പോകുന്നില്ല. ഇവളും കേൾക്കാൻപോകുന്നില്ല. നിങ്ങൾ മുറയ്ക്ക് യാത്രപുറപ്പെട്ടുകഴിയുകയും ചെയ്തിരിക്കുന്നു. മധുരയിൽ പോയി അവിടെ അറിവാനേ ദർശിക്കാനും അവിടെയുള്ള മഹാന്മാരായ ജൈനമുനിവര്യന്മാർ ധർമ്മത്തെക്കുറിച്ച് പ്രസംഗിക്കുന്നതു കേൾക്കാനും അങ്ങനെ അധർമ്മം ഒഴിയാനും ഞാനും മോഹിച്ചിരിക്കയാണ്. ഞാനുംകൂടിവരാം. നമുക്ക് ഒരുമിച്ചുപോകാം." എന്ന് കവുന്തി അതുകേട്ട് കോവലനോട് പറഞ്ഞു.

"വളരെ സന്തോഷമായി. ദേവകൂടി ഉണ്ടായാൽ എനിക്ക് ഇവളെപ്പററിയുള്ള ഉല്ക്കണ്ഠ അത്രയും കുറയുമല്ലോ." എന്ന് കോവലൻ പറഞ്ഞു.

"ഏതുവഴിയേതാണ് നമുക്ക് പോകേണ്ടതെന്ന് തീച്ചയാക്കാൻ കുറേ വിഷമംതോന്നുന്നു. ഈ കുട്ടിയുടെ ശരീരം വളരെ മൃദുവാണ്. കടുത്ത വെയിലിൻെറ ചൂട് അതു് സഹിക്കയില്ല. അവർക്കുവേണ്ടി ചിലതോപ്പുകളിലും ഇഞ്ചിയും മഞ്ഞളും മററും കൃഷിചെയ്തിട്ടുള്ള തറകളിലും കാടുകളിലും കൂടെക്കയറി തണലുള്ള വഴിയേ പോകാമെന്ന് വച്ചാൽ പഴുത്ത ചക്കകൾ തലയിൽ വീഴാതെയും കാടുകളിൽ മൃഗങ്ങളെ പിടിക്കാൻ വയ്ക്കാറുള്ള കണികളിലും കുഴികളിലും അകപ്പെടാതെയും ഒഴിഞ്ഞും മാറിയും നടക്കണം. വയലുകളിലും ചതുപ്പുകളിലും കൂടിയുള്ള വഴിയേ പോകയാണെങ്കിൽ ഞണ്ടുകളേയും നീക്കോലികളേയും കണ്ടു് ഇവർ പേടിക്കും. ചില ദിക്കുകളിൽ നമ്മൾ ചാവപ്പെട്ട പുഴക്കളുടേയും ഞാഞ്ഞൂലുകളുടേയും മററും പുറത്തു ചവുട്ടി അവയെ തൊലിച്ചുകൊല്ലാൻ സംഗതിയായി എന്നുവരാം. എന്നാൽ ഇതു രണ്ടുമല്ലാതെ വേറെ വഴികളും ഇല്ല നമ്മൾ ഈ ദോഷങ്ങൾ സംഭവിക്കാതെ സൂക്ഷിച്ചുനോക്കി പോകണം." എന്നു പറഞ്ഞു കവന്തി വേഗം തൻെറ ഭിക്ഷപ്പാത്രവും വലസ്സഞ്ചിയും പീലിക്കെട്ടും എല്ലാം എടുത്തു്, അർഹതന്മാർ, സിദ്ധന്മാർ, ആചാര്യന്മാർ, ഉപാധ്യായന്മാർ, സാധുക്കൾ, എന്നിങ്ങനെയുള്ള ജൈനസ്വാമിയാരന്മാരെ വന്ദിച്ചു്, പ്രാർത്ഥിച്ചു്, കോവലകണ്ണകിമാരോടുകൂടി യാത്ര പുറപ്പെട്ടു.

അവർ കാവേരിയാററിൻെറ അണവരമ്പിന്മേൽ കൂടി നടന്നുപോയി. ആവരമ്പിൽ ഉള്ള കലുങ്കുകളും കാലുകളും വഴിയായി തൊട്ടികൾ, പിക്കോട്ടുകൾ, തേക്കോട്ടുകൾ മുതലായവ കൊണ്ടുകോരി ഒഴിച്ചും തേകിയും

വെള്ളംവിട്ട് വയലുകളിൽ കൃഷികൾ നടത്തുന്നതിനേയും ഒരു കാലത്തും വററിപ്പോകാത്ത കാവേരി ആററിലെ വെള്ളം കൃഷിക്ക് ഉപയോഗപ്പെടാനായി കരികാലചോളൻ കെട്ടിച്ച അണയിൽനിന്നുള്ള തോടുകളിൽകൂടി വെള്ളംവിട്ടുനനച്ച് കൃഷിചെയ്യപ്പെടുന്ന അവസാനമില്ലാത്ത നെൽ നിലങ്ങൾ, വാഴത്തോപ്പുകൾ, കരിമ്പുതോട്ടങ്ങൾ മുതലായവയേയും കൂട്ടംകൂട്ടമായി അസംഖ്യം കുളക്കോഴികൾ, കൊക്കുകൾ, അന്നങ്ങൾ, ഞാറകൾ, തത്തകൾ, ഞണ്ടുകൾ, മത്സ്യങ്ങൾ മുതലായ ജീവജാലങ്ങളേയും—ചളപ്പുനിലങ്ങളിൽ കിടന്നുരുണ്ട് മേലാസകലം ചളിപുരണ്ട് ചെങ്കണ്ണുകളോടുകൂടിയ പോത്തുകൾ കരയ്ക്കുകയറിവന്ന് കളങ്ങളിൽ കുന്നുകുന്നുകളായി കൂട്ടിയിരിക്കുന്ന നെൽക്കററകളിന്മേൽ ശരീരം ഉരസുന്നതിനേയും, നല്ല ഉരത്ത കൈകളോടുകൂടിയ കൃഷിക്കാരും കൂലിവേലക്കാരും പലവിധം കൃഷിജോലികൾ ചെയ്യുന്നതിനേയും ചെറുപ്പക്കാരായ സ്ത്രീകൾ തമ്മിൽ തമ്മിൽ ചെളിക്കട്ടകൾ വാരിഎറിഞ്ഞും പച്ചക്കളിവാക്കുകൾ പറഞ്ഞു ചിരിച്ചും നിലങ്ങളിൽനിന്ന് കള പറിക്കുന്നതിനേയും, ഉഴവുജോലിക്കാർ പാട്ടുകളുംപാടി വയലുകളിൽ കരിപിടിച്ച് താഴ്ത്തി ഉഴുന്നതിനേയും മററു ചിലർ പഴയ നാടൻ പാട്ടുകൾപാടിക്കൊണ്ട് കററ മെതിക്കുന്നതിനേയും—ഇതെല്ലാം വഴിക്ക് കണ്ടുംകൊണ്ട് അവർ യാത്രചെയ്തു.

ആ കർഷകരെ ചൂണ്ടിക്കാണിച്ചുംകൊണ്ട് കവുന്തി കൂട്ടുകാരോട് ഇങ്ങനെ പറഞ്ഞു. "എവിടെയെല്ലാം വേണമെങ്കിലും പോകട്ടെ എന്തെല്ലാം വേണമെങ്കിലും ചെയ്യട്ടെ മനുഷ്യർ അവരുടെ ആഹാരത്തിന്, 'മാനത്തുചാടിയാലും സമ്മാനം ചുവട്ടിൽ' എന്നു പറഞ്ഞപോലെ ഒടുക്കം കലപ്പയെത്തന്നെ ആശ്രയിക്കണം. മററു വളരെയൊക്കെ ഉണ്ടെങ്കിലും എല്ലാററിലും മുഖ്യമായ തൊഴിൽ കൃഷിയാണ്. കൃഷിക്കാരായ അച്യുതന്മാരില്ലെങ്കിൽ ലോ

കപ്രചക്രം കറങ്ങാതെ നിലയ്ക്കുന്നില്ലം. സാക്ഷാൽ സ്വതന്ത്രർ അവർ മാത്രമാണ്. മററുള്ളവരെല്ലാം ആഹാരത്തിന് അവരെ ആശ്രയിക്കതന്നെവേണം. അവർ സ്വന്തം ആഹാരത്തിന് മററാരോടും യാചിക്കേണ്ട എന്നമാത്രമല്ല, ഉടനടി ആഹാരംകൊടുത്തു് യാചകരെത്തൃപ്തിപ്പെടുത്തുകയും അവർക്കുകഴിയും കർഷകർക്കുകൈയ്യുംകെട്ടിയിരുന്നാൽ സന്യാസിവര്യന്മാർപോലും കഴങ്ങിപ്പോകും. വസ്തുത ഇങ്ങനെയാണെങ്കിലും നമുക്കെല്ലാം ആഹാരം തന്നുപോരുന്ന കൃഷിക്കാർ എന്നും കഠിനവേലചെയ്തും കഷ്ടപ്പാട് അനുഭവിച്ചും തന്നെ കഴിയുന്നു." കോവലനും കണ്ണകിയും സന്യാസിനിയുടെ ഈ വിജ്ഞാനഘോഷണം പ്രീത്യാശ്ചര്യങ്ങളോടെ ശ്രദ്ധിച്ചുകേട്ടുംകൊണ്ടു് അവരെ അനുഗമിച്ചു.

കറെ പന്നപ്പോൾ വഴിക്കു് അവർ ഒരു അഗ്രഹാരം കണ്ടു. അവിടെ വേനങ്ങൾ നല്ല പോക്കത്തിൽ വല്ലവണ്ണം കെട്ടപ്പെട്ടവരായിരുന്നു. ഹോമകണ്ഡങ്ങളിൽ നിന്നു പുറപ്പെടുന്ന പുക മേഘങ്ങളെപ്പോലെ പൊതിഞ്ഞു് അവയുടെ മേൽപ്പുരകൾ മൂടൽമഞ്ഞു മൂടിയ കുന്നുകൾപോലെ കാണപ്പെട്ടു. ഇതുകണ്ടു് കോവലൻ, "ഈ ബ്രാഹ്മണർ യാഗം കഴിച്ചു മഴ പെയ്യിക്കും എന്നു് പറയുന്നതു വെറുതേയല്ല. അവരുടെ ഹോമപ്പുക കാർമേഘങ്ങളെപ്പോലെ തന്നെയിരിക്കുന്നു." എന്നു പറഞ്ഞു.

പിന്നെ ഒരേടത്തു് അവർ കൃഷിക്കാർ പാർക്കുന്ന ഐശ്വര്യം നിറഞ്ഞ പുരാതനഗ്രാമങ്ങൾ കടന്നുപോയി. അവിടെ എല്ലായിടത്തും വലിയ വലിയ അടുപ്പത്തു് വലിയ വലിയ പാത്രങ്ങളിൽ കരിമ്പുനീർ കുറുക്കി ശർക്കര ഉണ്ടാക്കുന്നതും അവിടവിടെ ചെറുകുന്നുകൾപോലെ നെല്ല് കൂട്ടിയിരിക്കുന്നതും അവർ കണ്ടു.

ദിവസം ഒരു കാതംവീതം നടന്നു് വളരെ ദിവസംകൊണ്ടു് അവർ ശ്രീരംഗത്തു് എത്തി. അവിടെ കാവേ

രിനരി നഗരത്താൽ മറയ്ക്കപ്പെട്ടിരുന്നു. ഒരു ജൈനസന്ന്യാസിയെ അവർ അവിടെ വച്ചു കണ്ടു. കൗന്തിയും കോവലനും കണ്ണകിയും അദ്ദേഹത്തിന്റെ കാല്ക്കൽ വീണുനമസ്കരിച്ചു. "ഞങ്ങളുടെ സകല പാപങ്ങളും നശിക്കട്ടെ" എന്നു് കൗന്തി പ്രാർത്ഥിച്ചു. അവർ എവിടെയ്ക്കു പോകയാണെന്നും മററും ആ ജൈനമുനി അവരോടു ചോദിച്ചറിഞ്ഞു. മധുരയിൽ അവർക്കു സംഭവിക്കാൻപോകുന്നതു് എന്തെല്ലാമാണെന്നു് ത്രികാലജ്ഞനായ ആ യതിശ്രേഷ്ഠൻ ജ്ഞാനദൃഷ്ടികൊണ്ടു് അറിഞ്ഞു എങ്കിലും, അദ്ദേഹം കാമക്രോധാദികളെ ജയിച്ചവനും സുഖദുഃഖങ്ങളിൽ വ്യത്യസ്തബുദ്ധിയില്ലാത്തവനും ആയിരുന്നതിനാൽ അതിനെക്കുറിച്ചു് അവരോടു് എന്തെങ്കിലും പറയുകയോ ആ യാത്രയിൽ നിന്നു അവരെ പിന്തിരിക്കയൊ ചെയ്തില്ല എന്നാൽ കൗന്തിയോടായിട്ടു് അദ്ദേഹം ഇങ്ങനെ പറഞ്ഞു.

"കർമ്മനിയമങ്ങളെ മാററാൻ ആർക്കും സാധിക്കയില്ല. ഒരുവന്റെ കർമ്മഫലങ്ങളെ നന്മയൊ തിന്മയൊ ഉണ്ടാകുന്നതിനെ മറെറാരുവന്റെ ഉപദേശമോ ശ്രമമോ കൊണ്ടു നിർമ്മാർജ്ജനം ചെയ്വാൻ കഴികയില്ല. വേപ്പും വിത്തു വിതച്ചാൽ വേപ്പുണ്ടാകും, അശോകവിത്തു വിതച്ചാൽ അശോകം ഉണ്ടാകും. എന്നതുപോലെ സല്കർമ്മം ചെയ്താൽ സൽഫലം ഉണ്ടാകും, ദുഷ്കർമ്മം ചെയ്താൽ ദുഷ്ഫലം ഉണ്ടാകും. വലിയ കാററത്തു് തുറന്ന ദിക്കിൽ വച്ച വിളക്കിലെ ദീപംപോലെ ജീവൻ എളുപ്പത്തിൽ നശിപ്പിക്കപ്പെടുന്നു. അതുകൊണ്ടു ഈശ്വരനെക്കുറിച്ചു് യഥാർത്ഥജ്ഞാനം സമ്പാദിക്കയും സുകൃതങ്ങളെ ആർജ്ജിച്ചുകൂട്ടുകയും ശരീരമാകുന്ന കാരാഗൃഹത്തിൽ നിന്നു് ജീവനെ മോചിപ്പിക്കാൻ വേണ്ട ശ്രമങ്ങൾ ചെയ്കയും വേണം."

അതിനു മറുപടിയായി അറിവാനേ അല്ലാതെ മറെറാരു ഈശ്വരനെ ഞാൻ പൂജിക്കയില്ല; പരമാർത്ഥ

വസ്തുവിനെക്കുറിച്ച് പരിജ്ഞാനം നൽകുന്നവരെയല്ലാതെ ഞാൻ കൈതൊഴുകയില്ല; പുഷ്പത്തിന്മേൽ നടന്ന അറിവരന്റെ തൃപ്പാദപുഷ്പങ്ങളല്ലാതെ ഞാൻ തലയിൽ ചൂടുകയില്ല;" എന്ന് കൗന്തി അദ്ദേഹത്തിനോടു പറഞ്ഞു. "നിനക്ക് സംസാരബന്ധമററു മോക്ഷം ലഭിക്കട്ടെ" എന്നു ആ ശ്രമണമുനി അവരെ അനുഗ്രഹിച്ചു.

കൗന്തിയും കണ്ണകീകോവലന്മാരും ഒരു വഞ്ചിയിൽ കാവേരി നദി കടന്നു അക്കരെ ചെന്നു. അവിടെ അവർ മനോഹരമായ ഒരു ദേവാലയവും അതിന്റെ പരിസരങ്ങളിൽ വിശേഷപ്പെട്ട പൂന്തോട്ടങ്ങളും കണ്ടു. അതിൽ ഒരു ഉദ്യാനത്തിൽ കേറി കോവലനും കണ്ണകിയും, രതിയും മന്മഥനുംപോലെ, ഉല്ലസിച്ചു ഉലാത്തിക്കൊണ്ടിരുന്നു. വഴിയിലെവിടെയോ നിന്നു അപ്പോഴെങ്ങാനോ കൈയിൽ കിട്ടിയ ഒരു സ്ത്രീയേയുംകൊണ്ടു ആ വഴിയേ പോയ ഒരുധൂർത്തൻ അവരെ കണ്ടു "ഹൊ! ഇവർ കാമദേവനും രതിദേവിയും ആണോ?" എന്നു കൗന്തിയോടു ചോദിച്ചു. "അവർ എന്റെ കുട്ടികളാണു്. തന്റെ പാട്ടിനു പോവൂ" എന്നു അവർ അതിനു മറുപടി പറഞ്ഞു. അവരുടെ മറുപടിയിൽ സ്ഫുരിച്ച ആക്ഷേപസ്വരത്താൽ ദേഷ്യപ്പെട്ടു, 'എന്റെ സന്യാസിനി അമ്മേ അമ്മയ്ക്കു നാലുവേദങ്ങളും അറിയാമല്ലോ ഒരേ ആളിന്റെ മക്കൾ തമ്മിൽ കല്യാണം കഴിച്ചു ഭാര്യയും ഭർത്താവുമാവുക എന്ന കാര്യം അമ്മ എവിടെ എങ്കിലും കേട്ടിട്ടുണ്ടോ എന്നു ആ ഒഴിഞ്ഞ മൂഢൻ അവരോടു ചോദിച്ചു. ഈ അസഹ്യമായ പരിഹാസം കേട്ടു് കണ്ണകി ചെവി രണ്ടും പൊത്തിപ്പിടിച്ചു. കൗന്തിയാകട്ടെ, അപ്രകാരം പറഞ്ഞ അവനും അവന്റെ കൂട്ടുകാരിയും കിഴട്ടുകുറുനരികളായി ഭവിച്ച് ആ പട്ടണപരിസരത്തിലുള്ള മുൾക്കാടുകളിൽ അലഞ്ഞുതിരിയട്ടെ എന്നു ശപിച്ചു. ഉത്തരക്ഷണത്തിൽ അവനും അവളും അപ്രത്യക്ഷരായി. ഉടനെ വയസ്സ

ചെന്ന രണ്ടു കുമാരികൾ അടുത്തുള്ള കുററിക്കാട്ടിലിരുന്നു കൂവിക്കൊണ്ടിരുന്നതു് അവർ കണ്ടു.

അതുകേട്ടു കോവലനും കണ്ണകിയും വല്ലായ്മപൂണ്ടു്, "ഇവരെപ്പോലെയുള്ളവരുടെ പഴക്കം വെറും അറിവില്ലായ്മകൊണ്ടു വന്നുപോകുന്നതാണല്ലോ. അതുകൊണ്ടു ഇവരുടെ തെററു ക്ഷമിച്ചു ഇവൎക്കു മാപ്പുകൊടുക്കണേ അമ്മേ. ഇനി ഇവൎക്കു ഈ ശാപത്തിൽനിന്നു മോചനം കിട്ടുന്നതു് എന്നാണു്?" എന്നു് കവുന്തിയോടു് അപേക്ഷിച്ചു ചോദിച്ചു. "ഇന്നു മുതൽ പന്ത്രണ്ടുമാസം കഴിഞ്ഞു് ഉറയൂരിന്റെ പുറംകോട്ടയ്ക്കു പുറത്തുള്ള കാട്ടിൽ വച്ചു്." എന്നു അവർ ശാപമോക്ഷം അരുളി.

ശ്രീരംഗത്തുനിന്നു് അവർ വാരണം എന്നു പേരുള്ള ഉരയൂർ എന്ന സ്ഥലത്തേയ്ക്കുപോയി. "ഈ സ്ഥലത്തിന്നു് 'വാരണം' എന്നു പേരു ഉണ്ടായതു് എങ്ങനെയാണെന്നു് നിങ്ങൾക്കു അറിയാമോ" എന്നു് കവുന്തി അവരോടു ചോദിച്ചു. അറിഞ്ഞുകൂടെന്നും അതു കേട്ടാൽ കൊള്ളാമെന്നും അവർ ഉത്തരം പറഞ്ഞപ്പോൾ, "ഒരു പക്ഷി അതിനെ ഉപദ്രവിച്ച ഒരാനയെ ഇവിടെവച്ചു് കൊന്നു. അതുകൊണ്ടാണു ആ പേരു അതിന്നു് കിട്ടിയതു് എന്നു് കവുന്തി അവരെ ധരിപ്പിച്ചു. അപ്പോൾ ആ കഥ അവരെ പറഞ്ഞു കേൾപ്പിക്കണമെന്നു് അവർ കവുന്തിയോടു് അപേക്ഷിച്ചു.

"പറയാം കേട്ടോളൂ. പണ്ടു ഇവിടം ഒരു വൻകാടായിരുന്നു. ഒരു ഉവക്കൻ മരത്തിന്മേൽ ഒരു കൂടുകെട്ടി ഒരു വീട്ടുകുരുവി ഇണയോടൊന്നിച്ചു പാൎത്തിരുന്നു. ഒരു ദിവസം ഒരു ആന ആവഴിയേ പോയി. നട്ടുച്ചവെയിലത്തു് ചൂടുസഹിക്കാൻ വയ്യാതെ അതു് ആ മരത്തിന്റെ തണലിൽ വന്നുനിന്നു. അപ്പോൾ അതിനു ഒരു ഉത്സാഹം തോന്നി. അതു് തുമ്പിക്കൈ പൊക്കി ആ മരത്തിന്റെ കൊമ്പിന്മേൽ പിടികൂടി. ആ കുരുവികൾ കൂടുകെട്ടിതാ

മസിച്ചിരുന്ന കൊമ്പായിരുന്നു അതു് അവ എന്തെല്ലാം പറഞ്ഞിട്ടും എങ്ങനെയെല്ലാം ഇരന്നിട്ടും അതൊന്നും കൂട്ടാക്കാതെ ആന വെറും വിനോദത്തിനുമാത്രമായി ആ കൊമ്പു് വലിച്ചൊടിച്ചു താഴെ ഇട്ടു. പക്ഷികൾ രണ്ടും പറന്നു് രക്ഷപ്പെട്ടു, എങ്കിലും കൂട്ടിലുണ്ടായിരുന്ന മുട്ടകൾ എല്ലാം പൊട്ടിപ്പോയി. തന്റെ മുട്ടകൾ ഉടഞ്ഞുപോയതുകണ്ടു് പെൺകുരുവിയ്ക്കു് വളരെ വ്യസനം ഉണ്ടായി. കുരുവികൾ ഉടനേ അവരുടെ മിത്രങ്ങളായ മരംകൊത്തിയേയും തേനീച്ചയേയും തവളയേയും വിവരം അറിയിച്ചു. ഈ ദ്രോഹത്തിനു് പ്രതികാരം ചെയ്യുന്നതിനെപ്പററി അവർ ഒരു കൂടിയാലോചന നടത്തി. ഒട്ടും മനസ്സിലിവു ഇല്ലാതെ ആ ദുഷ്ടതചെയ്ത ആനയെ കൊല്ലണമെന്നു് അവരെല്ലാംകൂടി നിശ്ചയിച്ചു് അതിനു് ഒരു ഉപായം കണ്ടുപിടിച്ചു. തേനീച്ച ആനയുടെ കണ്ണുകൾക്കു് മുൻഭാഗത്തു വട്ടമിട്ടു പറന്നു. അതു കണ്ണിൽ കുത്തുമെന്നു പേടിച്ചു ആന കണ്ണടച്ചു. ഉടനേ മരംകൊത്തി പറന്നുചെന്നു് അതിന്റെ ഒരു കണ്ണു കൊത്തിപ്പൊട്ടിച്ചു. അതു് വേദനകൊണ്ടു് മററകണ്ണു തുറക്കാതെ ഓടി. ഉടനേ മരംകൊത്തി പറന്നു പുറകേചെന്നു് അക്കണ്ണിൽ കൊത്തി അതും പൊട്ടിച്ചു. നൊമ്പലം സഹിക്കാൻവയ്യാതെ ആയി ആന വിരണ്ടു് വല്ല കുളത്തിലും ചെന്നിറങ്ങി കണ്ണുകൾ കഴുകിയാൽ ആശ്വാസം കിട്ടുമെന്നുവിചാരിച്ചു അവിടെയൊക്കെ ഓടിനടന്നു. അതു് തൂക്കിയുള്ള ഒരു പാറപ്പുറത്തുകൂടി ഓടിയസമയത്തു് തവള പാറക്കെട്ടിന്റെ താഴെ ചെന്നിരുന്നു് ക്രോ ക്രോ എന്നു് ഉറക്കെ വിളിച്ചു. തവളയുടെ വിളികേട്ടദിക്കിൽ വെള്ളമുണ്ടായിരിക്കുമെന്നു വിചാരിച്ചു അന്ധനായ ആന ആ ദിക്കിലേക്കു ഓടി; പാറപ്പുറത്തുനിന്നു താഴെ വീണു് ഉടലുതകർന്നു് അതു് ഉടനേ ചത്തു. ഇങ്ങനെ ദ്രോഹം ചെയ്ത ആനയെ ദ്രോഹം അനുഭവിച്ച പക്ഷി ശിക്ഷിച്ചു ഈ സ്ഥലത്തിനു

'വാരണം' എന്ന പേരു കിട്ടി. ശിബിമഹാരാജാവിന്റെ വംശത്തിൽ ജനിച്ച ചോളമഹാരാജാവ്, എത്ര എളിയവനേയും ദ്രോഹിക്കുന്ന എത്ര വലിയവനേയും അമർത്താൻ താൻ സന്നദ്ധനാണെന്നു കാണിക്കുന്നതിനു ഈ സ്ഥലത്തെ തന്റെ തലസ്ഥാനമാക്കി."

ഈ കഥകേട്ട കോവലന്റെ ഹൃദയം വികാരതരളമായി. അയാൾ തന്റെ സ്വന്തം കഥ കവുന്തിയെ പറഞ്ഞുകേൾപ്പിച്ചു. അതുകേട്ട് കവുന്തി,

അഴിഞ്ഞുഭോഗങ്ങളിൽ വഴിഞ്ഞമനം കൊടും
ചുഴലികാററിൽ പെട്ടൊരിലപോലുഴന്നിടും
ചപലങ്ങളിന്ദ്രിയങ്ങൾ, അവയെ ജയിക്കണീ
സപദിജീവിതത്തെ മുടിക്കുംമുമ്പുതന്നെ.

എന്നു അയാളോട്ട് ഉപദേശിച്ചു. "മുക്തിക്കു, മുഖ്യമായി വേണ്ടതു എന്താണ്?" എന്നു അപ്പോൾ അയാൾ അവരോട്ട ചോദിച്ചു. "പരിശുദ്ധമായ മനസ്സ്. അതു ഇല്ലെങ്കിൽ മററൊന്നുകൊണ്ടും ഒരു ഫലവും ഇല്ല. അതുള്ള പക്ഷം മററൊന്നും വേണ്ടതാനും. സകലനന്മകളും തനിയെ ഉണ്ടായിക്കൊള്ളും." എന്നു കവുന്തി മറുപടി പറഞ്ഞു.

"അപ്പോൾ ജ്ഞാനമൂർത്തിയായ അറിവാനോടൊ ഈശ്വരന്മാരോടൊ പ്രാർത്ഥിക്കുന്നതുകൊണ്ടു ഫലം ഇല്ലെ?"

"ഉണ്ടു!"

"അറിവാൻ തന്നോടുന്നി പ്രാർത്ഥിക്കുകേതിപ്പൂവം
നിറവാനറിവുകൾ, തരുവാൻ സാക്ഷാൽജ്ഞാനം,
മാറിനിന്നഴൽ അകംശുദ്ധമായ്നവ്യതപം കൈ
വരുമെമതെന്തൊററാരുപ്പെല്ലാടിക്കൊപ്പമപ്പോൾ"
"എപ്പോഴും നന്മതിന്മയേ ജയിച്ചു നിൽക്കുമോ?"
"നിശ്ചയമായും ഇതു കേൾക്കു"!

1 ജയിപ്പൂ കാറിനേസ്സൂര്യൻ
ജയിപ്പൂ ശശി രാഹുവേ
ജയിപ്പൂ പോററിനേ സ്ത്രീകൾ
ജയിപ്പൂ നന്മതിന്മയേ.
2 ബാധിക്കും ഗ്രഹണത്തെയും
രോധിക്കും കൊണ്ടൽതന്നെയും
വെന്നിടും സൂര്യനെപ്പോലെ
വെൽവൂതേ നന്മതിന്മയെ.
3 ഒച്ചക്കൂട്ടമുഴറേറാടെ-
യുച്ചമായ് തിന്മയാംമുകിൽ
എങ്കിലും തോൽവിയേ പററൂ
സങ്കടം വേണ്ട, തെ, വൃഥാ."

---

## അദ്ധ്യായം ൰

### മധുരാപുരിയിൽ എത്തി.

കവുന്തി അവിടെ ഒരു അശോകമരത്തിൻെറ ചുവട്ടിൽ ഇരുന്നു് ജൈനമതപ്രകാരം തേവാരം കഴിച്ചു. അതുകഴിഞ്ഞു് "ധമ്മമാഗ്ഗജീവിതം" എന്ന വിഷയത്തെക്കുറിച്ചു ഒരു പ്രസംഗം ചെയ്തു അന്നു രാത്രിയിൽ അവർ മൂവരും അവിടെ താമസിച്ചു് പിറേറന്നരാവിലെ മധുരയിലേയ്ക്കുള്ള യാത്ര തുടൎന്നു സൂര്യോദയമായപ്പോൾ വഴിയരികിൽ ഒരു വഴിയമ്പലം കണ്ടു് അവിടെ ചെന്നു് ആ വഴിയമ്പലത്തിൽ കേറി കുറേനേരം ഇരുന്നു. ദേശസഞ്ചാരിയായ ഒരു ബ്രാഹ്മണനും അവിടെ വന്നു ചേൎന്നു. അവർ അദ്ദേഹത്തിനോടു് പാണ്ഡ്യരാജ്യത്തെപ്പററി പലതും ചോദിച്ചു.

"ഇപ്പോൾ പാണ്ഡ്യരാജ്യം വാഴുന്നതു് 'നെടുഞ്ചെഴിയൻ' എന്ന സുപ്രസിദ്ധനായ ഒരു മഹാരാജാവാണു്'.

അദ്ദേഹം വേപ്പിന്റെ ഇലയും പൂവും ചേർത്തു തൊടുത്ത ഒരു മാല ധരിച്ചുംകൊണ്ടു് വടക്കു് ഹിമവാൻപർവ്വതം മുതൽ തെക്കു് സമുദ്രംവരെയുള്ള രാജ്യങ്ങളെ ജയിച്ചടക്കി, ആ രാജ്യങ്ങളെ അദ്ദേഹത്തിന്റെ മുദ്രപൂണ്ട കൊടിയെ ആചാരം ചെയ്തു അടിവന്ദിക്കത്തക്കവണ്ണം ആക്കി, 'ആര്യപ്പടത്താണ്ടിയ നെടുഞ്ചെഴിയൻ' എന്ന പേരെടുത്തു. അദ്ദേഹത്തിന്റെ ഗുരു അഗസ്ത്യകൂടവാസിയായ സാക്ഷാൽ അഗസ്ത്യമഹർഷിയാണു്. ചന്ദ്രവംശത്തിന്റെ ഈ ശാഖയിൽപെട്ട മുമ്പുണ്ടായിരുന്ന കേൾവികേട്ട മഹാരാജാക്കന്മാർക്കു അനുയോജിച്ച ഒരു മഹാരാജാവാണു് അവിടുന്നു്. ഇന്ദ്രദത്തമായ മാല തക്കയോഗ്യനായി അദ്ദേഹം ധരിക്കുന്നു. ചന്ദ്രവംശത്തിന്റെ രാജസ്സ് ഉടലെടുത്തവനാണു് അവിടുന്നു്. അവിടുത്തെ ന്യായം നടത്തൽ നിർദ്ദാക്ഷിണ്യവും കർശനവുമാണു്. നിയമലംഘകന്മാർ പേടിച്ചു് നാടുവിട്ടു് ഓടിപ്പോയി. ധനധാന്യാദികൾ വർദ്ധിച്ചു് രാജ്യം സർവത്ര ഐശ്വര്യം നിറഞ്ഞിരിക്കുന്നു. ഇപ്പോൾ മധുരരാജ്യത്തു് കൃഷിപ്പിഴ ഉണ്ടാകാറേ ഇല്ല." എന്നെല്ലാം ആ ബ്രാഹ്മണൻ പാണ്ഡ്യരാജാവിനെ സ്തുതിച്ചുപറഞ്ഞു.

"അങ്ങേടെ ദേശം ഏതാണു്. ഇവിടെ വന്നതു് എന്തിനാണു്?" എന്നു കോവലൻ ചോദിച്ചു. ഞാൻ കടകമലയിലുള്ള മങ്കാടു് എന്ന ദിക്കുകാരനാണു്. തിരുപ്പതി, രാമേശ്വരം, കന്യാകുമാരി, മധുര, ശ്രീരംഗം മുതലായ പുണ്യക്ഷേത്രങ്ങളിൽ ദർശനം കഴിക്കാനായി ഇറങ്ങി പുറപ്പെട്ടു. മഹാനദിയായ കാവേരി പ്രദക്ഷിണം വച്ചുകൊണ്ടിരിക്കുന്ന ശ്രീരംഗത്തു് ദിവ്യക്ഷേത്രത്തിൽ ആയിരം തലയുള്ള അനന്തന്റെ പുറത്തു് പള്ളികൊണ്ടരുളുന്ന ശ്രീ മഹാവിഷ്ണുവിന്റെ വിശിഷ്ടമായ വിഗ്രഹം കണ്ടു് തൊഴുതിട്ടു് ഇന്നു് ഇവിടെ വന്ന ചേർന്നു."

കോവലൻ പിന്നീടു് മധുരയിലേയ്ക്കുള്ള വഴികളെക്കുറിച്ചു് അദ്ദേഹത്തിനോടു ചോദിച്ചു. അവിടേയ്ക്കു് പല വഴികളും ഉണ്ടു്. വയലുകളിലും കാടുകളിലും മരുഭൂമികളിലും കൂടി തിരുമാൽകുന്ദ്രം എന്ന മല കടന്നു് പോകുന്ന വഴിയാണു് അവയിൽ ഏററവും നല്ലതു്. തിരുമാൽകുന്ദ്രത്തു് ഒരു ആശ്ചര്യകരമായ ഗുഹയും ശ്രാവണം, ഭവകർണ്ണി, ഇഷ്ടസിദ്ധി എന്നിങ്ങനെ മൂന്നു തീർത്ഥങ്ങളും ഉണ്ടു്. ഇവയിൽ ശ്രാവണത്തിൽ സ്നാനം ചെയ്താൽ ലൌകികജ്ഞാനവും ഭവകർണ്ണിയിൽ സ്നാനം ചെയ്താൽ പൂർവ്വജന്മകർമ്മങ്ങളെക്കുറിച്ചുള്ള ജ്ഞാനവും ഇഷ്ടസിദ്ധിയിൽ സ്നാനം ചെയ്താൽ പ്രാപഞ്ചികാശകളുടെ സിദ്ധിയും ലഭിക്കും. വഴിയ്ക്കു് വഞ്ചകരായ വനദേവതമാർ സ്നേഹിതരുടെ രൂപം പൂണ്ടു് അടുത്തുകൂടി ചതിക്കാൻ നോക്കും. അതു സൂക്ഷിച്ചുകൊള്ളണം. തിരുമാൽകുന്ദ്രത്തിൽ എത്തിയാൽ ക്ഷേത്രത്തിൽ ചെന്നു് മഹാവിഷ്ണുവിനെ ദർശനം കഴിച്ചേ അവിടുന്നു് പോകാവൂ. മൂന്നു ലോകവും മൂന്നടിയായി അളന്ന വാമനമൂർത്തിയേയും ക്ഷിപ്രപ്രസാദിയായ ശിവനേയും മററും ദർശനം കഴിക്കുന്നതിനായി ഞാൻ ഇനിയും ചില പുണ്യക്ഷേത്രങ്ങളിലേക്കു് പോകയാണു്. നിങ്ങൾ വഴിയ്ക്കു് 'നമശ്ശിവായ' എന്ന പഞ്ചാക്ഷരമന്ത്രവും 'നമോ നാരായണായ' എന്ന അഷ്ടാക്ഷരമന്ത്രവും സദാ ജപിച്ചുകൊള്ളണം." എന്നല്ലാം അദ്ദേഹം വിസ്തരിച്ചുപറഞ്ഞു് അവർക്കു പല ഉപദേശങ്ങൾ നൽകി.

അതെല്ലാം കേട്ടു് കൌന്തി, "നിങ്ങൾ പറഞ്ഞ ഗുഹയും മററും ദർശിക്കാനോ, തീർത്ഥങ്ങളിൽ സ്നാനം ചെയ്യാനോ മന്ത്രങ്ങൾ ജപിക്കാനോ ഞങ്ങൾക്കു് അല്പവും ഇല്ല. സത്യവും അഹിംസയും ശീലിക്കുന്നവർക്കു് അസാധ്യമായി എന്തെങ്കിലും ഉണ്ടോ? നിങ്ങൾ നിങ്ങളുടെ ഈശ്വരന്മാരെയും തൊഴുതു് നിങ്ങളുടെ വഴിയ്ക്കു

പൊയ്ക്കൊൾക. ഞങ്ങൾ ഞങ്ങളുടെ വഴിയ്ക്കു പൊയ്ക്കൊള്ളാം." എന്ന് ആ ബ്രാഹ്മണനോടു പറഞ്ഞു.

"നിങ്ങൾ നിങ്ങൾക്കു ബോധിച്ചപോലെ ബോധിച്ച വഴിയ്ക്കു പൊയ്ക്കൊള്ളൂ. "അദ്ദേഹം പറഞ്ഞു "മനുഷ്യകൃതങ്ങളായ സത്യവും അഹിംസയുംകൊണ്ട് സാധ്യമാകുന്ന സംഗതികൾക്ക് ഒരതിരുണ്ട്. അഖിലേശ്വരന്റെ കാരുണ്യം കൊണ്ടല്ലാതെ അവനവന്റെ വിധിവഹിതം വിട്ടൊഴിയാൻ ആർക്കും ശക്തിയില്ല." എന്നു പറഞ്ഞു് അദ്ദേഹം എണീററ് അദ്ദേഹത്തിന്റെ വഴിയ്ക്കു പോയി.

കൗന്തിയും കൂട്ടുകാരും വീണ്ടും യാത്ര തുടർന്നു. നേരം മദ്ധ്യാഹ്നമായപ്പോൾ സ്ത്രീകൾ രണ്ടുപേരും ദാഹംകൊണ്ടുവലഞ്ഞു. അവരെ ഒരു മരത്തണലിൽ ഇരുത്തിയും വച്ച് കോവൻ അവർക്ക് വെള്ളംകൊണ്ടുവരുവാനായി അടുത്തുള്ള ഒരു പൊയ്കയിലേയ്ക്കുപോയി.

അവിടെ ഒരു വനദേവത വസന്തമാലയുടെ രൂപമെടുത്ത് ആയാളുടെ അടുക്കൽ വന്ന് ആയാളുടെ കാല്ക്കൽ വീണു നമസ്കരിച്ചുംകൊണ്ട്, "അയ്യോ, യജമാനനേ, അങ്ങ് പിരിഞ്ഞുപോന്നതുകൊണ്ട് മാധവി വളരെ ദുഃഖിച്ചിരിക്കയാണ്. അവളെക്കുറിച്ച് എന്തോ ഒക്കെ വ്യാജങ്ങൾ പറഞ്ഞു് അങ്ങയെ ആരോ തെററുധരിപ്പിച്ചതിനാലാണ് അങ്ങ് അവളുടെ അടുക്കൽ തിരിച്ചുചെല്ലാഞ്ഞതു് എന്നുപറഞ്ഞു. അവൾ എപ്പോഴും എന്നെ കുററപ്പെടുത്തും. കൂടക്കൂടെ മോഹാലസ്യപ്പെട്ടുവീഴും. ഒടുക്കം, 'വേശ്യാവൃത്തി മഹാനീചവും നിന്ദ്യവും ആണ്. ഈശ്വരവിചാരവും അറിവും ഉള്ളവർ വേശ്യയെ കുഷ്ഠരോഗിയെ എന്നപോലെ വെറുത്ത് ഒഴിഞ്ഞുമാറിപ്പോകും. വേശ്യയെക്കുറിച്ച് അവൾ എങ്ങനെയുള്ളവളായാലും ആര് എന്തുപറഞ്ഞാലും എല്ലാവരും അതെല്ലാം വിശ്വസിക്കും' എന്നെല്ലാം വളരെ വേദനയോടുപറഞ്ഞു് എന്നെ

വീട്ടിൽനിന്നു് അവൾ ഇറക്കിവിട്ടുകളഞ്ഞു. അതുകൊണ്ടു് ഞാൻ അങ്ങയെ തേടിവന്നിരിക്കയാണു്." എന്നു് സങ്കടപ്പെട്ടു കരഞ്ഞുപറഞ്ഞു. കോവലൻ അപ്പോൾ 'വഴിക്കു വനദേവതകളെ സൂക്ഷിച്ചുകൊള്ളണം' എന്നു് ബ്രാഹ്മണൻ പറഞ്ഞതു് ഓർത്തു് ശക്തിമന്ത്രം ജപിച്ചു. ഉടനെ ആ വ്യാജവസന്തമാല അപ്രത്യക്ഷയായി, വനദേവത സ്വന്തംരൂപത്തിൽ കോവലനു് പ്രത്യക്ഷപ്പെട്ടു്, താൻ ചെയ്ത പിഴയ്ക്കു് മാപ്പു് അപേക്ഷിക്കയും അവിടെ നടന്ന സംഗതി കവുന്തിയോടോ കണ്ണകിയോടോ പറയരുതെന്നു് പ്രാർത്ഥിക്കയും ചെയ്തിട്ടു് മറഞ്ഞു.

കോവലൻ പൊയ്കയിൽ ഇറങ്ങി കൈകാൽ കഴുകി വെള്ളംകുടിച്ചു് ദാഹംതീർത്തിട്ടു് ഒരു താമരയില പറിച്ചു് കോട്ടി വെള്ളം കോരിയെടുത്തു് കവുന്തിയ്ക്കും കണ്ണകിയ്ക്കും കൊണ്ടുചെന്നുകൊടുത്തു. അവരും വെള്ളംകുടിച്ചു് ദാഹം ശമിപ്പിച്ചതിനുശേഷം വീണ്ടും നടന്നു. വെയിലിന്റെ ചൂടു് അതികലശലായിരുന്നതിനാൽ വഴിയരികെ ഒരു കാവിനകത്തുകണ്ട ഒരു കാളിയമ്പലത്തിൽ കേറി അവർ വിശ്രമിച്ചു. അതു മറവരുടെ കുലദേവതയുടെ അമ്പലമായിരുന്നു. ഭയങ്കരമൂർത്തിയായ കാളിയ്ക്കു കുരുതികൊടുത്തു് തൃപ്തിപ്പെടുത്തി പ്രാർത്ഥനകൾ കഴിച്ചതിനു ശേഷമേ മറവർ കൊള്ളകൾക്കു് പോകാറുള്ളൂ. കൊള്ളകൾ നടത്തുമ്പോൾ ലേശംപോലും കനിവുകൂടാതെ അവർ ഏതു കടുംകൈയും ചെയ്യും.

അന്നു് ആ അമ്പലത്തിൽ ഒരു വിശേഷദിവസമായിരുന്നു. സന്ധ്യ ആയപ്പോൾ മറവന്മാരും മറവസ്ത്രീകളും അവിടെ കൂടി. മറവരുടെ പുരോഹിതവർഗ്ഗത്തിൽ ഉൾപ്പെട്ട കുടുംബങ്ങളിൽനിന്നു് ഒരു പുരുഷൻവീതം ആണ്ടുതോറും പിടിച്ചുപറികളിലും കൊള്ളകളിലും ധാരാളം പണം കിട്ടി മറവവംശത്തിന്റെ ഐശ്വര്യം വർദ്ധിക്കാൻവേണ്ടി തന്നത്താൻ വെട്ടി കാളിക്കു് നരബലി

കൊട്ടക്കാരുണ്ടായിരുന്നു. ആ വർഗ്ഗത്തിലെ ഒരു ബാലിക തലമുടി ജടയാക്കി കെട്ടി അതിൽ ഒരു പന്നിത്തേററ തിരുകി ഒരു ചെറു വെള്ളിചന്ദ്രക്കല ചൂടി, കഴുത്തിൽ കടുവാപ്പല്ലുകൊണ്ടുള്ള ഒരു മാലചാർത്തി, അരയിൽ വെമ്പുലിത്തോലുടുത്തു", കൈയിൽ ഒരു വില്ലുംപിടിച്ചു", കൊമ്പുകൾക്ക വളവുകളും തിരിവുകളും ഉള്ള ഒരു കലമാനിൻെറ പുറത്തുകയറി ഭയങ്കരിയായ കാളി പ്രത്യക്ഷമായി നില്ക്കുന്നതുപോലെ അവിടെ കൂടിയിരുന്ന മറവരുടെ നടുക്കുനിന്നു. ശാലിനി എന്നു പേരായ ഒരു യുവതി കാളിയുടെ ആവേശം ഉണ്ടായതുപോലെ തുള്ളി വെളിച്ചപ്പെട്ടു" കല്പനകൾ കൊടുത്തുതുടങ്ങി. "എൻെറ മക്കളേ, ഇതാ നോക്കിൻ, പുറമുള്ള പട്ടണങ്ങളിൽ കന്നുകാലിക്കൂട്ടങ്ങൾ കൂടിക്കൂടിവരുന്നു. നിങ്ങളുടെ തൊഴുത്തുകളെല്ലാം ഒഴിഞ്ഞുകിടക്കുന്നു. മറവരെ! നിങ്ങൾ കെട്ടുപോയി. തീരെ കെട്ടുപോയി. ചട്ടങ്ങളും മുറകളും അനുസരിച്ചു നടന്നു" ഉശിരററുപോയ പട്ടണവാസികളെപ്പോലെ തീരെ അടിമകളായി മഹാ വില്ലാളികളായ മറവർ കേവലം കൂലിവേലക്കാരെപ്പോലെ പേടിപിടിച്ചവരായി. കൊള്ളത്തൊഴിൽ വിട്ട വഴിതെണ്ടികളായി. ഇനി ആട്ടിറച്ചിയും തിന്നു" പതഞ്ഞു പൊങ്ങുന്ന പനങ്കള്ളും കുടിച്ചു" അഴലൊഴിഞ്ഞു ഉല്ലാസമായി കഴിക്കണമെങ്കിൽ നിങ്ങൾ അമ്മയ്ക്കു" കൊടുക്കാനുള്ള ബലികൊടുക്കിൻ. അല്ലെങ്കിൽ നിങ്ങളുടെ വില്ലുകൾ വളയുകയില്ല. അമ്പുകൾ ഉന്നത്തിൽ കൊള്ളുകയില്ല. നിങ്ങളുടെ തൊഴിലിൽ ജയമുണ്ടാകുകയും ഇല്ല" എന്നു" അവൾ അത്യുച്ചത്തിൽ വിളിച്ചുപറഞ്ഞു.

ആ വെളിപാടു" കേട്ട മാത്രയിൽ ചെറുപ്പക്കാരായ മറവന്മാർ മുമ്പോട്ടുവന്നു" വാളുവീശി തലപ്പുറത്തുവെട്ടി മലിച്ചൊഴുകിയ ചൂടുചോര കാളിക്കു" തളിച്ചു. അപ്പോൾ ദേവി തൃപ്തിപ്പെട്ടു. ശാലിനി പിന്നെയും വിളിച്ചുപറ

ഞ്ഞു. "മതി നിങ്ങളുടെ ദേവത നിങ്ങളുടെ ഉത്തമഭക്തി കൊണ്ടു തൃപ്തിപ്പെട്ടു പ്രസാദിച്ചിരിക്കുന്നു. ഇനി മുപ്പതു ദിവസം കഴിഞ്ഞു് നിങ്ങൾ കൊള്ളയ്ക്കിറങ്ങിയാൽ നിങ്ങൾക്കു് കാര്യസാദ്ധ്യം ഉണ്ടാകും. നെടുഞ്ചെഴിയ പാണ്ഡ്യന്റെ ഊർജ്ജിതം അയഞ്ഞുപോകും. നിങ്ങൾക്കു് കണ്ണോളം ധനം കിട്ടുകയും ചെയ്യും!" പിന്നീടു് അവർ, ഇതെല്ലാം കണ്ടും കേട്ടും പേടിച്ചുവിറച്ചു നിന്നിരുന്ന കണ്ണകിയെ ചൂണ്ടിക്കാണിച്ചുംകൊണ്ടു്, "ഈ തമിഴ്നാടുമുഴുവൻ ആരാധിക്കപ്പെടുന്ന ഒരു വിഗ്രഹമായിത്തീരുന്ന എതിരററ ഒരു പെണ്മണി ഇതാ ഇവിടെ നിൽക്കുന്നു." എന്നു പറഞ്ഞു "എന്തു് അസംബന്ധമാണു് ഇപ്പറഞ്ഞതു്?" എന്നു് അതുകേട്ടു കണ്ണകി തന്റെ ഭർത്താവിന്റെ ചെവിയിൽ മന്ത്രിച്ചു. ഒടുക്കം, വളരെനേരത്തെ പാട്ടും കടിയും ആടുകളേയും കോഴികളേയും അറുത്തു കുരുതിയും ശക്തിയേയും ശിവനേയും കൃഷ്ണനേയും ഉദ്ദേശിച്ചു സ്തുതികളും പ്രാർത്ഥനകളും എല്ലാം കഴിഞ്ഞു് ആ കളിയാട്ടം അവസാനിച്ചു.

അതെല്ലാം കഴിഞ്ഞപ്പോഴേയ്ക്കു് നേരം അർദ്ധരാത്രികഴിഞ്ഞു. കോവലൻ ഉടനേ കൗന്തിയുടെ അടുക്കൽ ചെന്നു് പകലത്തെ ചുടുവെയിലത്തു് വളരെദൂരം നടക്കാൻ കണ്ണകിയ്ക്കു് പ്രയാസമെന്നു കാണുന്നതുകൊണ്ടു് രാത്രിയിൽ നടക്കാമെന്നും പാണ്ഡ്യരാജാവിനെ പേടിച്ചു് കൊള്ളക്കാരുടെ ശല്യം വഴിയ്ക്കെങ്ങും ഉണ്ടാകുന്നതല്ലെന്നും സൂചിപ്പിച്ചു.

"തന്റെ രാജ്യത്തു് കൊല കൊള്ള മുതലായ കുററങ്ങൾ ചെയ്യുന്നവർക്കു് രാജാവു കഠിനമായ ശിക്ഷ കൊടുക്കുന്നു. വേട്ടയാടി ദുഷ്ടമൃഗങ്ങളുടെ ഉപദ്രവവും ഇല്ലാതാക്കീട്ടുണ്ടു്. കരടി ചിതല്പുററു തല്ലിപ്പൊട്ടിക്കുന്നില്ല. പുലിയും മാനും ഇണക്കത്തിൽ കഴിയുന്നു. നാഗം തീററിക്കൊത്തിക്കൂടിയ തലകൾ ഞാറുകളിൽ അടങ്ങിക്കിടക്കുന്നു." എന്നു അ

യാറം രാജ്യസംസ്ഥാനാവസ്ഥയെ വർണ്ണിച്ച കൗന്തി അയാളുടെ അഭിപ്രായത്തോടു യോജിച്ചതുകണ്ടു്, "മാമനേ മേലാൽ നമുക്കു് രാത്രിയിൽ യാത്രപോകാം. വഴിക്കു കടുവാ കരടികൾ പാമ്പു. മുള്ളു മുതലായ കാടി അലട്ടം. നീ അതൊന്നുംകൊണ്ടു പേടിക്കരുതു്." എന്നു കണ്ണകിയുടെ അടുക്കൽചെന്നു് പറഞ്ഞു കോവലൻ കണ്ണകിയുടെ കൈയ് തന്റെ തോളത്തെയ്ക്കു് ഇട്ടു ചേർത്തുപിടിച്ചുംകൊണ്ടു് അവർ മൂന്നുപേരുംകൂടി അവിടെനിന്നുപുറപ്പെട്ടു് പിന്നെയും യാത്രതിരിച്ചു.

പിറേറന്നാറം പ്രഭാതത്തിൽ അവർ ഒരു അഗ്രഹാരത്തിൽ എത്തി. അവിടെയുള്ള ബ്രാഹ്മണർ അവരുടെ പണ്ടുപണ്ടേയുള്ള പാരമ്പര്യം അനുസരിച്ചുള്ള ജീവിതമുറകറം കൈവെടിഞ്ഞു് ആട്ടത്തിലും പാട്ടിലും ആസക്തരായി കഴിഞ്ഞുകൂടുന്നവരായിരുന്നു. കണ്ണകിയെയും കൗന്തിയേയും ഗ്രാമാധികാരിയുടെ വീട്ടിൽ ആക്കിയും വച്ചു് കോവലൻ കളിമുതലായവ നിർവഹിക്കുന്നതിനായി പുറപ്പെട്ടു. തന്റെ ഇതേവരെയുള്ള അനുഭവങ്ങളെപ്പററി ഓരോന്നു വിചാരിച്ചുംകൊണ്ടു് അയാറം നടന്നുപോകുമ്പോറം വഴിയിൽ ഒരിടത്തുവച്ചു് അയാളെ തിരക്കി കണ്ടുപിടിക്കാൻ മാധവി അയച്ച കൗശികനുമായി കണ്ടുമുട്ടി. കൗശികർ അയാളെ തട്ടുണർത്തി വർത്തമാനങ്ങറം പറയാൻ തുടങ്ങി. "അങ്ങേ അന്വേഷിച്ചു ഞാൻ പലടിക്കലും പോയി ഭാഗ്യത്താൽ ഇപ്പോറം ഇവിടെവച്ചു കണ്ടുകിട്ടി. അങ്ങയെ അച്ഛനമ്മമാർ മകനേ കാണാഞ്ഞു് ദുഃഖംകൊണ്ടു മരിക്കാറായി. അവരുടെ ബന്ധുമിത്രങ്ങളും അപാരമായി വ്യസനിച്ചിരിക്കയാണു്. അങ്ങേടെ അച്ഛൻ അങ്ങേ അന്വേഷിക്കാൻ നാലുദിക്കുകളിലേയ്ക്കും ആളുകളെ അയച്ചിട്ടുണ്ടു്. ശ്രീരാമനോ പിരിഞ്ഞ അയോദ്ധ്യപോലെ പുവാർനഗരം ആകെ ഭ്രാന്തുപിടിച്ചു് ഇളകിയിരിക്കയാണു്. അങ്ങേടെ വർത്തമാനം

വസന്തമാല പറഞ്ഞുകേട്ടഉടനെ മാധവി മോഹാലസ്യപ്പെട്ടു വീണു. ആ നിലയിൽ വളരെ നേരം കിടന്നു. ഞാൻ ചെന്നു് പിന്നെ സമാധാനപ്പെടുത്തി. അവൾ പിന്നീടു് "ഞാൻ സ്വാമിയുടെ പാദത്തിൽ വീണു സത്യം ചെയ്യുന്നു. എനിക്കു് അദ്ദേഹത്തിനെ പിരിഞ്ഞിരിക്കാൻ ഒട്ടുംവയ്യാ. എന്നെ രക്ഷിക്കണം" എന്നുപറഞ്ഞു് ഒരെഴുത്തെഴുതി മടക്കിക്കെട്ടി മുദ്രവച്ചു എന്റെ കൈയിൽതന്നു്, 'സ്വാമി ദയവുണ്ടായി എവിടെയെങ്കിലും പോയി അദ്ദേഹത്തിനെ കണ്ടുപിടിച്ചു് ഇതു കൊടുക്കണം' എന്നു പറഞ്ഞു് എന്നെ അയച്ചു. ഞാൻ ഈ തെക്കൻദിക്കുകളിൽ എല്ലായിടങ്ങളിലും ചുററിനടന്നു് ഇതാ ഇന്നു് ഇവിടെ വച്ചു് അങ്ങേക്കണ്ടു. മണിമേഖലയും, 'എന്റെ അച്ഛാ, എനിക്കു് അച്ഛനെ കാണാതിരിക്കാൻവയ്യ. അച്ഛൻ എനിക്കു് ഒരു ദൈവമാണു്. അമ്മ എന്താ പിഴചെയ്തതിനു് അച്ഛൻ എന്നെ ഉപേക്ഷിക്കുന്നതു ശരിയാണോ? അച്ഛൻ തിരിച്ചുവരണം. ഇനിമേൽ നമുക്കു് ഒരുമിച്ചു പാക്കാം. അമ്മയും കണ്ണകിയും ഞാനും അച്ഛനും ഒരുമിച്ചു.' എന്നു് അങ്ങയോടു പറയാൻ പ്രത്യേകം പറഞ്ഞയച്ചു" അതു കേട്ടപ്പോൾ കോവലന്റെ കണ്ണുകൾരണ്ടും കണ്ണീർകൊണ്ടു നിറഞ്ഞു. "അവർ സുഖമായിരിക്കുന്നുവോ?" എന്നു് അയാൾ ഉദ്വേഗത്തോടു ചോദിച്ചു. "സുഖംതന്നെ അവർക്കു് ഹൃദയം തകർന്ന സുഖം. മാധവിക്കു് ഒരു സമാധാനവും ഉണ്ടാകുന്നില്ല. ഭർത്താവിന്റെ വേർപാടിൽ പതിദേവതയായ പതിപോലും ഇത്രമാത്രം ദുഃഖിച്ചു് ഞാൻ കണ്ടിട്ടില്ല. അച്ഛനെ കാണാഞ്ഞു് മണിമേഖലയെപ്പോലെ വ്യസനിക്കുന്ന ഒരു മകളെയും ഞാൻ കണ്ടിട്ടില്ല. ഇതാ മാധവിയുടെ എഴുത്തു് ഇതൊന്നു വായിച്ചുനോക്കൂ" എന്നുപറഞ്ഞു് കൗശികർ ആ എഴുത്തു് അയാളുടെകൈയിൽകൊടുത്തു. മാധവിയെക്കുറിച്ചുള്ള ഓർമ്മകൾ അയാളുടെ മനസ്സിൽ തിങ്ങിപ്പൊങ്ങി. ആ എഴുത്തുവാങ്ങി പൊ

ടുച്ചപ്പോൾ അയാളുടെ കൈകൾ വിറച്ചു. "എന്റെ പ്രാണനാഥ, ഞാൻ ഇതാ അങ്ങയുടെ പാദങ്ങളിൽ ദണ്ഡനമസ്കാരം ചെയ്യുന്നു. അർത്ഥം ഒന്നുമില്ലാതെ ഞാൻ പറഞ്ഞുപോയ വാക്കുകളെ അങ്ങ് ക്ഷമിക്കണേ. ഞാൻ അതെല്ലാം അങ്ങേ ഒന്ന് പരീക്ഷിച്ചുനോക്കാൻമാത്രം കളിയായി പറഞ്ഞതാണ്. എന്റെ ആ കളിവാക്കുകൾ, അങ്ങ് അങ്ങേ ഉത്തമയായ പത്നിയോടുകൂടി വീട്ടും നാട്ടും അച്ഛനേയും അമ്മയേയും എല്ലാം ഉപേക്ഷിച്ച് അയ്യോ, കാട്ടും മേട്ടും അലഞ്ഞുനടക്കാൻ ഇടയാക്കിയല്ലോ. അതിന്ന് സകല ആളുകളും എന്നെ കുററപ്പെടുത്തുന്നു. അങ്ങ് ഉടനെ തിരിച്ചുവന്ന് ഞങ്ങളെ അനുഗ്രഹിക്കമാറാകണം." എന്ന് അവൾ ആ എഴുത്തിൽ എഴുതിയിരുന്നത് കോവലൻ വായിച്ചു. "അവൾ പറയുന്നത് സത്യമാണ്. അവൾക്ക് ഇതിൽ ഒരു കുററവും ഇല്ല. അങ്ങ് തിരിയെപ്പോയി അവളുടെ ഈ എഴുത്ത് എന്റെ അച്ഛനമ്മമാരുടെ കൈയിൽ കൊടുക്കണം. ഇതു കണ്ടാൽപിന്നെ അവർ മാധവിയെ കുററം പറയുകയില്ല, എന്നുമാത്രമല്ല അവൎക്ക് എന്നേയും എന്റെ പ്രിയപ്പെട്ട കണ്ണകിയേയും കുറിച്ചുള്ള ആശങ്കകളും ഇല്ലാതെയാവും. ഞാൻ ഇപ്പോൾ വെറും ഒരു ഇരപ്പാളിയാണ്. ഈ സ്ഥിതിയിൽ കാവേരിപട്ടണത്തിലേയ്ക്കു തിരിച്ചുവരാൻ എന്റെ മനസ്സ് സമ്മതിക്കുന്നില്ല. മധുരാനഗരത്തിൽ ചെന്ന് വ്യാപാരം ചെയ്ത് ധനമുണ്ടാക്കി എന്റെ മുമ്പിലത്തെ നില സമ്പാദിച്ചു. അവിടെ തിരികെ വരണം എന്നാണ് എന്റെ മോഹം. മാധവിയോടും മണിമേഖലയോടും അങ്ങ് ഈ വിവരം പറയണം. മണിമേഖല ചാരിത്രവതിയായ ഒരു മാന്യവനിതയായി തീരണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത് എന്ന് അവളോടു പ്രത്യേകം പറയണം" എന്ന് പറഞ്ഞ് കോവലൻ മാധവിയുടെ എഴുത്ത് കയ്

ശികരുടെ കയ്യിൽ തിരികെയേകൊടുത്തു് അനുഗ്രഹത്തിനോടു യാത്രപറഞ്ഞു. തന്റെ നിത്യകൃത്യങ്ങൾ കഴിച്ചു് അയാൾ കൗശികിയുടെയും കണ്ണകിയുടെയും അടുക്കൽ തിരിച്ചുവന്നു.

ബ്രാഹ്മണർ അപ്പോൾ ഗ്രാമത്തിൽ ഒരു ദിക്കിൽ ദുർഗ്ഗാപാട്ടുകളും പാടി ദുർഗ്ഗാഭഗവതിയുടെ സംഹാരനൃത്തം ചെയ്യുന്നതു കോവലൻ കണ്ടു. അവിടെ ചെന്നിട്ട് അയാൾ ഒരു വീണ എടുത്തു് ഭഗവതിയെക്കുറിച്ചുള്ള ചില പാട്ടുകൾ വായിച്ചുപാടി. സംഗീതത്തിലുള്ള അയാളുടെ ജ്ഞാനവും വൈദഗ്ധ്യവുംകൊണ്ടു് അതിലുൾപ്പെട്ടിരുന്ന പാട്ടുകാരെ ആശ്ചര്യപരതന്ത്രരാക്കി.

പിന്നെയും അവർ മധുരായാത്ര തുടർന്നു. ഒടുക്കം ഒരു ദിവസം അരുണോദയകാലമായപ്പോൾ അവർ മധുരാനഗരപരിസരത്തിൽ എത്തി. നഗരത്തിൽ മീനാക്ഷീസുന്ദരേശ്വരക്ഷേത്രത്തിലും കൊട്ടാരത്തിലും അടിക്കുന്ന പെരുമ്പറകളുടെ ഗംഭീരശബ്ദം അവർക്കു് കേൾക്കായി. അഗ്രഹാരങ്ങളിൽ ബ്രാഹ്മണർ ജപിക്കുന്ന വേദസ്വരം, വിദ്യാലയങ്ങളിൽ പാഠം നടക്കുന്ന ഉച്ചാരവം, ആനപ്പന്തിയിൽ നിന്നു ആനകളുടെ ഗർജ്ജനം, കുതിരപ്പന്തിയിൽനിന്നു കുതിരകളുടെ ഹേഷാരവം, തേർചക്രങ്ങളുടെ മന്ദ്രധ്വാനം, എന്നിങ്ങനെയുള്ള അനേകം ധ്വനികളുടെയും പ്രതിധ്വനികളുടെയും ആരവംകൊണ്ടു നഗരാന്തരീക്ഷം മുഖരിതമായിരുന്നു. നഗരം ക്രമേണ ഉറക്കത്തിൽ നിന്നു ഉണർന്നെഴുന്നേററു തുടങ്ങി. മഹാസാഗരത്തിലെ തരംഗപരമ്പരകളുടെ പോലെയുള്ള ഒരു ശബ്ദകോലാഹലം ഒന്നിനൊന്നു് വർദ്ധിച്ചുവന്നു. മധ്യത്തിൽ വെള്ളം ഒഴുകുന്ന നീർച്ചാലും ഇരുവശങ്ങളിലും ഉദ്യാനങ്ങളുംകൊണ്ടു അതിമനോഹരമായ വൈകയാറിന്റെ കരയ്ക്കു് അവർ എത്തിച്ചേർന്നു. ആ നദികണ്ടു് "ഇതു വെള്ളം

ഒഴുകുന്ന ആററു പൂക്കൾ ഒഴുകുന്ന ആറാണ്” എന്നു കോവലൻ അത്ഭുതത്തോടെ പറഞ്ഞു.

അവർ, ആളുകൾ തിങ്ങിക്കയറുന്നവയും ആന, സിംഹം, കുതിര മുതലായവയുടെ രൂപങ്ങൾ ഉള്ളവയും ആയ വലിയ ഓടങ്ങൾ നിരന്നുകിടന്നിരുന്ന പ്രധാന കടത്തുകടവിൽ പോകാതെ ഒഴിഞ്ഞ കോണിലുള്ള ഒരു കടവിൽ ചെന്ന് ഒരു ചെറുവഞ്ചിയിൽ കയറി വൈക കടന്ന് മറുകരെ പൂത്തുനിൽക്കുന്ന വൃക്ഷലതാദികളാൽ നിബിഡമായ ഒരു ആരാമത്തിൽ പ്രവേശിച്ച്, അവിടെ നാനംകൊണ്ടു നഗരദേവതയേയും അകലെ കാണായ ദേവാലയങ്ങളേയും കൈകൂപ്പി വന്ദിച്ചു. പിന്നീട് അവർ പട്ടണത്തിനു ചുററിയുള്ള വൃക്ഷപംക്തിയും കിടങ്ങുംകടന്ന് പാടങ്ങളും അവിടവിടെ മുളകൊണ്ടു കെട്ടി ഉണ്ടാക്കിയ തണ്ണീർപന്തലുകളും തപോധനന്മാരുടെ ആശ്രമങ്ങളും തെങ്ങു വാഴ കവുങ്ങ് മുതലായവ ഇടതൂർന്നുള്ള തോട്ടങ്ങളോടുകൂടിയ ഭവനങ്ങളും നിറഞ്ഞ ഉപനഗരത്തിൽ എത്തി. മീനാക്ഷീസുന്ദരേശ്വരന്മാരുടെ മഹാക്ഷേത്രത്തിന്റെ അത്യുന്നതങ്ങളായ ഗോപുരങ്ങളും, കൊടിക്കൂറയിന്മേൽ ഗരുഡചിഹ്നമുള്ള വിഷ്ണുക്ഷേത്രവും കലപ്പ അടയാളമുള്ള ബലഭദ്രദേവാലയവും മയൂരമുദ്രയുള്ള സുബ്രഹ്മണ്യന്റെ അമ്പലവും അവർ അകലെ നിന്നു കണ്ടു.

താൻ പട്ടണത്തിനകത്തുചെന്നു താമസിക്കാൻ വല്ല വീടും അന്വേഷിച്ചു ഏർപ്പാടുചെയ്തു വരാമെന്നും അതുവരെ കണ്ണകിയെ നോക്കിക്കൊള്ളണമെന്നും കവുന്തിയോടു പറഞ്ഞുംവച്ച് കോവലൻ നഗരാന്തർഭാഗത്തേയ്ക്കു പുറപ്പെട്ടു. ഖഡ്ഗപാണികളായ ഭടന്മാർ കാവൽ നിന്നിരുന്ന ഗോപുരവാതിലിൽക്കൂടി ഭയാൾ അകത്തു കടന്നു പിന്നീട് രാത്രിയാകുന്നതുവരെ തെരുവുകൾതോറും ചുററി നടന്നു വീട് അന്വേഷിച്ചു. ദിനാന്തത്തിൽ വിശിഷ്ടവസ്ത്രാഭരണാദികൾ മോടിയിൽ ധരിച്ച് ധനികരായ

കാമുകന്മാരും ഒരുമിച്ച് വേശ്യാസ്ത്രീകൾ ആരാമങ്ങളിൽ ലാത്തുന്നതും നിശാരംഭത്തിൽ പൂഞ്ചേലകൾ ഉടുത്തു കളഭം പൂശി നാലുപാടും പരിമളം വിതറുന്ന വിശേഷപ്പെട്ട പുഷ്പമാല്യങ്ങളും ചൂടി അനേകം യുവതീജനങ്ങൾ രമണന്മാരോടു ചേർന്ന് മട്ടുപ്പാവുകളിൽ ഇരിക്കുന്നതും അയാൾ കണ്ടു. അങ്ങാടിത്തെരുവുകളിൽ, കൊടികളും തോരണങ്ങളും വിലപിടിച്ച നന്മുത്തുകളും പവിഴങ്ങളും ധൂപദ്രവ്യങ്ങളും, ആനക്കൊമ്പുകളും സുഗന്ധദ്രവ്യങ്ങളും നവരത്നങ്ങളും പൊന്നും വെള്ളിയും ഇങ്ങനെയുള്ള വിവിധ സാധനങ്ങൾ പീടികകളിൽ നിരത്തി വച്ചിരുന്നു. തട്ടാന്മാർക്കും ജവുളിവ്യാപാരികൾക്കും വെവ്വേറെ തെരുവുകൾ ഉണ്ടായിരുന്നു.

കോവലൻ തിരിച്ചു ചെന്ന് മധുരാപുരത്തിന്റെ പ്രതാപൈശ്വര്യങ്ങളേയും വിഭവസമൃദ്ധിയേയും സൗന്ദര്യാതിശയത്തേയും മറ്റും കുറിച്ച് കൗന്തിയേയും കണ്ണകിയേയും വർണ്ണിച്ചു പറഞ്ഞു കേൾപ്പിച്ചുകൊണ്ടിരുന്നു. അപ്പോൾ 'തലച്ചെങ്ങന' ഗ്രാമക്കാരനായ മാതളൻ എന്നൊരു ബ്രാഹ്മണൻ കന്യാകുമാരി മുതലായ പുണ്യസ്ഥലങ്ങളിൽ ദർശനം കഴിച്ചു തിരിച്ചുവരുന്ന വഴി അവിടെ വന്നുചേർന്നു. പിന്നീട് കോവലനും ആ ബ്രാഹ്മണനുമായി സംഭാഷണം തുടങ്ങി.

ബ്രാഹ്മണൻ: "നിങ്ങളെക്കുറിച്ച് ഞാൻ വളരെ ഒക്കെ കേട്ടിട്ടുണ്ട്. നിങ്ങളുടെ മകളുടെ പേർ മണിമേഖല എന്നല്ലേ? ആ കുട്ടിക്ക് നിങ്ങൾ ആ പേരിടാൻ ഉള്ള കാരണം എന്താണെന്ന് എനിക്കറിയാം. പിന്നെ ഒരു ഭ്രാന്തു പിടിച്ച ആന കൊല്ലാൻ ഭാവിച്ച ഒരു ക്രനൻ ബ്രാഹ്മണനെ നിങ്ങൾ രക്ഷിച്ച കഥയും ഞാൻ ധരിച്ചിട്ടുണ്ട്. ആന ബ്രാഹ്മണനെ തുമ്പിക്കൈയാൽ പിടികൂടിയപ്പോൾ നിങ്ങൾ ധൈര്യത്തോടെ ഓടിച്ചെന്ന് അതിന്റെ കൊമ്പിന്മേൽ ചാടിക്കേറി അതിലെ ഇരിക്കസ്ഥാ

നണ്ണുചെന്നിരുന്നു് അതിനെ നിയന്ത്രിച്ചു് ബ്രാഹ്മണനെ വിട്ടുവിച്ചു. പിന്നൊരിക്കൽ ഒരു ബ്രാഹ്മണസ്ത്രീ അബദ്ധ ത്തിൽ വളർത്തുകീരിയെ കൊന്നു. അതുകണ്ടു് വ്യസനിച്ചു് അവളുടെ ഭർത്താവു് ഒരു ഓലയിൽ ഒരു പദ്യം എഴുതി വച്ചുംവച്ചു് അവളെ ഉപേക്ഷിച്ചു് കാശിക്കു പോയ്ക്കള ഞ്ഞു. ആ സ്ത്രീ ആ ഓലയും എടുത്തു് നിലവിളിച്ചു കര ഞ്ഞുംകൊണ്ടു് തെരുവീഥിയിലൂടെ നടന്നു. നിങ്ങൾ അവളു ടെ കൈയിൽ നിന്നും ആ ഓല വാങ്ങി വായിച്ചു് ആ പദ്യത്തിന്റെ അർത്ഥം മനസ്സിലാക്കി. അവൾക്കു് വേ ണ്ടിടത്തോളം പണം കൊടുത്തു് അവളുടെ പാപപരി ഹാരത്തിനു വേണ്ട ദാനാദികർമ്മങ്ങളൊക്കെ ചെയ്യിച്ചു് അവളെ ആശ്വസിപ്പിച്ചു. അവളുടെ ഭർത്താവിനെ തേ ടിപ്പിടിച്ചു് തിരിയെ വരുത്തി അവളുടെ വിയോഗദുഃഖം ശമിപ്പിച്ചു. അതിനും പുറമേ ആ ദമ്പതിമാൎക്കു് മേ ലാൽ സുഭിക്ഷമായി കാലക്ഷേപം കഴിക്കാൻ ആവശ്യ മുള്ള ധനം കൊടുത്തു് സന്തോഷിപ്പിച്ചു. കള്ളസ്സാക്ഷി പറഞ്ഞ കുററത്തിനു് ഒരുത്തനു് വധശിക്ഷ നല്കാൻ പോകുന്നതും അവന്റെ ഭാൎയ്യ ദുഃഖത്തോടെ കരയുന്നതും കണ്ടു മനസ്സലിഞ്ഞു് നിങ്ങൾ അവനു പകരം നിങ്ങളെ വധിച്ചുകൊള്ളാൻ അധികാരികളോടു് അപേക്ഷിച്ചു. ഇതെല്ലാം എനിക്കു് നല്ലവണ്ണം അറിയാം നിങ്ങൾ ഇ ങ്ങനെ പല നന്മകളും ചെയ്തിട്ടുണ്ടെങ്കിലും പൂർവജന്മ ത്തിലെ ദുഷ്കൃതങ്ങൾ മൂലം നിങ്ങൾക്കു് ആപത്തുണ്ടാ കാൻ പോകുന്നതായി ഞാൻ കാണുന്നു. ഈശ്വരൻ നി ങ്ങളെ രക്ഷിക്കട്ടെ!!

കോവലൻ: "എനിക്കും ആ ഭയം തോന്നുന്നു. ഞാൻ ഒരു ദുസ്സ്വപ്നം കണ്ടു. ഭയങ്കരനായ ഒരു നീചൻ എന്നെ ഒരു പോത്തിന്റെ പുറത്തു കേററി ക്കൊണ്ടുപോയി എന്നും കണ്ണകിയെ പല വിധത്തിൽ ഉപദ്രവിച്ചു കഷ്ടപ്പെടുത്തി എന്നും ഒട്ടുക്കം ഞാനും

കണ്ണകിയും സർവസംഗപരിത്യാഗം ചെയ്തു സന്ന്യാസം സ്വീകരിച്ചു എന്നും മററും ഞാൻ ആ സ്വപ്നത്തിൽ കണ്ടു."

ഇങ്ങനെ അവർ തമ്മിൽ കുറേനേരം ഓരോന്നുപറഞ്ഞിരുന്നു. പിന്നീട് "ഇവിടെ വാനപ്രസ്ഥരും പരിവ്രാജകരും അല്ലാതെ മററാരും താമസിച്ചുകൂടാ. നിങ്ങൾ നഗരത്തിനകത്ത് എവിടെയെങ്കിലും പോയി പാക്കയാണ് നല്ലത്." എന്ന് കവുന്തിയും മാതലനും കണ്ണകിയോടും കോവലനോടും പറഞ്ഞു അ സമയത്ത് കവുന്തിയുടെ ശിഷ്യയായ മാതരി എന്നൊരു വൃദ്ധയായ ഇടയസ്ത്രീ ആ വഴി വന്നു. അവൾ കവുന്തിയെ കണ്ട് അവിടെ വന്ന് അവരെ തൊഴുതു വന്ദിച്ചു. കവുന്തി അവരെ അവളെ ഏല്പിച്ച് അവളുടെ കൂടെ അയച്ചു.

മാതരി അവരെ സ്വന്ത വീട്ടിൽ കൂട്ടിച്ചുകൊണ്ടു പോയി അവക്ക് കുളിക്കാനും മററും വേണ്ടതെല്ലാം ഒരുക്കിക്കൊടുത്തു. അവളുടെ മകൾ അയ്യയെ കണ്ണകിയുടെ പരിചാരികൾക്ക് നിയോഗിച്ചും അവർ സുഖമായി കുളി കഴിച്ചപ്പോഴേയ്ക്കു മാതരി അവക്ക് ആഹാരം പാകം ചെയ്യാൻ വേണ്ട പാത്രങ്ങൾ എല്ലാം കൊടുത്തു: കണ്ണകി ഭക്ഷണം ഉണ്ടാക്കി ആദ്യം കോവലനെ ഊണുകഴിപ്പിച്ചു. ഊണു കഴിഞ്ഞു അയാൾ കണ്ണകി തേച്ചുതെറുത്തു കൊടുത്ത വെററില മുറുക്കിക്കൊണ്ടിരുന്നപ്പോൾ അവളോടു പല വർത്തമാനങ്ങളും പറഞ്ഞു. അതിനിടയിൽ അയാൾ പറഞ്ഞു. "ഓമനേ, എന്റെ മനസ്സിൽ വലിയ ഒരു നിരാശ തോന്നുന്നു. വേശ്യകളോടും വിടരോടും വ്യഭിചാരികളോടും ഇടകൂടി നടന്നു ഇത്രത്തോളം ആയുസ്സ് പാഴിൽകളഞ്ഞ ഒരുവന് എന്താണ് ആശയ്ക്കു വകയുള്ളതു്? എന്റെ വൃദ്ധരായ മാതാപിതാക്കന്മാരുടെ നേർക്കുള്ള എന്റെ ധമ്മങ്ങളും ഞാൻ നിർവഹിച്ചിട്ടില്ല. പ്രായം കൊണ്ട് യുവതിയും അറിവു കൊണ്ട് വൃ

ധേയമാണ് നീ. ഞാൻ തടഞ്ഞിട്ടും നീ നിർബന്ധമായി എന്നോടു കൂടി പോന്നു. ഈ കഷ്ടപ്പാടുകൾ എല്ലാം സഹിച്ചു ഒരു തേവിടിശ്ശിയുടെ വീട്ടിൽ നിന്നും ഇറങ്ങി വന്നതേ ഉള്ളൂ ഞാൻ. അങ്ങനെയുള്ള ഒരുത്തനെ വിശ്വസിക്കയും അവനോടുകൂടി നീ യാതൊരു ചാപല്യവും കൂടാതെ, യാതൊരു സന്ദേഹവും കൂടാതെ, വീടു വിട്ടു ഇറങ്ങി തിരിച്ചു. അത്ര ധൈര്യവും സൗശീല്യവും ധർമ്മനിഷ്ഠയും ഉള്ള നിനക്കും ഞാൻ അപരാധം ചെയ്തു. അപ്രകാരമെല്ലാമാണല്ലോ എന്റെ അവസ്ഥ!"

"ജീവനാഥാ! അങ്ങ് സന്മാർഗ്ഗം പിഴച്ചു നടന്നു എങ്കിലും ഞാൻ പാതിവ്രതാധർമ്മത്തെയും സന്മാർഗ്ഗങ്ങളെയും നിഷ്ഠയോടെ അനുഷ്ഠിച്ചു പോരുകയാൽ യഥാർത്ഥസ്ഥിതിയെല്ലാം എനിക്ക് കാണാൻ കഴിഞ്ഞു. അങ്ങ് ആ വക ദുർവൃത്തികളെല്ലാം ഉപേക്ഷിച്ച് പുതിയ ഒരാളായി എന്നു ഞാൻ കണ്ടു. ആ എന്റെ ഭർത്താവിനോടു കൂടി എവിടെ പോകാനും ഞാൻ എന്തിന് ശങ്കിക്കണം.?"

"നീ നിന്റെ അച്ഛനമ്മമാരെയും ബന്ധുമിത്രങ്ങളെയും പരിചാരികരേയും നിന്റെ സർവ്വസുഖങ്ങളേയും ഉപേക്ഷിച്ചു. നിന്റെ ചാരിത്രത്തെമാത്രം അവലംബമാക്കി ക്ഷമയും വിനയവും മര്യാദയും പൂണ്ട് എന്നോടു ചേർന്ന് എന്നെ മഹാഭാഗ്യവാനാക്കി. മായംചേരാത്ത തങ്കമേ, മൂന്നുലോകത്തിനും വിളക്കേ, ചാരിത്രനികേതനമേ, സൽഗുണ നിലയനമേ, നിനക്കുവേണ്ടി എങ്കിലും എനിക്ക് എന്റെ മുമ്പിലത്തെ അവസ്ഥയും പേരും ധനവും സമ്പാദിക്കണം. പുതുതായി വ്യാപാരം തുടങ്ങുന്നതിനു മുടക്കാൻ വേണ്ട മുതലിന് നിന്റെ കാൽചിലമ്പുകളിൽ ഒന്ന് അങ്ങാടിയിൽ കൊണ്ടുപോയി വിറ്റു വിലയും വാങ്ങിക്കൊണ്ടു വരാം. അതുവരെ നീ ഇവിടെ ഇരിക്കൂ."

കണ്ണകിയോടു് ഇങ്ങനെ പറഞ്ഞു് അവൾക്കു് മനസ്സമാധാനം നല്കിയതിനുശേഷം അവളുടെ ചിലമ്പുകളിൽ ഒന്നു ഊരിവാങ്ങിക്കൊണ്ടു കോവലൻ അവളെ മാറത്തണച്ചു പുനരപി ആർദ്രതയോടു ഉമ്മവച്ചും, അവൾക്കു അധൈര്യം വരരുതെന്നു കരുതി തന്റെ കണ്ണുകളിൽ സ്വയംപൊടിച്ചുവന്ന അശ്രുക്കളെ നിരോധിച്ചും ഇടച്ചേരിയിൽനിന്നു പുറപ്പെട്ടു.

---

## അദ്ധ്യായം ൧൯

---

### ഘോരമായ അനീതി

കോവലൻ മാതവിയുടെ ഭവനത്തിൽനിന്നും യാത്ര ഇറങ്ങിയ ഉടനേ ദൃശ്യമായി പുറത്തുമുഴയുള്ള ഒരു കാളയാണു് അയാൾക്കു് എതിരെ വന്നതു്. അതു ഒരു ദുശ്ശകുനമാണെന്നു് അയാൾക്കു അറിയാൻ വയ്യായിരുന്നു അതുകൊണ്ടു അതു ഗൗനിക്കാതെ അയാൾ നടന്നു. അയാൾ അങ്ങാടിത്തെരുവിൽ പ്രവേശിച്ചപ്പോൾ പിറകിൽ അല്പം അകന്നു് അനുഗമിക്കുന്ന പല തട്ടാന്മാരോടുകൂടി വലിയ വേഷത്തിൽ ഒരു പ്രമാണിത്തട്ടാൻ കൈയിൽ ഒരു കടില്ലുമായി നടന്നുപോകുന്നതു കണ്ടു. അവൻ കൊട്ടാരം തട്ടാനായിരിക്കണമെന്നു് ഊഹിച്ചു കോവലൻ അവന്റെ അടുക്കൽചെന്നു് ഒരു മഹാരാജ്ഞിക്കു ധരിക്കാൻ തക്ക യോഗ്യതയുള്ള ഒരു ചിലമ്പിനു വിലകാണുമോ എന്നു് അവനോടു ചോദിച്ചു.

"മഹാരാജാക്കന്മാർക്കു് ചേരുന്ന കിരീടങ്ങളും മററു പണ്ടങ്ങളും പണിയാൻ എനിക്കറിയാം എന്നേ എനിക്കു പറയാവൂ." എന്നു് ആ തട്ടാൻ അയാളോടു മറുപടി പറഞ്ഞു.

കോവലൻ സഞ്ചി അഴിച്ചു ചിലമ്പ് എടുത്തു അവന്റെ കൈയിൽകൊടുത്തു. കൊത്തുവേലചെയ്തിട്ടുള്ള ആ മനോഹരമായ കാലാഴി അവൻ ശ്രദ്ധിച്ചുനോക്കി ഉടനെ മോഹം പൂണ്ടു. അവന്റെ ഹൃദയം സന്തോഷിച്ചു പുളച്ചു. അതിന് ഒരാഴ്ചമുമ്പ് മഹാരാജ്ഞിയുടെ ആഭരണപ്പെട്ടിക്കകത്തുനിന്ന് ഒരു മോതിരം എടുത്ത് അതുപോലെ മറെറാന്നു തീർക്കാനായി അവന്റെ കൈയിൽ കൊടുത്തു. അപ്പോൾ അതിൽനിന്ന് വളരെ വിലയേറിയ ഒരു ചിലമ്പ് അവൻ സൂത്രത്തിൽ കൈക്കലാക്കി. അത് അവൻ ഒരു യവനവ്യാപാരിക്കു വിററു. ആ വ്യാപാരി അതിന്റെ പിറേറദിവസം തന്നെ കപ്പൽ കയറി അന്യനാട്ടിലേയ്ക്കു പോകയും ചെയ്തു. ഇതുകഴിഞ്ഞു രണ്ടുദിവസത്തിനകത്ത് തന്റെ ആഭരണപ്പെട്ടിയിലിരുന്ന ഒരു ചിലമ്പ് കാണാതായിരിക്കുന്നു എന്ന് മഹാരാജ്ഞി കണ്ടുപിടിച്ച് വിവരം പരസ്യമാക്കി. തന്റെ ചിലമ്പുകളിൽ ഒന്നു ആരോ മോഷ്ടിച്ചിരിക്കുന്നു എന്ന് ദേവി മഹാരാജാവിനെ അറിയിച്ചു. മഹാരാജാവ് അവനെ വരുത്തി ചോദ്യംചെയ്തു. അവൻ അതു മോഷ്ടിച്ചിട്ടില്ലെന്നും അവൻ നിരപരാധിയാണെന്നും ദൂരെ എവിടെയോ ഉള്ള ഒരു രാജ്യത്തെ പ്രതിപുരുഷനാണെന്നു ഭാവിച്ചു അവിടെ വന്നിരുന്ന ഒരുവൻ യുവരാജാവിന്റെ വൈരമാല മോഷ്ടിച്ചതുപോലെ മായമന്ത്രക്കാരനായ ഏതോ ഒരു കള്ളൻ അതു മോഷ്ടിച്ചിരിക്കുമെന്നും മററും അവൻ മഹാരാജാവിനോട് സമാധാനം പറഞ്ഞു. "ആ മാതിരി മോഷണങ്ങൾ വളരെ അപൂർവമായിട്ട് ഉണ്ടാകാറുള്ളു. അങ്ങനെ ഇരുന്നിട്ടും മോഷണം നടന്നുകഴിഞ്ഞ ഉടൻ തന്നെ കള്ളൻ ആരാണെന്ന് അറിയുകയും ചെയ്തു. മററു വല്ലവരെയും സംശയിക്കാൻ ഇടവന്നില്ല. ഈ സംഗതിയിൽ സംഭവത്തിന്റെ സമ്പ്രദായവും സന്ദർഭവും മററു അവസ്ഥകളും കൊണ്ട് കിട്ടുന്ന തെളിവ് വച്ചാലോചി

ച്ചാൽ ആഭരണപ്പെട്ടിയിൽ നിന്നു നീ ആ മോതിരം എ
ടുത്തപ്പോൾ ആ ചിലമ്പുകൂടി നീ എടുത്തിരിക്കുമെന്നാ
ണ് ഊഹിക്കേണ്ടത്. എങ്കിലും മുറപ്രകാരം വിചാരണ
ചെയ്തു കുററം സ്ഥാപിതമാകുന്നതിനുമുമ്പേ ഞാൻ നി
ന്നെ കുററക്കാരനാക്കുന്നില്ല. നിനക്ക് ഒരു ആഴ്ച അവ
ധി തന്നിരിക്കുന്നു. അതിനകം മോഷണംപോയ ആഭര
ണവും മോഷ്ടിച്ച കള്ളനേയും കണ്ടുപിടിച്ച് എന്റെ
മുമ്പാകെ ഹാജരാക്കണം. ആ കാലാവധിവരെ നിന്നെ
പ്പററി എനിക്കുള്ള സംശയം രഹസ്യമായി വയ്ക്കുന്നതാ
ണ്. നീ അതുപോലെ ചെയ്യാത്തപക്ഷം മുറപ്രകാരം
വിചാരണനടത്താൻ നഗരാധ്യക്ഷന് ഞാൻ ആജ്ഞ
കൊടുക്കും. എള്ളിൽനിന്നു എണ്ണ എടുക്കുന്നതുപോലെ
ആ ഉദ്യോഗസ്ഥൻ എളുപ്പം സത്യം പുറത്താക്കുമെന്ന്
നിനക്ക് അറിയാമല്ലോ" എന്ന് അവൻ പറഞ്ഞ സമാ
ധാനത്തിനു മറുപടിയായി മഹാരാജാവ് കല്പിച്ചു. ഈ
ഈ കല്പന അവനെ വല്ലാതെ വേവലാതിപ്പെടുത്തി. വി
ചാരണചെയ്യുന്നപക്ഷം അവന്റെ മേൽ കുററം തെളി
യുകയും അവൻ വധിക്കപ്പെടുകയും ചെയ്യുമെന്നുള്ളത്
അവന് നല്ല നിശ്ചയമാണ്. ഈ ഭയങ്കരാവസ്ഥയിൽ
നിന്ന് തെററിപ്പിഴയ്ക്കുന്നതിന് ഒരു വഴി കാണിച്ചുകൊ
ടുക്കണേ എന്ന് അവൻ അവന്റെ കുലദേവതയോട്
പ്രാർത്ഥിച്ചുകൊണ്ടിരുന്നു. കോവലന്റെ ഭാഗ്യദോഷ
ത്താൽ ഈ സന്ദർഭത്തിലാണ് അയാൾ ചിലമ്പുംകൊ
ണ്ടുചെന്നത്. "എന്റെ സേവാമൂർത്തി എന്നെ അനുഗ്ര
ഹിച്ചിരിക്കുന്നു. ഇതാ അന്യനാട്ടിൽ നിന്നും ആരും അറി
യാത്ത ഒരുത്തൻ അളവിലും തൂക്കത്തിലും പണിത്തര
ത്തിലും രാജ്ഞിയുടെ ചിലമ്പിനോടൊത്ത ഒരു ചിലമ്പും
കൊണ്ട് എന്റെ കൂട്ടിൽ വന്നുചേർന്നിരിക്കുന്നു. ഇത്
മറേറചിലമ്പ് അല്ലെന്ന് എനിക്കുമാത്രമേ അറിയാവൂ.
കൊട്ടാരത്തിലും മററും ആ ചിലമ്പാണ് ഇതെന്നു

സമ്മതിക്കും." എന്നെല്ലാം അവൻ ആ ചിലമ്പ് നോക്കിക്കണ്ട ഉടനെതന്നെ മനസ്സിൽ കണ്ടു. അവന്റെ സന്തോഷത്തിന്റെ കാരണം അതായിരുന്നു.

ആ പരമാപിഷ്ഠനായ തട്ടാൻ ഇങ്ങനെ വിചാരിച്ചു. "ചിലമ്പ് മഹാരാജാവിനെ കാണിച്ച് നല്ല വിലയ്ക്കു് വാങ്ങിപ്പിക്കാമെന്നുപറഞ്ഞു് ഇവനെ എന്റെ വീട്ടിൽ ഒരിടത്തു് ഇരുത്തണം. എന്നിട്ടുനേരെ കൊട്ടാരത്തിൽപോയി ആളേരണ്ടത്തോടുകൂടി കള്ളനെ പിടിച്ചിട്ടുണ്ടെന്നും ഉടനെ അവനെ കാവൽശിപായികളെ ഏല്പിച്ചുകൊടുക്കാമെന്നും തമ്പുരാനെ അറിയിക്കണം. കള്ളനെ തൊണ്ടിയോടുകൂടി പിടികിട്ടുന്നപക്ഷം മററു കററക്കാർക്ക് ഒരു പാഠമായി കയ്യോടെ അവന്നു് വധശിക്ഷ നല്കിക്കൊള്ളണം എന്നു് കല്പനകൊടുത്തു് തമ്പുരാൻ ഭടന്മാരെ എന്റെ ഒരുമിച്ച് അയയ്ക്കും. അങ്ങനെ ആസന്നമായ മരണത്തിൽനിന്നു് എനിക്കു് രക്ഷപ്പെടാം." ആ വിധം തീർച്ചയാക്കി അവൻ കോവലനോടു്, "സ്വാമി, ഇതു് വിലപിടിച്ച ഒരു ചിലമ്പാണു്. ഞങ്ങളുടെ മഹാരാജ്ഞിയല്ലാതെ ഇതു വാങ്ങത്തക്ക ഒരാളും ഇവിടെ വേറെ ഇല്ല. ഞാൻ കൊട്ടാരത്തിൽപോയി മഹാരാജാവിനെ ഇക്കാര്യം അറിയിച്ചു തിരിച്ചുവരാം. അങ്ങു് ഇവ ആഭരണവുംകൊണ്ടു് എന്റെ വീട്ടിൽ ഇരിക്കണം." എന്നുപറഞ്ഞു് ആ ചിലമ്പ് നല്ലവണ്ണം പൊതിഞ്ഞുകെട്ടി അയാളുടെ കൈയിൽ തിരിച്ചുകൊടുത്തിട്ടു്, കൂടെ ഉണ്ടായിരുന്ന തട്ടാന്മാരോടു് ഓരോ കാര്യം പറഞ്ഞു് അവരെ ഒക്കെ പിരിച്ചുവിട്ടുംവച്ചു്, അയാളെ അവന്റെ വീട്ടിൽ കൂട്ടിച്ചുകൊണ്ടുപോയി, രണ്ടുപേരുംകൂടി അവിടെ അവന്റെ ഗൃഹത്തിന്റെ വെളിയിൽ മാറിയുള്ള ഒരു ഉപഗൃഹത്തിൽ ഒരു കട്ടിലിന്മേൽ ഇരുന്നു് കുറേനേരം സംസാരിച്ചുകൊണ്ടിരുന്നു. അതിനുശേഷം തട്ടാൻ ഉത്സാഹഭരിതനായി കൊട്ടാരത്തിലേയ്ക്കു് പോയി. തന്റെ ചതിയിന്റെ മ

ഹത്വം മതിക്കത്തക്ക ഒരാളെ ഇത്രവേഗം കിട്ടിയല്ലോ എന്നും, അതിന്ന് നല്ല വിലതന്നു വാങ്ങിക്കാൻ ഒരാളേ ഉടനെ കിട്ടുമല്ലോ എന്നുംവിചാരിച്ച് കോവലനും സന്തോഷിച്ചു.

മഹാരാജ്ഞി മഹാരാജാവിനോട് ഒരു പ്രണയകലഹം പൂണ്ടിരുന്ന ദിവസമായിരുന്നു അന്ന് മഹാരാജാവിന്ന് തന്നെക്കുറിച്ച് മുമ്പിലത്തെപ്പോലെ സ്നേഹമില്ലെന്നും അതുകൊണ്ടാണ് തന്റെ ചിലമ്പ് മോഷണംപോയി ഇത്ര ദിവസങ്ങൾ കഴിഞ്ഞിട്ടും അതിനെക്കുറിച്ചു താല്പര്യത്തോടുകൂടി ഒന്നുംചെയ്യാത്തതെന്നും അതു് സ്നേഹക്കുറവിന്ന് ഒരു ഉദാഹരണമാണെന്നും മററും മുള്ളുവാക്കുകൾ പറഞ്ഞു് അവർ ശണ്ഠയിട്ടു. ഒരാഴ്ചക്കാലമായി രാജസന്നിധിയിൽ നൃത്തം ചെയ്തുകൊണ്ടിരിക്കുന്ന സുന്ദരികളായ ദാസിമാരിൽ അദ്ദേഹത്തിന്റെ മനസ്സ് മങ്ങിനില്ക്കുന്നു എന്നുള്ള ഒരു സംശയമാണ് ഈ ക്രോധപ്രകടനത്തിന്റെ വാസ്തവകാരണം. ഈ വഴക്കുംകഴിഞ്ഞു് മഹാറാണിയുടെ മണിയറയിൽനിന്ന് മഹാരാജാവ് പുറത്തെയ്ക്കു വന്ന അവസരത്തിലാണ് തട്ടാൻ തിരുമുമ്പിൽ ഹാജരായതു്. അവൻ അദ്ദേഹത്തിന്റെ തൃപ്പാദത്തിൽ വീണ് “സകല നീതിന്യായങ്ങൾക്കും അധിപനായ മഹാരാജാവേ, ഞാൻ ഇതാ ചിലമ്പുമോഷ്ടിച്ച കള്ളനെ ചിലമ്പോടുകൂടി പിടിച്ചുവച്ചിരിക്കുന്നു. അവൻ കൂസൽ കൂടാതെ അതു് വിററു വിലവാങ്ങി കൊടുക്കണമെന്നും പറഞ്ഞു് എന്റെ അടുക്കൽ കൊണ്ടുവന്നു. അതിന്ന് ഉള്ളതിൽ പകുതി വിലയ്ക്കു് അതു് എനിയ്ക്കു തരാമെന്നു പറഞ്ഞു. അവനെ ആ ചിലമ്പുംകൊണ്ട് ഞാൻ എന്റെ വീട്ടിൽ ഇരുത്തിയിരിക്കയാണ് അതു് അവന്റെ കൈയിൽനിന്നു പിടിച്ചെടുക്കയും അവന്ന് ഉടനേതന്നെ ഉചിതമായ ശിക്ഷകൊടുക്കയും ചെയ്യുന്നതിന്ന് വേണ്ട കല്പനയോടുകൂടി കുറേ ശിപായിമാരെ ഇപ്പോൾതന്നെ എന്റെ

കൂടെ അയച്ചുതരാൻ തിരുവുള്ളമുണ്ടാകണം." എന്നു് അവൻ തിരുമനസ്സറിയിച്ചു. മോഷണംപോയ ചിലമ്പു് തിരിച്ചുകിട്ടിയതിലുള്ള സന്തോഷാധിക്യത്താലും തന്റെ പട്ടമഹിഷിയുടെ ചിലമ്പു് മോഷ്ടിച്ച കള്ളനേയഥായോഗ്യം ശിക്ഷനൽകി ആ വിവരം അറിയിച്ചു അവരെ സന്തോഷിപ്പിച്ചു് അനുനയിപ്പിക്കാനുള്ള ബദ്ധപ്പാട്ടുകൊണ്ടും, നിയമപ്രകാരം വിചാരണചെയ്തു കുറ്റം തെളിഞ്ഞതിനുമേലല്ലാതെ ആരെയും ശിക്ഷിച്ചുകൂടാ എന്ന പണ്ടേയ്ക്കുപണ്ടേയുള്ള രാജ്യനിയമം മഹാരാജാവു് തീരെ മറന്നുപോയി. തട്ടാന്റെ വാക്കു് കേട്ടപാതി കേൾക്കാത്തപാതി അദ്ദേഹം തന്റെ കാവൽപടയാളികളിൽ മൂന്നുപേരെ വിളിച്ചു്, "നിങ്ങൾ മൂന്നുപേരും ഈ തട്ടാന്റെ കൂടെ പോകണം. മഹാരാജ്ഞിയുടെ ചിലമ്പോടുകൂടി ഒരു കള്ളനെ നിങ്ങളുടെ കൈയിൽ ഇവൻ ഏല്പിക്കുന്നു എങ്കിൽ, മററു കള്ളന്മാർ കണ്ടുപിടിക്കാത്തവണ്ണം അപ്പോൾതന്നെ അവനു് വധശിക്ഷ കൊടുത്തുംവച്ചു് ചിലമ്പു് ഇവിടെ കൊണ്ടുവരണം. മഹാരാജ്ഞിയുടെ ചിലമ്പു് കണ്ടാൽ നിങ്ങൾക്കു് നല്ലവണ്ണം അറിയാം. അതുകൊണ്ടു് അവന്റെ കൈവശമുള്ള ചിലമ്പു് അതുതന്നെയാണോ അല്ലയോ എന്നു് എളുപ്പം നിങ്ങൾക്കു് കണ്ടുപിടിക്കാൻ കഴിയും." എന്നു് അവരോടു് കല്പിച്ചയച്ചു.

"എന്റെ ആഗ്രഹംപോലെ എല്ലാം ഞാൻ സാധിച്ചു." എന്നു് സംതൃപ്തനായി തട്ടാൻ അവരെ കോവലന്റെ അടുക്കൽ കൂട്ടിച്ചുകൊണ്ടുവന്നു് "ഇവർ മഹാരാജാവിന്റെ കല്പനപ്രകാരം അങ്ങയുടെ ചിലമ്പു് നോക്കാൻ വന്നിരിക്കുന്നവരാണു് ഇവരെ ചിലമ്പു് കാണിക്കണം" എന്നു് അയാളോടു് പറഞ്ഞു. കോവലനെ കെട്ടഴിച്ചു് ചിലമ്പു് എടുത്തു് അവരെ കാണിച്ചു അതു കണ്ടപ്പോൾ അതു് രാജ്ഞിയുടെ ചിലമ്പുതന്നെയാണെന്നു് ബോധ്യമായി എങ്കിലും കാഴ്ചയിൽ കോവലൻ

ഒരു കള്ളനാണെന്ന് അവക്ക് തോന്നായ്കയാൽ, ആ വിവരം അവർ തട്ടാനോട്ട രഹസ്യമായി പറഞ്ഞു. "ഇവനെ കണ്ടിട്ട കള്ളനാണെന്ന് നിങ്ങൾക്ക് തോന്നുന്നില്ല ഇല്ലേ? കള്ളന്മാരെക്കുറിച്ച വിഡ്ഢികളേ, നിങ്ങൾക്ക് എന്തറിയാം? മഹാരാജ്ഞിയുടെ കാണാതെ പോയ ചിലമ്പ് നിങ്ങൾ ഇവന്റെ കൈയിൽവച്ചു കാണുന്നു. എന്നിട്ടും നിങ്ങൾ അവന്റെ പുറമേയുള്ള ഭാവം കണ്ടു സംശയിക്കുന്നു. അന്തരാത്രിയിൽ കന്നക്കോലും പിക്കാസും ഒന്നും കൂടാതെ മായാതന്ത്രംകൊണ്ടു അതു മോഷ്ടിച്ചു. ഇന്ന് അതുകൊണ്ടു നിങ്ങളെ ഇവൻ മയക്കിയിരിക്കുന്നു. അന്നൊരിക്കൽ ഒരു സ്ഥാനപതിയുടെ ഭാവത്തിൽ ഒരുത്തൻ യുവരാജാവിന്റെ കൊട്ടാരത്തിൽ നിന്നും അദ്ദേഹത്തിന്റെ വൈരമാല മോഷ്ടിച്ചതു നിങ്ങൾ ഓക്കുന്നില്ലേ? അവനെ കണ്ടാൽ അവൻ ഒരു കള്ളനാണെന്ന് ആരെങ്കിലും സംശയിക്കുമായിരുന്നോ? 'കപടതന്ത്രം' എന്ന ഗ്രന്ഥം പഠിക്കണം നിങ്ങൾ. നമ്മളെക്കുറിച്ചു വല്ല സംശയവും തോന്നിയാൽ അവൻ മന്ത്രം ജപിച്ചു മറഞ്ഞുകളയും. അതിനുമുമ്പ നിങ്ങൾ നിങ്ങളുടെ മുറ ചെയ്യണം. അല്ലെങ്കിൽ അബദ്ധം പറ്റും." എന്ന് തട്ടാൻ അവരോട്ട മറുപടി മന്ത്രിച്ചു. അതു കേട്ട അവരുടെ കൂട്ടത്തിൽ ഉണ്ടായിരുന്ന വീണ്ടുവിചാരമില്ലാത്ത ഒരു ഭേൻ 'താൻ പറഞ്ഞതാണ് ശരി' എന്നും പറഞ്ഞു അടുത്ത നിമിഷത്തിൽ വാളൂരി കോവലന്റെ കഴുത്തു നോക്കി ഒരു വെട്ട കൊടുത്തു. ആ വെട്ടേറ്റ അദ്ദേഹത്തിന്റെ കഴുത്തു മുക്കാലും അററ് ഉടലിൽനിന്നു വേർപെട്ടു അയാൾ നിലത്തുവീണു ആസന്നമരണനായി ചോരക്കളത്തിൽ കിടന്നു.

പടയാളികൾ ചിലമ്പും എടുത്തു തട്ടാനുമൊരുമിച്ചു രാജസന്നിധിയിൽ തിരിച്ചുചെന്ന് ചിലമ്പു മഹാരാജാവിന്റെ കൈയിൽ കൊടുത്തു. അദ്ദേഹം അതു രാജ്ഞി

യുടെ ചിലമ്പു തന്നെയെന്നു ധരിച്ച് അവൎക്ക് എല്ലാവ
ൎക്കും സമ്മാനങ്ങൾ കൊടുത്തയച്ചും വച്ചു വേഗത്തിൽ
അതുംകൊണ്ടു രാജ്ഞിയുടെ അടുക്കലേയ്ക്കു പോയി.
"പ്രിയതമേ, ഇതാ നിന്റെ മോഷണംപോയ ചിലമ്പ്,
കണ്ടോ? ഇതു കണ്ടുപിടിച്ചു കൊണ്ടുവരാൻ ഞാൻ എത്ര
ജാഗ്രതയോടുകൂടിയാണ് പ്രവൃത്തികൾ ചെയ്തിരുന്നതു
എന്ന് ഇപ്പോൾ മനസ്സിലായോ? എന്നിട്ടും ഞാൻ അതി
ലേയ്ക്കു ഒന്നും ചെയ്യാതിരിക്കയാണെന്നു എന്നേ കുററം
പറഞ്ഞുംകൊണ്ടല്ലേ ഇരുന്നതു?" എന്നു പറഞ്ഞു ചില
മ്പു അവരുടെ കയ്യിൽ കൊടുത്തു. തന്റെ കാലാഴി
തിരിച്ചുകിട്ടിയപ്പോൾ കോപ്പെരുന്തേവി മഹാരാജ്ഞി
യ്ക്കു അത്യന്തം സന്തോഷം ഉണ്ടായി. തന്റെ ഭർത്താവ്
അതിനുവേണ്ടി വളരെ ബദ്ധപ്പെട്ടിരുന്നു എന്നു അവ
ൎക്ക് ബോധ്യപ്പെട്ടു ഒരു നിമിഷംകൊണ്ടു കലഹം ഒക്കെ
ശമിച്ച് ഇണങ്ങി. ഭാര്യാഭർത്താക്കന്മാർ പിന്നീടു കുറേ
നേരം അവിടെ ഇരുന്നു സല്ലാപം ചെയ്തതിന്നു ശേഷം
മഹാരാജാവ് അവിടെ നിന്നും പോയി. അപ്പോഴേയ്ക്കു
നേരം സായംകാലമായി. രാജ്ഞി അവിടെ കിടന്നു
ഉറങ്ങി.

---

## അദ്ധ്യായം ൧൩

---

### കഠോര ദുഃഖബാധ.

കോവലൻ വേഗം തിരിച്ചുവരായ്കയാൽ കണ്ണകി
യുടെ ഹൃദയം എന്തെന്നറിയാൻ വയ്യാത്ത ആശങ്കകൾ
ക്ക് വശഗമായി. "ഈ ഉച്ചയ്ക്കും എന്റെ ദേഹം വിറ
യ്ക്കുന്നു. മനസ്സ് ആധികൊണ്ടു വല്ലാതെ പിടയ്ക്കുന്നു
നേരം ഇത്ര ആയിട്ടും ഭർത്താവ് തിരിയെ വന്നു കാണു
ന്നില്ലല്ലോ. അങ്ങാടിയിൽ പോയി ഒരു ചിലമ്പും വിററും

വച്ച് വരാൻ ഇത്ര വളരെ നേരം വേണോ? എന്റെ ഹൃദയം വല്ലാതെ സംഭ്രമിക്കുന്നു" എന്നു അവൾ അയ്യയോടു പറഞ്ഞു. അയ്യ ആ വിവരം മാതരിയുടെ അടുക്കൽപോയി പറഞ്ഞു.

"എന്തോ വലിയ ആപത്തിനുള്ള ദുശ്ശകുനങ്ങൾ ഞാനും കണ്ടു. നമ്മുടെ വലിയ കാള കണ്ണുനീരൊഴുക്കിക്കൊണ്ടു നിൽക്കുന്നു. നാളെ കാലത്തു കൊട്ടാരത്തിൽ കൊണ്ടുപോകാൻ നെയ്യുണ്ടാക്കുന്നതിനു അടുപ്പത്തുവച്ച വെണ്ണ ഉരുകിയില്ല. പശുക്കൾ കൂട്ടംകൂടിനിന്നു പേടിച്ചു നിലവിളിക്കുന്നു. അവയുടെ കഴുത്തുമണികൾ തനിയെ അഴിഞ്ഞു താഴെ വീണു. വലിയ കഷ്ടസംഭവം എന്തോ ഉണ്ടാകാൻ പോകയാണു്. നമുക്ക് ഇപ്പോൾ തന്നെ ബലഭദ്രസ്വാമിക്കും കൃഷ്ണസ്വാമിക്കും ഒരു ഭജനം നടത്തണം" എന്നു മാതിരി അവളോടു മറുപടി പറഞ്ഞു.

ഉടനേ തന്നെ അവൾ ഏതാനും പെൺകിടാങ്ങളെ വിളിച്ചുകൂട്ടി ആ കട്ടികൾ ബലഭദ്രനേയും കൃഷ്ണനേയും ഗോപിമാരെയും കുറിച്ചുള്ള പല സ്തോത്രങ്ങളും പാടി കുരവക്കൂത്തോടുകൂടി ഭജനം നടത്തി. പിന്നെ അവർ ഇന്ദ്രദത്തമായ മാലയുള്ള നെടുഞ്ചെഴിയപാണ്ഡ്യരാജാവിനേയും സ്വർണ്ണചക്രം ധരിച്ച കരികാലചോളരാജാവിനേയും കടലിനു അക്കരെപ്പോയി കദംബദ്വീപു് ആക്രമിച്ചു പിടിച്ചടക്കിയ ചെങ്കുട്ടുവചേരരാജാവിനേയും വാഴ്ത്തി ചില പാട്ടുകൾ പാടിക്കളിച്ചു

ആട്ടം കഴിഞ്ഞു ബാലികമാർ കളിക്കാൻ വൈകയാററിലേക്കും മാതരി കർപ്പൂരം സാമ്പ്രാണി ചന്ദനം പൂമാലകൾ മുതലായ പൂജാദ്രവ്യങ്ങളും എടുത്തു് നെടുമാല അമ്മനേ ആരാധിക്കുന്നതിനു് തിരുമാൽകോവിലിലേയ്ക്കും പോയി. മഹാരാജ്ഞിയുടെ ചിലമ്പു് ആരോ മോഷ്ടിച്ചുകൊണ്ടുപോയി എന്നും അതു മോഷ്ടിച്ച കള്ളൻ കോവലൻ ആണെന്നു സംശയിച്ചു മഹാരാജാവിന്റെ

പടച്ചേവകർ അയാൾക്കു വധശിക്ഷ നൽകി എന്നും ഉള്ള വർത്തമാനം പട്ടണത്തിൽ നിന്നു വന്ന ആളുകൾ പറഞ്ഞു അവിടെ വച്ച് അവൾ അറിഞ്ഞു.

മാതരി ബദ്ധപ്പെട്ടു വീട്ടിൽ തിരിച്ചുവന്നു. അവൾ കണ്ണകിയുടെ അടുക്കൽ ചെന്ന് ഒന്നും സംസാരിക്കാൻ ശക്തിയില്ലാതെ കരഞ്ഞുംകൊണ്ടുനിന്നു. അതുകണ്ട്. കണ്ണകിയുടെ മനസ്സു പതറി. "സഖി, നീ എന്താ ഇങ്ങനെ വ്യസനിച്ചു നിൽക്കുന്നതു്. പറയൂ. എന്തൊ അനിഷ്ടശങ്കകൊണ്ടു എന്റെ മനസ്സു കലങ്ങി മറിയുന്നു. എന്റെ പ്രാണേശ്വരനെക്കുറിച്ചുള്ള വിചാരത്താൽ ഈ പകൽ സമയത്തുപോലും എന്റെ ദേഹം വിറയ്ക്കുന്നു. നീ എന്തോ ഭയങ്കരവർത്തമാനവുംകൊണ്ടു വന്നിരിക്കയാണ്. എന്നോട് അതു പറയാൻ നീ മടിക്കുന്നു. നിന്റെ ഈ വിഷമംകണ്ടു് ഭയംകൊണ്ടു് എന്റെ ദേഹം തളരുന്നു. എനിക്കു മോഹാലസ്യം വരുന്നു. കാര്യം വേഗം പറയൂ" എന്ന് അവൾ അപേക്ഷാപൂർവ്വം മാതരിയോടു പറഞ്ഞു.

"കൊട്ടാരത്തിൽനിന്നു് മഹാരാജ്ഞിയുടെ ചിലമ്പു കട്ടു എന്ന കുറ്റംചുമത്തി മഹാരാജാവിന്റെ ഉദ്യോഗസ്ഥന്മാർ കോവലനെ പിടിച്ചു വെട്ടിക്കൊന്നതായി ഒരു വർത്തമാനം കേട്ടു" എന്നു അവൾ ഇടനെഞ്ചു പൊട്ടിപ്പറഞ്ഞു. "എന്തു കഠോരമായ അന്യായം" എന്ന് ഉറക്കെ വിളിച്ചു പറഞ്ഞുംകൊണ്ടു അവൾ ചാടി എണീച്ചു. "എന്റെ പ്രാണനാഥാ, എന്റെ ഭർത്താവേ, അങ്ങ് എവിടെ കിടക്കുന്നു? അയ്യോ!" എന്ന നിലവിളിയോടുകൂടി ഉടനേ ബോധം കെട്ടു താഴെ വീണു.

കുറേനേരം കഴിഞ്ഞു് അവൾക്കു് ബോധം വീണു. "ഈ രാജാവിന്റെ തെറ്റുകൊണ്ടു് എന്റെ ഭർത്താവു് മരിച്ചു. അതു കാരണം ഞാൻ മറ്റു വിധവമാരെപ്പോലെ കഷ്ടപ്പെട്ടു മരിക്കണോ? അഹോ മുഗ്ദ്ധയായ ധർമ്മദേ

വതേ, ഈ രാജാവു് നീതിയിൽ നിന്നു തെററി പ്രവൎത്തിക്കാൻ നി ഇടവരുത്തിയതിന്നു് ഞാൻ ഒരു വിധവയായി നിരാശ്രയയായി ഭൂലോകത്തുള്ള തീൎത്ഥസ്ഥലങ്ങളിലെല്ലാം അലഞ്ഞു തിരിയണൊ? എന്റെ ഭൎത്താവു് ഒരു കള്ളൻ! സാഗരമേഖലയായ ഈ ഭൂമിയിൽ നടക്കുന്ന സകലത്തിന്നും സാക്ഷിയായ ആദിത്യദേവാ, എന്റെ ഭൎത്താവു് ഒരു കള്ളനോ?" എന്നു് അവൾ വിലപിച്ചു "ഉടനേ കോവലൻ കള്ളനല്ലായിരുന്നു. അന്യായമായ ഈ കോലയ്ക്കു് ഈ മധുരാപുരം അഗ്നിയ്ക്കു് ആഹാരമായി ഭവിക്കും." എന്നൊരു അശരീരിവാക്യം ഉണ്ടായി.

കണ്ണകി തന്റെ മറേറ ചിലമ്പും കൈയിൽ എടുത്തുംകൊണ്ടു് അവിടെ വന്നുകൂടിയ സ്ത്രീജനങ്ങളോടായി പറഞ്ഞു. "ഈ ന്യായാന്യായവിചാരംകെട്ട രാജാവിന്റെ ഭയങ്കരമായ നഗരത്തിൽ പാൎക്കുന്ന പതിവ്രതമാരേ, നിങ്ങൾ ഇപ്പറഞ്ഞതു കേട്ടില്ലേ? എന്റെ ഭൎത്താവു് ഒരു കള്ളൻ അല്ലായിരുന്നു. വില കൊടുക്കാതെ എന്റെ ചിലമ്പു് കിട്ടാൻവേണ്ടി രാജാവു് എന്റെ നാഥനെ വധിപ്പിച്ചു. അതു കൈക്കലാക്കിക്കൊണ്ടുപോയി. ഞാൻ ഒരു പതിവ്രതയായ സ്ത്രീയാണെങ്കിൽ എന്റെ മരിച്ചു കിടക്കുന്ന ഭൎത്താവു് ഞാൻ പറഞ്ഞാൽ സംസാരിക്കും. നിങ്ങൾക്കു് കാണാം."

അവൾ എഴുനീററു് പട്ടണത്തിലേയ്ക്കു പോയി. ഇടയസ്ത്രീകൾ അവളെ അനുഗമിച്ചു. നഗരജനങ്ങൾ കൂട്ടം കൂട്ടമായി അവളുടെ ചുററും വന്നുകൂടി. "നമ്മുടെ മഹാരാജാവിന്റെ ചെങ്കോൽ വളഞ്ഞുപോയി! ചന്ദ്രനേപ്പോലെയുള്ള വെൺകൊററക്കുടയും ഉടവാളും ധരിച്ചു തെന്നാട്ടരചനായ പാണ്ഡ്യമഹാരാജാവിന്റെ മാഹാത്മ്യം അസ്തമിച്ചു! ഇതാ ഒരു ദേവിയെപ്പോലെയിരിക്കുന്ന ഈ സ്ത്രീ സഹിക്കാൻ വയ്യാത്ത നരകവേദന അനുഭവിക്കുന്നു. കഷ്ടം" എന്നവർ വിളിച്ചു പറഞ്ഞു. അവർ

അവരെ കോവലൻ വെട്ടേററു കിടക്കുന്ന സ്ഥലത്തേയ്ക്കു് കൂട്ടിക്കൊണ്ടുപോയി. അവൾ അവിടെ തന്റെ ഭർത്താവിനെകണ്ടു! എന്നാൽ അയാൾ അവളെ കണ്ടില്ല, കഷ്ടം!

സൂര്യൻ അസ്തോന്മുഖനായി. സന്ധ്യയുടെ അരുണവർണ്ണം സർവ്വത്ര വ്യാപിച്ചു. കണ്ണകി ദുഃഖാർത്തയായി അത്യുച്ചത്തിൽ രോദനം ചെയ്തു. അന്നുരാവിലെ അവളെ ഒരു പൂമാല ചൂടിച്ചു്, ആലിംഗനം ചെയ്തു ചുംബിച്ചു് ചിലമ്പുവിററു പണവും കൊണ്ടു വേഗം വരാമെന്നു പറഞ്ഞും വച്ചു പോയ ഭർത്താവിനെ പിന്നെ അവൾ കാണുന്നതു് അന്നു വയ്യിട്ടു കഴുത്തററു ചോരക്കുളത്തിൽ കിടക്കുന്നതാണു്. അവൾ കോവലന്റെ അടുക്കൽ ചെന്നു കിടന്നു് അയാളെ നെഞ്ചോടു ചേർത്തു കെട്ടിപ്പിടിച്ചു് അയാളുടെ ദേഹം കണ്ണുനീരിൽ ആറാടിച്ചു "അയ്യോ, എന്റെ ഭർത്താവേ, അങ്ങയുടെ ഈ ഓമന ഉടൽ ഈ സന്ധ്യയ്ക്കു് പൂഴിമണൽ പൊടിയിൽ കിടന്നു് ഉരുളുമാറായല്ലോ. അങ്ങടെ ഈ പ്രിയപത്നിയോടു് ഒരു ഒററ വാക്കു് എങ്കിലും സംസാരിക്കയില്ലേ? ഈ പട്ടണത്തിൽ സജ്ജനങ്ങൾ ആരും ഇല്ലേ? ഈ അന്യായത്തിനു് എതിരു പറയാൻ ഒരു സ്ത്രീയും ഇല്ലേ? ഈ നീതിയില്ലാത്ത രാജാവിന്റെമൂർച്ചയേറിയ വാൾ നിരപരാധികളെ വെട്ടിക്കൊന്നതു് ചോദിക്കാൻ ഇവിടെ ഈശ്വരനും ഇല്ലേ? എന്റെ ജീവിതേശ്വര, അങ്ങു ഒരു വാക്കു് എന്നോടു ഉരിയാടണേ! ഒരേ ഒരു വാക്കു മതി." എന്നു അവൾ ഉള്ളുരുകി കരഞ്ഞുപറഞ്ഞു. അപ്പോൾ കോവലനു് ബോധം ഉണ്ടായി. അയാൾ കണ്ണുകൾ തുറന്നു് "എന്റെ ഓമനയുടെ പൂർണ്ണചന്ദ്രനോടൊത്ത മുഖത്തിന്റെ കാന്തി മങ്ങിയിരിക്കുന്നല്ലോ!" എന്നു് പതുക്കെപ്പറഞ്ഞു. അവൾ അതു കേട്ടു് ഏങ്ങി ഏങ്ങി കരഞ്ഞുംകൊണ്ടു് അയാളുടെ പാദങ്ങളെ രണ്ടുകൈകൊണ്ടും തലോടി. അപ്പോൾ അയാൾ "പ്രി

യെ ഇവിടെ വന്നിരിക്കൂ! ഇവിടെ വന്നിരിക്കൂ!" എന്നു് അവളോടു പറഞ്ഞു് അന്ത്യശ്വാസം വലിച്ചു. അയാളുടെ ദേഹി ദേവഗണങ്ങളോടുകൂടി സ്വർഗ്ഗം പ്രാപിക്കയും ചെയ്തു.

"ഇതു സത്യമോ, അതോ മായയോ? സത്യം കണ്ടുപിടിക്കാൻ ഞാൻ എവിടെയാണു് പോകേണ്ടതു്? എന്നാൽ ഒന്നാമതായി എന്റെ ഉഗ്രമായ കോപാഗ്നിയെ സമാധാനപ്പെടുത്തണം. ദുഷ്ടനായ രാജാവിന്റെ മുമ്പാകെ ചെന്നു് അദ്ദേഹം ചെയ്ത അന്യായത്തെ വെളിപ്പെടുത്തണം. പിന്നെ എന്റെ ഭർത്താവിന്റെ ശവശരീരം ദഹിപ്പിക്കണം. അതിനോടുകൂടി ഈ അന്യായം പിടിച്ചുപട്ടണത്തെയും ചുട്ടുനശിപ്പിക്കണം." എന്നു അവൾ മനസ്സുകൊണ്ടു നിശ്ചയിച്ചു. അവൾ മുമ്പൊരു ദിവസം കണ്ടതും തേവന്തി പറഞ്ഞു കേൾപ്പിച്ചതും ആയ ആ ഭയങ്കര സ്വപ്നത്തിന്റെ സംഗതി അപ്പോൾ അവളുടെ സ്മൃതിപഥത്തിൽ ആവിർഭവിച്ചു. അവൾ തുടങ്ങി. "അഹോ! ഈ ദുസ്സ്വപ്നങ്ങൾ എത്ര കണക്കിനു് ഫലിക്കുന്നു." എന്നു അവൾ വിചാരിച്ചു.

അനന്തരം അവൾ രാജാവിനെ കാണാനായി രാജധാനിയിലേയ്ക്കു പോയി.

---

# അദ്ധ്യായം ൧൮

---

## കൊടിയ പകവീട്ടൽ

നെടുഞ്ചെഴിയ മഹാരാജാവിന്റെ പട്ടമഹിഷി കോപ്പെരുന്തേവി, അന്നത്തെ സായാഹ്നത്തിൽ ഒരു ഭയങ്കരദുഃസ്വപ്നം കണ്ടു; അവൾ ഞെട്ടി ഉണർന്നു് മഹാരാജാവിന്റെ അടുക്കൽ ഓടിച്ചെന്നു് "മഹാനായ രാജേശ്വരാ, ഞാൻ ഇപ്പോൾ ഒരു ദുഃസ്വപ്നം കണ്ടു. 'അവി

ട്ടതെ ചെങ്കോലും വെൺകൊററക്കുടയും മറിഞ്ഞു നില ത്തുവീണു. മഹാകഷ്ടമായ ഒരു അന്യായം ചെയ്യപ്പെട്ടതു അറിയിക്കുന്നതുപോലെ കൊട്ടാരഗോപുരദ്വാരത്തിലുള്ള ന്യായമണി തുടരെ അടിച്ചു. പകൽ ഒരു കൊള്ളിമീനും രാത്രിയിൽ ഒരു മഴവില്ലും ആകാശത്തിൽ പ്രത്യക്ഷമായി' ഇതാണു് ആ സ്വപ്നം. എന്തോ ഭയങ്കരമായ ഒരു ദൈവകോപം ഉണ്ടാകാൻ പോകുന്നതായി ഞാൻ ഭയപ്പെട്ടു ന്നു. കൊർക്കയിൽ സമുദ്രാക്രമണം സംഭവിച്ച കാലത്തു അവിടത്തെ പൂർവ്വികൻ മഹാനായ ഉഗ്രപാണ്ഡ്യമഹാരാജാവു് അതു തടുക്കാനായി അവിടുത്തെ ശൂലം സമുദ്ര ത്തിന്റെ നേരെ പ്രയോഗിച്ചപ്പോൾ ഇങ്ങനെ ഒരു ദുഃസ്വപ്നം കണ്ടതായും സമുദ്രരാജാവു് ഏറ്റുകോപിച്ചു് കുമാരിയും പഹ്രുളിയാറും അന്നു് വെള്ളത്തിൽ മുക്കിക്കള ഞ്ഞതായും കേട്ടിട്ടുണ്ടു്. ഇപ്പോൾ എന്താപത്താണോ സംഭവിക്കാൻ പോകുന്നതു്? അതു വിചാരിച്ചു ഞാൻ വല്ലാതെ ഭയപ്പെടുന്നു" എന്നു പറഞ്ഞു.

ആ അവസരത്തിൽ പടിയിൽ കാവൽക്കാരൻ തിരുമുമ്പിൽവന്നു്, "തമ്പുരാനേ, ഏതോ ഒരു ഉഗ്രമൂർത്തിയായ ദേവിയെപ്പോലെ, ദേഷ്യംകൊണ്ടു നോക്കാൻവയ്യാത്ത വണ്ണം ഭയങ്കരഭാവത്തോടെ, ഒരു സ്ത്രീ കൊട്ടാരഗോപുര വാതുക്കൽ വന്നുനിൽക്കുന്നു. അവരെ കണ്ടാൽ വിജയ ദേവതയായ ദുർഗ്ഗാഭഗവതിക്കൊപ്പം തനിക്കാൻ പോരിക ഉള്ളവളെന്നു തോന്നുന്നു. ഭദ്രകാളിയെപ്പോലെ പേടി തോന്നിക്കുന്നു. അവളുടെ കൈയിൽ ഒരു വിശേഷപ്പെട്ട ചിലമ്പും ഉണ്ടു്. അവളുടെ മുഖം കണ്ണുനീർ പുരണ്ടു് കലങ്ങിയിരിക്കുന്നു". എന്നു മഹാരാജാവിനെ അറിയിച്ചു. അതുകേട്ടു് അവളെ തന്റെ മുമ്പാകെ കൂട്ടിക്കൊണ്ടുചെല്ലാൻ അദ്ദേഹം കല്പിച്ചു. അവൻ ചെന്നു് കണ്ണകിയെ രാജസന്നിധിയിൽ കൂട്ടിക്കൊണ്ടുവന്നു നിർത്തി.

"മാന്യയായ യുവതി, നിന്റെ മുഖം കണ്ടിട്ടു് നീ

വളരെ കരഞ്ഞതായി കാണുന്നു. നീ ആരാണ്? നീ എന്തിന് ഇവിടെ വന്നു?" എന്ന് രാജാവ് അവളോട് ചോദിച്ചു.

"വിവേകംകെട്ട രാജാവേ, ഞാൻ കാവേരിപ്പൂംപട്ടണത്തുകാരിയായ ഒരു സ്ത്രീയാണ്. ഒരു മാടപ്രാവിനെ രക്ഷിക്കാൻ ഒരു കഴുകൻ സ്വന്തംശരീരത്തിൽ നിന്നു മാംസം മുറിച്ചെടുത്തു ദാനംചെയ്ത ശിബിചക്രവർത്തിയും ഒരു പശുക്കിടാവിന്റെ പുറത്തുകൂടി അലക്ഷ്യമായി വണ്ടി ഓടിച്ച് അതു ചാകാൻ ഇടയാക്കിയ സ്വന്തംപുത്രനെ സ്വന്തം തേരിന്റെ ചക്രത്തിനടിയിൽ കിടത്തി ദേഹംഞെരിച്ചുകൊണ്ട് ന്യായത്തെ രക്ഷിച്ച മനുനീതികൊണ്ട ചോളരാജാവും പരിപാലനം ചെയ്തിരുന്ന ആ രാജ്യത്തുനിന്നാണ് ഞാൻ വരുന്നതു്. ആ പട്ടണത്തിലെ കലീനനായ മാസാത്തുവാൻ ചെട്ടി എന്ന വർത്തകശ്രേഷ്ഠന്റെ മകൻ കോവലൻ എന്ന വണിക്പ്രമുഖൻ വിധി പ്രേരണയാൽ ദരിദ്രനായി അങ്ങേടെ രാജ്യത്ത് വ്യാപാരംചെയ്തു ധനം സമ്പാദിച്ച് തന്റെ പൂർവസ്ഥാനം പ്രാപിക്കാമെന്ന് ആഗ്രഹിച്ച് ഇന്നലെ ഇവിടെ വന്നുചേർന്നു. അദ്ദേഹം വ്യാപാരം തുടങ്ങാനുള്ള മുതൽ ഉണ്ടാക്കാൻ എന്റെ കാൽചിലമ്പുകളിൽ ഒന്ന് വില്ക്കാനായി കൊണ്ടുനടന്നപ്പോൾ അങ്ങേടെ ആജ്ഞാകാരന്മാർ അദ്ദേഹത്തിനെ പിടിച്ചു കൊലചെയ്തു. അദ്ദേഹത്തിന്റെ ധർമ്മപത്നിയാണു ഞാൻ. എന്റെ പേര് കണ്ണകി എന്നാണ്."

"സ്ത്രീയേ, അതു് ഒരു കൊല ആണെന്ന് നിനക്ക് എങ്ങനെ പറയാം. മോഷണം ചെയ്യുന്നവർക്ക് വധശിക്ഷ കൊടുത്ത് ന്യായത്തെ രക്ഷിക്കേണ്ടതു് രാജാക്കന്മാരുടെ ധർമ്മമല്ലേ?"

"നിരപരാധിയെകൊല്ലുന്നതു് നീതിരക്ഷയ്ക്കുള്ള വധശിക്ഷയാകുന്നതല്ല. അതു ശുദ്ധകൊലപാതകമാണ്."

"സ്ത്രീ അവന്റെ ഭാര്യയാണ്. അതുകൊണ്ട് അവൻ നിരപരാധിയാണെന്നല്ലാതെ പറയുമോ? എന്നാൽ അവനെ എന്റെ രാജ്ഞിയുടെ മോഷണംപോയ ചിലമ്പോടുകൂടി പിടികൂടുകയാണ് ചെയ്തത്.

"അദ്ദേഹം ചിലമ്പുമോഷ്ടിച്ചവനല്ല. ഇപ്പോഴും അങ്ങാണ് ചിലമ്പുമോഷ്ടിച്ചവനായിരിക്കുന്നത് അങ്ങേടെ റാണിയുടെ ചിലമ്പ് കാണാതെ ആയതിനാൽ ഭ്രാന്തനായി വീണ്ടുവിചാരംവെടിഞ്ഞ് ഒരു നിർദ്ദോഷിയെ അവൻ ചെയ്യാത്ത കുറ്റം ചുമത്തി കൊല്ലാൻ കല്പനകൊടുത്ത ഈ അങ്ങാണ്! മനുവിനേയും ശിബിയേയും പോലെ അങ്ങും ഒരു രാജാവാണെന്നു പറയുന്നല്ലോ. ഏറ്റവും അന്യായമായ കൊലപാതകംചെയ്തുംവച്ചു ന്യായം നടത്തിയതാണെന്നു നടിച്ച് ഈ സ്ത്രീയെയും അടുക്കൽ ഇരുത്തിക്കൊണ്ട് സിംഹാസനത്തിൽ ഇരിയ്ക്കാൻ അങ്ങേയ്ക്കു ലജ്ജയില്ലല്ലോ."

"നീ എന്തുപറയുന്നു പെണ്ണേ? ഇങ്ങനെ പറയാൻ നീ ധൈര്യപ്പെടുന്നോ?"

"അതെ, അതു പരമാർത്ഥമായതുകൊണ്ടു ഞാൻ പറഞ്ഞതു സത്യമാണെന്ന് സ്ഥാപിക്കാൻ ഞാൻ വേണ്ട തെളിവുതരാം."

"ഇപ്പോൾ നീ അതു തെളിയിക്കണം. ഇല്ലെങ്കിൽ നിനക്ക തരുന്ന ശിക്ഷ വധമാണ് അതു ഓർത്തുകൊള്ളണം. ഇതാ നിന്റെ ഭർത്താവിന്റെ കൈയിൽനിന്നു പിടിച്ചെടുത്ത ചിലമ്പ്" എന്നു പറഞ്ഞ് രാജാവ് ആ ചിലമ്പ് അവളുടെ കൈയിൽ കൊടുത്തു.

കണ്ണകി അതു കൈയിൽ വാങ്ങി നല്ലവണ്ണം സൂക്ഷിച്ചുനോക്കി. അതു തന്റെ ചിലമ്പാണെന്ന് അവൾക്ക ബോധ്യപ്പെട്ടു. അവൾ അദ്ദേഹത്തിനോടു പറഞ്ഞു. "എന്റെ ഭർത്താവ് കുറ്റക്കാരൻ അല്ലെന്നു തെളിവുതരാൻ ഒരു പ്രയാസവും ഇല്ല. അങ്ങയുടെ രാജ്ഞിക്കുള്ള

ചിലമ്പിനകത്തു എന്താണു് ഇട്ടിരിക്കുന്നതു് എന്നു പറഞ്ഞാൽകൊള്ളാം"

"ഒന്നാന്തരം മുത്തുകൾ" എന്നു് അദ്ദേഹം മറുപടി പറഞ്ഞു.

"എന്റെ ചിലമ്പിനകത്തു് ഒന്നാന്തരം മാണിക്യങ്ങളാണു്. രാജതൊഴിലാളെന്നു് മൂഢമാരായ നിങ്ങൾ തക്കിക്കുന്ന ഈ ചിലമ്പിനകത്തു എന്താണെന്നു നോക്കണം!" എന്നു പറഞ്ഞു് അവൾ ആ ചിലമ്പ് നിലത്തേയ്ക്കു എറിഞ്ഞു. അതുപൊട്ടി അതിനകത്തുനിന്നും ജാജ്വലങ്ങളായ മാണിക്യങ്ങൾ നാലുപാടും ചിതറി. അപ്പോൾ രാജചിഹ്നങ്ങളായ വെൺകൊറ്റക്കുട കാൽമുറിഞ്ഞുവീഴുകയും സിംഹാസനം വളയുകയും ചെയ്തു. അവൾ ഉഗ്രക്രോധാവേശത്തോടെ അവളുടെ മറ്റേ ചിലമ്പും നിലത്തേയ്ക്കു് വലിച്ചെറിഞ്ഞു "നോക്കുക! ഇതിനകത്തും എന്താണെന്നു്" എന്നു് വിളിച്ചു പറഞ്ഞു. അതിനകത്തു് നിന്നു് അതുപോലെയുള്ള മാണിക്കങ്ങൾ തന്നെ പുറം തെറിച്ചു.

അതുകണ്ടപ്പോൾ രാജാവു് കഠിനമായി വ്യസനിച്ചു. "ഞാൻ ആണോ രാജാവു്! ഒരു ഖലനായ തട്ടാന്റെ വ്യാജവാക്കുകൾ വിശ്വസിച്ചു് നിരപരാധിയായ ഒരുത്തനു് വധശിക്ഷനൽകിയ ഞാനാണോ രാജാവു്! ഞാനാണു് കള്ളൻ. ഞാൻ നിന്റെ ചിലമ്പു് അപഹരിച്ചു. ന്യായത്തെ രക്ഷിച്ചില്ല ഞാൻ അന്യായം ചെയ്തു ഈ മഹാപാപത്തിനു് ഞാൻ ഇപ്പോൾതന്നെ മരിച്ചുപോകട്ടെ!" എന്നു് തീവ്രവേദനയോടുകൂടി രോദിച്ചു് അദ്ദേഹം തന്നത്താൻ ശപിച്ചു.

അയ്യയ്യോ ദൈവമേ ഞാൻമഹാപാപിയായ്
മെയ്യവനേകനേ ശിക്ഷിച്ചുപോയ്!
ദുഷ്കൃതംചെയ്തുഞാൻ ഹാവിധിയ്ക്കുപ്പെഴി
വയ്യാതെമോമറവുള്ള മർത്ത്യനേപ്പോൽ

നീതിനടത്തി നൽധൎമ്മത്തെരക്ഷിച്ച
ഭൂതിപുലർത്തേണ്ട ഭൂനായകൻ!
എങ്കയ്യിലേന്തിന നീതതന്മേ ശ്രയാം
ചെങ്കോൽവളഞ്ഞെല്ലൊ കഷ്ടമയ്യൊ!
അഗമധൎമ്മമുറകളെ നോക്കാതെ
ദോശങ്ങളിലാശ വയ്ക്കയാലെ
ഇദ്ദിവ്യനാരിയെ കഠരമാക്കിനി
യൊരെത്താരശിക്ഷമേ നൽകിയാവൂ

എന്ന പരദേവനംചെയ്തു് ഇടിവെട്ടേററതുപോലെ താഴെവീണു് രാജാവു് നിര്യാതനായി.

അതിനോടുകൂടി കോപ്പെരുന്തേവി മഹാരാജ്ഞിയും നിലത്തുമറിഞ്ഞു് വീണു. അവർ ആ കിടപ്പിൽ തന്റെ ഭൎത്താവിന്റെ പാദങ്ങളെ തൊട്ടു് മൂർദ്ധാവിൽവച്ചു് വന്ദിച്ചു. "എന്റെ പ്രാണേശ്വര, എന്നേക്കൂടി അവിടത്തെക്കൂടെ കൊണ്ടുപോകണേ! അവിടത്തെക്കൂടാതെ എനിക്കു് ജീവിച്ചിരിക്കാൻ വയ്യാ" എന്നു് പ്രാൎത്ഥിച്ചുപറഞ്ഞു.

"അല്ലയോ മഹാരാജ്ഞി, ക്രൂരവിധിക്കു് ഇരയായവളാണു് ഞാൻ. ഞാൻ പഠിപ്പുള്ളവളല്ല എന്നാൽ ഒന്നു് നിശ്ചയമാണു് അതു് എനിക്കറിയാം. മറ്റൊരാൾക്കു് ദോഷം ചെയ്യുന്ന ആൾ നിശ്ചയമായും ദോഷം അനുഭവിക്കും. മറെറാന്നുകൂടി ഉണ്ടു് അതും ഇപ്പറഞ്ഞതുപോലെ സ്പഷ്ടമായ ഒന്നാണു്. പുറമെ എത്രതന്നെ അരക്ഷിതയും അനാഥയും ആയി തോന്നിയാലും ഒരു പതിവ്രതയ്ക്കുള്ള ശക്തി. എന്റെ സ്വന്തനഗരത്തിൽപിറന്ന പതിവ്രതമാർ ചിലർ ചെയ്തിട്ടുള്ളതു് എന്തെല്ലാമാണെന്നു പറഞ്ഞുകേൾപ്പിക്കാം. ദോഷശങ്ക ആരോപിക്കപ്പെട്ട ഒരു കലീനയായ സ്ത്രീ തന്റെ പരിശുദ്ധതയെ തെളിയിക്കാൻ അടുക്കളയേയും ഒരു മരത്തേയും കൊണ്ടു് സാക്ഷി പറയിച്ചു. മറെറാരുത്തി അതേ കാൎയ്യ

ത്തിന്റെ ആറുമണൽത്തിട്ടിന്മേൽ മണ്ണുകൊണ്ടുണ്ടാക്കിയ
ഭർത്താവിന്റെ പ്രതിമ ഒഴുക്കിൽ അലിഞ്ഞുപോകാതെ
കാണിക്കാൻ ആവശ്യപ്പെട്ടപ്പോൾ അതു രക്ഷിച്ചുംകൊ
ണ്ടു് അവിടെ കാത്തുനിന്നു, ജലപ്രവാഹം അവളേയും
പ്രതിമയേയും ഒഴിഞ്ഞുമാറി ഒഴുകിയതേ ഉള്ളൂ. കരികാല
മഹാരാജാവിന്റെ പുത്രി കാവേരിമുഖത്തു് കടലിൽവീ
ണു് തിരമാലകളിൽ അകപ്പെട്ടു മുങ്ങിപ്പോകാൻ ഭാവി
ച്ച ഭർത്താവ് വഞ്ചിക്കോനെ രക്ഷിക്കാൻവേണ്ടി കൂടെക
ടലിൽ ചാടി. സമുദ്രം അതുകണ്ടു് ആശ്ചര്യംപൂണ്ടു് ആ
പത്തൊന്നുംകൂടാതെ അദ്ദേഹത്തിനേ അവൾക്കു് കൊ
ണ്ടുവന്നു് കൊടുത്തു. വേറെ ഒരുവൾ ഭർത്താവ് കച്ചവട
ത്തിന്നു മറുനാട്ടിലേയ്ക്കു് കപ്പൽകയറാൻ ഭാവിച്ചപ്പോൾ
ഭർത്താവുമായി വേർപെട്ടു് ജീവിച്ചിരിക്കാൻ വയ്യാതെ
കടപ്പുറത്തു് ഒരു ശിലാവിഗ്രഹമായി നില്ക്കുകയും അയാൾ
തിരിയെ വന്നു് കൈകൊണ്ടു് ആ വിഗ്രഹത്തെ തലോ
ടിയപ്പോൾ വീണ്ടും സ്വന്തശരീരം കൈക്കൊണ്ടു് അയാ
ളുമൊരുമിച്ചു് പാർക്കുകയും ചെയ്തു. പിന്നൊരു സ്ത്രീ നോ
ക്കാൻ അവളെ ഏല്പിച്ചിരുന്ന സപത്നിയുടെ കുട്ടി യ
ദൃച്ഛയാ കിണററിൽ വീണപ്പോൾ ചാപല്യം ഉണ്ടാകാ
തിരിക്കുന്നതിന്നു് സ്വന്തം കുട്ടിയെക്കൂടി കിണററിലേയ്ക്കി
ട്ടു് കൂടെ ചാടി രണ്ടു കുട്ടികളേയും രക്ഷിച്ചു. മറെറാരു
സ്ത്രീ ഭർത്താവു് കൂടെയില്ലാത്തപ്പോൾ പരപുരുഷന്മാർ
തന്നെ നോക്കിക്കാണുന്നതു കണ്ടു് ഒരു കരിമന്തിയുടെ
രൂപമെടുത്തു പാർത്തു. അയാൾ തിരിച്ചുവന്നതിൽപി
ന്നെ സ്വന്തം രൂപമെടുത്തു. പിന്നൊരുവൾ അവളുടെ
അമ്മയും അവരുടെ പരിചാരികയും തമ്മിൽ രണ്ടുപേ
ൎക്കും ഗർഭമുണ്ടായിരുന്ന കാലത്തു് അവർ പ്രസവിക്കുന്ന
തു് ഒന്നു് ആണും മററതു് പെണ്ണും ആയിരുന്നാൽ അവ
രെ അന്യോന്യം കല്യാണം കഴിപ്പിക്കാമെന്നു ചെയ്തു
പോയ വാഗ്ദാനത്തെക്കുറിച്ചു് പറഞ്ഞു് അവളുടെ അ

മ്മ വ്യസനിക്കുന്നതുകണ്ടിട്ട് നേരെ പരിചാരികയുടെ മകന്റെ അടുക്കൽ ചെന്നു് അയാളുടെ കാൽക്കൽ വീണു അപേക്ഷിച്ച് അയാളെ [illegible]യായ അമ്മയുടെ വ്യസനത്തെ പരിഹരിച്ചു. ഈ ഏഴു സ്ത്രീകളും ജീവിച്ചിരുന്ന പൂവാർനഗരത്തിലെ ഒരു ചാരിത്രവതിയായ സ്ത്രീയാണു് ഞാനും. എന്നോടു ചെയ്തു ഈ ഘോരമായ അന്യായത്തിനു് എന്നെന്നേയ്ക്കും ഒരു പാഠമായിരിക്കത്തക്കവണ്ണം ഞാൻ ഈ മധുരാപുരിയെ ചുട്ടു ചാമ്പലാക്കുന്നുണ്ടു്. കണ്ടോളു!" അവൾ ഇത്രയും പറഞ്ഞിട്ടു രാജ്ഞിയെ നോക്കിയപ്പോൾ അവർ മരിച്ചുകഴിഞ്ഞിരിക്കുന്നതായി കണ്ടു.

കണ്ണകി അവളുടെ വലത്തു കൈകൊണ്ടു് ഇടത്തെ മുല പറിച്ചെടുത്തു പിടിച്ചുംകൊണ്ടു്,

'എരികെരാക്തിയെരാകയിപ്പുര
പൊരും പതിവ്രതാ പരം ജയിക്കട്ടെ!
അനീതിയിന്നുമേൽ വരാതിരിക്കട്ടെ!
ജനം സുനീതിയിൽ സുഖം ലഭിക്കട്ടെ!
എരികെരാക്തി പടർന്നുകത്തട്ടെ!
ഒരു മടവാരിന്നഴലടങ്ങട്ടെ!

അല്ലയോ അഗ്നിദേവാ! ഈ മധുരാപുരി അങ്ങയുടെ ജ്വാലകൾ ഭക്ഷിച്ച് ഭസ്മമാക്കട്ടെ! ധർമ്മനിഷ്ഠയുള്ളവരും ബ്രാഹ്മണരും പശുക്കളും സുചരിതകളായ സ്ത്രീജനങ്ങളും വൃദ്ധന്മാരും കുഞ്ഞുങ്ങളും ഒഴികെ ഇതിലുള്ള സകലതും വെന്തു വെണ്ണീറായ്പ്പോകട്ടെ! ഈ നഗരത്തിന്റെ രാജാവു് കൊലപാതകം ചെയ്തു ഒരു കുഞ്ഞിനു് മുല കൊടുക്കുമ്പോഴുണ്ടാകുന്ന പരമാഹ്ളാദം ഈ ജന്മത്തിൽ എനിക്കു് ഇല്ലാതാക്കി. അതിനുള്ള ഫലം ഈ നഗരം അനുഭവിക്കട്ടെ" എന്നു ശാപവാക്കുകളരുളി ആ മുല നഗരാഭിമുഖമായി വലിച്ചെറിഞ്ഞു.

ധവളദന്തങ്ങളും രക്തവർണ്ണത്തിലുള്ള ശിഖയും നീലനിറവും ഉള്ള ഒരു ബ്രാഹ്മണന്റെ വേഷത്തിൽ അഗ്നിദേവത അവളുടെ മുമ്പിൽ പ്രത്യക്ഷമായി "ദേവിയുടെ നിയോഗം ഇതാ ഞാൻ നിർവഹിക്കാം' എന്നു പറഞ്ഞു വായ് തുറന്ന് ജ്വാലകൾ ഉദ്വമിച്ചു. മധുരാപുരം അഗ്നിശിഖകളാൽ ആവൃതമാവുകയും ചെയ്തു.

മുത്തുപോലെ വെളുത്തശരീരം, തുറന്നു പിടിച്ച കുട, ദണ്ഡ്, ജലപാത്രം, തീക്കൊള്ളി, ദർഭപ്പുല്ല്, വേദഗ്രന്ഥം, പൂണൂൽ, ഇവയോടുകൂടിയ ബ്രാഹ്മണഭൂതം; പവിഴം പോലെ ചുവന്നനിറം, തുഴക്കോൽ, കുട, ആലവട്ടം, കൊടി, അങ്കുശം, ശൂലം, പാശം ഇവയോടുകൂടിയ ക്ഷത്രിയഭൂതം; തവിട്ടുനിറം; തുലാസ്, വാളുകത്തണ്ട്, വിത്ത്, വെള്ളം, നെൽവിത്ത് ഇവയോടുകൂടിയ വൈശ്യഭൂതം; നീലനിറവും കൈയിൽ കലപ്പയും ഉള്ള വേളാൻഭൂതം; നഗരരക്ഷികളായ ഈ നാലു ഭൂതങ്ങളും നഗരത്തിനു തീപിടിക്കാൻ പോകുന്ന സംഗതി മുൻകൂട്ടി ഗ്രഹിച്ച് തെരുവുകൾക്ക് തീ കത്തുന്നതിനു മുമ്പുതന്നെ അവരവരുടെ സ്ഥാനങ്ങൾ ഉപേക്ഷിച്ച് ഒഴിഞ്ഞുമാറിക്കൊടുത്തു.

അഗ്നിശിഖകൾ അതിഘോരമായി പടർന്നുപിടിച്ചു കാളിക്കത്തി, മനോഹരമായ പാണ്ഡ്യരാജ്യതലസ്ഥാനനഗരം മുക്കാലും അതിവേഗം ചാമ്പലായി. വേശ്യാസ്ത്രീകൾ വസ്ത്രാഭരണാദികളും ധരിച്ച് അർദ്ധനഗ്നകളായ അതു നിലയിലും, ഭടന്മാർ പട്ടാളഉടുപ്പുകൾ ധരിച്ച അതു നിലയിലും, കച്ചവടക്കാർ വ്യാപാരശാലകളിൽ കച്ചവടം ചെയ്തുകൊണ്ടിരിക്കുന്ന അതു നിലയിലും, കൂലിക്കാർ കൈവണ്ടികളും വലിച്ചുകൊണ്ടുപോകുന്ന അതു നിലയിലും—ഇങ്ങനെ സകലജനങ്ങളും നിനച്ചിരിക്കാതെ, ഓടി രക്ഷപ്പെടാൻ കഴിയാതെ,—അവരവരുടെ ജോലികളിൽ വ്യാപൃതരായിരിക്കെ അവരെ തീജ്വാലകൾ എത്തിപ്പിടിച്ചു ദഹിച്ചു. തീ എരിഞ്ഞു കത്തിച്ചപാഞ്ഞതുകണ്ട

വ ആളുകൾ അമ്പരന്ന് ചിത്രലിഖിതങ്ങളെന്നവണ്ണം നിശ്ചലരായി കണ്ണുംമിഴിച്ചു നോക്കിക്കൊണ്ട് അവിടവിടെ നിന്നു.

---

## അദ്ധ്യായം ൨൮

---

### പത്നീദേവി.

മധുരാപുരത്തിൽ അവശേഷിച്ചവർ പോലും അതിന്റെ നാശത്തിനു കണ്ണകിയെ കുററം പറഞ്ഞില്ല. അവളുടെയും അവളുടെ ഭർത്താവിന്റെയും നേർക്ക് ചെയ്ത ഘോരമായ അനീതിയ്ക്കു ന്യായമായ ഒരു പ്രതിഹിംസയായിട്ടു മാത്രമേ അവർ അതിനെക്കുറിച്ചു വിചാരിച്ചുള്ളൂ. ചാരിത്രത്തിന്റെ അപാരമായ ശക്തികണ്ട് അവർ ആശ്ചര്യപ്പെട്ടു. തൽക്ഷണം മുതൽ അവർ അവളെ ചാരിത്രത്തിന്റെ അധിഷ്ഠാതൃദേവത എന്ന അർത്ഥത്തിൽ 'പത്നീദേവി' എന്നു വിളിക്കയും ചെയ്തു.

ആ മഹാനഗരം കത്തിയെരിഞ്ഞുകൊണ്ടിരുന്നപ്പോൾ നഗരാധിദേവതയായ 'മധുരാപതി' വ്യസനം പൂണ്ടു സംഭ്രാന്തയായി തെരുവുകളിലും വഴികളിലും അങ്ങുമിങ്ങും അലഞ്ഞുതിരിഞ്ഞു ഒടുക്കം ആ ദേവി, സരസ്വതീദേവിയുടെയും ലക്ഷ്മീദേവിയുടെയും പാർവ്വതീദേവിയുടെയും വിജയത്തേക്കാൾ മെച്ചമായ വിജയം ലഭിച്ച കണ്ണകിയുടെ മുമ്പിൽ പ്രത്യക്ഷയായി. തന്റെ ആവലാതികൾ ഒന്നു ശ്രദ്ധിച്ചു കേൾക്കണമേ എന്നു അവളോടു പ്രാർത്ഥിച്ചു.

“എന്റെ പുറകെ വരുന്ന നീ ആരാണ്? എന്നോടുചെയ്ത ദ്രോഹവും ഞാൻ അതുകൊണ്ടനുഭവിക്കുന്ന സങ്കടവും നിനക്കറിയാമോ?” എന്നു കണ്ണകി അവളോടു ചോദിച്ചു.

"ഈ നഗരത്തിന്റെ അധിദേവതയായ മധുരാപതിയാണ് ഞാൻ. നിന്നോടുചെയ്ത ദ്രോഹവും നീ അനുഭവിക്കുന്ന സങ്കടവും എല്ലാം എനിക്ക് അറിയാം. ഞാൻ പറയുന്നതുകൂടി നീ കേൾക്കുക. അപ്പോൾ യഥാർത്ഥംഒക്കെ നിനക്ക് മനസ്സിലാകും. വേദപാരായണസ്വരങ്ങളേ ഞാൻ ഇവിടെ കേൾക്കാറുള്ളൂ. വളരെ നാളായി ഇന്നാണ് കൊട്ടാരവാതുക്കലെ ന്യായമണിയുടെ ഒച്ച ഞാൻ കേട്ടത്. നിന്റെ രാജ്യത്തെ മനുനീതികണ്ട രാജാവിനും ശിബിചക്രവർത്തിയ്ക്കും തുല്യന്മാർ പാണ്ഡ്യരാജവംശത്തിലും ഉണ്ടായിരുന്നില്ലെന്നു നീ വിചാരിക്കുന്നു എങ്കിൽ അതു തെററാണ്. ഒരിക്കൽ കേളുകുട്ടുവചേരമഹാരാജാവ് വേദവിത്തായ പരാശരൻ എന്നൊരു ബ്രാഹ്മണന് പല വിലപിടിച്ച സമ്മാനങ്ങളും കൊടുത്തു. അവയുംകൊണ്ട്, അദ്ദേഹം സ്വന്തനാട്ടിലേയ്ക്കു മടങ്ങിപ്പോകുന്ന വഴി തിരുത്തങ്കാൽ എന്ന അഗ്രഹാരത്തിൽ ചെന്നു. അവിടെ വാർത്തികൻ എന്നൊരു ബ്രാഹ്മണന്റെ മകൻ അലമർശെൽവം വേദം ചൊല്ലുന്നതു കേട്ടുസന്തോഷിച്ച് ചേരരാജാവ് അദ്ദേഹത്തിനു സമ്മാനിച്ച ആഭരണങ്ങളിൽ ഒരു മുത്തുകൊണ്ടുള്ള പൂണൂലും വിലപിടിച്ച ചില വളകളും കടുക്കനും അദ്ദേഹം ആ കുട്ടിയ്ക്കു സമ്മാനം കൊടുത്തു. അദ്ദേഹം സ്വദേശത്തേയ്ക്കു പോകയും ചെയ്തു. ആ കുട്ടി അതു വിലപിടിച്ച ആഭരണങ്ങൾ ധരിച്ചുംകൊണ്ടു നടക്കുന്നതു കണ്ട് അസൂയാലുക്കളായ ചിലർ, അവന് നിധി കിട്ടിഎന്നും നിധി രാജാവിനു ചെല്ലേണ്ടതാണെന്നും അതു് അവൻ ഒളിച്ചു വച്ചിരിക്കയാണെന്നും രാജസന്നിധിയിൽ അറിയിച്ചു. കല്പനപ്രകാരം അവൻ തടവിലാക്കപ്പെട്ടു. അവന്റെ അമ്മയ്ക്ക് വ്യസനംകൊണ്ടു ഭ്രാന്തുപിടിച്ചു. ഈ അന്യായംകൊണ്ടു് കാളിക്ഷേത്രത്തിന്റെ വാതിൽ തന്നത്താൻ അടഞ്ഞു. എന്തെല്ലാം ചെയ്തിട്ടും അതു തുറക്കാൻ കഴിഞ്ഞില്ല. എന്തോ അധ

ർമ്മം നടന്നിട്ടുള്ളതുകൊണ്ടാണ് അങ്ങനെ സംഭവിച്ചിരിക്കുന്നത് എന്ന് രാജാവിനു സംശയംതോന്നി അദ്ദേഹം അന്വേഷണം നടത്തി. അലമാർശെൽവനെ വിചാരണചെയ്യാതെ ശിക്ഷിച്ച് അന്യായമായി. തടവിലാക്കിയിരിക്കുന്ന സംഗതി അദ്ദേഹത്തിന്റെ അറിവിൽപെട്ടു. ഭൂമിയിൽ ഒരു മനുഷ്യന്റെ മുമ്പിൽ മുട്ടുമടക്കിയിട്ടില്ലാത്ത രാജാവ് ഉടനേ വാർത്തികനേകണ്ട് അയാളെ ദണ്ഡനമസ്കാരംചെയ്തു ക്ഷമ പ്രാർത്ഥിച്ചു. തിരുത്തങ്കാലും വയലൂരും ഗ്രാമങ്ങൾ അയാൾക്ക് കരമൊഴിവായിദാനംകൊടുത്തു. അയാളുടെ മകനേ തടവിൽനിന്നു വിട്ടയക്കയും ചെയ്തു കാളിക്ഷേത്രകവാടം ഉടനേ തനിയേ വലിയ ഒച്ചയോടുകൂടി തുറന്നു. രാജാവ് സന്തോഷിച്ച് പ്രജകൾക്കെല്ലാം ആ വർഷത്തെ നികുതി ഇളച്ചുകൊടുത്തു. തടവുപുള്ളികളെ എല്ലാം വിട്ടുതൽ ചെയ്തു. മേലാൽ ഇത്തരം അനീതി സംഭവിക്കാതിരിക്കാൻവേണ്ടി നിധികൾ അവ കണ്ടുകിട്ടുന്നവർ തന്നെ എടുത്തുകൊള്ളുവാൻ അനുമതി നൽകി. ആ അന്യായത്തിന് കാരണഭൂതരായ ഗ്രാമാധികാരികളെ ജോലിയിൽ നിന്നു തീരെ മാററുകയുംചെയ്തു.

"നെടുഞ്ചെഴിയ രാജാവ് നിന്റെ ഭർത്താവിന്റെ നേർക്ക് അനീതി പ്രവർത്തിച്ചതു വിധിപ്രേരണയാലാണ്. അതിന്റെ കാരണവും ഞാൻ പറയാം കേൾക്കൂ.

"ആടിമാസത്തിൽ കൃഷ്ണപക്ഷത്തിൽ അഷ്ടമിയും രോഹിണിയും ചേന്ന വെള്ളിയാഴ്ചനാൾ കാർത്തികയും ഭരണിയും നക്ഷത്രങ്ങൾ ഉച്ചംനിൽക്കെ. മഹാരാജാവ് മരണം പ്രാപിക്കുമെന്നും മധുരാപുരം തീപിടിച്ചു ദഹിക്കുമെന്നും ഒരു ഭവിഷ്യൽഫലം കണ്ടിരുന്നു. ഇന്ന് അതു സംഭവിക്കയും ചെയ്തു. നീ അനുഭവിച്ച അനീതിയും വ്യാധിവരാം സംഭവിച്ചതത്രെ. ലോകത്തിൽ ഒന്നും വെറുതേ സംഭവിക്കുന്നില്ല. പൂർവ്വജന്മകർമ്മങ്ങളുടെ ഫലമാണ് എല്ലാം.

“പണ്ടു കലിംഗരാജ്യത്ത് സിംഹപുരം എന്നും കപിലപുരം എന്നും രണ്ടു നഗരങ്ങൾ ഉണ്ടായിരുന്നു. സഗോത്രരായ ‘വസു’ എന്നും ‘കുമാരൻ’ എന്നും രണ്ടു മണ്ഡലേശ്വരന്മാരായിരുന്നു ആ നഗരങ്ങൾ ഭരിച്ചിരുന്നത്. അവർ തമ്മിൽ എന്നും എന്നപോലെ യുദ്ധം ചെയ്തുകൊണ്ടിരുന്നു. സിംഹപുരത്തു നല്ലവണ്ണം വിളവുള്ള വയലുകളും അവയുടെ ഓരങ്ങളിൽ വൃക്ഷലതാദികൾ നിറഞ്ഞ വനങ്ങളും ഉണ്ടായിരുന്നു. ഇടതൂർന്നു വളർന്ന മുളംകാടുകളാൽ ആവൃതമായിരുന്നു കപിലപുരം. യുദ്ധം കാരണം രണ്ടു നഗരങ്ങളുടേയും പന്ത്രണ്ടു നാഴികക്കകത്തുള്ള പ്രദേശത്തു വിദേശവ്യാപാരികൾ പ്രവേശിച്ചു വ്യാപാരം നടത്തിക്കൂടാ എന്നു രണ്ടു രാജാക്കന്മാരും നിരോധനാജ്ഞ നല്കിയിരുന്നു. സംഗമൻ എന്നൊരു വിദേശവർത്തകൻ അതുകൂട്ടാക്കാതെ ധനലാഭേച്ഛയാൽ പ്രേരിതനായി അയാളും ഭാര്യയും ഒരുമിച്ചു സിംഹപുരത്തിന്റെ അതിർത്തിക്കകത്തു കടന്നു പല വിലപിടിച്ച സാമാനങ്ങളും വ്യാപാരം ചെയ്തു. നിന്റെ ഭർത്താവ് അന്നു വസുരാജാവിന്റെ പ്രധാന പോലീസ് ഉദ്യോഗസ്ഥനായിരുന്നു. ഭരതൻ എന്നായിരുന്നു അയാളുടെ പേര്. സംഗമൻ കുമാരരാജാവിന്റെ ഒരു ചാരൻ വ്യാപാരവേഷത്തിൽ വന്നിരിക്കയാണെന്നു സംശയിച്ചു ഭരതൻ വിവരം രാജാവിനെ അറിയിച്ചു. രാജാവ് ഭരതന്റെ നിവേദനം സത്യമാണെന്നു വിശ്വസിച്ച് സംഗമനു വധശിക്ഷ വിധിച്ചു. അയാൾ വധിക്കപ്പെടുകയും ചെയ്തു. അയാളുടെ പത്നി നീലി എന്ന സ്ത്രീ ദുഃഖാക്രാന്തയായി രാജാവിനോടും പ്രജകളോടും എന്നുവേണ്ട കണ്ണിൽ കണ്ടവരോടെല്ലാം അതിനെപ്പററി സങ്കടം പറഞ്ഞു. ‘മഹാരാജാവേ, അവിടുന്നു നീതിനടത്തുന്നതു ഇങ്ങനെയാണോ? വൈശ്യരെ, നിങ്ങൾ നീതിനടത്തുന്നതു ഇങ്ങനെയാണോ? നഗരജനങ്ങളെ, നിങ്ങൾ നീതിനടത്തുന്നതു

ഇങ്ങനെയാണോ?' എന്നിങ്ങനെ നിലവിളിച്ചു വിളിച്ചു പറഞ്ഞുംകൊണ്ടു് അവൾ പതിന്നാലുദിവസം മുഴുവൻ ആ നഗരത്തിൽ ചുററിയലഞ്ഞു പതിനഞ്ചാം ദിവസം അവൾ പരലോകത്തു തന്റെ ഭർത്താവിനോടു ചേരാൻ ആഗ്രഹിച്ചു് ഒരു കിഴക്കാംതൂക്കായ പാറക്കെട്ടിന്റെ പുറത്തുകയറി കിഴ്പോട്ടു ചാടി മരിച്ചു. മരിക്കുന്നതിനു് മുമ്പു് അവൾ 'എന്റെ ഭർത്താവിനെ ഈവിധം മരിക്കാൻ ഇടവരുത്തിയവൻ ആരോ അവനും അടുത്ത ജന്മത്തിൽ ഇതുപോലെയുള്ള മരണം അനുഭവിക്കട്ടെ അവൻ കുററം ചെയ്യാത്തവനെങ്കിലും അവന്റെ വക സാമാനം വില്ക്കാൻ നടക്കുമ്പോൾ അവന്റെ മേൽ വെറുതെ കുററംചുമത്തി ഇതുപോലെ കൊലശിക്ഷ അനുഭവിക്കാൻ ഇടവരട്ടെ. അവന്റെ ഭാര്യ എന്നെപ്പോലെ പതിന്നാലുദിവസം സങ്കടം അനുഭവിച്ചു് പതിനഞ്ചാം ദിവസം ഒരു പാറക്കെട്ടിന്മേൽനിന്നു താഴത്തേയ്ക്കു ചാടി മരിച്ചു സ്വർഗ്ഗത്തു അവളുടെ ഭർത്താവുമായി ചേരാൻ സംഗതിയാവട്ടെ' എന്നു് ഒരു ഉഗ്രശാപം ശപിച്ചു. നിനക്കു് ഇതെല്ലാം സംഭവിച്ചതു് എന്തുകൊണ്ടാണെന്നു് ഇപ്പോൾ നിനക്കു് മനസ്സിലായോ?

കണ്ണകി അവളുടെ പൂർവ്വജന്മകഥ കേട്ടു അത്ഭുതപ്പെട്ടു. അവൾക്കു് കാര്യമെല്ലാം മനസ്സിലായി. അനന്തരം നഗരദേവത അവളുടെ അപേക്ഷയോടുകൂടി അഗ്നിയെ ഉപസംഹരിച്ചു്, ദഹിച്ചതിനുശേഷമുള്ള നഗരഭാഗത്തെ രക്ഷിച്ചു. തന്റെ ഭർത്താവിനോടു വീണ്ടും ചേരുന്നതുവരെ വിശ്രമിക്കുന്നതല്ലെന്നു നിശ്ചയിച്ചു് അവർ ദുർഗ്ഗാക്ഷേത്രത്തിൽ പോയി അവളുടെ കൈത്തണ്ടിന്മേൽ കിടന്ന വളകൾ പൊട്ടിച്ചുകളഞ്ഞു വൈധവ്യം സ്വീകരിച്ചു. പിന്നീടു് "ഞാൻ എന്റെ ഭർത്താവും ഒരുമിച്ചു കിഴക്കേ ഗോപുരംവഴി ഈ പട്ടണത്തിൽ പ്രവേശിച്ചു. ഞാൻ ഇതാ എന്റെ ഭർത്താവിനോടുകൂടാതെ പടിഞ്ഞാറേഗോ

പുരം വഴി ഈ പട്ടണത്തിൽ നിന്നു പുറത്തേയ്ക്കു പോകുന്നു. കഷ്ടം!" എന്നു പറഞ്ഞുംകൊണ്ടു അവൾ പടിഞ്ഞാറേ ഗോപുരത്തിൽക്കൂടി പുറത്തിറങ്ങി മധുരാപുരം വിട്ടു പുറപ്പെട്ടു. അപ്പോൾ ഒരു പിശാചു ബാധിച്ചവളെപ്പോലെ നടന്നു. കരകവിഞ്ഞൊഴുകുന്ന വൈഗയാററിന്റെ തീരത്തുകൂടി കുന്നുകളും കുഴികളും കല്ലുകളും മുള്ളുകളും ഒന്നും ഗണ്യമാക്കാതെ രാപ്പകൽ നടന്നു ഒടുക്കം തിരുച്ചെങ്കുന്നിന്മേൽ ഉള്ള സുബ്രഹ്മണ്യസ്വാമിക്ഷേത്രത്തിൽ എത്തി അതിന്റെ സമീപത്തുള്ള ഒരു വേങ്ങമരക്കാവിൽ ചെന്നു ഇരുന്നു "അയ്യോ, ഞാൻ ഒരു മഹാപാപി, അയ്യോ ഞാൻ ഒരു മഹാപാപി" എന്നു ഉറക്കെ നിലവിളിച്ചുംകൊണ്ടിരുന്നു. ആ നിലവിളികേട്ടു കുറേ കാട്ടുജാതിക്കാർ അവളുടെ അടുക്കൽ ചെന്നു നോക്കിക്കൊണ്ടുനിന്നു. അവളുടെ അംഗലാവണ്യവും ഗാംഭീര്യവും പ്രഭാവവുംകണ്ടു വിസ്മയിച്ചു അവർ "ആര്യേ, നീ വേലായുധസ്വാമിയുടെ പത്നി വള്ളിയമ്മയാണോ?" എന്നു അവളോടു ചോദിച്ചു "അല്ല, പാണ്ഡ്യരാജാവിന്റെ അനീതിപ്രവൃത്തികൊണ്ടു വിധവയായ ഒരു മനുഷ്യസ്ത്രീയാണു ഞാൻ. മധുരാപുരം ചുട്ടുഭസ്മമാക്കി ഞാൻ അതിനു പകരംവീട്ടി പിന്നെ ഇവിടെവന്നു. എന്റെ ഭർത്താവു എന്നെ വന്നു സ്വർഗ്ഗത്തേയ്ക്കു കൂട്ടിക്കൊണ്ടുപോകാൻ ഞാൻ ഇവിടെ കാത്തിരിക്കയാണു." എന്നു അവൾ അവരോടു ഉത്തരം പറഞ്ഞു. "എന്നാണു അതു്?" എന്നു അവർ വീണ്ടും ചോദിച്ചു "പതിനാലു ദിവസം കഴിഞ്ഞു്." എന്നു അവൾ മറുപടി പറഞ്ഞു. അതുകേട്ടു ആ മലവാസികൾ അവൾ പറഞ്ഞ അത്ഭുതം കാണ്മാനായി അവിടെ അടുക്കൽ ഒരു ദിക്കിൽ താമസമാക്കി. പതിനാലുദിവസം അങ്ങനെ കഴിഞ്ഞു. പിറേറന്നു ദേവേന്ദ്രൻ കോവലനും ഒന്നിച്ചു വിമാനത്തിൽ അവിടെ വന്നിറങ്ങി കണ്ണകിയെ അതിൽകേററി കോവലന്റെ അ

ടുകൾ ഇരുത്തി 'പതിദേവി' എന്നു് അവരെ വിളിച്ചു വണങ്ങി സ്വർഗ്ഗത്തേയ്ക്കു് കൊണ്ടുപോയി. ഈ അത്ഭുത സംഭവം കണ്ട ആ കാട്ടുജാതിക്കാർ, അപ്പോൾ പെരിയാററിന്റെ തീരത്തു് കുടുംബസമേതം സേനാനിവേശം ചെയ്തു് താമസിച്ചിരുന്ന തങ്ങളുടെ രാജാവായ ചെങ്കുട്ടുവ ചേരമഹാരാജാവിനോടു് ആ വിവരം ചെന്നുപറഞ്ഞു. താൻ ഒരു രാജാവായിത്തീരുമെന്നു് ഒരു ദൈവജ്ഞൻ ഭവിഷ്യൽഫലം പറഞ്ഞതിനാൽ തന്റെ ജ്യേഷ്ഠസഹോദരനായ ചെങ്കുട്ടുവനു് അതുകൊണ്ടു് മനക്ലേശം ഉണ്ടാകരുതു് എന്നു കരുതി ആ പ്രശ്നഫലം ഫലിക്കാതിരിക്കാൻവേണ്ടി സന്ന്യാസം സ്വീകരിച്ച രാജസോദരൻ ഇളംകോവടികളുടെ [illegible] അവിടെ താമസിച്ചിരുന്ന മണിമേഖല എന്ന കാവ്യത്തിന്റെ കർത്താവു് ചാത്തനാരും അപ്പോൾ രാജസഭയിൽ ഉണ്ടായിരുന്നു. അദ്ദേഹം അതുകേട്ടു്, കോവലനു് അന്യായമായി വധശിക്ഷ നൽകിയതും, നെടുഞ്ചെഴിയനും കോപ്പെരുന്തേവിയും ചരമഗതിയടഞ്ഞതും, മധുരാപുരം ദഹിച്ചതും, എല്ലാം വിസ്തരിച്ചു സഭാവാസികളെ പറഞ്ഞുകേൾപ്പിച്ചു. അക്കഥകൾ കേട്ടു് എല്ലാവരും വളരെ ആശ്ചര്യപ്പെട്ടു. "മഹാനായ പാണ്ഡ്യരാജാവു് മരിച്ചതു നന്നായി. നീതിഭ്രംശത്താൽ വളഞ്ഞുപോയ ചെങ്കോൽ അതുകൊണ്ടു് നിവന്നു് നേരെ ആയല്ലോ." എന്നു് ചെങ്കുട്ടുവരാജാവു് സഭാവാസികളോടായി പറഞ്ഞു. അതിനുശേഷം പട്ടമഹിഷിയായ ഇളംകോവമ്മാളെ നോക്കി ഇങ്ങനെ പറഞ്ഞു. "ഒരു സാധ്വി 'ഞാൻ എന്റെ ഭർത്താവിനെ അനുഗമിക്കുമാറാകണം' എന്നു് പ്രാർത്ഥിച്ചു് അദ്ദേഹത്തിന്റെ പാദങ്ങൾ കെട്ടിപ്പിടിച്ചുംകൊണ്ടു ഇഹലോകം വെടിഞ്ഞു. മറെറാരു സാധ്വി ക്രോധാവിഷ്ടയായി മധുരാനഗരം ചുട്ടുകരിച്ചു് പാതിവ്രത്യത്തിന്റെ ശക്തി എത്രത്തോളമുണ്ടെന്നു് ലോകരെ കാണിച്ചതിനുശേഷം

നമ്മുടെ രാജ്യത്തുവന്നു് ഇവിടെവെച്ചു് ഇന്ദ്രൻതന്നെ കൂട്ടിക്കൊണ്ടുവന്ന അവളുടെ ഭർത്താവും ഒരുമിച്ചു ഉടലോടെ സ്വർഗ്ഗംപ്രാപിച്ചു. ഇവരിൽ ആരാണു് മഹത്വം കൂടിയ സ്ത്രീ?" എന്നു് അവരോടു ചോദിച്ചു.

"വൈധവ്യദുഃഖം അനുഭവിക്കാതെ ജീവൻപോയ പാണ്ഡ്യമഹാരാജ്ഞി സ്വർഗ്ഗാനന്ദം അനുഭവിക്കുമാറാകട്ടെ. നമ്മുടെ രാജ്യത്തുവന്നു് ഇവിടെനിന്നും ഉടലോടെ സ്വർഗ്ഗംപ്രാപിച്ച ഈ പതിവ്രതദേവതയെ നമുക്കു് വേണ്ടവിധം പൂജിക്കണം. അതിനായി യോഗ്യമായ ഒരു ശില കൊണ്ടുവന്നു് അതുകൊണ്ടു ഒരു ബിംബം ഉണ്ടാക്കി ഒരു ക്ഷേത്രം പണിയിച്ചു് അതിലെ ശ്രീകോവിലിൽ ആ ബിംബം പ്രതിഷ്ഠിക്കണം." എന്നു രാജ്ഞി മറുപടി പറഞ്ഞു.

രാജ്ഞിയുടെ ഈ അഭിപ്രായം ചെങ്കുട്ടവരാജാവു് രാജസഭയിൽ പ്രസ്താവിക്കയും അതിനെക്കുറിച്ചു് അമാത്യന്മാരോടുകൂടി ആലോചിക്കയും ചെയ്തു. 'ബിംബത്തിനുള്ള ശില ഒന്നുകിൽ അഗസ്ത്യകൂടത്തിൽ നിന്നുകൊണ്ടുവന്നു് കാവേരിനദിയിൽ കുളിപ്പിച്ചു ശുദ്ധമാക്കി എടുക്കണം. അല്ലെങ്കിൽ ഹിമാലയത്തിൽ നിന്നു കൊണ്ടുവന്നു് ഗംഗാനദിയിൽ ആറാടിച്ചു ശുദ്ധമാക്കി എടുക്കണം' എന്നു് മന്ത്രിമാർ അഭിപ്രായപ്പെട്ടു. "നമ്മുടെ അടുക്കലുള്ള ഈ അഗസ്ത്യകൂടമലയിൽ നിന്നു് അതു കൊണ്ടുവരുന്നതുകൊണ്ടു വിശേഷം ഒന്നുമില്ല. നമുക്കു് ആ ഹിമവാൻപർവ്വതത്തിൽ നിന്നുതന്നെ അതു് കൊണ്ടുവരണം. ഹിമവാൻ സാക്ഷാൽ ഉമാദേവിയുടെ, ഗൗരീദേവിയുടെ, ദാക്ഷായണീദേവിയുടെ, അഥവാ സതീദേവിയുടെ, ജന്മഭൂമിയാണല്ലോ." എന്നു് മഹാരാജാവു് കല്പിച്ചു. ഉടനേ 'വില്ലവൻകോത' എന്ന മന്ത്രി എഴുന്നീറ്റു്, "മഹാരാജാവു് നാഗ്വോൽകർഷേണ വർത്തിക്കട്ടെ. അവിടുന്നു കൊങ്കണരെയും കർണ്ണാടകരെയും ഗാങ്ഗരെയും കലിങ്ഗരെയും

കാതികളെയും വണ്ടരെയും കദംബരെയും യുദ്ധത്തിൽ ജയി ച്ചകഥ ലോകപ്രസിദ്ധമത്രെ. ആര്യരാജാക്കന്മാരെ തോല്പിച്ച് അവിടത്തെ അമ്മമഹാരാജ്ഞിയെ ഗംഗാനദിയിൽ തീർത്ഥസ്നാനം ചെയ്യിച്ചകഥ അതിലും പ്രസിദ്ധമാണ്. അതുകൊണ്ട്, 'ഒരു ദേവീവിഗ്രഹം ഉണ്ടാക്കുന്നതിന് യോഗ്യമായ ഒരു ശില തിരഞ്ഞെടുത്തുകൊണ്ടുവരുന്നതിനായി മാത്രം ചതുരംഗസേനകളോടുകൂടി ഹിമാലയംവരെ നാം ഒരു യാത്ര നിശ്ചയിച്ചിരിക്കുന്നു' എന്ന് ജംബുദ്വീപത്തിലുള്ള എല്ലാ രാജാക്കന്മാരേയും അഭിസംബോധനം ചെയ്ത് അവിടുന്ന് ഒരു സന്ദേശം എഴുതി നമ്മുടെ നഗരത്തിന്റെ എല്ലാഭാഗങ്ങളിലും തമുക്കടിച്ച് പ്രഖ്യാപനം ചെയ്യണം. അതുപോലെ ഒരു തീട്ടെഴുതി ഉണ്ടാക്കി അതിനു വേണ്ടടത്തോളം പകർപ്പുകളും എഴുതി അവയിൽ തമിഴകത്തുള്ള മൂന്നുരാജ്യങ്ങളുടേയും കടുവാ, മത്സ്യം, വില്ല്. എന്നീ മൂന്നു മുദ്രകളും പതിച്ച് നമ്മുടെ തലസ്ഥാനത്തുള്ള ജംബുദ്വീപരാജാക്കന്മാരുടെ എല്ലാവരുടേയും പ്രതിനിധികളെ ഏല്പിക്കണം. അവർ അവരവരുടെ രാജാക്കന്മാരെ വിവരം അറിയിക്കട്ടെ" എന്ന് അഭിപ്രായപ്പെട്ടു

മഹാരാജാവ് ആ അഭിപ്രായത്തോടു യോജിച്ച് അതുപോലെ ചെയ്യുന്നതിനു വേണ്ട ആജ്ഞ നൽകുകയും ചെയ്തു. കാന്യകുബ്ജത്തിലെ ഒരു രാജകുമാരിയുടെ സ്വയംവരാവസരത്തിൽ ഉത്തരഭിക്കിലെ ആര്യരാജാക്കന്മാർ, തമിഴ്‌രാജാക്കന്മാർ മൂന്നുപേരും പൊതുവേ തമിഴ്‌നാട്ടിലെ ജനങ്ങളേയും അധിക്ഷേപിച്ച് 'തെക്കൻ നാട്ടിലെ ആ അല്പരായ നാടുവാഴികൾ വടക്കോട്ടു ഹിമാലയാ പർവതംവരെ വന്ന് അവിടെ പാറകളിൽ വില്ല് കടുവാ മത്സ്യം എന്നീ അവരുടെ മൂന്ന് മുദ്രകളും കൊത്തിച്ചു. എന്നു പറഞ്ഞുകേൾക്കുന്നത് വിശ്വാസയോഗ്യമല്ല. അല്ലെങ്കിൽ അന്നു ഈ ദിക്കിൽ ന

മ്മുടെ പകതിയെങ്കിലും ശക്തിയുള്ള രാജാക്കന്മാർ ഇ ല്ലായിരുന്നിരിക്കണം. അതുകൊണ്ടു് കാക്കയെപ്പോലെ കറുത്ത ആ തെക്കൻകാക്കകൾ കരഞ്ഞുംകൊണ്ടു് ഇവി ടെ മുകളിൽക്കൂടി പറന്നുപോയിക്കാണും: എന്നു പലവ യ്യകളും അവർ അവിടെ വച്ചു് അന്നു പറഞ്ഞുപോലും ഹിമവൽപാർശ്വങ്ങളിൽ നിന്നു് ചെംകുട്ടവ ചേരമ ഹാരാജാവിനെ കാണാൻ വഞ്ചിക്കരുവൂരിൽ വന്ന തീ ർത്ഥസഞ്ചാരികൾ പലരും അന്നു് ആ വിവരം അദ്ദേഹ ത്തിനെ അറിയിച്ചു അതുകേട്ടു് അദ്ദേഹം ക്രോധവശ നായി തന്റെയും തന്റെ സഖാക്കളുടേയും സേനകളെ കൂട്ടിച്ചേർത്തു് ഒരു വൻപട കൂട്ടി ഉത്തരദേശത്തേക്കു് ആ ക്രമണം ചെയ്തു. ഇപ്പോൾ ആന്ധ്രദേശമെന്നു് അറിയ പ്പെടുന്ന രാജ്യത്തെ നൂററുവക്കന്നാർ അല്ലെങ്കിൽ ശതക ർണ്ണികൾ അദ്ദേഹത്തിനു് ഉതവി നൽകി. അവർ അദ്ദേ ഹത്തിനേയും പടയേയും ഓടങ്ങളിൽ കയററി സുരക്ഷി തമായും സുഖമായും ഗംഗാനദി കടത്തിവിട്ടു. ഉത്തരൻ, വിചിത്രൻ, രുദ്രൻ, ഭൈരവൻ, ചിത്രൻ, സിംഹൻ, ധനർ ദ്ധരൻ, ശ്വേതൻ കനകൻ, വിജയൻ മുതലായ, രാജാക്ക ന്മാരുടെ ഒരു സംഘം ഗംഗയുടെ വടക്കേക്കരവച്ചു് അ ദ്ദേഹത്തിനോടു് എതിർത്തു ചെംകുട്ടവരാജാവു് അവരോ ടേററു് യുദ്ധം ചെയ്തു അവരുടെ സൈന്യത്തിൽ അനേ കംപേരെ കൊന്നൊടുക്കി അവരെ തോൽപ്പിച്ചു് പുറ കോട്ടു് ഓടിച്ചു. തോറേറാടിയ ആര്യസേനയെ പിന്തുട ന്നു് അദ്ദേഹം ആർദ്രതാലേശം ഇല്ലാതെ പിന്നെയും അ വരിൽ അനവധി ആളുകളെ വധിച്ചു. ഇങ്ങനെ പരിപൂ ർണ്ണമായ വിജയം സമ്പാദിച്ചതിനുശേഷം മന്ത്രി വില്ലു വൻകോതയോടും സൈന്യത്തോടും കൂടി ഹിമവൽപാർശ്വ തപ്രാന്തത്തിൽ ചെന്നു് ദേവീവിഗ്രഹത്തിനു് യോഗ്യമാ യ ഒരു ശിലാഖണ്ഡം പൊട്ടിച്ചെടുപ്പിച്ചുംകൊണ്ടു് തിരി യെ പോന്നു.

പ്രത്യാഗമനത്തിൽ ചെംകട്ടുവമഹാരാജാവ് ഗംഗയുടെ തെക്കേക്കരയിൽ വച്ച് ഒരു വലിയ സ്രുടിക്കാഴ്ച നടത്തി. പ്രതിമയുണ്ടാക്കേണ്ട ശില ഗംഗാനദിയിൽ കളിപ്പിച്ച എല്ലാവരേയും കാണിച്ചു. അന്ന് അവിടെ വച്ച് മാതലബ്രാഹ്മണൻ അദ്ദേഹത്തിനെ സന്ദർശിച്ചു. "മഹാരാജാവേ, മധുരയിലേയും കാവേരി പട്ടണത്തിലേയും വർത്തമാനങ്ങൾ അവിടത്തെ അറിയിക്കാൻ വന്നിരിക്കയാണ് ഞാൻ, മധുരയിൽ മാതരി എന്ന ഇടയസ്ത്രീ കൗന്തി തൻെറ രക്ഷയിൽ ഏൽപ്പിച്ചിരുന്ന അതിഥികളെ ദ്രോഹപ്പെടാതെ വരാതെ നോക്കിക്കൊള്ളാൻ കഴിയായ്കയാലുള്ള അഭിമാനഹാനികൊണ്ടും ലജ്ജകൊണ്ടും അഗ്നിപ്രവേശം ചെയ്തു. കൗന്തി 'സല്ലേഖനവ്രതം' (നിരാഹാരവ്രതം) അനുഷ്ഠിച്ചുമരിച്ചു. ഞാൻ കാവേരിപ്പട്ടണത്തിലും പോയിരുന്നു. കണ്ണകിയുടേയും കോവലന്റേയും വർത്തമാനം അവരുടെ മാതാപിതാക്കന്മാരോടു പറഞ്ഞു. മാനംത്തുവാൻ ലോകഭോഗങ്ങളെ വെറുത്ത് ഒരു ബുദ്ധവിഹാരത്തിൽ ചേർന്ന് സന്ന്യസിച്ചു. അയാളുടെ ധനമെല്ലാം സാധുക്കൾക്ക് ദാനം ചെയ്തു. കണ്ണകിയുടെ അച്ഛനും മാസാത്തുവാനെ അനുകരിച്ചു തൻെറ സ്വത്തെല്ലാം പാവങ്ങൾക്കു ദാനം ചെയ്ത് ഒരു അജീവകസന്ന്യാസിസംഘത്തിൽ ചേർന്നു. അയാൾ ഇപ്പോൾ ഒരു കൃഛ്റതപസ്സ് അനുഷ്ഠിക്കുന്നു. കോവലൻെറയും കണ്ണകിയുടേയും അമ്മമാർ ദുഃഖം ദുസ്സഹമായി ഹൃദയം തകർന്നു മരിച്ചു. മാധവി വ്യസനിച്ച് അവളുടെ തല മൊട്ടയടിച്ച് ഒരു ബുദ്ധസന്ന്യാസിനിയായി. മണിമേഖലയെ അവൾ അവളുടെകൂടെ കൊണ്ടുപോയി ഒരു ബുദ്ധസന്ന്യാസിമഠത്തിൽ കന്യകയായി ചേർത്തു" എന്നുള്ള കഥയെല്ലാം അദ്ദേഹം മഹാരാജാവിനെ അറിയിച്ചു.

അതെല്ലാം കേട്ട് മഹാരാജാവ് "ഈ ദുഃഖസംഭവ

ങ്ങൾക്കെല്ലാം കാരണഭൂതനായ ആ പാപി തട്ടാന്റെ കഥ എന്താണു്?" എന്നു ചോദിച്ചു.

"കണ്ണകിയുടെ ശാപത്താൽ മധുരാപുരി ദഹിച്ചപ്പോൾ അവനും ആ തീയിൽപ്പെട്ടു ചത്തു. നെടുഞ്ചെഴിയ മഹാരാജാവിന്റെ സ്വർഗ്ഗാരോഹണത്തിനു ശേഷം പിൻകാഴ്ചയേററ അവിടത്തെ അനുജൻ വെർചെഴിയരാജാവു് രാജ്യത്തു നേരിട്ട ഒരു കൊടിയ വറവും ക്ഷാമവും ഒഴിക്കാനായി മധുരയിലെ ഒരായിരം തട്ടാന്മാരെക്കൂടി ചാരിത്രദേവതയ്ക്കു് ബലികൊടുക്കയും ചെയ്തു." എന്നു് മാതലൻ മറുപടി പറഞ്ഞു.

"അഹോ! നാം ദക്ഷിണദിക്കിൽനിന്നു പോന്നതിൽ പിന്നെ എത്ര സംഭവങ്ങളാണു് നടന്നിരിക്കുന്നതു്!" എന്നു് അദ്ദേഹം ആശ്ചര്യപ്പെട്ടു.

"മഹാരാജാവേ, അവിടുന്നു് ചേരരാജ്യം വിട്ടു പോന്നിട്ടു് ഇപ്പോൾ മുപ്പതു മാസം കഴിഞ്ഞു." എന്നു് ബ്രാഹ്മണൻ രാജാവിനെ ഓർമ്മിപ്പിച്ചു.

ചെങ്കുട്ടുവരാജാവു് കാശിയിൽ വച്ചു് തുലാരോഹണകർമ്മം നടത്തി. ആ സ്വർണ്ണം മാതലനു ദാനംചെയ്തു. അതിനുശേഷം അദ്ദേഹം വീണ്ടും യാത്രപുറപ്പെട്ടു്, കനകനെന്നും വിജയനെന്നും രണ്ടു ആളുകളെക്കൊണ്ടു് പ്രതിമയ്ക്കുള്ള ശിലയും എടുപ്പിച്ചുകൊണ്ടു സേനാപരിവാരങ്ങളോടുകൂടി അചിരേണ ചേരരാജ്യത്തു തിരിച്ചുവന്നു ചേർന്നു.

സ്വരാജ്യത്തു് തിരിച്ചുവന്നതിനുശേഷം അദ്ദേഹം ആദ്യമായി, താൻ തമിഴ്നാട്ടുകാരെ ആക്ഷേപിച്ച ആര്യരാജാക്കന്മാരെ യുദ്ധത്തിൽ തോല്പിച്ചു തമിഴ്നാട്ടിന്റെ അഭിമാനം വീണ്ടെടുത്തിരിക്കുന്നു എന്നു് നീലൻ എന്നൊരു പ്രത്യേകദൂതൻ മുഖേന ചോളപാണ്ഡ്യരാജാക്കന്മാരെ ഗ്രഹിപ്പിച്ചു. എന്നാൽ ആ രാജാക്കന്മാരാകട്ടെ, അതിന്നു്, തോററു പുറകോട്ടോടിയ ശത്രുക്കളെ പിന്തുട

ൻ വധിച്ചതു് ഒരു തമിഴ് രാജാവിനു് ഒട്ടും യോഗ്യമല്ലാത്ത ഒരു ബുദ്ധികെട്ട കൃത്യമായിപ്പോയി എന്നും തന്റെ ദുരഹംകാരത്തെ തൃപ്തിപ്പെടുത്താനായി ഗംഗാനദീതീരങ്ങളെയും ഹിമാലയപ്രദേശങ്ങളെയും അടക്കമാക്കി അവിടങ്ങളിലുള്ള പുണ്യാശ്രമങ്ങളിൽ തപസ്സു ചെയ്യുന്ന ഋഷീശ്വരന്മാരെ ശല്യപ്പെടുത്തിയതു് വളരെ വ്യസനകരമായി തോന്നുന്നു എന്നും അദ്ദേഹം ചെയ്ത പ്രവൃത്തികളെ ആക്ഷേപിച്ചു മറുപടി പറഞ്ഞയക്കയാണു് ചെയ്തതു്.

അവരുടെ ഈ മറുപടിയാൽ ചെങ്കുട്ടവരാജാവു് ആ രാജാക്കന്മാരോടു കോപം പൂണ്ടു് അവരോടു പോരിനു പുറപ്പെടാൻ ആഗ്രഹിച്ചു. എന്നാൽ മാതലൻ അദ്ദേഹത്തിനെ സമാധാനപ്പെടുത്തി "മഹാരാജാവേ, അവിടേയ്ക്കു പ്രായം കുറേ ആയല്ലോ. ഇനി അവിടുന്നു് ഐഹികകാര്യങ്ങളിലുള്ള ഉൽക്കർഷേച്ഛ വിട്ടു് അവിടുത്തെപ്പോലെ മഹാനായ ഒരു ക്ഷത്രിയരാജാവിനു് യോഗ്യമായ ജപഹോമാദിപുണ്യകർമ്മങ്ങൾ ചെയ്തു് ആത്മാവിനു് മോക്ഷം ലഭിക്കാൻ നോക്കുകയാണല്ലോ വേണ്ടതു്." എന്നു് അദ്ദേഹം പറഞ്ഞു.

ബ്രാഹ്മണന്റെ ഉപദേശങ്ങളും സമാധാനങ്ങളും കേട്ടു് ചെങ്കുട്ടവരാജാവു് ശാന്തനായി. ഉടനേ, തടവിലടയ്ക്കപ്പെട്ടിരുന്ന ആര്യരാജാക്കന്മാരെ എല്ലാം മോചിപ്പിച്ചു് രാജയോഗ്യമായ ഹർമ്മ്യങ്ങളിൽ താമസിപ്പിച്ചു. ചാരിത്രദേവതയ്ക്കായി പണികഴിപ്പിക്കപ്പെട്ട ക്ഷേത്രത്തിൽ പ്രതിഷ്ഠയും കലശവും മററും കഴിക്കാൻ ദിവസം നിശ്ചയിച്ചു. ആ ദിവസം തന്നെ ഒരു വലിയ യാഗം കൂടി നടത്താൻ തീരുമാനിച്ചു് വേണ്ട ഏർപ്പാടു ചെയ്തു എല്ലാററിനും പുരോഹിതനായി മാതലനെ വരിക്കയും ചെയ്തു.

ചേരമഹാരാജ്യത്തിന്റെ തലസ്ഥാനമായ വഞ്ചിക്കരുവൂരിൽ അതിമനോഹരമായ ഒരു ക്ഷേത്രംപണിചെയ്തു കഴിവതിന്നു. ഹിമാദ്രിയിൽനിന്നു് കൊണ്ടുവന്ന ശില

ഒരു വിദഗ്ദ്ധനായ ശില്പിയുടെ കരകൗശലത്താൽ ഹൃദയമോഹനമായ ഒരു ദേവീവിഗ്രഹമായി. നിശ്ചയിക്കപ്പെട്ട ദിവസം ശുഭമുഹൂർത്തത്തിൽ പ്രതിഷ്ഠ പൂർവ്വമായ കർമ്മങ്ങൾ വലിയ ആഘോഷങ്ങളോടെ മംഗളമായി നിർവ്വഹിക്കപ്പെട്ടു. ആ വിശിഷ്ടസംഭവം സംബന്ധിച്ച് തടങ്കൽപ്പുള്ളികളെ വിട്ടയൽ ചെയ്യുകയും പ്രജകൾക്ക് നികുതി ഇളവുചെയ്തു കൊടുക്കുകയും ചെയ്തു. വൈദികക്രിയകൾ തുടരെ നടന്നു. ദേവീവിഗ്രഹത്തിന്മേൽ വിലപിടിച്ച കനകരത്നഭൂഷണങ്ങളും പുഷ്പമാല്യങ്ങളും ചാർത്തി. പൂജാനിവേദ്യാദികളും പുഷ്പാഞ്ജലികളും മുറയ്ക്ക് ചെയ്തു.

ആ മഹോത്സവദിവസം കാവേരിപട്ടണത്തിൽ നിന്ന് ദേവന്തിയും, വിശാലാക്ഷിയും, മരതകവും, മധുരയിൽനിന്ന് അയ്യയും അവിടെ വന്നുചേർന്നു. അവർ മഹാരാജാവിനെ മുഖംകാണിച്ചു. "മഞ്ഞുമാമലയിൽ പിറന്ന് ഗംഗാസ്നാനംചെയ്ത് അവിടുന്നും മററ് തമിഴരാജാക്കന്മാരും രക്ഷിച്ച് പൂജിക്കുന്ന ഈ ദിവ്യാംഗനയുടെ ഒരു സഖിയാണ് ഞാൻ." എന്ന് ദേവന്തിയും, "മാധവിയോടുപോലും ദ്വേഷ്യം തോന്നാത്തവളും ജലപാനംപോലുംകിട്ടാത്ത വനകാട്ടിലേയ്ക്ക് തന്റെ ഭർത്താവുമൊന്നിച്ച് കൈയോടുകൈയും കോർത്തുപിടിച്ച് ശങ്കകൂടാതെ ഇറങ്ങിത്തിരിച്ചവളും ആയ ഈ സുന്ദരിയുടെ വളർത്തമ്മയാണ് ഞാൻ." എന്ന് മരതകവും, "വയസ്സുചെന്ന അച്ഛനമ്മമാരോടാകട്ടെ, തോഴിമാരോടാകട്ടെ ഒരു വാക്കെങ്കിലും പറയാതെ ഒരു മാതൃകാപത്നിയെപ്പോലെ ഭർത്താവേശരണം എന്ന് ഉറച്ച് വീടുംവിട്ടുപോയ ഈ മഹതിയുടെ ഇഷ്ടതോഴിയാണ് ഞാൻ" എന്ന് വിശാലാക്ഷിയും തിരുമനസ്സറിയിച്ചു.

പിന്നീട് കണ്ണകീവിഗ്രഹത്തിന് നേരെനോക്കിക്കൊണ്ട് ദേവന്തി "മാമനേ, ഞാൻ ഒരു ബുദ്ധിയില്ലാത്തവളായിരുന്നതുകൊണ്ട് നീ കണ്ടതായി പറഞ്ഞ സ്വ

പ്നത്തിന്റെ അർത്ഥം എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞില്ല. മധുരയിൽ നടന്ന വൃത്താന്തം കേട്ടഉടൻതന്നെ നിന്റെ അമ്മയും അമ്മായിഅമ്മയും ഇഹലോകവാസം കൈവെടിഞ്ഞു. നീ അതു് അറിഞ്ഞോ പ്രിയസഖി!" എന്നു് ചോദിച്ചു.

"അമ്മേ, എന്റെ കട്ടി, നിന്റെ അച്ഛനും കോവലന്റെ അച്ഛനും സംസാരമെല്ലാം ഉപേക്ഷിച്ചു് സന്ന്യാസിമാരായി. നീ ഈ വർത്തമാനം അറിഞ്ഞോ എന്റെ ഓമനേ? എന്നു് മരതകം ചോദിച്ചു.

"അതിനേക്കാൾ അത്ഭുതമായ ഒരു കാര്യം. മാധവി ആഭരണാദി അലങ്കാരങ്ങൾ ഉപേക്ഷിച്ചു് തലമൊട്ടയാക്കി ബുദ്ധമതം കൈക്കൊണ്ടു് ഒരു ഭിക്ഷുണിയായി. കൊച്ചുമണിമേഖല ഒരു കന്യകയായി ഒരു ബുദ്ധസന്യാസിമഠത്തിൽചേർന്നു് താമസിക്കുന്നു. ഈക്കഥ എന്റെ സഖിയും സ്വാമിനിയും ആയ നീ അറിഞ്ഞോ?" എന്നു് വിശാലാക്ഷി ചോദിച്ചു.

"ഈ പെൺകിടാവിനെ നീ കണ്ടോ? തന്നോ കഴുത്തിൽ എല്ലിച്ചു. കോവലനു് ആപത്തൊന്നുംവരാതെ നോക്കിക്കൊള്ളാൻ തനിക്കു് കഴിഞ്ഞില്ലല്ലോ എന്നു വിചാരിച്ചു് വ്യസനിച്ചു് തീയിൽചാടി ആത്മബലികഴിച്ച മാതരിയുടെ മകൾ ഈ അയ്യയേ?" എന്നു് അയ്യയേ ചൂണ്ടികാണിച്ചുംകൊണ്ടു് ദേവന്തി വീണ്ടും ചോദിച്ചു.

"ആശ്ചര്യം! ആശ്ചര്യം! ഇതെന്താണു്? പൊന്നും കാലാഴികളും പൊന്നാഭരണവും കൈവളകളും കണ്ഠലങ്ങളും ചാർത്തി മിന്നൽക്കൊടിപോലെ പ്രകാശിക്കുന്ന ഈ സ്വരൂപം എന്താണു്? ഇന്നത്തെ ഈ കർമ്മങ്ങൾക്കു ശുഭാശംസചെയ്തു് അനുഗ്രഹിക്കാൻ ചാരിത്രദേവതയുടെ രൂപംപൂണ്ടു് പ്രത്യക്ഷയായ കണ്ണകിതന്നെ" എന്നു ആകാശത്തിൽ കാണപ്പെട്ട ഒരു ദിവ്യസ്ത്രീയെനോക്കി മഹാരാജാവു് പറഞ്ഞു.

ദിവ്യരൂപത്തിൽ പ്രത്യക്ഷയായ കണ്ണകി അപ്പോൾ അദ്ദേഹത്തിനോടായി, "പാണ്ഡ്യരാജാവു് കുററക്കാരനല്ല അദ്ദേഹം ഇപ്പോൾ ദേവേന്ദ്രന്റെ അതിഥിയായി ദേവലോകത്തു് പാർക്കുന്നു. സംസാരബന്ധത്തിൽ നിന്നു് എനിക്കു് മോചനം നൽകിയ ആ മഹാരാജാവു് ഇപ്പോഴെനിക്കു് ഒരു അച്ഛനെപ്പോലെയാണു്" എന്നു പറഞ്ഞു.

അനന്തരം വഞ്ചിനഗരത്തിലെ കന്യകമാർ ചേർന്നു് പാടിയും ആടിയും ദേവിയെ വാഴ്ത്തി.

അതുകഴിഞ്ഞു് തേവന്തി രാജാവിനോടു് മണിമേഖലയെക്കുറിച്ചു് ഇങ്ങനെ പറഞ്ഞു. "പവിഴമണിപോലെയുള്ള ചുണ്ടുകളും മുത്തുമണിപോലെയുള്ള പല്ലുകളും മനോഹരമായ മാറിടവും കൊഴുത്തുരുണ്ട തുടകളും ഇരുണ്ടുചുരുണ്ടു് പട്ടുപോലെ മിനുമിനുത്ത തലമുടിയും അലിഞ്ഞ കണ്ണുകളും ഇണക്കമൊത്ത കാലടികളുംചേർന്നു് അത്യന്തം മനോഹരിയും സഹജമായ വാസനയാലും അഭ്യാസത്താലും ആ ചെറുപ്രായത്തിൽതന്നെ നടനകലയിൽ അഗ്രഗണ്യയായി തീർന്നവളും ആയ മണിമേഖല കന്യകാവ്രതം സമാപിച്ചു് ബുദ്ധഭിക്ഷുണി ആയി മാധവി അവളെ കൂട്ടിക്കൊണ്ടുപോയി ആഭരണങ്ങളും തലമുടിയും കളയിച്ചു് ബോധിസ്നാനം ചെയ്യിച്ചു സന്യാസം സ്വീകരിപ്പിച്ചു. അവളുടെ സന്യാസവേഷംകണ്ടു് മഹാതപസ്വിയും ജ്ഞാനിയും ആയ അരവണഅടികൾകൂടി 'ഇത്ര ചെറുപ്രായത്തിലെ ഇവളുടെ ഈ രൂപാന്തരം കണ്ടിട്ടു് എനിക്കു വ്യസനം തോന്നുന്നു' എന്നു പറഞ്ഞുപോയി.

അക്കഥ കേട്ടു് ചെങ്കുട്ടവരാജാവു് 'ഒരു അനർഘമായ രത്നം കടലിൽ എറിഞ്ഞുകളഞ്ഞല്ലോ', എന്നു ഖേദിച്ചു.

പിന്നെ തേവന്തിയ്ക്കു് പാഷണ്ഡദേവതയുടെ ആ
വേശമുണ്ടായി തുള്ളിത്തുടങ്ങി. അവളുടെ തലമുടിക്കെട്ടു്
അഴിഞ്ഞു. പൂമാലകൾ ചിതറിവീണു. പുരികക്കൊടി
കൾ തുടിച്ചു. ചുണ്ടുകൾ വിറച്ചു വായ്പൊളിച്ചു. പ
ല്ലുകൾ പുറത്തുകാട്ടി വിലക്ഷണമായി ചിരിച്ചു. മുഖത്തു
വിയർപ്പുതുള്ളികൾ പൊടിച്ചു. കണ്ണുകൾ ചുവന്നു വർത്ത
മാനം സാധാരണപോലെ അല്ലാതായി. ഭയപ്പെട്ട
താൻ എന്നപോലെ കൈകൾ പൊക്കിപ്പിടിച്ചു. മാത
ലനേ അടുക്കൽ വിളിച്ചു് അവൾ വെളിപാടു തുടങ്ങി
ഇങ്ങനെ പറഞ്ഞു. "ഞാൻ പാഷണ്ഡദേവതയാണു്.
ഈ ബ്രാഹ്മണസ്ത്രീയുടെ മേൽ ആവേശിച്ചിരിക്കുന്ന ചാ
ത്തനാണു്. ഇവിടെ കൂടിയിരിക്കുന്ന ആളുകളുടെ കൂട്ട
ത്തിൽ മൂന്നു പെൺകുട്ടികൾ ഉണ്ടു്. മൂന്നു കുട്ടികൾക്കും
ഈരണ്ടുവയസ്സു പ്രായമാണു്. അരത്തൻചെട്ടിയുടെ
ഇരട്ടപെററ രണ്ടു മക്കൾ ചേടക്കുട്ടമ്മിയുടെ കൊച്ചുമ
കൾ. ഈ മൂന്നു കുട്ടികളും ഈ കൂട്ടത്തിൽ ഉണ്ടു്. മംഗ
ലദേവിയുടെ അമ്പലത്തിൽവച്ചു് ഒരു വല ഉറിക്കകത്തു്
ഒരു കുടം വെള്ളം ഞാൻ നിന്റെ കൈയിൽ തന്നിട്ടുണ്ട
ല്ലോ. അതിൽ കുറേ വെള്ളം എടുത്തു് ആ കുട്ടികളുടെ
മേൽ തളിക്കു. അപ്പോൾ അവൾക്കു് അവരുടെ പൂർവ്വജ
ന്മജ്ഞാനോദയം ഉണ്ടാകും." തുള്ളൽ നിന്നു് തേവന്തി
പൂർവ്വസ്ഥിതി പ്രാപിച്ചു.

പാഷണ്ഡമൂർത്തിയുടെ അരുളപ്പാടു് കേട്ടു് മാതലൻ
ആശ്ചര്യപ്പെട്ടു. മംഗലദേവീക്ഷേത്രത്തിലെ പൂജാരി അ
ങ്ങനെ ഒരു കുടം വെള്ളം അയാളുടെ കൈയിൽ കൊടു
ത്തിട്ടുള്ളതു വാസ്തവമാണു്. ദേവതയുടെ നിയോഗപ്രകാ
രം അയാൾ ആ കുടത്തിൽനിന്നു കുറേ വെള്ളമെടുത്തു്
ആ കുട്ടികളുടെ ശരീരത്തിന്മേൽ പ്രോക്ഷണം ചെയ്തു.
അരത്തൻചെട്ടിയുടെ കുട്ടികളിൽ ഒരുത്തി പൂർവ്വജന്മ
ത്തിൽ കണ്ണകിയുടെ അമ്മ ആയിരുന്നു. ആ കുട്ടിയ്ക്കു് അ

ടപ്പോൾ ആ ജ്ഞാനം ഉണ്ടായി. അവൾ കണ്ണകിയെ മകളെ എന്നു വിളിച്ച്, "ഓമനേ, നീ എന്നോടു മിണ്ടാതെ പൊയ്ക്കളഞ്ഞല്ലോ; വരൂ. എൻെറ അടുക്കൽ വരൂ. എന്നെ ആശ്വസിപ്പിക്കൂ." എന്നു വിളിച്ചുപറഞ്ഞു. ആ കുട്ടിയുടെ സഹോദരി പൂർവ്വജന്മത്തിൽ കോവലൻെറ അമ്മയായിരുന്നു. ആ ബോധം ഉണ്ടായി. "കോവലാ, മകനേ, നീയും എൻെറ ഓമനമകൾ കണ്ണകിയും കൂടി അർധരാത്രി ഇരുട്ടത്തു ഞങ്ങളെ ഉപേക്ഷിച്ച് പൊയ്ക്കളഞ്ഞല്ലോ. എന്റെ മകൻ എൻെറ അടുക്കൽ തിരിച്ചു വരൂ. ഞാൻ നിന്നെക്കണ്ടു സമാധാനമടയട്ടെ." എന്ന് അവളും വിളിച്ചുപറഞ്ഞു.

"കഴിഞ്ഞജന്മത്തിൽ രണ്ട് അമ്മമാരും കണ്ണകിയെ ഒരു പോലെ സ്നേഹിച്ചിരുന്നു. അതുകൊണ്ട് ഇജ്ജന്മത്തിൽ അവർ ഇരട്ടപെററ സഹോദരിമാരായി ജനിച്ചു." എന്ന് അപ്പോൾ മാതലൻ എല്ലാവരോടുമായി പറഞ്ഞു.

ചേടക്കുട്ടിയുടെ പുത്രിയ്ക്കും അതുപോലെ പൂർവ്വജന്മജ്ഞാനം ഉണ്ടായി. അവൾ അന്നു മാതരി ആയിരുന്നു. "എൻെറ പ്രിയപ്പെട്ട കണ്ണകി. അന്ന് ആററിൻെറ കരയ്ക്കുവച്ച് ഞാൻ ആ ഭയങ്കവർത്തമാനം കേട്ടു. പിന്നെ നിന്റെ വിവരം ഒന്നും അറിഞ്ഞില്ലല്ലോ? നീ എവിടെപ്പോയി ഒളിച്ചിരിക്കുന്നു?" എന്ന് അവൾ വിലപിച്ചു.

"മാതരി പൂർവ്വജന്മത്തിൽ കൃഷ്ണഭക്തയായിരുന്നു അവൾ കണ്ണകിയെ വളരെ സ്നേഹിച്ചു. കണ്ണകിക്ക് എന്തോ ആപത്തു സംഭവിക്കാൻ പോകുന്നതായി അറിഞ്ഞുടനേ അവൾ അതിൻെറ പരിഹാരത്തിന് ദുർഗ്ഗവ്രതം കഴിച്ചു. അതുകൊണ്ട് അവൾ അനന്തശയനത്തിൽ ആടകമാടമെന്ന പ്രസിദ്ധ വിഷ്ണുക്ഷേത്രത്തിലെ അർച്ചകനായ ഇഴയാളുടെ മകളായി ഇജ്ജന്മത്തിൽ ജനിച്ചു. പൂർവ്വജന്മത്തിലെ കർമ്മഫലം അനുസരിച്ചും

ണ് പിന്നീട്ടുള്ള ജന്മത്തിലെ ജനനം. ജനിക്കുന്നവർ മരിക്കയും മരിക്കുന്നവർ പിന്നെയും ജനിക്കുകയും ചെയ്യുമെന്നുള്ളതു് നിശ്ചയമാണു്. അല്ലയോ മഹാരാജാവേ, അവിടുന്നു് കഴിഞ്ഞ ജന്മത്തിൽ ശിവനെ വളരെ സേവിച്ചു. ഭഗവാന്റെ അനുഗ്രഹത്താൽ അവിടുന്നു് ഈ ജന്മത്തിൽ ഒരു രാജാവായി ജനിച്ചു. ഇനി അവിടുന്നു് ധാരാളം സൽക്കർമ്മങ്ങൾ ചെയ്തു് വളരെവളരെ സുകൃതം ആർജ്ജിച്ചും മനസ്സുകൊണ്ടാകട്ടെ! ശരീരംകൊണ്ടാകട്ടെ, കർമ്മങ്ങൾകൊണ്ടാകട്ടെ, യാതൊരു ദുഷ്കൃതങ്ങളും ചെയ്യാതെ വിജയിക്കുമാറാകട്ടെ." എന്നു് ആശംസിച്ചു് മാതലൻ ചെങ്കുട്ടവമഹാരാജാവിനെ അനുഗ്രഹിച്ചു.

മഹാരാജാവു് ആ ക്ഷേത്രത്തിലേയ്ക്കു് അനവധി തിരുവാഭരണങ്ങളും ഭൂസ്വത്തുകളും ഉദാരമായി സംഭാവന ചെയ്തു. ധൂപദീപപുഷ്പനിവേദ്യാദികൊണ്ടു ഭഗവതിയെ പൂജിക്കാൻ തേവന്തിയെ നിയമിച്ചു.

അതിനുശേഷം അദ്ദേഹവും അവന്തിയിലേയും സിംഹളത്തിലേയും രാജാക്കന്മാരും കാരാഗൃഹത്തിൽ നിന്നു മോചിച്ചു് രാജബഹുമാനത്തോടുകൂടി താമസിച്ചിരുന്ന ആര്യരാജാക്കന്മാരും മൂന്നുപ്രാവശ്യം ക്ഷേത്രത്തിനു് പ്രദക്ഷിണംചെയ്തു പ്രാർത്ഥനകൾ കഴിച്ചു. സിംഹളരാജാവായ ഗജബാഹുവും മാളവരാജ്യത്തെയും കൊങ്ങ് രാജ്യത്തെയും രാജാക്കന്മാരും ആര്യരാജാക്കന്മാരും, "ഇമയവരമ്പൻ" എന്ന പേരു കൊണ്ട ഈ ചെങ്കുട്ടവ ചേരമഹാരാജാവു് കഴിച്ച യാഗത്തിൽ ഇന്നത്തെ ശുഭദിവസത്തിൽ, അല്ലയോ ദേവി അവിടുന്നു ചെയ്തതുപോലെ ഞങ്ങളുടെ രാജ്യങ്ങളിലും അവിടത്തെ ദിവ്യസാന്നിധ്യം തന്നു് അനുഗ്രഹിക്കണേ!" എന്നു പ്രാർത്ഥിച്ചു. "നിങ്ങൾ അപേക്ഷിച്ച വരം ഞാൻ തന്നിരിക്കുന്നു." എന്നു് ഒരു അശരീരിവാക്യം അപ്പോൾ കേൾക്കപ്പെട്ടു.

ചെങ്കുട്ടവരാജാവും മററു രാജാക്കന്മാരും അർത്ഥഗർഭങ്ങളായ സ്തോത്രങ്ങൾ ചൊല്ലി ദേവിയെ വാഴ്ത്തി വണങ്ങി. പിന്നീട് എല്ലാവരും മാതലനോടും ഒന്നിച്ചു യാഗശാലയിൽ പ്രവേശിച്ചു. അപ്പോൾ ദേവന്തിക്കു പെട്ടന്നാണു ദേവതാവേശം ഉണ്ടായി. "മഹാജനങ്ങളെ, ഇന്ന് ഇവിടെ കൂടി ചാരിത്രത്തിന്റെ അധിദേവതയായ ഭഗവതിയുടെ അരുളപ്പാട് കേൾക്കാൻ സംഗതി ലഭിച്ച ഭാഗ്യശാലികളേ, നിങ്ങൾ ഈശ്വരനെ അറിയുവിൻ, ഈശ്വരനെ അറിഞ്ഞവരെ സേവിക്കുവിൻ, വ്യാജം പറയായ്‌വിൻ, ഏഷണി കൂട്ടായ്‌വിൻ, മാംസാഹാരം വർജ്ജിക്കുവിൻ, മററുള്ളവരെ അനാവശ്യമായി പീഡിപ്പിക്കായ്‌വിൻ, നിങ്ങൾക്ക് ഉപകാരം ചെയ്തിട്ടുള്ളവരെ മറക്കാതിരിക്കുവിൻ, കള്ളസ്സാക്ഷി പറയായ്‌വിൻ, തപസ്സു ചെയ്യിൻ ദുഷ്ടരെ വർജ്ജിക്കുവിൻ, അറിവും സൽഗുണങ്ങളും ഉള്ളവരുമായി സംസർഗ്ഗം ചെയ്യിൻ, സത്യത്തെ സദാ മുറുക്കിപ്പിടിക്കുവിൻ, പരദാരങ്ങളെ തീണ്ടായ്‌വിൻ, അസഹായരെ സഹായിക്കുവിൻ, മദ്യപാനം, കളവ്, വ്യഭിചാരം, അസത്യഭാഷണം, ഭോഗാസക്തരുമായുള്ള സഹവാസം ഇവയെയെല്ലാം ഒഴിഞ്ഞുമാറുവിൻ. യൌവനവും ധനവും ദേഹവും ഒരുനാളും ശാശ്വതമായിരിക്കയില്ല. അതുകൊണ്ട് സ്വർഗ്ഗപ്രാപ്തിക്കുള്ള മാർഗ്ഗം തേടിപ്പിടിച്ച് ആ മാർഗ്ഗത്തിൽക്കൂടി തന്നെ ഗമിക്കുവിൻ!" എന്ന് അവൾ എല്ലാവരോടും ദിവ്യോപദേശം ചെയ്തു.

അനന്തരം ചാരിത്രദേവിയെ ഉദ്ദേശിച്ച് ആ അവസരത്തിൽ പാടാനായി മാതലൻ ഉണ്ടാക്കിയ ഒരു പ്രത്യേകം സ്തോത്രം എല്ലാവരും ചേർന്ന് പാടി.

വാഴ്ക കണ്ണകി വാഴ്ക മാതൃകാപതി
വാഴ്ക കണ്ണകി വാഴ്ക..........

ഉരമേറും മധുരയെ എരിതീയാൽ ദഹിപ്പിച്ചു
പെരുമഴ ചൊരിയിച്ചു കൊടുവേനലഴൽ തീർത്തു
ചതിയറിയ പതിവ്രതമതിലുള്ള മഹാശക്തി
യുള്ള പാണ്ഡ്യപ്പെരുമാളെമതിയാകെ പഠിപ്പിച്ചോരാം,
പതിമാത്രമവളുടെ ഒരുദൈവമവനായി
സത്യയൻപോടവർക്കുള്ള സകലവുമുപേക്ഷിച്ചോരാം,
പതിവധത്തിന്നുതക്ക പകവീട്ടിയവൾപാരിൽ
സതതം തൽകഥ പാടിസ്തുതിചെയ്‌വൂ കവീന്ദ്രന്മാർ.
അമരേന്ദ്രരഥമേറി പെരുമയിൽദ്ദിവമാർന്നാൾ,
പരദേവിയേ നന്നായ് പരിപൂജിക്ക നമ്മൾ
വരചാരിത്രധർമ്മത്തിൻ പരദൈവപദവിയിൽ
ഞങ്ങളുടെയാവിടെയീ ഞങ്ങളമപ്പെൺകൊടി ദേവി
വാഴ്ക കണ്ണകി വാഴ്ക മാതൃകാപത്നി!
വാഴ്ക കണ്ണകി ദേവി................

ശുഭം.

---

Printed at the B. V. Printing Works, Trivandrum.

ഞങ്ങളുടെ

# ചില പ്രസിദ്ധീകരണങ്ങൾ

| | | രൂ. | ണ. |
|---|---|---|---|
| ചാടത്തൻ | | 1 | 2 |
| ഉപന്യാസമാല | | 1 | 2 |
| കണ്ണകിയും കോവലനും | | 1 | 8 |
| മാളവികാഗ്നിമിത്രം | | 1 | 0 |
| ധ്രുവസ്വാമിനി | | 1 | 0 |
| കല്യാണമൽ | മേജർ സർദാർ കെ. എം. പണിക്കർ | 1 | 14 |
| ചിന്താതരംഗിണി | ,, | 0 | 9 |
| പങ്കിപരിണയം | ,, | 0 | 12 |
| പുണർക്കോട്ടുസ്വരൂപം | ,, | 1 | 8 |
| ബാലികാമതം | ,, | 0 | 9 |
| ബി. എ. മായാവി | ഇ. വി. | 0 | 9 |
| കേളീസൗധം | ,, | | |
| | (4 ഭാഗങ്ങൾ ഓരോന്നിനും | 1 | 2 |
| അപരാധങ്ങൾ | ,, | 0 | 12 |
| പെണ്ണരശുനാട് | ,, | 0 | 9 |
| വിവാഹക്കമ്മട്ടം | ,, | 0 | 10 |
| പ്രേമവൈചിത്ര്യം | എൻ. പി. | 1 | 4 |
| പ്രണയജാംബവാൻ | ,, | 1 | 0 |
| വികടയോഗി | ,, | 0 | 12 |
| മിന്നൽപിണരുകൾ | ,, | 0 | 12 |

കൂടാതെ മററു പല ഗദ്യപദ്യപുസ്തകങ്ങൾ, നാടകങ്ങൾ, ചമ്പുക്കൾ, ആട്ടക്കഥകൾ, വ്യാകരണഗ്രന്ഥങ്ങൾ മുതലായവയും ഇവിടെ വില്പനയ്ക്കു തയ്യാറുണ്ട്.

ബി. വി. ബുക്കഡിപ്പോ & പ്രിൻറിംഗ് വർക്സ്
തിരുവനന്തപുരം (ബ്രാഞ്ച്) തൃശ്ശൂർ വടചക്രർ